ഭൂമിയുടെ അതിർത്തികൾവരെ രക്ഷ
എത്തിച്ചുകൊടുക്കാൻ ജനതകൾക്കു ദീപമായി
നിന്നെ സ്ഥാപിച്ചിരിക്കുന്നു (ഏശയ്യ 49,6).

വാല്യം 09 മാർച്ച് 2017 ലക്കം 03

## തലശ്ശേരി അതിരൂപതാ ബുള്ളറ്റിൻ

# THALASSERY ARCHDIOCESAN BULLETIN

ഒറ്റപ്രതി 10 രൂപ വാർഷിക വരിസംഖ്യ 120 രൂപ

# ഉള്ളടക്കം


1. Prot. No. 135/17; Circular No. 04/2017 .................... 5
2. പരിശുദ്ധ പിതാവിന്റെ നോമ്പുകാലസന്ദേശം .................... 11
3. കെസിബിസി സർക്കുലർ - മദ്യവിരുദ്ധ ഞായർ .................... 17
4. Prot. No. 136/17; Circular No. 05/2017 .................... 23
5. Prot. No.137/17; Circular No. 06/2017 .................... 27
6. Prot. No.138/17; Circular No. 07/2017 .................... 30
7. Prot. No.139/17; Circular No. 08/2017 .................... 33
8. കച്ചേരിക്കാര്യം .................... 36
9. വിശ്വാസപരിശീലനം .................... 50
10. ബൈബിൾ അപ്പൊസ്റ്റൊലേറ്റ് .................... 53
11. സെമിനാരി വാർത്തകൾ .................... 57
12. ചെറുപുഷ്പ മിഷൻലീഗ് .................... 59
13. തിരുബാലസഖ്യം .................... 65
14. യുവജനശുശ്രൂഷ .................... 66
15. കുടുംബ പ്രേഷിതത്വം .................... 72
16. വിദ്യാഭ്യാസ ഏജൻസി .................... 78
17. നിർമ്മലഗിരി കോളേജ് .................... 83
18. വിമൽജ്യോതി വാർത്തകൾ .................... 86
19. ഫ്രാൻസിസ്കൻ വാർത്തകൾ .................... 88
20. എകെസിസി .................... 91
21. കെസിബിസി മദ്യവിരുദ്ധ സമിതി .................... 94
22. പ്രതീക്ഷ വാർത്തകൾ .................... 96
23. ഇൻഫാം വാർത്തകൾ .................... 97
24. ധ്യാനകേന്ദ്രങ്ങളിലൂടെ .................... 102
25. വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന് (ഞറളക്കാട്ട് പിതാവ്) .................... 103
26. Programme of the Archbishop Mar George Njaralakatt .................... 107
27. വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന് (വലിയമറ്റം പിതാവ്) .................... 109

Prot. No. 135/17; **സർക്കുലർ നമ്പർ 04/2017**

# കത്തോലിക്ക കോൺഗ്രസ്സ് ശതാബ്ദി വർഷത്തിലേക്ക്

ഈശോമിശിഹായിൽ പ്രിയപ്പെട്ടവരേ,

അപ്പസ്തോലപ്രവർത്തനം 2:44ൽ നാം വായിക്കുന്നു "വിശ്വസിച്ചിരുന്നവർ ഒറ്റസമൂഹമാവുകയും തങ്ങൾക്കുണ്ടായിരുന്നതെല്ലാം പൊതുവായി കരുതുകയും ചെയ്തിരുന്നു". ഈശോമിശിഹായുടെ മനുഷ്യാവതാരം ഹൃദയംകൊണ്ട് വിശ്വസിക്കുകയും അധരംകൊണ്ട് ഏറ്റുപറയുകയും ചെയ്തവർ ക്രിസ്ത്യാനികൾ എന്ന പേരിൽ അറിയപ്പെട്ടു. അപ്രകാരം ക്രിസ്തീയ വിശ്വാസം സ്വീകരിച്ചവർ കാലങ്ങൾക്കും ദേശങ്ങൾക്കും ഭാഷകൾക്കും അതീതമായി അന്യോന്യം ബന്ധപ്പെട്ട് ജീവിക്കുകയും സമൂഹത്തിലെ ഓരോ അംഗത്തിന്റെയും സുഖദുഃഖക്ഷേമൈശ്വര്യങ്ങൾക്കുവേണ്ടി നിലകൊള്ളുകയും ചെയ്തു. ക്രിസ്തുശിഷ്യനായ മാർ തോമ്മാശ്ലീഹായിൽനിന്നും വിശ്വാസം സ്വീകരിച്ചവരാണ് ഭാരതീയരായ നമ്മൾ ഓരോരുത്തരും. സീറോമലബാർ ക്രിസ്ത്യാനികൾ എന്ന നിലയിൽ സമുദായത്തിന്റെയും സമൂഹത്തിന്റെയും നന്മയ്ക്കും അവകാശങ്ങൾക്കുംവേണ്ടി നിലകൊള്ളുവാൻ കേരളക്രൈസ്തവരായ നമ്മുടെ മുൻതലമുറക്കാർ തീക്ഷണതയോടെ പ്രവർത്തിച്ചിരുന്നു. അതിന്റെ പരിണിതഫലമായി സാമുദായികശക്തീകരണത്തിനും അവകാശങ്ങൾക്കുംവേണ്ടി 1918ൽ രൂപീകൃതമായതാണ് കത്തോലിക്കാകോൺഗ്രസ്സ് അഥവാ എ.കെ.സി.സി. രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ ചൈതന്യത്തിൽ സഭയുടെ അജപാലനപരമായ ദൗത്യത്തിൽ പങ്കുചേർന്ന് തനിരാഷ്ട്രീയ കക്ഷിയായി നിലകൊള്ളാതെയും സീറോമലബാർ സഭയുടെ അംഗങ്ങളുടെ സാമൂഹികവും സാമ്പത്തികവും രാഷ്ട്രീയവുമായ താത്പര്യങ്ങളുടെ പരിരക്ഷണത്തിനും സമുദായത്തിന്റെ സർവ്വതോന്മുഖമായ ഉന്നമനത്തിനുംവേണ്ടി പ്രവർത്തിക്കുക എന്നതാണ് എ.കെ.സി.സിയുടെ സ്ഥാപിത ലക്ഷ്യം. സീറോമലബാർ സഭയുടെ അൽമായ സംഘടനയായ എ.കെ.സി.സി. രൂപീകൃതമായിട്ട് നൂറാം വർഷത്തിലേക്ക് പ്രവേശിക്കുന്ന ഈ സന്ദർഭത്തിൽ സംഘടിതമായി എ.കെ.സി.സിയെ വളർത്തിയെടുക്കേണ്ട ആവശ്യകതയെപ്പറ്റി ദൈവജനത്തെ ഓർമിപ്പിക്കുവാൻ ഞാൻ ആഗ്രഹിക്കുകയാണ്. ചരിത്രം മറന്നുപോകുന്നവരായിരിക്കരുത് നമ്മളോരോരുത്തരും. ഇന്നലകളിൽനിന്നും ഇന്നിലേക്കുള്ള വളർച്ചയാണ്

ചരിത്രം. ജനസംഖ്യയിൽ വളരെ കുറവാണെങ്കിലും ക്രൈസ്തവ മതവും ക്രിസ്ത്യാനികളും സ്വാതന്ത്ര്യത്തിനുമുമ്പും ശേഷവും ഭാരതത്തിന്റെ വിദ്യാഭ്യാസ-സാമൂഹിക-സാംസ്കാരിക പുരോഗതിയിൽ അനുഷ്ഠിച്ച സേവനങ്ങൾ വിലപ്പെട്ടതാണ്.

അയിത്തം, ബഹുഭാര്യാത്വം, ശൈശവവിവാഹം, ഉച്ചനീചത്വം, നരബലി തുടങ്ങിയ ദുരാചാരങ്ങളുടെ ഇരുണ്ട കാലഘട്ടത്തിൽ അവയ്ക്കെതിരെ ശക്തമായി പോരാടി സാംസ്കാരിക പുരോഗതിയിലേക്കുള്ള മുന്നേറ്റത്തിന് വേഗംകൂട്ടിയവരാണ് ഭാരതത്തിലെയും, പ്രത്യേകിച്ച് കേരളത്തിലെയും ക്രിസ്ത്യാനികൾ. ക്രൈസ്തവർ പൊന്നരുളിക്കായും പൊൻകുരിശുകളും വിറ്റ് പള്ളികളോടനുബന്ധിച്ച് സ്ഥാപിച്ച പള്ളിക്കൂടങ്ങളിൽ എല്ലാ ജാതികളിലും മതങ്ങളിലും പെട്ടവരെ പ്രവേശിപ്പിച്ച് വിദ്യാഭ്യാസം നൽകി. അവിടെ അധ്യാപകരായി എല്ലാ ജാതിയിലുംപെട്ടവരെ നിയമിക്കുകയും ചെയ്തു. രോഗികളെയും പാപികളെയും ദുർമാർഗ്ഗികളെയും ദരിദ്രരെയും ക്രിസ്തുസ്നേഹത്തിൽ ഇരുകൈയ്യുംനീട്ടി സ്വീകരിക്കാൻ ധൈര്യം കാണിച്ചവർ ഇവിടുത്തെ ക്രിസ്ത്യാനികളായിരുന്നു. എന്തിന്, നാമെല്ലാം ഇന്ത്യക്കാരാണെന്ന ആശയം ആദ്യമായി അവതരിപ്പിച്ചതും, സ്വയംഭരണചിന്താഗതിക്ക് വഴിമരുന്നിട്ടതും, വിദേശമേധാവിത്വത്തിനെതിരെ ആദ്യമായി സമരകാഹളം മുഴക്കിയതും ഈ നാട്ടിലെ ക്രിസ്ത്യാനികളാണ്. ഇന്ത്യയിലുടനീളം കാണുന്ന ആയിരക്കണക്കിന് സ്കൂളുകളും കോളേജുകളും ആശുപത്രികളും ആതുരാലയങ്ങളും കുഷ്ഠരോഗികൾ, അന്ധന്മാർ, വികലാംഗർ, മന്ദബുദ്ധികൾ തുടങ്ങിയവരുടെ കാരുണ്യ ഭവനങ്ങളും നമ്മുടെ മനുഷ്യസേവനത്തിന്റെ മകുടോദാഹരണങ്ങളാണ്. ക്രൈസ്തവസഭയുടെ ഇക്കഴിഞ്ഞകാലത്തെ സേവനങ്ങൾ ഒരിക്കലും ക്രൈസ്തവർക്കുവേണ്ടി മാത്രമായിരുന്നില്ല, മാനവരാശിയുടെ നന്മയെ മുഴുവൻ കണ്ടുകൊണ്ടുള്ളതായിരുന്നു. വിശിഷ്യ അടിച്ചമർത്തപ്പെട്ടവരുടെ അവകാശങ്ങൾ സംരക്ഷിക്കപ്പെടുന്നതിനുവേണ്ടിയുള്ളതായിരുന്നു. ഭാരതത്തിന് വിദേശ നാണയം നേടിക്കൊടുക്കാനുപയുക്തമായ കൃഷികൾ ചെയ്തതും, ഭക്ഷ്യക്ഷാമത്തിന് അറുതിവരുത്താൻ സഹായകമാകും വിധം നെൽകൃഷി ചെയ്തതും, മലബാറിൽ മലമ്പനിയോടും മലമ്പാമ്പിനോടും എതിരിട്ട്, ഹിംസ്രജന്തുക്കളോട് പൊരുതി നാം ഇന്നുകാണുന്ന കനകം വിളയിക്കുന്ന ഗ്രാമങ്ങളാക്കി മാറ്റിയതും ഇവിടുത്തെ ക്രൈസ്തവ സമൂഹമാണ്. ക്രൈസ്തവരുടെ സാമ്പത്തികമായ ദീർഘവീക്ഷണമാണ് കേരളത്തിന്റെയും ഒരുപടികൂടികടന്ന് ഭാരതത്തിന്റെയും

സാമ്പത്തിക അടിത്തറയുടെ കാരണമെന്ന് സമഗ്രമായ പഠനം നടത്തുമ്പോൾ നമുക്ക് മനസ്സിലാക്കാൻ കഴിയും.

ഒടുവിൽ തിരുവിതാംകൂർ ഭരണത്തിന്റെ തെറ്റുകളെ ചൂണ്ടികാണിച്ചുകൊണ്ടും, അടിച്ചമർത്തപ്പെട്ട ന്യൂനപക്ഷാവകാശങ്ങൾക്കുവേണ്ടി ശബ്ദമുയർത്തുന്നതിനുമായി നമ്മുടെ പൂർവ്വികരായ കത്തോലിക്ക അൽമായനേതാക്കന്മാരും അവരുടെ ആത്മീയ പിതാക്കന്മാരും ചേർന്ന് 1918 ൽ ആരംഭിച്ചതാണ് കത്തോലിക്കാകോൺഗ്രസ്സ്. അതിജീവനത്തിന്റെയും പിടിച്ചുനിൽക്കുന്നതിന്റെയും അവകാശസംരക്ഷണത്തിന്റെയും മുഖമാണ് എന്നും കത്തോലിക്കാകോൺഗ്രസ്സ് സഭയിലും സമൂഹത്തിലും വഹിച്ചിട്ടുള്ളത്. ഈ സംഘടന അതിന്റെ പ്രവർത്തനത്തിന്റെ ശതാബ്ദി ആഘോഷിക്കുകയാണ് 2017 - 2018 വർഷത്തിൽ. നമ്മുടെ രൂപതയിലും കത്തോലിക്കാകോൺഗ്രസ്സ് കഴിഞ്ഞ നാളുകളിൽ ശക്തമായ ഒരു അൽമായ സംഘടന എന്ന നിലയിൽ സ്തുത്യർഹമായ സേവനങ്ങളാണ് ചെയ്തിട്ടുള്ളത്. ഇരിട്ടിയിലെ മലബാർ കുടിയേറ്റ അനുസ്മരണവും, തുടർന്നുനടന്ന നിരവധി അവകാശസംരക്ഷണ സമരങ്ങളിലും കത്തോലിക്കാകോൺഗ്രസ്സ് ശക്തമായി നിലകൊണ്ടിരുന്നു. ഗാഡ്ഗിൽ-കസ്തൂരിരംഗൻ, റബർവിലയിടിവിനെതിരെ, മലയോരഹൈവേ അടുപ്പുകൂട്ടി സമരം, വന്യജീവി ആക്രമണത്തിനെതിരെയുള്ള ധർണ്ണകൾ, വിമൽജ്യോതി അക്രമണത്തിനെതിരെയുള്ള പ്രതിഷേധം, ഫാ. ടോം ഉഴുന്നാലിന്റെ മോചനത്തിനായി പ്രാർത്ഥനാ യജ്ഞം തുടങ്ങി ഒട്ടേറെ സാമൂഹിക-സാമുദായിക വിഷയങ്ങളിൽ നമ്മുടെ അതിരൂപതയിലെ കത്തോലിക്കാകോൺഗ്രസ്സ് സംഘടന സജ്ജീവമായിരുന്നു എന്ന് അഭിമാനത്തോടെ ഞാൻ ഓർക്കുന്നു. ഇതിനുപിന്നിൽ ശക്തമായി പ്രവർത്തിക്കുന്ന എല്ലാ അൽമായ ഭാരവാഹികളെയും അവർക്ക് നേതൃത്വം നൽകുന്ന ഡയറക്ടർ അച്ചന്മാരെയും ഞാൻ അഭിനന്ദിക്കുന്നു. എന്നിരുന്നാലും അതിരൂപതയിൽ 16 ഫൊറോനകളും 194 ഇടവകകളും ഉള്ളതിൽ ചില പ്രത്യേക കാരണങ്ങളാലോ, സാഹചര്യ സമ്മർദ്ദങ്ങളാലോ ചിലയിടങ്ങളിലെങ്കിലും കൃത്യമായ രീതിയിൽ എ.കെ.സി.സി രൂപീകരിക്കപ്പെട്ടിട്ടില്ല എന്നത് ഞാൻ മനസ്സിലാക്കുന്നു. തലശ്ശേരി അതിരൂപതയിലെ എല്ലാ ഇടവകകളിലും കത്തോലിക്കാകോൺഗ്രസ്സിന്റെ യൂണിറ്റ് രൂപീകരിക്കണമെന്ന് സ്നേഹപൂർവ്വം ഞാൻ ആഗ്രഹിക്കുകയാണ്. നൂറാം വാർഷികത്തിന്റെ സമാപനത്തിൽ ആദ്യത്തെ സമ്പൂർണ്ണ കത്തോലിക്കാകോൺഗ്രസ്സ് രൂപതയായി തലശ്ശേരി അതിരൂപത മാറണമെന്നും ഞാൻ ആഗ്രഹിക്കുകയാണ്.

എന്തിനാണ് ഇപ്രകാരമൊരു സാമുദായിക ശക്തീകരണം എന്ന് ചിലപ്പോഴെങ്കിലും നമ്മുടെയുള്ളിൽ ചിന്തയുണ്ടായേക്കാം. മറ്റുള്ളവരെ എതിർക്കുക എന്നുള്ളത് ക്രിസ്തീയ ജീവിത ശൈലിയല്ല. എന്നാൽ ചുറ്റുപാടുമുള്ള വെല്ലുവിളികളെ കണ്ടില്ല എന്ന് നമുക്ക് നടിക്കാനാ വില്ല. സാമ്പത്തിക സുസ്ഥിരത ഒരു പരിധിവരെ നമ്മുടെ സമുദായ ത്തിന് സ്വന്തമായപ്പോൾ പള്ളി, പള്ളിക്കൂടം, വീട്, വാർഡ് കൂട്ടായ്മ, കുടുംബപ്രാർത്ഥന, കുടുംബബന്ധങ്ങൾ എന്നിവയിൽ ഒട്ടേറെ അപ ജയങ്ങൾ നമുക്ക് സംഭവിച്ചിട്ടുണ്ട്. ഒന്നിച്ചുനിൽക്കുന്നതാണ് ബല മെന്നും ഒറ്റയ്ക്ക് നിൽക്കുന്നത് ദുരന്തമാണ് എന്നുമുള്ള സന്ദേശം ഈ കാലഘട്ടത്തിൽ നാം വായിച്ചെടുക്കേണ്ട മറ്റൊരു മുന്നറിയിപ്പാണ്. തിരു വിതാംകൂറിൽനിന്ന് മലബാറിലേക്ക് കുടിയേറിവന്നപ്പോൾ വളർച്ചയു ടെയും വികസനത്തിന്റെയും കൂട്ടായ്മയുടെയും ആൾരൂപങ്ങളായി മാറി യിരുന്നത് നമ്മുടെ കത്തോലിക്കാകുടുംബനാഥന്മാരായിരുന്നു. അയൽപക്കത്തെ വീട്ടിൽ അടുപ്പ് പുകയുന്നില്ല എന്ന് തിരിച്ചറിയാ നുള്ള സർഗ്ഗശേഷി അക്കാലത്ത് നമ്മുടെ അമ്മമാർക്കുണ്ടായിരുന്നു. പക്ഷേ, കാലം മുന്നോട്ടുപോയപ്പോൾ, അതിജീവനത്തിന്റെ പുതിയ സമവാക്യങ്ങൾ നമ്മൾ രൂപപ്പെടുത്തിയപ്പോൾ നമുക്ക് സ്വന്തമായ കത്തോലിക്കാ വർഗ്ഗബോധം ക്ഷയിക്കുകയും പുത്തൻ തലമുറയിൽ ഒരുപരിധിവരെ നശിക്കുകയും ചെയ്തിട്ടുണ്ട് എന്ന് നാം തിരിച്ചറി യേണ്ടിയിരിക്കുന്നു. ഇവിടെയാണ് ഒരു സമുദായമെന്ന നിലയിൽ ഒന്നി ച്ചുനിൽക്കേണ്ടതും നമ്മുടെ വിശ്വാസത്തിനും പാരമ്പര്യങ്ങൾക്കും അവ കാശങ്ങൾക്കുംവേണ്ടി നാം നിലകൊള്ളേണ്ടതും. നമ്മുടെ യുവജന ങ്ങളിൽ എത്രപേരെയാണ് നാം സാമൂഹ്യസേവനത്തിനുവേണ്ടി വളർത്തിയിട്ടുള്ളത്? നമ്മുടെ സ്കൂളുകളിൽ ലീഡർമാരാകാനും നേതൃ ത്വനിരയിലേക്ക് വളരാനും മാതാപിതാക്കളെന്നനിലയിൽ നാം കുഞ്ഞു ങ്ങളെ പരിശീലിപ്പിക്കാറുണ്ടോ? സഭയിൽനിന്നും സംഘടന യിൽനിന്നും കുഞ്ഞുങ്ങളെ അകറ്റി വളർത്തുമ്പോൾ നമുക്കുണ്ടാകുന്ന ദുരന്തങ്ങളാണിത്.

തലശ്ശേരി അതിരൂപത കത്തോലിക്കാകോൺഗ്രസ്സ് രൂപീകരണ ത്തിന്റെ നൂറാം വാർഷികത്തിൽ സ്വീകരിച്ചിരിക്കുന്ന ആപ്തവാക്യം **"കുടുംബകൂട്ടായ്മയും സമുദായ ശക്തീകരണവും"** എന്നു ള്ളതാണ്. നമ്മുടെ അതിരൂപതയുടെ, അതിലുപരി സാമുദായിക കെട്ടു റപ്പിന് ഏറ്റവും ആവശ്യമായ ഒന്നാണ് കുടുംബകൂട്ടായ്മകൾ ശക്തി പ്പെടുത്തുക എന്നുള്ളത്. ഞായറാഴ്ചകളിൽ വി. ബലിക്കുവേണ്ടി നമ്മൾ എത്തുന്നുണ്ടെങ്കിലും സമയത്തിന്റെ കുറവുമൂലം പെട്ടന്നുതന്നെ ഭവ

നങ്ങളിലേക്ക് മടങ്ങിപോകുന്നതിനാൽ പഴയതുപോലെ ആളുകൾത മ്മിൽ കാണുവാനും ആശയങ്ങൾ കൈമാറുവാനുമുള്ള സാഹചര്യ ങ്ങൾ വളരെ കുറയുകയാണ്. സത്യത്തിൽ നവമാധ്യമങ്ങളിലൂടെയുള്ള ആശയകൈമാറ്റം ശക്തിപ്പെട്ടതോടുകൂടി വ്യക്തിപരമായ അടുപ്പവും നഷ്ടപ്പെട്ടിട്ടുണ്ട്. നഷ്ടപ്പെട്ടുപോയ നമ്മുടെ ബന്ധങ്ങൾ സുദൃഢമാ ക്കാനും, മുറിഞ്ഞുപോയ അയൽപക്ക സംഭാഷണങ്ങൾ പുനരാരംഭി ക്കാനുമുള്ള ഏറ്റവും ഫലപ്രദമായ അവസരങ്ങളാണ് നാം നടത്തുന്ന വാർഡുപ്രാർത്ഥനകൾ അഥവാ കുടുംബകൂട്ടായ്മകൾ. കേവലം സ്ത്രീകളുടെയും കുട്ടികളുടെയും ഒരു കൂട്ടായ്മയായി മാത്രം മാറി പ്പോകാതെ കുടുംബനാഥന്മാരും നാഥകളും കുട്ടികളും ഒരുമിച്ചിരുന്ന് പ്രാർത്ഥിക്കുകയും ആ മാസത്തെ പ്രധാന ലോകവാർത്തകളും സഭാ വാർത്തകളും ചർച്ചചെയ്യുകയും വിശേഷാവസരങ്ങൾ ആഘോഷിക്കു കയും ആദരിക്കേണ്ടവരെ ആദരിക്കുകയും ചെയ്യുന്ന ഹൃദ്യമായ ഒരു വേദിയാക്കി അതിനെ മാറ്റണമെന്നാണ് എന്റെ ആഗ്രഹം. ബഹു.വൈ ദീകരുടെയും സിസ്റ്റേഴ്സിന്റെയും ആത്മീയ നേതൃത്വത്തോടൊപ്പം ഓരോ വാർഡിൽനിന്നും പ്രാർത്ഥനകൾക്ക് നേതൃത്വം നൽകാൻത ക്കവണ്ണം അതാത് വാർഡിൽനിന്നോ ഇടവകയ്ക്ക് പൊതുവായോ ഏതാനും അൽമായ നേതാക്കളെക്കൂടി നാം കണ്ടെത്തേണ്ടതാണ്. വാർഡുകളിൽ കമ്മിറ്റിക്കാരോടൊപ്പം ഫലപ്രദമായ രീതിയിൽ കുടും ബകൂട്ടായ്മാ ലീഡർമാർകൂടി സഹകരിക്കുമ്പോൾ നമ്മുടെ ഇടവക കൾ കൂടുതൽ സജ്ജീവവും ഊർജ്ജസ്വലവും നല്ല അൽമായ പങ്കാളി ത്വവുമുള്ളതായി മാറും. ബഹു. വൈദികർ ഇക്കാര്യത്തിൽ തീക്ഷണ താപൂർവ്വം പ്രവർത്തിക്കണമെന്ന് സ്നേഹപൂർവ്വം ഓർമ്മിപ്പിക്കുകയാ ണ്. ഇപ്രകാരം തെരഞ്ഞെടുക്കപ്പെടുന്ന സ്ത്രീ-പുരുഷ കുടുംബകൂ ട്ടായ്മ അംഗങ്ങളെ ഉൾപ്പെടുത്തി എ.കെ.സി.സിയുടെ ഓരോ ഇടവക യിലെയും സംഘടന കൂടുതൽ ശക്തമാക്കാൻ കഴിയുമെന്നും പ്രതീ ക്ഷിക്കുകയാണ്.

അതോടൊപ്പം കത്തോലിക്കാ കോൺഗ്രസ്സിന്റെ സംഘടനാശ ക്തീകരണത്തിനുവേണ്ടി അതിരൂപതയിൽ ഒരു മെമ്പർഷിപ്പ് ക്യാമ്പ യിൻ നടത്താൻ സംഘടന ആഗ്രഹിക്കുകയാണ്. മാർച്ച് 19-ാം തിയതി മുതൽ ഏപ്രിൽ 30 വരെയുള്ള 41 ദിവസം നീണ്ടുനിൽക്കുന്ന ഒരു പ്രോഗ്രാമാണ് അവർ ഉദ്ദേശിക്കുന്നത്. ഒരു വ്യക്തിക്ക് 50 രൂപ അംഗ ത്വഫീസായി അടച്ച് ഇടവകയിലെ ഓരോ കുടുംബവും ഇതിൽ അംഗ ങ്ങളാകണമെന്ന് സ്നേഹപൂർവ്വം ഞാൻ ആഗ്രഹിക്കുകയാണ്. ഇതി നൊരുക്കമായി എല്ലാ ഇടവകയിലും ബഹു. വികാരിയച്ചന്മാരുടെ നേതൃ

ത്വത്തിൽ ശക്തമായ പ്രവർത്തനക്രോഡീകരണം ഉണ്ടാകണമെന്ന് ഓർമ്മിപ്പിക്കുന്നു. ബഹു. ഫൊറോന വികാരി അച്ചന്മാർ ഫൊറോന ഡയറക്ടർമാർ, അൽമായ ഭാരവാഹികൾ എന്നിവർ തങ്ങളുടെ ഫൊറോനയിൽ സമ്പൂർണ്ണ കത്തോലിക്കാ കോൺഗ്രസ്സ് യൂണിറ്റുകൾ രൂപീകരിക്കുവാൻ ഒറ്റക്കെട്ടായി പ്രവർത്തിക്കണമെന്ന് താത്പര്യപ്പെടുന്നു.

ക്രൈസ്തവസാക്ഷ്യം എന്നും വെല്ലുവിളി നിറഞ്ഞതാണ്. ക്രിസ്തുവിനോടൊപ്പം സഹനത്തിലൂടെയും പ്രാർത്ഥനയിലൂടെയും ഇത്തരത്തിലുള്ള എല്ലാ വെല്ലുവിളികളെയും നേരിടാനുള്ള കരുത്ത് നമുക്ക് ആർജ്ജിക്കാനാവട്ടെ. ഒപ്പം അടുത്ത തലമുറയിലേക്ക് ഒട്ടും സാന്ദ്രത ചോരാതെ പകർന്നുനൽകുകയും വേണം. വിശ്വാസത്തിലും പാരമ്പര്യത്തിലും പ്രാർത്ഥനയിലും ഉറച്ച് ദൈവത്തിൽ ആശ്രയിച്ചുകൊണ്ടുള്ള സ്വയംപ്രതിരോധത്തിന്റെ പാഠങ്ങൾ ഓരോ വിശ്വാസിയും സ്വായത്തമാക്കണം. അവസരവാദവും വോട്ട് രാഷ്ട്രീയവും താൽക്കാലിക ലാഭപ്രലോഭനങ്ങളുണ്ടാക്കുന്ന ഇക്കാലഘട്ടത്തിൽ അടിപതറാതെ ഉത്തമവിശ്വാസികളും സാമൂഹ്യബോധമുള്ള നല്ല പൗരന്മാരുമായി ഐശ്വര്യപൂർവ്വം തലമുറകളെ വാർത്തെടുക്കാൻ നമുക്കാവട്ടെ എന്ന് ആശംസിക്കുന്നു. ഒരിക്കൽകൂടി കത്തോലിക്കാകോൺഗ്രസ്സിന്റെ എല്ലാ പ്രവർത്തനങ്ങൾക്ക് എല്ലാവിധ പ്രാർത്ഥനാശംസകളും നേർന്നുകൊണ്ട്,

സ്നേഹപൂർവ്വം,

തലശ്ശേരി **മാർ ജോർജ് ഞറളക്കാട്ട്**

22-02-2017 തലശ്ശേരി അതിരൂപതയുടെ മെത്രാപ്പോലീത്താ

---

**പ്രത്യേക ശ്രദ്ധക്ക് :** ഈ സർക്കുലർ 2017 മാർച്ച് 5-ാം തീയതി ഞായറാഴ്ച എല്ലാ ഇടവകദൈവാലയങ്ങളിലും വി. കുർബാന മദ്ധ്യേ വായിക്കേണ്ടതാണ്.

Ref: 3003 /K 35/OL/KCBC/DS 10.2.2017

# ഫ്രാൻസിസ് പാപ്പാ പുറപ്പെടുവിച്ച നോമ്പുകാലസന്ദേശം - 2017

*വചനം ഒരു ദാനമാണ്, മറ്റു വ്യക്തികൾ ഒരു ദാനമാണ്*

പ്രിയ സഹോദരീസഹോദരന്മാരേ,

നോമ്പുകാലം ഒരു പുതിയ തുടക്കമാണ്. മരണത്തിൻമേൽ ക്രിസ്തുനേടിയ വിജയമാകുന്ന ഉത്ഥാനം എന്ന ലക്ഷ്യത്തിലേക്കു നയിക്കുന്ന പാതയാണ്. മാനസാന്തരപ്പെടാൻ ഈ കാലം നമ്മെ നിർബന്ധിക്കുന്നു. "പൂർണഹൃദയത്തോടെ" (ജോയേൽ 2:12) ദൈവത്തിലേക്ക് പിന്തിരിയാനും മന്ദത ഉപേക്ഷിച്ച് കർത്താവുമായുള്ള സൗഹൃദബന്ധത്തിൽ വളരാനും ക്രൈസ്തവരോട് അത് ആവശ്യപ്പെടുന്നു. നമ്മെ ഒരിക്കലും ഉപേക്ഷിക്കാത്ത വിശ്വസ്തനായ സുഹൃത്താണ് യേശുക്രിസ്തു. നമ്മൾ പാപം ചെയ്യുമ്പോഴും അവിടന്ന് നമ്മുടെ തിരിച്ചുവരവിനായി ക്ഷമാപൂർവം കാത്തിരിക്കുന്നു. ക്ഷമാപൂർവകമായ ആ പ്രതീക്ഷ വഴി ക്ഷമിക്കാനുള്ള അവിടത്തെ സന്നദ്ധത നമുക്കു വ്യക്തമാക്കിത്തരുന്നു (cf Homily, 8 January 2016).

സഭ നല്കുന്ന വിശുദ്ധീകരണ മാർഗങ്ങളിലൂടെ ആധ്യാത്മിക ജീവിതം ആഴപ്പെടുത്താൻ അനുകൂലമായ കാലമാണ് നോമ്പുകാലം. ഉപവാസം, പ്രാർത്ഥന, ധർമ്മദാനം എന്നിവയാണ് വിശുദ്ധീകരണ മാർഗങ്ങൾ. എല്ലാറ്റിന്റെയും അടിസ്ഥാനമായിട്ടുള്ളത് ദൈവവചനമാണ്. ദൈവവചനം കേൾക്കാനും അതിനെപ്പറ്റി കൂടുതൽ ആഴത്തിൽ ചിന്തിക്കാനും നോമ്പുകാലത്തു നാം ക്ഷണിക്കപ്പെടുന്നു. ഇവിടെ സമ്പന്നനായ മനുഷ്യന്റെയും ലാസറിന്റെയും ഉപമയെപ്പറ്റി ചിന്തിക്കാൻ ഞാൻ ആഗ്രഹിക്കുന്നു (cf ലൂക്കാ 16:19-31). അർത്ഥപൂർണമായ ഈ കഥയിൽ നിന്ന് നമുക്കു പ്രചോദനം സ്വീകരിക്കാം. കാരണം, യഥാർത്ഥ സന്തോഷവും നിത്യജീവനും നേടാൻ നാം എന്താണു ചെയ്യേണ്ടതെന്ന് ആ ഉപമ പഠിപ്പിക്കുന്നു. ആത്മാർത്ഥമായി മാനസാന്തരപ്പെടാൻ അത് ആഹ്വാനം ചെയ്യുന്നു.

### 1. അന്യവ്യക്തി ഒരു ദാനമാണ്

ആ ഉപമ തുടങ്ങുന്നത് പ്രധാനപ്പെട്ട രണ്ടു കഥാപാത്രങ്ങളെ അവതരിപ്പിച്ചുകൊണ്ടാണ്. ദരിദ്രനായ മനുഷ്യനെപ്പറ്റി കൂടുതൽ വിവരങ്ങൾ നല്കുന്നുണ്ട്. അയാൾ കഷ്ടതയിൽപ്പെട്ട് നില്ക്കാൻപോലും

കഴിവില്ലാതായവനാണ്. അയാൾ സമ്പന്നന്റെ പടിവാതുക്കൽക്കിടന്ന് സമ്പന്നന്റെ മേശയിൽ നിന്നു വീഴുന്ന അപ്പകഷണങ്ങൾ തിന്നു കഴിയുന്നു. അയാളുടെ ശരീരം മുഴുവനും വ്രണമാണ്. പട്ടികൾ വന്ന് അയാളുടെ മുറിവുകൾ നക്കിക്കൊണ്ടിരുന്നു (cf വാ. 20-21). വലിയ കഷ്ടതയുടെ ചിത്രമാണിത്. നിർഭാഗ്യവാനും സഹതാപത്തിന് അർഹനുമായ ഒരു മനുഷ്യനെ അതു ചിത്രീകരിക്കുന്നു.

ആ ദരിദ്രൻ ലാസർ എന്നു വിളിക്കപ്പെടുന്നുവെന്ന കാര്യം പരിഗണിക്കുമ്പോൾ ചിത്രം കൂടുതൽ നാടകീയമായിത്തീരുന്നു. വാഗ്ദാനങ്ങൾ നിറഞ്ഞവൻ എന്നാണ് ആ പേരുകൊണ്ട് ഉദ്ദേശിക്കുന്നത്. ആ പേരിന്റെ വാച്യാർത്ഥം "ദൈവം സഹായിക്കുന്നു" എന്നാണ്. ഈ കഥാപാത്രം അജ്ഞാതമല്ല. അയാളുടെ സവിശേഷതകൾ വ്യക്തമായി വിവരിച്ചിട്ടുണ്ട്. സ്വന്തം ചരിത്രമുള്ള വ്യക്തിയായി അയാൾ കാണപ്പെടുന്നു. അയാൾ സമ്പന്നന് പ്രായോഗികമായി അദൃശ്യനാണെങ്കിലും പരിചയക്കാരനായി അയാളെ നാം കാണുകയും അറിയുകയും ചെയ്യുന്നുണ്ട്. അയാൾ ഒരു മുഖമാണ്. ആ നിലയിൽ ഒരു ദാനമാണ്, അമൂല്യനിധിയാണ്. സമുദായഭ്രഷ്ടനെന്ന നിലയാണ്, വസ്തുനിഷ്ഠമായി അയാൾക്കുള്ളതെങ്കിലും ദൈവം സ്നേഹിക്കുകയും ശ്രദ്ധിക്കുകയും ചെയ്യുന്ന ഒരു മനുഷ്യനാണ് (cf Homily, 8 January 2016).

മറ്റു വ്യക്തികൾ ഒരു ദാനമാണെന്ന് ലാസർ നമ്മെ പഠിപ്പിക്കുന്നു. ആളുകളുമായുള്ള ശരിയായ ബന്ധം അവരുടെ മൂല്യത്തെ നന്ദിപൂർവം അംഗീകരിക്കുന്നതിലാണ് അടങ്ങിയിരിക്കുന്നത്. സമ്പന്നന്റെ വാതിൽ പ്പടിക്കൽ കിടക്കുന്ന ദരിദ്രൻ പോലും ഒരു ശല്യമല്ല. പിന്നെയോ മാനസാന്തരത്തിനും മാറ്റത്തിനുംവേണ്ടിയുള്ള വിളിയാണ്. നമ്മുടെ ഹൃദയത്തിന്റെ വാതിലുകൾ തുറക്കാൻ ഈ ഉപമ ഒന്നാമതായി നമ്മെ പഠിപ്പിക്കുന്നു. കാരണം, ഓരോ വ്യക്തിയും ഒരു ദാനമാണ്. ആ വ്യക്തി നമ്മുടെ അയൽക്കാരനായാലും അറിയപ്പെടാത്ത ദരിദ്രനായാലും ഒരു ദാനമാണ്. ആവശ്യത്തിൽപ്പെട്ട എല്ലാവരെയും തിരിച്ചറിയാനും അവരിൽ യേശുവിന്റെ മുഖം കാണാനുംവേണ്ടി വാതിലുകൾ തുറക്കാനുള്ള സമുചിതമായ സമയമാണ് നോമ്പുകാലം. ഓരോ ദിവസവും ഇത്തരത്തിലുള്ളവരെ നാം കണ്ടുമുട്ടുന്നുണ്ട്. സ്വീകരണവും ആദരവും സ്നേഹവും അർഹിക്കുന്ന ഒരു ദാനമാണ് നാം ഓരോ ദിവസവും കണ്ടുമുട്ടുന്ന ഓരോ ജീവിതം. ജീവനെ സ്വാഗതം ചെയ്യാനും സ്നേഹിക്കാനും, പ്രത്യേകിച്ച് അത് ദുർബലവും മുറിപ്പെടാവുന്നതുമാണെങ്കിൽ, നമ്മുടെ കണ്ണുകൾ തുറക്കാൻ ദൈവവചനം നമ്മെ സഹാ

യിക്കുന്നു. പക്ഷേ, അങ്ങനെ ചെയ്യുന്നതിന്, സുവിശേഷം സമ്പന്ന നെപ്പറ്റി പറയുന്നതെന്താണെന്ന് ഗൗരവപൂർവം പരിഗണിക്കണം.

**2. പാപം നമ്മെ ബന്ധിക്കുന്നു**

സമ്പന്നനായ മനുഷ്യനോടു ബന്ധപ്പെട്ട വൈരുധ്യങ്ങൾ ഉപമയിൽ പൂർണമായി വിവരിച്ചിട്ടുണ്ട് (cf വാ. 19). ലാസറിനുള്ളതുപോലെ ഒരു പേര് സമ്പന്നനില്ല. അയാൾ വെറുതെ "സമ്പന്നനായ മനുഷ്യൻ" എന്നുമാത്രം വിളിക്കപ്പെടുന്നു. അയാളുടെ സമ്പത്തിന്റെ അതിസമൃദ്ധി അയാളുടെ അനിയന്ത്രിതവും അമിതച്ചെലവുള്ളതുമായ വസ്ത്രങ്ങളിൽത്തന്നെ കാണാവുന്നതാണ്. ചെമന്നപട്ട് വെള്ളിയെക്കാളും സ്വർണത്തെക്കാളും വിലകൂടിയതായിരുന്നു. അതുകൊണ്ട് അത് അവയെല്ലാം ദേവന്മാർക്കും (cf ജറ 19:9), രാജാക്കന്മാർക്കും (cf ന്യായാ 8:26) മാത്രം ഉപയോഗിക്കാവുന്നവയായിരുന്നു. മൃദുലവസ്ത്രം അതു ധരിക്കുന്നവന് മിക്കവാറും വിശുദ്ധരുടെ ഭാവം നല്കിയിരുന്നു. അയാൾ സ്വന്തം സമ്പത്സമൃദ്ധിയെ പ്രദർശിപ്പിക്കുക ശീലമായിട്ടുള്ളവനായിരുന്നുവെന്നതു വ്യക്തമാണ്. അത് അയാൾ എല്ലാദിവസവും പ്രദർശിപ്പിക്കുകയും ചെയ്തു. അയാൾ "എന്നും സുഭിക്ഷമായി ഭക്ഷിച്ച് ആനന്ദിക്കുകയും ചെയ്തിരുന്നു" (cf വാ.19) അയാളിൽ പാപംകൊണ്ടുള്ള ഭൂഷണത്തെ നമുക്കു നാടകീയമായി കാണാൻ കഴിയും. അത് അനുക്രമമായ മൂന്നു ഘട്ടങ്ങളിലൂടെ പുരോഗമിക്കുന്നു. ധനമോഹം, പൊള്ളയായ സ്വയം ആത്മാഭിമാനം, അഹങ്കാരം എന്നിവയാണ് ആ ഘട്ടങ്ങൾ (cf Homily, 20 Sept. 2013).

വിശുദ്ധ പൗലോസ് അപ്പസ്തോലൻ ഇങ്ങനെ പഠിപ്പിക്കുന്നു: "ധനമോഹമാണ് എല്ലാ തിന്മകളുടെയും അടിവേര്" (1 തിമോ 6:10). അതാണ് അഴിമതിയുടെ കാരണം, അസൂയ, മത്സരം, സംശയം എന്നിവയുടെ ഉറവിടവും അതാണ്. പണത്തിന് നമ്മുടെമേൽ ആധിപത്യം പുലർത്താൻ കഴിയും. സ്വേഛാധിപത്യപരമായ വിഗ്രഹമായിത്തീരാൻപോലും കഴിയും (cf സുവിശേഷത്തിന്റെ സന്തോഷം 55). നന്മചെയ്യാനും മറ്റുള്ളവരുമായുള്ള ഐക്യദാർഢ്യം കാണിക്കാനും നമ്മെ സേവിക്കുന്ന ഒരു ഉപകരണമായിരിക്കേണ്ടതാണു പണം. പക്ഷേ അത് അതിനുപകരം നമ്മെയും മുഴുവൻ ലോകത്തെയും സ്നേഹിക്കാൻ ഇടം തരാത്തതും സമാധാനത്തെ തടയുന്നതുമായ സ്വാർത്ഥതയുടെ യുക്തിയിൽ കെട്ടിയിടും.

അങ്ങനെ സമ്പന്നനെ അയാളുടെ അത്യാഗ്രഹം ശൂന്യനാക്കുന്നുവെന്ന് ഈ ഉപമ കാണിച്ചുതരുന്നു. അയാളുടെ വ്യക്തിത്വം തനിക്ക്

എന്തുചെയ്യാൻ കഴിയുമെന്ന് മറ്റുള്ളവരെ കാണിക്കുന്നതിൽ, പ്രദർശനങ്ങളിൽ, പ്രകാശിപ്പിക്കപ്പെടുന്നു. എന്നാൽ അയാളുടെ ബാഹ്യശോഭ അയാളുടെ ആന്തരികശൂന്യതയെ മറച്ചുവയ്ക്കുന്നു. അയാളുടെ ജീവിതം ബാഹ്യപ്രകടനത്തിന്റെ തടവുകാരനാണ്, അസ്തിത്വത്തിന്റെ ഏറ്റവും ഉപരിപ്ലവവും ക്ഷണഭംഗുരവുമായ വശങ്ങളുടെ തടവുകാരനാണ് (cf. ibid, 62).

അയാളുടെ ധാർമ്മികാധഃപതനത്തിന്റെ ഏറ്റവും അടിയിലെ ചവിട്ടുപടി അഹങ്കാരമാണ്. സമ്പന്നനായ ആ മനുഷ്യൻ രാജാവിനെപ്പോലെ വേഷങ്ങൾ അണിയുന്നു, ഒരു ദൈവത്തെപ്പോലെ പെരുമാറുന്നു. കേവലം മരണമുള്ളവനാണ് താനെന്ന് അയാൾ മറക്കുന്നു. സമ്പത്തിനോടുള്ള സ്നേഹത്താൽ ജീർണിച്ചവർക്ക് അവരുടെ തന്നെ അഹംഭാവമല്ലാതെ മറ്റൊന്നുമില്ല. തങ്ങൾക്കു ചുറ്റുമുള്ളവരെ അവർ കാണുന്നില്ല. പണത്തോടുള്ള ഒട്ടിച്ചേരൽ ഒരുതരം അന്ധതയാണ്. വിശന്നും മുറിവേറ്റും തന്റെ വാതിൽപ്പിടിക്കൽ കിടക്കുന്ന ദരിദ്രനെ സമ്പന്നൻ കാണുന്നേയില്ല.

ഈ കഥാപാത്രത്തിലേക്കു നോക്കുമ്പോൾ നമുക്കു മനസ്സിലാകും എന്തുകൊണ്ടാണ് സുവിശേഷം ഇത്ര കർക്കശമായി ദ്രവ്യാഗ്രഹത്തെ ശപിക്കുന്നതെന്ന്: "രണ്ട് യജമാനന്മാരെ സേവിക്കാൻ ആർക്കും കഴിയുകയില്ല. ഒന്നുകിൽ ഒരുവനെ ദ്വേഷിക്കുകയും അപരനെ സ്നേഹിക്കുകയും ചെയ്യും; അല്ലെങ്കിൽ ഒരുവനെ ബഹുമാനിക്കുകയും അപരനെ നിന്ദിക്കുകയും ചെയ്യും. ദൈവത്തെയും മാമ്മോനെയും ഒരേസമയം സേവിക്കാൻ നിങ്ങൾക്കു സാധിക്കുകയില്ല" (മത്താ 6:24).

**3. വചനം ഒരു ദാനമാണ്**

സമ്പന്നനെയും ലാസറിനെയും കുറിച്ചുള്ള സുവിശേഷം ഈസ്റ്ററിനായി നന്നായിട്ട് ഒരുങ്ങാൻ നമ്മെ സഹായിക്കുന്നു. വിഭൂതി ബുധനാഴ്ചയിലെ ലിറ്റർജി സമ്പന്നന്റേതിനോടു തികച്ചും സമാനമായ ഒരനുഭവത്തിലേക്കു നമ്മെ ക്ഷണിക്കുന്നുണ്ട്. വൈദികർ തലയിൽ ചാരം പുരട്ടുമ്പോൾ ഈ വാക്കുകൾ ആവർത്തിക്കുന്നു: "നീ പൊടിയാണെന്നും പൊടിയിലേക്കു പിന്തിരിയുമെന്നും ഓർക്കുക". സമ്പന്നനും ദരിദ്രനും മരിച്ചു. ആ ഉപമയിലെ വലിയ ഭാഗവും സംഭവിക്കുന്നത് മരണാനന്തരജീവിതത്തിലാണ്. രണ്ടു കഥാപാത്രങ്ങളും ഒരു വസ്തുത പെട്ടെന്ന് തിരിച്ചറിയുന്നു. "നാം ഈ ലോകത്തിലേക്ക് ഒന്നും കൊണ്ടുവന്നില്ല. ഇവിടെ നിന്ന് ഒന്നും കൊണ്ടുപോകാനും നമുക്കു സാധിക്കുകയില്ല" എന്നതാണ് ആ വസ്തുതത.

മരണാനന്തരജീവിതത്തിൽ എന്തു സംഭവിക്കുന്നുവെന്നും നമ്മൾ കാണുന്നു. സമ്പന്നൻ അവസാനം അബ്രാഹത്തോടു സംസാരിക്കുന്നു. അബ്രാഹത്തെ അയാൾ "പിതാവേ" എന്നു വിളിക്കുന്നു (ലൂക്കാ 16:24-27). താൻ ദൈവജനത്തിലെ അംഗമാണെന്ന് സൂചിപ്പിക്കാനാണത്. ഈ വിശദീകരണം അയാളുടെ ജീവിതത്തെ കൂടുതൽ വൈരുദ്ധ്യമുള്ളതാക്കുന്നു. കാരണം ആ നിമിഷംവരെ തനിക്ക് ദൈവത്തോടുള്ള ബന്ധം അയാൾ സൂചിപ്പിച്ചിട്ടില്ല. യഥാർത്ഥത്തിൽ അയാളുടെ ജീവിതത്തിൽ ദൈവത്തിന് സ്ഥാനമുണ്ടായിരുന്നില്ല. അയാളുടെ ഏക ദൈവം അയാളായിരുന്നു.

മരണാനന്തര ജീവിതത്തിലെ പീഡനങ്ങൾക്കിടയിൽ മാത്രമാണ് ആ സമ്പന്നൻ ലാസറിനെ തിരിച്ചറിയുന്നത്. തന്റെ സഹനം കുറയ്ക്കാൻ ആ ദരിദ്രൻ ഒരു തുള്ളി വെള്ളം കൊടുക്കണമെന്ന് അയാൾ ആഗ്രഹിക്കുന്നു. അയാൾക്ക് ചെയ്യാൻ കഴിയുമായിരുന്നതും എന്നാൽ ഒരിക്കലും ചെയ്യാതിരുന്നതുമായ ഒരു കാര്യത്തോടു സമാനമായ ഒരു കാര്യമാണ് ലാസറിനോട് അയാൾ ഇപ്പോൾ ആവശ്യപ്പെടുന്നത്. അബ്രാഹം സമ്പന്നനോടു പറയുന്നു: "മകനേ, നീ ഓർമ്മിക്കുക, നിനക്ക് ജീവിതകാലത്ത് എല്ലാ സുഖസൗകര്യങ്ങളും ലഭിച്ചിരുന്നു. ലാസറിനോ കഷ്ടതകളും. ഇപ്പോൾ അവൻ ഇവിടെ ആനന്ദിക്കുകയും നീ വേദന അനുഭവിക്കുകയും ചെയ്യുന്നു" (വാക്യം 25). സമ്പന്നൻ പറഞ്ഞ തടസ്സവാദങ്ങളെ എല്ലാം എതിർത്തുകൊണ്ട് അബ്രാഹം പറയുന്നു: "മോശയും പ്രവാചകന്മാരും പറയുന്നത് അവർ കേൾക്കുന്നില്ലെങ്കിൽ മരിച്ചവരിൽ നിന്ന് ഒരുവൻ ഉയിർത്താലും അവർക്ക് ബോധ്യമാകുകയില്ല" (വാക്യം 31).

അങ്ങനെ, സമ്പന്നന്റെ യഥാർത്ഥപ്രശ്നം വെളിവാകുന്നു. ദൈവവചനം കേൾക്കുന്നതിൽ പരാജയപ്പെട്ടു എന്നതാണ് അയാളുടെ എല്ലാ കഷ്ടതകളുടെയും അടിസ്ഥാനം. ദൈവത്തിന്റെ വചനം കേൾക്കാത്തതിന്റെ ഫലമായി അയാൾ ദൈവത്തെ ഒട്ടും സ്നേഹിച്ചില്ല. അയൽക്കാരനെ കൂടുതൽ കൂടുതൽ പുച്ഛിക്കുകയും ചെയ്തു. ദൈവവചനം സജീവവും സുശക്തവുമാണ്; ഹൃദയങ്ങളെ മാനസാന്തരപ്പെടുത്താനും അവയെ ദൈവത്തിലേക്ക് തിരിച്ചുകൊണ്ടുചെല്ലാനും കഴിവുള്ളതാണ്. നമ്മൾ ദൈവവചനമാകുന്ന ദാനത്തിനെതിരേ ഹൃദയവാതിൽ അടയ്ക്കുമ്പോൾ നമ്മുടെ സഹോദരീസഹോദരന്മാരാകുന്ന ദാനത്തിനെതിരേ ഹൃദയവാതിൽ അടയ്ക്കുകയാണ്.

പ്രിയ സുഹൃത്തുക്കളേ, ക്രിസ്തുവുമായുമുള്ള നമ്മുടെ ബന്ധം പുതുക്കാൻ, അവിടത്തെ വചനത്തിലും കൂദാശകളിലും നമ്മുടെ അയൽക്കാരിലും ജീവിച്ചുകൊണ്ട് അവിടന്നുമായുള്ള നമ്മുടെ ബന്ധം പുതുക്കാൻ, അനുകൂലമായ കാലമാണ് നോമ്പുകാലം. നാല്പതുദിവസത്തെ ഉപവാസകാലത്ത് പ്രലോഭകന്റെ വഞ്ചനകളെ കീഴടക്കിയ കർത്താവ്, നമ്മൾ സഞ്ചരിക്കേണ്ട വഴി കാണിച്ചുതരുന്നു.

മാനസാന്തരത്തിലേക്കുള്ള യഥാർത്ഥ യാത്രയിൽ പരിശുദ്ധാത്മാവ് നമ്മെ നയിക്കാൻ ഇടയാകട്ടെ. അങ്ങനെ ദൈവവചനമാകുന്ന ദാനം തിരിച്ചറിയാനും നമ്മെ കുരുടന്മാരാക്കുന്ന പാപത്തിൽ നിന്ന് വിശുദ്ധീകരിക്കപ്പെട്ടവരാകാനും ആവശ്യത്തിൽപ്പെട്ട നമ്മുടെ സഹോദരീസഹോദരന്മാരിൽ സന്നിഹിതനായിരിക്കുന്ന ക്രിസ്തുവിനുവേണ്ടി സേവനം ചെയ്യാനും നമുക്കു കഴിയട്ടെ.

ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ സഭാപരമായ സംഘടനകൾ നടത്തുന്ന നോമ്പുകാല ക്യാപെയ്നുകളിൽ പങ്കുചേർന്നുകൊണ്ടും അങ്ങനെ നമ്മുടെ ഏക മനുഷ്യകുടുംബത്തിൽ കണ്ടുമുട്ടലിന്റെ സംസ്കാരത്തെ അനുകൂലിച്ചുകൊണ്ടും ഈ ആധ്യാത്മിക നവീകരണത്തോട് വിശ്വസ്തത കാണിക്കാൻ ഞാൻ എല്ലാ വിശ്വസികളെയും പ്രോത്സാഹിപ്പിക്കുന്നു. നമുക്ക് ഓരോരുത്തർക്കും പരസ്പരം പ്രാർത്ഥനാസഹായം നല്കാം. അങ്ങനെ ക്രിസ്തുവിന്റെ വിജയത്തിൽ പങ്കുചേർന്നുകൊണ്ട് ദുർബലർക്കും ദരിദ്രർക്കുമായി നമ്മുടെ വാതിലുകൾ തുറക്കാം. അപ്പോൾ ഈസ്റ്ററിന്റെ സന്തോഷം അനുഭവിക്കാനും അതിൽ പൂർണമായി പങ്കുചേരാനും നമുക്കു കഴിയും.

വത്തിക്കാനിൽ നിന്ന്, 18 ഒക്ടോബർ 2016

**ഫ്രാൻസിസ് മാർപാപ്പാ**

പി.ഒ.സി., കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം
കൊച്ചി - 682 025

Ref: 2999/K 35/OL/KCBC/DS 3.1.2017

# മദ്യവിരുദ്ധ ഞായർ, 12 മാർച്ച് 2017

## കെസിബിസി മദ്യവിരുദ്ധ സമിതി പുറപ്പെടുവിക്കുന്ന സർക്കുലർ

മിശിഹായിൽ പ്രിയപ്പെട്ടവരേ,

കേരള കത്തോലിക്കാസഭ 2017 മാർച്ച് 12-ാം തീയതി മദ്യവിരുദ്ധ ഞായറായി ആചരിക്കുകയാണ്. സഭയിലും സമൂഹത്തിലും ലഹരിക്കെതിരായ പോരാട്ടം കൂടുതൽ ജാഗ്രതയോടെ ശക്തമാക്കുവാനുള്ള സന്ദേശമാണ് മദ്യവിരുദ്ധ ഞായർ ആചരണത്തിലൂടെ കേരളകത്തോലിക്കസഭ നൽകാൻ ആഗ്രഹിക്കുന്നത്. മനുഷ്യനന്മ ലക്ഷ്യം വച്ചുള്ള പ്രവർത്തനങ്ങൾ എന്നും സഭയുടെ മുഖമുദ്രയാണ്. കേരള സമൂഹത്തിന്റെ വിദ്യാഭ്യാസ ആരോഗ്യമേഖലകളിലും മറ്റു സാമൂഹിക നവോത്ഥാനരംഗങ്ങളിലും മാറ്റത്തിന്റെ ചാലകശക്തിയാകാൻ കേരള സഭയ്ക്ക് എന്നും കഴിഞ്ഞിട്ടുണ്ട്. നാടിന്റെ വികസന പ്രക്രിയയിൽ കാലത്തിനൊപ്പം നടക്കാൻ സഭ എന്നത്തേതുംപോലെ ഇന്നും പ്രതിജ്ഞാബദ്ധയാണ്. മദ്യത്തിനും മറ്റു ലഹരിവസ്തുക്കൾക്കുമെതിരെയുള്ള സന്ധിയില്ലാസമരം സാമൂഹ്യനന്മയ്ക്കുവേണ്ടിയുള്ള നമ്മുടെ പ്രതിബദ്ധതയുടെ പ്രതിഫലനമാണ്. വരുംതലമുറയ്ക്കുവേണ്ടിയുള്ള സഭയുടെ ഏറ്റവും മഹത്തായ ഒരു കരുതൽ നടപടിയാണ് മദ്യത്തിനും ലഹരിയ്ക്കുമെതിരെയുള്ള ഈ സാമൂഹ്യ ഇടപെടൽ.

ആഴമേറിയ ആത്മീയതയും ഉന്നതമായ സംസ്കാരവും കേരള സമൂഹത്തിന്റെ മുഖമുദ്രയാണെന്നതിൽ നമ്മൾ അഭിമാനിക്കുന്നു. വിദ്യാഭ്യാസരംഗത്തും ആരോഗ്യരംഗത്തും അത്ഭുതാവഹമായ നേട്ടങ്ങളും സംഭാവനകളും കേരളത്തിനു സ്വന്തമാണ്. എന്നാൽ, കേരള സമൂഹം നേടിയെടുത്ത സൽപ്പേരിന്റെയും സൽമാതൃകകളുടെയും മേൽ കരിനിഴൽ വീഴ്ത്തി മദ്യലഹരി സംസ്കാരം ഇന്ന് ദൈവത്തിന്റെ സ്വന്തം നാടിന് അപമാനം സൃഷ്ടിക്കുന്നു. സമസ്ത സൃഷ്ടികളുടെയും മകുടമായി ദൈവം സൃഷ്ടിച്ച മനുഷ്യൻ തന്നെ നിയോഗിച്ചവന്റെ വിളി മറന്ന് മദ്യപാനത്തിലൂടെയും ലഹരി വസ്തുക്കളുടെ ഉപയോഗത്തിലൂടെയും നന്മയുടെ മുഖം നഷ്ടമാക്കുന്ന ദയനീയ സമകാലിക ചിത്രങ്ങൾ നമ്മെ നൊമ്പരപ്പെടുത്തുന്നതാണ്.

വലിയ നോമ്പിലെ മൂന്നാം ഞായറാഴ്ചയാണ് മദ്യവിരുദ്ധ ഞായറായി ആചരിച്ചുപോരുന്നത്. വിശുദ്ധ നോമ്പ് പ്രാർത്ഥനയുടെയും ഉപവാസത്തിന്റെയും നവീകരണത്തിന്റെയും കാലഘട്ടമാണ്. വ്യക്തിപരവും സമൂഹപരവുമായ ഒരു നവീകരണത്തിനാണ്

നോമ്പുകാലം നമ്മെ ക്ഷണിക്കുന്നത്. മദ്യവും മയക്കുമരുന്നുകളും മറ്റ് ലഹരിവസ്തുക്കളും നമ്മുടെ കുടുംബങ്ങളിലും സമൂഹത്തിലും സൃഷ്ടിക്കുന്ന ദുരന്തങ്ങൾ വളരെ ഭയാനകമാണ്. വ്യക്തിയെയും കുടുംബത്തെയും സമൂഹത്തെയും നശിപ്പിക്കുന്ന ഈ തിന്മകളിൽനിന്നും, പാപസാഹചര്യങ്ങളിൽനിന്നും ഓടി അകലണമെന്ന് ഓരോ നോമ്പുകാലവും ആഹ്വാനം ചെയ്യുന്നു. മദ്യാസക്തി ദുർമോഹങ്ങളിലേയ്ക്ക് നയിക്കുന്നതാണെന്നും അന്ധകാരത്തിന്റെ പ്രവൃത്തിയാണെന്നും തിരുവചനം നമ്മെ ഓർമ്മപ്പെടുത്തുന്നു (റോമ 13: 13-14). മദ്യപാനി ദൈവരാജ്യം അവകാശമാക്കുകയില്ല (1 കൊറി. 6:10) എന്ന പൗലോസ് ശ്ലീഹായുടെ പ്രഖ്യാപനം തന്നെ മദ്യാസക്തി എന്ന തിന്മയുടെ ആഴം നമ്മെ ബോധ്യപ്പെടുത്തുന്നതാണ്. ജീവിത ബലഹീനതകളിൽനിന്ന് അകന്ന് പ്രകാശത്തിന്റെ മക്കളാകുവാൻ തിരുസഭ നമ്മെ ക്ഷണിക്കുന്ന ഈ നോമ്പുകാലം മദ്യമെന്ന തിന്മയ്ക്കെതിരെയുള്ള ആത്മീയ പോരാട്ടത്തിന്റെ അവസരമാക്കി മാറ്റാം.

രണ്ടു വർഷം മുമ്പ് അന്നത്തെ സർക്കാർ പ്രഖ്യാപിച്ച മദ്യനയത്തിന്റെ ഭാഗമായി പഞ്ചനക്ഷത്രബാറുകൾ ഒഴികെ മറ്റെല്ലാ മദ്യശാലകളും നിരോധിച്ചത് നമുക്ക് അറിവുള്ളതാണല്ലോ. 10 വർഷംകൊണ്ട് ഘട്ടംഘട്ടമായി നടപ്പിലാക്കുന്ന സമ്പൂർണ്ണമദ്യനിരോധനമാണ് അന്ന് പ്രഖ്യാപിച്ചിരുന്നത്. അതിന്റെ ഭാഗമായി 10 ശതമാനം ബീവറേജ് കൺസ്യൂമർ ഔട്ട്ലറ്റുകൾ എല്ലാ വർഷവും ഗാന്ധിജയന്തി ദിനമായ ഒക്ടോബർ 2ന് അടച്ചുപൂട്ടുവാനുള്ള നടപടിയും എടുത്തിരുന്നു. എന്നാൽ പുതിയ സർക്കാർ അധികാരത്തിൽ വന്നതോടെ മദ്യനിരോധനമല്ല മദ്യവർജ്ജനമാണ് സർക്കാർ നയമെന്ന് പ്രഖ്യാപിക്കുകയും പ്രതിവർഷം 10 ശതമാനം മദ്യശാലകൾ അടച്ചുപൂട്ടാനുള്ള തീരുമാനം റദ്ദാക്കുകയും ചെയ്യുകയുണ്ടായി. അതിനാൽത്തന്നെ മുൻസർക്കാർ പ്രഖ്യാപിച്ച സമ്പൂർണ്ണ മദ്യനിരോധനനയം നിലവിലുള്ള പുതിയ സർക്കാർ അട്ടിമറിക്കുമോ എന്ന ആശങ്ക നമുക്കുണ്ട്.

കേരളത്തിൽ നടപ്പിലാക്കി തുടങ്ങിയ ഭാഗിക മദ്യനിരോധനം വിജയമല്ല എന്ന് സ്ഥാപിക്കാൻ പലഭാഗത്തുനിന്ന് ശ്രമിക്കുന്നുണ്ടെങ്കിലും, മദ്യനിരോധനം വിജയമാണെന്ന് കണക്കുകൾ സൂചിപ്പിക്കുന്നു. പഞ്ചനക്ഷത്ര ബാറുകൾ ഒഴികെയുള്ള മദ്യശാലകൾ അടച്ചുപൂട്ടിയതോടെ മദ്യത്തിന്റെ ഉപഭോഗം ഗണ്യമായി കുറഞ്ഞിട്ടുണ്ട്. വിദേശമദ്യവില്പന 25% കുറഞ്ഞുവെന്നാണ് കണക്ക്. ലഹരി വിട്ടൊഴിഞ്ഞ മനുഷ്യരുടെ ജീവിതത്തിൽ ഗുണപരമായ മാറ്റങ്ങൾ സംഭവിച്ചുവെന്നത് പ്രകടമായ യാഥാർത്ഥ്യമാണ്. പോക്കറ്റിൽ സമ്പാദ്യം, ബന്ധങ്ങളിൽ ഊഷ്മളത, ആത്മാവിനും ശരീരത്തിനും ആരോഗ്യം, കുറ്റകൃത്യ

ങ്ങൾ റോഡപകടങ്ങൾ, വിവാഹമോചനങ്ങൾ, ആത്മഹത്യ എന്നിവ യിൽ കുറവ് എന്നിങ്ങനെ കേരളത്തിന്റെ പൊതുസമൂഹം ഭാഗികമായ മദ്യനിരോധനത്തിന്റെ നന്മകൾ അനുഭവിച്ച് തുടങ്ങിയിരിക്കുന്നു. ഈ നന്മകൾ തുടരാനും കൂടുതൽ വളരാനുമുള്ള സാഹചര്യമാണ് നാം സൃഷ്ടിക്കേണ്ടത്. പ്രഖ്യാപിത മദ്യനയത്തിൽ നിന്നുള്ള തിരിച്ചുപോക്ക് ഈ നന്മകളെ തകർക്കുകയും വലിയ വിനാശത്തിന് വഴിതെളിക്കുകയും ചെയ്യും.

മദ്യനിരോധനം, മദ്യവർജ്ജനം എന്നീ രണ്ടുസമീപനങ്ങളിൽ ഏതാണ് സമൂഹത്തിൽ നന്മ ഉളവാക്കുന്നതും പ്രായോഗികവുമെന്ന് വ്യക്തമാണ്. മദ്യവർജ്ജനമെന്നത് ഒരു വ്യക്തി സ്വമേധയാ വ്യക്തി ജീവിതത്തിൽ എടുക്കേണ്ട നിലപാടാണ്. അത് ഒരു നയമായി സർക്കാർ സ്വീകരിക്കേണ്ടതല്ല. അതേസമയം, ഒരു വ്യക്തിയല്ല, ജന നന്മ ലക്ഷ്യമാക്കി ജനങ്ങൾ തെരഞ്ഞെടുത്ത സർക്കാരാണ് മദ്യനി രോധനം നടപ്പിൽ വരുത്തേണ്ടത്. മദ്യത്തിന്റെ ഉല്പാദനം, സൂക്ഷിപ്പ്, വിതരണം എന്നിവ സംബന്ധിച്ച് നിയമനിർമ്മാണം നടത്താനും നിലവിലുള്ള നിയമങ്ങളുടെയും ചട്ടങ്ങളുടെയും അടിസ്ഥാനത്തിൽ നിയന്ത്രണമോ നിരോധനമോ ഏർപ്പെടുത്താനുള്ള അധികാരവും കടമയും ഉത്തരവാദിത്വവും ഉള്ളത് സർക്കാരിന് മാത്രമാണ്. ഇക്കാര്യ ത്തിൽ വ്യക്തമായ നയം സർക്കാറിന് ഉണ്ടായിരിക്കണം. മദ്യലഭ്യത കുറച്ചുകൊണ്ടുവരാൻ മദ്യനിയന്ത്രണം ആവശ്യമാണ്. അതിന് മദ്യവർജ്ജനം മാത്രം പോര. രാഷ്ട്രപിതാവായ ഗാന്ധിജി 'മദ്യവർ ജ്ജനമല്ല, നിരോധനം തന്നെവേണം' എന്ന് ഊന്നിപ്പറഞ്ഞിട്ടുണ്ട്. ഒരിക്കൽ ഒരു പത്രലേഖകൻ ഗാന്ധിജിയോട് ചോദിച്ചു. മദ്യപനെ ഉപദേശിച്ചു പിന്മാറ്റുകല്ലേ നല്ലത്? ഗാന്ധിജിയുടെ മറുപടി ഇപ്രകാര മായിരുന്നു. 'നിങ്ങളുടെ കുട്ടി തീയിൽ ചാടുവാൻ പോകുകയാണെന്ന് വിചാരിക്കുക. നിങ്ങൾ എന്തുചെയ്യും? അവനെ ഉപദേശിച്ചു മാറ്റുവാൻ ശ്രമിക്കുമോ അതോ ഓടിച്ചെന്ന് ബലം പ്രയോഗിച്ച് പിന്മാറ്റുമോ?" മദ്യം തിന്മയെന്ന് ബോധ്യമുണ്ടെങ്കിൽ മദ്യനിരോധനം തന്നെ വേണമെന്നാണ് ഗാന്ധിജി പറഞ്ഞുവച്ചത്. മദ്യവർജ്ജനം മാത്രം മതി എന്ന സമീപനം കേരളത്തിൽ എത്രമാത്രം പ്രായോഗികമാണെന്ന് സംശയിക്കണം. മദ്യാസക്തമായ ഒരു സമൂഹത്തിൽ മദ്യത്തിന്റെ ലഭ്യ തയിലും ഉപയോഗത്തിലും സർക്കാർ ഏർപ്പെടുത്തുന്ന നിയന്ത്രണ മാണ് മദ്യവർജ്ജനത്തിലേയ്ക്കുള്ള ഒരു സുപ്രധാന കാൽവെപ്പ്. മദ്യ നിരോധനത്തിലൂടെയും ബോധവൽക്കരണ കർമ്മപദ്ധതികളിലൂടെയും സമൂഹത്തിലെ ഓരോ വ്യക്തിയും മദ്യവർജ്ജനമെന്ന നന്മയിലേക്ക് എത്തിച്ചേരണം. അതാണ് ഫലപ്രദവും പ്രായോഗികവുമായ മദ്യനയം.

വളരെക്കാലമായി ഗുജറാത്തിൽ മദ്യനിരോധനം ഫലപ്രദമായി നടപ്പിലാക്കിയിട്ടുണ്ട്. ജനക്ഷേമ പദ്ധതികൾ ഫലംകാണാത്ത പശ്ചാത്തലത്തിൽ ബീഹാറിലും സമ്പൂർണ്ണ മദ്യനിരോധനം സർക്കാർ നയമായി പ്രഖ്യാപിച്ച് നടപ്പിലാക്കി കഴിഞ്ഞു. തമിഴ്നാട്ടിലും ഭാഗിക മദ്യനിരോധനമുണ്ട്. വേണ്ടത്ര രാഷ്ട്രീയ ഇച്ഛാശക്തിയുണ്ടെങ്കിൽ ഏത് തീരുമാനവും ഫലപ്രദമായി നടപ്പിലാക്കുവാൻ കഴിയും. കൊലപാതകം ശിക്ഷാർഹമായ കുറ്റമാണ്. കൊലപാതകിക്ക് തക്കശിക്ഷ നല്കിയിട്ടും കൊലപാതകം കുറയുന്നില്ല എന്നതുകൊണ്ട് പ്രസ്തുതനിയമം പ്രായോഗികമല്ലെന്ന് പറഞ്ഞ് ശിക്ഷ ഒഴിവാക്കി ബോധവത്ക്കരണം മതിയെന്നുവച്ചാൽ എന്താകും സ്ഥിതി. ഒരു നിരോധനനിയമവും പൂർണ്ണമായി സ്വാഗതം ചെയ്യപ്പെടണമെന്നില്ല. ആദ്യഘട്ടത്തിൽ പൂർണ്ണമായ ഫലം കിട്ടിയെന്നും വരില്ല. അതുകൊണ്ട് അപ്രയോഗികമാണ് എന്നവാദം ഉയർത്തുന്നത് യുക്തിക്ക് നിരക്കുന്നതല്ല.

ജനാധിപത്യ സംവിധാനത്തിൽ ഒരു രാജ്യത്തെ ജനതയുടെ ക്ഷേമത്തിനാണ് ഭരണാധികാരികൾ പ്രധാന്യം കൊടുക്കേണ്ടത്. രാജ്യത്തിന്റെ ധാർമ്മികനിലവാരം കാത്തുസൂക്ഷിക്കുവാനുള്ള ഉത്തരവാദിത്വം ജനങ്ങൾ തെരഞ്ഞെടുത്ത സർക്കാരിനാണ്. ഇക്കാര്യം ബന്ധപ്പെട്ടവർ വിസ്മരിക്കരുത്. ജനങ്ങളുടെ ആരോഗ്യവും ജീവിത നിലവാരവും സംരക്ഷിക്കുവാൻ ജാഗ്രതയുണ്ടാകേണ്ട രാഷ്ട്രീയ നേതൃത്വവും ഭരണാധികാരികളും മദ്യനയത്തിൽ വ്യക്തമായ നിലപാട് സ്വീകരിക്കണം. സമൂഹത്തിലെ പാവപ്പെട്ടവരുടെയും സ്ത്രീകളുടെയും കുഞ്ഞുങ്ങളുടെയും സമാധാനവും സുസ്ഥിതിയും ഉറപ്പാക്കാൻ സർക്കാരിന് പ്രത്യേക കടമയുണ്ട്. അത് ഒരു സർക്കാരും മറക്കരുത്.

ലഹരിവിരുദ്ധ ബോധവത്കരണപരിപാടികളുടെ അടിസ്ഥാനം ലഹരി തിന്മയാണ് എന്ന ബോധ്യമാണ്. ലഹരിക്കെതിരെ കേരളത്തെ സജ്ജമാക്കുന്നതിൽ നിലവിലെ സർക്കാർ ആവിഷ്കരിച്ചുകൊണ്ടിരിക്കുന്ന ബോധവത്കരണ പരിപാടികളെ നമ്മൾ സ്വാഗതം ചെയ്യുന്നു. മദ്യപിച്ച് നശിച്ചുകൊണ്ടിരിക്കുന്ന ഒരു സമൂഹത്തിന്റെ ദയനീയാവസ്ഥ തിരിച്ചറിഞ്ഞ് ഒരാളും ഇനി ലഹരിയുടെ കെണിയിൽ വീഴരുത് എന്ന ലക്ഷ്യത്തോടെയുള്ള കർമ്മപദ്ധതികളാണ് പ്രോത്സാഹിപ്പിക്കപ്പെടേണ്ടത്. ലഹരിവിമുക്തമായ ഒരു സമൂഹത്തെ ലക്ഷ്യംവച്ച് നമ്മൾ പ്രവർത്തനനിരതരാകണം. ലഹരിക്കെതിരായ പോരാട്ടത്തിൽ ഒരിക്കലും അലസത കടന്നുവരരുത്. ഒരു സമൂഹവും അതിലൂടെ വരും തലമുറയും നാശത്തിലേക്ക് വഴുതി വീഴുമ്പോൾ നിഷ്ക്രിയരായി നിൽക്കുന്ന അവസ്ഥ ഇനി നമുക്കുണ്ടാകരുത്.

ഇതോടൊപ്പം ശ്രദ്ധയോടെ തിരിച്ചറിയേണ്ട മറ്റൊരു വസ്തുതയുണ്ട്. പുതിയ തലമുറ മദ്യത്തിൽനിന്ന് ഇതരലഹരിവസ്തുക്കളി

ലേയ്ക്ക് നീങ്ങുന്ന ദുരവസ്ഥ രൂപപ്പെട്ടുകൊണ്ടിരിക്കുന്നു. സാമൂഹ്യ വിരുദ്ധരിലൂടെയും ഇതര സംസ്ഥാനത്തു നിന്നുള്ളവരിലൂടെയും മയക്കുമരുന്നു ശൃംഖല ഇന്ന് വ്യാപിച്ചുവരികയാണ്. ധാരാളം യുവജനങ്ങൾ ഇന്ന് ഏതെങ്കിലും തരത്തിലുള്ള ലഹരിപദാർത്ഥങ്ങൾ ഉപയോഗിക്കുന്നതായി ഇതുമായി ബന്ധപ്പെട്ട് നടത്തിയ പഠനങ്ങൾ വെളിപ്പെടുത്തുന്നു. സുഹൃത്തുക്കളുടെ സ്വാധീനം, പരീക്ഷിച്ചറിയുവാനുള്ള ആകാംക്ഷ, ജീവിത പ്രശ്നങ്ങൾ, ലഹരിയുടെ ദോഷത്തെക്കുറിച്ചുള്ള അജ്ഞത, ലഹരി വസ്തുക്കളുടെ സംലഭ്യത തുടങ്ങിയ കാരണങ്ങൾ ലഹരിയിലേയ്ക്ക് യുവജനങ്ങളെ നയിക്കുന്നുണ്ട്. മദ്യത്തെക്കാൾ ഭീകരമാണ് മയക്കുമരുന്നുകൾ. ഒരുതവണ ഉപയോഗിച്ചാൽപോലും ഒരു വ്യക്തി മയക്കുമരുന്നിന് അടിമയാകാൻ സാധ്യതയേറെയാണ്. മയക്കുമരുന്നു വ്യാപനത്തിനെതിരെ ജാഗ്രത പുലർത്താനും കർശനമായ നിയമനടപടികളിലൂടെ അതിനെ നേരിടുവാനും കേരളസമൂഹം അടിയന്തര നടപടികൾ സ്വീകരിക്കേണ്ടിയിരിക്കുന്നു.

ദേശീയ സംസ്ഥാന പാതയോരങ്ങളിൽ പ്രവർത്തിക്കുന്ന മദ്യശാലകൾ നിരോധിച്ചുകൊണ്ടുള്ള സുപ്രീം കോടതി വിധി വലിയ പ്രതീക്ഷ നൽകുന്നുണ്ട്. ചരിത്രപരമായ ഒരു വിധിയാണിത്. ഓരോ വർഷവും റോഡപകടംമൂലം ഒന്നര ലക്ഷത്തിലേറെ പേർ മരിക്കുന്നുണ്ട് എന്നാണ് കണക്കുകൾ പറയുന്നത്. ഇതിന് മുഖ്യകാരണം ദേശീയ സംസ്ഥാന പാതയോരങ്ങളിലെ മദ്യശാലകളാണെന്ന കണ്ടെത്തലാണ് ഈ വിധി പുറപ്പെടുവിക്കാൻ പ്രധാന കാരണം. ദേശീയ സംസ്ഥാന പാതയോരങ്ങളിലെ മദ്യശാലകൾ നിറുത്തലാക്കുകയോ അഞ്ഞൂറ് മീറ്റർ ഉള്ളിലേയ്ക്ക് മാറ്റിസ്ഥാപിക്കുകയോ ചെയ്യണമെന്നാണ് കോടതി വിധി. 2017 മാർച്ച് 31 നുള്ളിൽ വിധി നടപ്പാക്കി, സംസ്ഥാന ചീഫ് സെക്രട്ടറിമാർ റിപ്പോർട്ട് നൽകണമെന്നാണ് കോടതി ഉത്തരവ്. ദേശീയ സംസ്ഥാന പാതയോരങ്ങളിൽ മദ്യവില്പനശാലകളുടെ ബോർഡുകൾ പ്രദർശിപ്പിക്കരുതെന്നും നിലവിലുള്ളവ ഉടൻ നീക്കം ചെയ്യണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ജനനന്മയെ കരുതിയുള്ള വിധിയാണിത്. പൊതുജനം ആഗ്രഹിച്ചതും പ്രതീക്ഷിച്ചതുമായ മദ്യനിരോധനത്തിനും സംസ്ഥാന സർക്കാർ പറയുന്ന മദ്യവർജ്ജനത്തിനും സഹായകമാണിത്. കേരളത്തെ മദ്യത്തിന്റെ പിടിയിൽനിന്ന് മോചിപ്പിക്കുവാനും കുടുംബ സാമൂഹ്യജീവിതത്തിൽ മദ്യലഹരി സൃഷ്ടിക്കുന്ന ദുരന്തങ്ങൾ കുറയ്ക്കാനും ഈ വിധി സഹായകമാകും. മദ്യത്തിനെതിരെയുള്ള പോരാട്ടത്തിൽ അണിചേർന്ന എല്ലാവർക്കും ഈ സുപ്രീം കോടതി വിധി അഭിമാനത്തിന്റെയും ചാരിതാർത്ഥ്യത്തിന്റെയും നിമിഷങ്ങളാണ് സമ്മാനിക്കുന്നത്.

കേരളത്തിൽ മദ്യനിരോധന പ്രവർത്തനങ്ങളുടെ ചാലക ശക്തിയായി പ്രവർത്തിച്ചുകൊണ്ട് ആവശ്യമായ നടപടികൾ സ്വീകരിക്കാൻ സർക്കാരുകളെയും മറ്റ് പ്രസ്ഥാനങ്ങളെയും പ്രേരിപ്പിക്കുന്നതിൽ വലിയൊരു പങ്കുവഹിക്കാൻ കേരളസഭയ്ക്കും കെ.സി.ബി.സി. മദ്യവിരുദ്ധ സമിതിക്കും സാധിച്ചിട്ടുണ്ട് എന്നത് യാഥാർത്ഥ്യമാണ്. കെ.സി.ബി.സി. മദ്യവിരുദ്ധ സമിതിയുടെ പ്രവർത്തനങ്ങൾ ഇടവക രൂപതാ തലങ്ങളിൽ കൂടുതൽ സജീവവും ഫലപ്രദവുമാക്കുവാൻ ബന്ധപ്പെട്ടവർ ശ്രദ്ധിക്കുമല്ലോ? മദ്യവിരുദ്ധ ഞായറിന് മുന്നോടിയായി വേണ്ട ഒരുക്കങ്ങൾ നടത്തുകയും ഈ ദിനം സമുചിതമായി ആചരിക്കുകയും വേണം. നമ്മുടെ ആഘോഷങ്ങളിൽ മദ്യം ഉണ്ടാവില്ല എന്ന പ്രതിജ്ഞ നാം എടുക്കണം. മദ്യവിരുദ്ധ ഞായറായി ആചരിക്കുന്ന മാർച്ച് 12-ാം തീയതി ദൈവാലയങ്ങളിൽ എടുക്കുന്ന സ്തോത്രക്കാഴ്ച രൂപതാകേന്ദ്രങ്ങളിൽ എത്തിക്കുകയും മദ്യവിരുദ്ധ പ്രവർത്തനങ്ങൾക്കായി ഓരോ രൂപതയിലെയും കെ.സി.ബി.സി. മദ്യവിരുദ്ധ സമിതിക്ക് നൽകുകയും ചെയ്യുന്നത് ഉചിതമായിരിക്കും. കേരളസമൂഹത്തെ മദ്യ-ലഹരി വിമുക്തമാക്കുകയെന്ന വിശുദ്ധ ദൗത്യത്തിൽ നമുക്ക് ഓരോരുത്തർക്കും പങ്കാളികളാകാം. ഇതിനാവശ്യമായ ബോധ്യവും പ്രവർത്തനക്ഷമതയും നൽകി ഉത്തരവാദിത്വപ്പെട്ടവരെ അനുഗ്രഹിക്കണമേ എന്ന് പ്രാർത്ഥിക്കുകയും ചെയ്യാം.

സ്നേഹപൂർവ്വം,

**ബിഷപ് മാർ റെമിജിയോസ് ഇഞ്ചനാനിയിൽ**
(ചെയർമാൻ, കെസിബിസി മദ്യവിരുദ്ധസമിതി)

**ബിഷപ് ജോഷ്വാ മാർ ഇഗ്നാത്തിയോസ്**
(വൈസ് ചെയർമാൻ, കെസിബിസി മദ്യവിരുദ്ധസമിതി)

**ബിഷപ് ക്രിസ്തുദാസ്**
(വൈസ് ചെയർമാൻ, കെസിബിസി മദ്യവിരുദ്ധസമിതി)

പി.ഒ.സി., കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം
**കൊച്ചി** – 682 025

---

NB: 2017 മാർച്ച് 12-ാം തീയതി ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാസഭകളിലെ എല്ലാ ദൈവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ചുകൊടുക്കുകയോ ചെയ്യണം.

Prot. No. 136/2017; Circular No. 05/2017

# ജീവകാരുണ്യനിധി

മിശിഹായിൽ പ്രിയമുള്ളരേ,

നമ്മുടെ അതിരൂപതയുടെ സ്വർഗ്ഗീയ മദ്ധ്യസ്ഥനായ വിശുദ്ധ യൗസേപ്പിതാവിന്റെ ഓർമ്മത്തിരുന്നാളാണല്ലോ ഇന്ന്, മാർച്ച് 19-ാം തീയതി. ഈ ദിവസമാണ് നാം അതിരൂപതാദിനമായി ആചരിച്ചു വരുന്നത്. 1954 മാർച്ച് 19-ാം തീയതിയായിരുന്നു തലശ്ശേരി രൂപതയെ വി. യൗസേപ്പിതാവിന്റെ കരങ്ങളിൽ സമർപ്പിച്ച് അഭിവന്ദ്യ വള്ളോപ്പിള്ളി പിതാവ് രൂപതാഭരണം ഏറ്റെടുത്തത്. അന്നുമുതൽ ഈ നിമിഷംവരെ നമ്മുടെ അതിരൂപതയെ തന്റെ അദ്ഭുതകരമായ മാദ്ധ്യസ്ഥ്യം വഴി വി. യൗസേപ്പിതാവ് നയിച്ചുകൊണ്ടിരിക്കുന്നു. ഈ പുണ്യപിതാവിലൂടെ നമ്മുടെ അതിരൂപതാ കുടുംബത്തിന് ദൈവം നൽകിക്കൊണ്ടിരിക്കുന്ന നിരവധിയായ അനുഗ്രഹങ്ങളെ നമുക്ക് അനുസ്മരിക്കുകയും അവിടുത്തേക്കു നന്ദി പറയുകയും ചെയ്യാം.

അതിരൂപതാദിനത്തോടനുബന്ധിച്ചാണ് അതിരൂപതാ ജീവകാരുണ്യഫണ്ട് നാം സമാഹരിക്കുന്നത്. തലശ്ശേരി അതിരൂപതാ കുടുംബം തങ്ങളുടെ ഇടയിലെ പാവപ്പെട്ടവരോടും സാമ്പത്തിക പരാധീനത അനുഭവിക്കുന്നവരോടും കാണിക്കുന്ന വലിയ കാരുണ്യത്തിന്റെയും പങ്കുവയ്ക്കലിന്റെയും ഈ ജീവകാരുണ്യനിധി ആരംഭിച്ചിട്ട് 25 വർഷം പൂർത്തിയായിരിക്കുകയാണ്. 1991ൽ അഭിവന്ദ്യ ജോർജ് വലിയമറ്റം പിതാവ് ആരംഭം കുറിച്ച പങ്കുവയ്ക്കലിന്റെ ഈ മഹാസംരംഭം അതിരൂപതാ കുടുംബത്തിന്റെ കാരുണ്യത്തിന്റെയും പാവപ്പെട്ടവരോടുള്ള കരുതലിന്റെയും ഉത്തമമാതൃകയായി 25 വർഷമായി മുടങ്ങാതെ നിലകൊള്ളുന്നത് തികച്ചും അഭിമാനകരമാണ്. കഷ്ടപ്പെടുന്ന സഹോദരരോടുള്ള കനിവ് നാം ഉത്തമ ക്രിസ്ത്യാനികളാണെന്നതിന്റെ അടയാളമാണ്. കഴിഞ്ഞ 25 വർഷം നാം പങ്കുവച്ച തുക, അതെത്ര ചെറുതാണെങ്കിലും, അനേകം പേരുടെ കണ്ണീരൊപ്പാൻ സഹായകരമായിരുന്നു. ജീവകാരുണ്യനിധിയിലൂടെ 25 വർഷംകൊണ്ട് ഏകദേശം 4½ കോടി രൂപ നാം സമാഹരിക്കുകയും പാവപ്പെട്ടവർക്കായി വിതരണം ചെയ്യുകയും ചെയ്തു. ഇതിനോട് ഔദാര്യപൂർവ്വം സഹകരിച്ച എല്ലാവരെയും ഞാൻ നന്ദിപൂർവ്വം അനുസ്മരിക്കുന്നു. നിങ്ങളുടെ ഉദാര

മനസ്സിന് ദൈവം സമൃദ്ധമായ പ്രതിഫലം നല്കട്ടെയെന്ന് പ്രാർത്ഥിക്കുന്നു. താത്പര്യപൂർവ്വം സംഭാവനകളെ സമാഹരിച്ച് അതിരൂപതയിൽ എത്തിച്ചുതരുന്ന വികാരിയച്ചന്മാർക്കും നന്ദി അറിയിക്കുന്നു. പാസ്റ്ററൽ കൗൺസിലിൽനിന്നും തിരഞ്ഞെടുക്കപ്പെടുന്ന ഒരു സമിതിയാണ് അപേക്ഷകൾ പരിശോധിച്ച് അർഹതപ്പെട്ടവർക്കുള്ള സഹായധനം തീരുമാനിക്കുന്നത്. എല്ലാ മാസവും ഇതിനുവേണ്ടി സമയം മാറ്റിവയ്ക്കുന്ന കമ്മിറ്റി അംഗങ്ങളെയും നന്ദിയോടുകൂടി ഓർക്കുന്നു.

സമൂഹം സാമ്പത്തിക ഉന്നതിയിലേക്കും ഭൗതികപുരോഗതിയിലേക്കും ദ്രുതഗതിയിൽ കുതിച്ചുയരുന്നത് നാം കാണുന്നുണ്ട്. എന്നാൽ ഈ പുരോഗതിയിലേക്കുള്ള പാതയിൽ പാർശ്വവല്ക്കരിക്കപ്പെട്ടുപോകുന്ന അനേകമാളുകൾ നമ്മുടെ സമൂഹത്തിലുണ്ട് എന്ന് വിസ്മരിച്ചുകൂടാ. മെച്ചപ്പെട്ട ജീവിതസൗകര്യങ്ങളും ആഢംബരവീടുകളും വാഹനങ്ങളും നല്ല വിദ്യാഭ്യാസസൗകര്യവും ചിലവേറിയ ചികിത്സാസംവിധാനങ്ങളും അനുഭവിക്കുന്ന ഈ സമൂഹത്തിൽ ഒരു നേരമെങ്കിലും വിശപ്പുമാറാനുള്ള ഭക്ഷണം കഴിക്കാനോ, കഠിനരോഗങ്ങളിൽ ഫലപ്രദമായ ചികിത്സതേടാനോ, കുഞ്ഞുങ്ങൾക്ക് ശരിയായ വിദ്യാഭ്യാസം നല്കാനോ കഴിയാതെ ഞെരുങ്ങുന്നവർ ധാരാളമുണ്ട്. മഴനനയാതെയും സുരക്ഷിതമായും അന്തിയുറങ്ങാൻ വീടില്ലാത്തവരുണ്ട്. സാമ്പത്തികബുദ്ധിമുട്ടുകൾമൂലം മാത്രം പെൺമക്കളെ വിവാഹം കഴിപ്പിച്ചയക്കാൻ സാധിക്കാതെ മനസ്സുനീറിക്കഴിയുന്ന മാതാപിതാക്കളുണ്ട്. നമ്മുടെ ബാലികാബാലമന്ദിരങ്ങളിലെ കുട്ടികളും കരുണാലയത്തിലെയും മറ്റ് അഗതിമന്ദിരങ്ങളിലെയും ആലംബഹീനരും നമ്മുടെ മനസ്സിൽ ഉണ്ടാകണം. ഇവരെല്ലാം നമ്മുടെ സഹായം അർഹിക്കുന്നവരാണ്. പടിവാതില്ക്കൽ കിടക്കുന്ന ലാസറിനെ കണ്ടില്ലെന്നു നടിക്കാൻ നമുക്കാവില്ല. “എന്റെ ഏറ്റവും എളിയ ഈ സഹോദരന്മാരിൽ ഒരുവന് നിങ്ങൾ ചെയ്തുകൊടുത്തപ്പോൾ എനിക്കുതന്നെയാണ് ചെയ്തു തന്നത്” (മത്താ. 25: 40) എന്ന കർത്താവിന്റെ വചനം സദാ നമ്മുടെ കാതുകളിൽ മുഴങ്ങട്ടെ.

പഠനത്തിനും വീടുനിർമ്മാണത്തിനും ചികിത്സയ്ക്കും വിവാഹത്തിനുമെല്ലാം ചിലവ് വളരെ വർദ്ധിച്ച ഇക്കാലത്ത്, പാവപ്പെട്ടവന്റെ ഈ ആവശ്യങ്ങളിൽ ചെറിയ കൈത്താങ്ങെങ്കിലും നല്കാൻ

സാധിക്കുന്നത് വലിയ കാര്യമാണ്. നമ്മുടെ സഹായം തേടി വരുന്ന വരുടെ എണ്ണം വർദ്ധിച്ചുവരികയാണ്. ബഹു. വികാരിയച്ചന്മാരുടെ ശുപാർശയോടെ ലഭിക്കുന്ന എല്ലാ അപേക്ഷകളിലും നമുക്കു ലഭിക്കുന്ന ഫണ്ടിന്റെ പരിമിതിയിൽനിന്നുകൊണ്ട് പരമാവധി സഹായം നല്കാൻ പരിശ്രമിക്കുന്നുണ്ട്.

കഴിഞ്ഞവർഷം ജീവകാരുണ്യനിധിയിലേയ്ക്ക് ലഭിച്ച ആകെ തുക നാല്പത്താറുലക്ഷത്തി ആയിരത്തിതൊള്ളായിരത്തി അമ്പ ത്തെട്ട് (46,01958) രൂപയാണ്. അതിൽനിന്ന് ചികത്സാസഹായമായി 16,11500 രൂപയും വിവാഹസഹായം 11,87, 000 രൂപയും ഭവനനിർമ്മാണ ത്തിന് 11,38,500 രൂപയും വിദ്യാഭ്യാസ സഹായം 4,20,000 രൂപയും മറ്റിന ങ്ങളിൽ 27,000 രൂപയും വ്യക്തികൾക്കും കുടുംബങ്ങൾക്കുമായി നല്കി. കഴിഞ്ഞവർഷം ഉദാരമായി സംഭാവന നല്കിയ എല്ലാവർക്കും ഹൃദയപൂർവ്വം നന്ദി അറിയിക്കുന്നു.

ഈ വർഷവും മുൻവർഷങ്ങളിലേതുപോലെ വാർഡ് പ്രതിനി ധികൾ മുഖേന സംഭാവനയ്ക്കുള്ള കവറുകൾ നിങ്ങളുടെ ഭവനങ്ങളിൽ എത്തിച്ചു തരുന്നതാണ്. നിങ്ങളുടെ സംഭാവനകൾ ഈ കവറുകളിൽ നിക്ഷേപിച്ച് മേൽവിലാസം രേഖപ്പെടുത്തിയ സ്ലിപ്പ് സഹിതം ഇന്നോ അടുത്ത ഞായറാഴ്ചയോ ദൈവാലയത്തിൽ സ്തോത്രക്കാഴ്ചയായി നിക്ഷേപിക്കുകയോ വാർഡ് പ്രതിനിധികളെ ഏല്പിക്കുകയോ ചെയ്യണമെന്ന് താൽപര്യപ്പെടുന്നു. ഈ വർഷം നിങ്ങളുടെ കൂടുതൽ ഉദാരമായ സഹകരണം ഉണ്ടാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. ഓരോ കുടുംബവും അവരുടെ ഒരു ദിവസത്തെ വരുമാനത്തിനു തുല്യമായ തുകയെങ്കിലും നല്കാൻ ശ്രമിക്കണം. ബഹു. വികാരിയ ച്ചന്മാർ കൃത്യസമയത്തുതന്നെ കവറുകൾ എത്തിച്ചുകൊടുക്കാനും തുക സമാഹരിച്ച് ഏപ്രിൽ മാസത്തിൽതന്നെ അതിരൂപതാ കേന്ദ്ര ത്തിൽ എത്തിക്കാനും വേണ്ട ക്രമീകരണങ്ങൾ ചെയ്യുമല്ലോ.

നോമ്പിന്റെ ചൈതന്യം കൂടുതൽ ഔദാര്യമുള്ളവരാകുവാൻ നമ്മെ പ്രേരിപ്പിക്കുന്നു. ഉപവാസവും പ്രാർത്ഥനയും പ്രായശ്ചിത്തവും ഒപ്പം ദാനധർമ്മവും നമ്മെ ദൈവത്തിലേക്ക് അടുപ്പിക്കുന്നു. ഏശയ്യ പ്രവാചകനിലൂടെ ദൈവം അരുളിചെയ്ത വാക്കുകൾ ഓർമ്മിക്കാം. ‘‘ഇത്തരം ഉപവാസമാണോ ഞാൻ ആഗ്രഹിക്കുന്നത്? ഒരു ദിവസത്തേക്ക് ഒരുവനെ എളിമപ്പെടുത്തുന്ന ഉപവാസം!...... ദുഷ്ടത

യുടെ കെട്ടുകൾ പൊട്ടിക്കുകയും നുകത്തിന്റെ കയറുകൾ അഴിക്കുകയും മർദ്ദിതരെ സ്വതന്ത്രരാക്കുകയും എല്ലാ നുകങ്ങളും ഒടിക്കുകയും ചെയ്യുന്നതല്ലേ ഞാൻ ആഗ്രഹിക്കുന്ന ഉപവാസം? വിശക്കുന്നവനുമായി ആഹാരം പങ്കുവയ്ക്കുകയും ഭവനരഹിതനെ വീട്ടിൽ സ്വീകരിക്കുകയും നഗ്നനെ ഉടുപ്പിക്കുകയും സ്വന്തക്കാരിൽനിന്ന് ഒഴിഞ്ഞുമാറാതിരിക്കുകയും ചെയ്യുന്നതല്ലേ അത്?" (ഏശയ്യ 15:5-7). നോമ്പിന്റെ ചൈതന്യത്തിൽ നിർദ്ധനരായ സഹോദരങ്ങളുമായി ദൈവം നമുക്കു ദാനമായിതന്ന സമ്പത്ത് പങ്കുവയ്ക്കാം.

എല്ലാ സത്പ്രവൃത്തികൾക്കും നൂറിരട്ടിയായി പ്രതിഫലം നല്കുന്ന ദൈവം നിങ്ങളെ സമൃദ്ധമായി അനുഗ്രഹിക്കട്ടെ. ഏവർക്കും പ്രത്യേകിച്ച് ജോസഫ് നാമധാരികൾക്കും വി. യൗസേപ്പിതാവിന്റെ തിരുനാളിന്റെ മംഗളങ്ങൾ ആശംസിക്കുന്നു. ഒപ്പം അനുഗ്രഹീതമായ നോമ്പുകാലവും ഉയിർപ്പുതിരുനാളിന്റെ മംഗളങ്ങളും ആശംസിക്കുന്നു.

സ്നേഹാശിസ്സുകളോടെ,

നിങ്ങളുടെ വത്സലപിതാവ്

തലശ്ശേരി **മാർ ജോർജ് ഞറളക്കാട്ട്**
23-02-2017 തലശ്ശേരി അതിരൂപതയുടെ മെത്രാപ്പോലീത്താ

**പ്രത്യേക ശ്രദ്ധക്ക്:** ഈ സർക്കുലർ മാർച്ച് 19-ാം തീയതി ഞായറാഴ്ച എല്ലാ വി. കർബാനമദ്ധ്യേയും എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വായിക്കേണ്ടതാണ്.

Prot. No. 137/2017; Circular No. 06/2017

# തിരുക്കർമ്മങ്ങളുടെ പുതുക്കിയ നിരക്ക് (പടിസാധനം)

ഈശോയിൽ പ്രിയമുള്ളവരേ,

ഇക്കഴിഞ്ഞ ഡിസംബറിൽ ചേർന്ന കെ.സി.ബി.സി. യോഗത്തിൽ കേരളത്തിൽ എല്ലാ റീത്തുകളിലെയും രൂപതകളിൽ കുർബ്ബാനധർമ്മം പുതുക്കുവാൻ തീരുമാനിച്ചിരുന്നു. അതനുസരിച്ച് 2017 ഏപ്രിൽ മാസം 1-ാം തിയതി മുതൽ സാധാരണക്രമത്തിലെ വി. കുർബ്ബാനധർമ്മം നൂറു രൂപ ആയി നിശ്ചയിച്ചിട്ടുണ്ട്. കുർബ്ബാനധർമ്മത്തോടൊപ്പം മറ്റ് തിരുക്കർമ്മങ്ങളുടെയും നിരക്ക് (പടിസാധനം) പുതുക്കുവാനുള്ള നിർദ്ദേശങ്ങൾ 2016 നവംബർ മാസത്തിൽ ചേർന്ന തലശ്ശേരി, മാനന്തവാടി, താമരശ്ശേരി രൂപതകളുടെ സംയുക്ത കൂരിയായോഗം സമർപ്പിച്ചിരുന്നു. ഈ മൂന്നു രൂപതകളിലെയും പിതാക്കന്മാർ ഈ നിർദ്ദേശങ്ങൾ ചർച്ചചെയ്യുകയും താഴെ പറയുന്ന തരത്തിൽ നിലവിലുള്ള നിരക്കുകളിൽ മാറ്റം വരുത്താൻ തീരുമാനിക്കുകയും ചെയ്തു. ഇത് 2017 ഏപ്രിൽ മാസം 1-ാം തീയതി മുതൽ പ്രാബല്യത്തിൽ വരുന്നതാണ്.

## തിരുക്കർമ്മങ്ങളുടെ പുതുക്കിയ നിരക്ക്

| ഇനങ്ങൾ | നിരക്ക് | കാർമ്മികന് | കപ്യാർക്ക് | പള്ളിക്ക് |
|---|---|---|---|---|
| സാധാരണ കുർബ്ബാന | 100 | 100 | - | - |
| ആഘോഷമായ കുർബ്ബാന | 200 | 175 | 25 | - |
| റാസ കുർബ്ബാന | 1500 | 700 (സഹകാർമ്മികർക്ക് 350 വീതം)* | 100 | - |
| ഗ്രിഗോറിയൻ കുർബ്ബാന | 6000 | | - | - |
| നിത്യകുർബ്ബാന (സാധാരണ / ആഘോഷമായ കുർബ്ബാന) | 10,000 | നിലവിലുള്ള കുർബ്ബാന ധർമ്മത്തിന്റെ ഇരട്ടി | - | 10000 |
| കഴുന്ന്, മുടി, അടിമ | 30 | - | - | 30 |
| ഒപ്പീസ് (പള്ളിയിൽ) | 30 | 20 | 10 | - |
| ഒപ്പീസ് (സിമിത്തേരിയിൽ) | 50 | 30 | 20 | - |
| നൊവേന | 100 | | | 100 |

* റാസക്കുർബ്ബാനയുടെ ഈ നിരക്കിനു പുറമേ ശുശ്രൂഷികൾ, പാട്ടുകാർ, തുടങ്ങിയവർക്കുള്ള പടി, യാത്രച്ചിലവ് മുതലായവ കുർബ്ബാനനിയോഗം നല്കുന്നയാൾ വഹിക്കേണ്ടതാണ്.

**തിരുക്കർമ്മങ്ങളെക്കുറിച്ചുള്ള പൊതുനിർദ്ദേശങ്ങൾ**

1. തിരുനാൾ കൊടിയേറ്റ്, ലദീഞ്ഞ്, തിരുനാൾ പ്രദക്ഷിണം, വീടുകളിൽ നിന്നുള്ള കഴുന്ന്, മുടി എഴുന്നള്ളിപ്പ്, ശ്രാദ്ധം, മരണവാർഷികം, വീടുവെഞ്ചരിപ്പ് എന്നിവയ്ക്ക് പഴയ പടിസാധനത്തിൽ നല്കിയിരുന്ന നിരക്കുകൾ ഒഴിവാക്കുന്നു.
2. വീടുകളിൽ നടത്തുന്ന മരിച്ചവർക്കുവേണ്ടിയുള്ള ശുശ്രൂഷകൾ, അപേക്ഷപ്രകാരവും അല്ലാതെയുമുള്ള വീടുവെഞ്ചരിപ്പ് എന്നിവയ്ക്ക് പ്രത്യേകം പടി വൈദികർക്ക് നല്കേണ്ടതില്ല. അതേസമയം വൈദികർക്ക് വാഹനസൗകര്യം നല്കുകയോ വാഹനക്കൂലി നല്കുകയോ ചെയ്യണം. ഈ തിരുക്കർമ്മങ്ങളിൽ സഹായിക്കുന്ന കപ്യാർക്ക് 100 രൂപയെങ്കിലും നല്കണം.
3. സാധാരണ ദിവസങ്ങളിലെ നൊവേനയ്ക്ക് 100 രൂപ പള്ളിക്ക് നല്കണം. അതിന് പള്ളിവക രസീതും കൊടുക്കണം. തിരുനാളുകളോടനുബന്ധിച്ച് നിരവധി പ്രസിദേന്തിമാരിൽനിന്നും പണം വാങ്ങുമ്പോൾ ഒരാളിൽനിന്നും പരമാവധി തുക 1000/- ആയി നിജപ്പെടുത്തുന്നു. ഈ തുകയിൽനിന്ന് ഒരു പ്രസിദേന്തിയുടെ നിയോഗാർത്ഥം ഒരു കുർബ്ബാനയ്ക്കുള്ള തുക വീതം വി. കുർബ്ബാന അർപ്പിക്കാൻ മാറ്റിവയ്ക്കണം. ഈ കുർബ്ബാന ധർമ്മം വികാരിയച്ചന്റെ കുർബ്ബാനക്കണക്കുപുസ്തകത്തിൽ രേഖപ്പെടുത്തുകയോ, പള്ളിക്കണക്കിൽനിന്നും നേരിട്ട് രൂപതാക്കച്ചേരിയിൽ ഏല്പ്പിച്ച് രസീതു വാങ്ങുകയോ ചെയ്യണം.
4. സിമിത്തേരിയിൽ ചൊല്ലാൻ ഒരേ ദിവസം തന്നെ വളരെ കൂടുതൽ ഒപ്പീസുകൾ ഉണ്ടാവുകയും എല്ലാം ചൊല്ലിത്തീർക്കാൻ പ്രായോഗിക ബുദ്ധിമുട്ട് അനുഭവപ്പെടുകയും ചെയ്യുന്ന സാഹചര്യങ്ങളിൽ, പൊതുവായി ഒരു ഒപ്പീസു നടത്തുകയും ആളുകൾ നില്ക്കുന്ന എല്ലാ കുഴിമാടത്തിലും വിശുദ്ധ ജലം തളിക്കുകയും ചെയ്താൽ മതിയാകും. അച്ചൻ ചൊല്ലുന്ന ഒരു ഒപ്പീസിന്റെ ധർമ്മം മാത്രമെടുക്കുകയും ബാക്കി രൂപതാകേന്ദ്രത്തിൽ ഏല്പ്പിച്ച് കുർബ്ബാന നിയോഗമാക്കി മാറ്റുകയും ചെയ്യണം.
5. വീടുകളിൽ നടക്കുന്ന മരിച്ചവർക്കുവേണ്ടിയുള്ള ശുശ്രൂഷകളുടെ അവസരത്തിൽ ലഭിക്കുന്ന തുകയുടെ പകുതി പരേതർക്കുവേണ്ടിയുള്ള വി. കുർബ്ബാനയർപ്പിക്കാനും ബാക്കി രൂപതാദ്ധ്യക്ഷൻ നിശ്ചയിക്കുന്ന പ്രത്യേക ജീവകാരുണ്യ പ്രവർത്തനത്തിനായും ഉപയോ

ഗിക്കേണ്ടതാണ്. ഇങ്ങനെ ലഭിക്കുന്ന തുകയ്ക്കനുസരിച്ചുള്ള കുർബ്ബാനയുടെ എണ്ണം നിയോഗം സൂചിപ്പിച്ചുകൊണ്ട് വൈദികൻ കുർബ്ബാനക്കണക്കു പുസ്തകത്തിൽ ചേർക്കുകയും ജീവകാരുണ്യ പ്രവർത്തനത്തിനുള്ള പകുതി തുക രൂപതയിൽ നല്കി രസീതു വാങ്ങുകയും അതത് കുടുംബങ്ങൾക്ക് നൽകുകയും ചെയ്യണം.

6. ഓരോ ഇടവകയിലും ഇടവക മദ്ധ്യസ്ഥന്റെ നൊവേനയും ആവശ്യമെങ്കിൽ മറ്റൊരു നൊവേനയും മാത്രം നടത്തുക. നൊവേനകളുടെ എണ്ണം ഇതിൽ കൂടുതൽ ഉള്ള ഇടവകകളിൽ അധികമുള്ളവ സാവധാനം നിർത്തൽ ചെയ്യേണ്ടതാണ്. എന്നാൽ വിശുദ്ധരുടെ തിരുനാളുകളോടനുബന്ധിച്ച് അവരുടെ നൊവേന നടത്താവുന്നതാണ്. ഓരോ പ്രത്യേക മദ്ധ്യസ്ഥരുടെ നൊവേനകൾ അവരുടെ നാമധേയത്തിലുള്ള ദൈവാലയങ്ങളിൽതന്നെ പോയി സംബന്ധിക്കുന്നത് പ്രോത്സാഹിപ്പിക്കണം.

7. നിത്യക്കുർബ്ബാനക്ക് പടിസാധനത്തിൽ നൽകിയിരിക്കുന്ന തുക വാങ്ങി പള്ളിയിൽനിന്ന് രസീത് നൽകുകയും കണക്കിൽ ചേർക്കുകയും ബാങ്കിൽ നിക്ഷേപിക്കുകയും ചെയ്യണം. കുർബ്ബാന ചൊല്ലേണ്ട നിശ്ചിതദിവസം പടിസാധനത്തിൽ പറഞ്ഞിരിക്കുന്ന തുക പള്ളിയിൽനിന്നും കാർമ്മികന് നല്കണം.

6. താമസിയാതെ കുർബ്ബാനക്കണക്ക് പുസ്തകം പരിഷ്ക്കരിച്ച് ഒപ്പീസുകളുടെ കണക്ക് ചേർക്കാനുള്ള കോളങ്ങൾ പുതുതായി ചേർത്ത് നല്കുന്നതാണ്.

തിരുക്കർമ്മങ്ങൾക്കു നല്കുന്ന തുക വിശ്വാസികളുടെ ത്യാഗത്തിന്റെയും സമർപ്പണത്തിന്റെയും പ്രതീകവും ദൈവാലയത്തിൽ ശുശ്രൂഷചെയ്യുന്ന പുരോഹിതന് നല്കുന്ന ധർമ്മവുമാണ്. നമ്മുടെ ഭവനങ്ങളിൽനിന്നും മരിച്ചുപോയ പ്രിയപ്പെട്ടവർക്കുവേണ്ടിയും നമ്മുടെ മറ്റ് പ്രത്യേക നിയോഗങ്ങൾക്കുവേണ്ടിയും വി. കുർബ്ബാനയും ഒപ്പീസും മറ്റ് തിരുക്കർമ്മങ്ങളും നടത്തുന്ന ഉത്കൃഷ്ടമായ പാരമ്പര്യം നമുക്കുണ്ടല്ലോ. നമ്മുടെ സമർപ്പണം ദൈവസന്നിധിയിൽ സുരഭിലമായ കാഴ്ചയായിത്തീരട്ടേ.

എല്ലാവർക്കും ദൈവാനുഗ്രഹം നേർന്നുകൊണ്ട്

മാർ ജോർജ് ഞറളക്കാട്ട്

തലശ്ശേരി അതിരൂപതയുടെ മെത്രാപ്പോലീത്ത

---

**പ്രത്യേക ശ്രദ്ധക്ക്:** ഈ സർക്കുലർ 2017 മാർച്ച് 19-ാം തീയതി ഞായറാഴ്ച എല്ലാ വി. കർബാനമദ്ധ്യേയും എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വായിക്കേണ്ടതാണ്.

Prot. No. 138/2017; Circular No. 07/2017

# വിശ്വാസോത്സവം

ഈശോയിൽ സ്നേഹമുള്ളവരേ,

2016-2017 അധ്യായനവർഷത്തെ കുട്ടികളുടെ വിശ്വാസപരിശീലനം ഏപ്രിൽ 8നുള്ള ഈസ്റ്റർ (വാർഷിക) പരീക്ഷയോടെ സമാപിക്കുകയാണല്ലോ. ഒരു അധ്യായന വർഷം മുഴുവൻ ഈശോയെക്കുറിച്ചും സഭയെക്കുറിച്ചും പഠിച്ചകാര്യങ്ങൾ കൂടുതൽ അനുഭവത്തിലേക്ക് കൊണ്ടുവരുന്നതിനുവേണ്ടിയാണ് ഏപ്രിൽ 1 മുതൽ 5 വരെ നമ്മുടെ അതിരൂപതയിൽ വിശ്വാസോത്സവമായി ആചരിക്കുന്നത്.

സഭ മതബോധനത്തെ തന്റെ സുപ്രധാനമായ ദൗത്യത്തിൽ ഒന്നായി കരുതുന്നു. മതബോധനം കേവലം ബോധനപ്രക്രിയ മാത്രമല്ല മറിച്ച് വിശ്വാസജീവിതത്തിനുള്ള പരിശീലനപദ്ധതിയാണ്. ക്ലാസ് മുറി മാത്രമല്ല മതബോധനവേദി, കുടുംബം, ദൈവാലയം, വിദ്യാലയം, ഭക്തസംഘടനകൾ തുടങ്ങിയവയും മതബോധനവേദികളാണ്. കൃത്യമായ സിലബസോടുകൂടിയ നിയതമായ മതബോധനം വിശ്വാസ പരിശീലനത്തിന്റെ ഒരു ഘട്ടം മാത്രമാണ്. വി. കുർബ്ബാന, ആരാധനാ ക്രമപരമായ മറ്റുതിരുക്കർമ്മങ്ങൾ, നല്ല പാരമ്പര്യങ്ങൾ, കുടുംബത്തിലെ അനുഷ്ഠാനങ്ങൾ, കുടുംബ പ്രാർത്ഥന, ഭക്തകൃത്യങ്ങൾ, ജീവിത സാക്ഷ്യം തുടങ്ങിയവയും വിശ്വാസപരിശീലനവുമായി അഭേദ്യം ബന്ധപ്പെട്ടിരിക്കുന്നു.

മതബോധനം വഴി വിശ്വാസാനുഭവത്തിലടിയുറച്ച ജീവിത പരിവർത്തനം സാധ്യമാകണം. അതായത് ദൈവവും മനുഷ്യനും തമ്മിലുള്ള വ്യക്തി ബന്ധത്തിൽ അധിഷ്ഠിതമായ ജീവിതം. ഇതു സാധിക്കണമെങ്കിൽ സ്വയം കണ്ടെത്തലിനു സഹായിക്കുന്ന ഒരു ബോധനരീതി സ്വീകരിക്കേണ്ടതുണ്ട്. വി. ജോൺപോൾ രണ്ടാമൻ മാർപാപ്പ "മതബോധനം ഇന്ന്" എന്ന അപ്പസ്തോലിക ലേഖനത്തിലൂടെ നമ്മോട് ആഹ്വാനം ചെയ്യുന്നത് ഇപ്രകാരമാണ്: "മതബോധനം ഇടവിടാതെ നവീകരിക്കപ്പെടേണ്ടിയിരിക്കുന്നു. ഇതു സാധിക്കാൻ മതബോധനത്തെക്കുറിച്ചുള്ള ധാരണ വികസിപ്പിക്കുകയും അതിന്റെ രീതികൾ പരിഷ്ക്കരിക്കുകയും അതിനു യോജിച്ച ആശയവിനിമയ മാധ്യമം കണ്ടുപിടിക്കുകയും വേണം" (മതബോധനം ഇന്ന് നമ്പർ 17). "പൊതുവിദ്യാഭ്യാസത്തിൽ വിദഗ്ദമായി ആസൂത്രണം ചെയ്തു പരീക്ഷിച്ചുനോക്കിയിട്ടുള്ള ബോധനവിദ്യകൾ തന്നെ സ്വാഭാവികമായും വിശ്വാസത്തിനുള്ള അഭ്യസനത്തിലും അനുരൂപപ്പെടുത്തി ഉപയോഗിക്കേണ്ടതാണ്" (മതബോധനം ഇന്ന് നമ്പർ 58). ഇതനുസരിച്ച് നമ്മുടെ അതിരൂപതയിൽ സമ്മർ ക്ലാസിനു പകരമായി വിശ്വാസോത്സവം നടത്തിവരുന്നത്.

ഈ വർഷം വിശ്വാസോത്സവത്തിൽ I-ാം ക്ലാസുമുതൽ XI-ാം ക്ലാസുവരെയുള്ള കുട്ടികളാണ് പങ്കെടുക്കേണ്ടത്. XII-ാം ക്ലാസിലെ കുട്ടികൾ സെക്ഷൻ ഓർഗ്ഗനൈസർമാരായി വിശ്വാസോത്സവത്തിൽ പങ്കെടുക്കേണ്ടതാണ്. ഈശോയുടെ കുഞ്ഞുങ്ങൾ (ക്ലാസ് I) ഈശോയുടെ കുട്ടികൾ (ക്ലാസ് II, III), ജീവന്റെ അപ്പം (ക്ലാസ് IV), ഈശോയുടെ കൂട്ടുകാർ (ക്ലാസ് V, VI, VII), ഈശോയുടെ സൈന്യം (ക്ലാസ് VIII, IX) ഈശോയുടെ സാക്ഷികൾ (ക്ലാസ് X, XI) എന്നിങ്ങനെ ആറ് സെക്ഷനിലേയ്ക്കുള്ള വർക്കുബുക്കുകളാണ് കുട്ടികളുടെ ഉപയോഗത്തിനായ് തയ്യാറാക്കിയിരിക്കുന്നത്. എല്ലാ കുട്ടികൾക്കും അധ്യാപകർക്കും സഹായികൾക്കും വർക്കുബുക്കുണ്ടായിരിക്കേണ്ടതാണ്.

2017 ഏപ്രിൽ 1 മുതൽ 5 വരെ അഞ്ച് ദിവസങ്ങളിലായിട്ടാണ് നമ്മുടെ അതിരൂപതയിൽ വിശ്വാസോത്സവം നടത്തേണ്ടത്. അഞ്ച് മണിക്കൂർ നീണ്ടുനില്ക്കുന്ന പരിശീലന പരിപാടികളാണ് വിശ്വാസോത്സവത്തിൽ ക്രമീകരിച്ചിരിക്കുന്നത്. അഞ്ചാം ദിവസം എക്സിബിഷൻ, റാലി, സമാപന സമ്മേളനം എന്നിവ നടത്തേണ്ടതാണ്. വിശ്വാസപരിശീലനകേന്ദ്രത്തിൽനിന്ന് നല്കിയിരിക്കുന്ന സമയക്രമങ്ങൾ എല്ലാ സൺഡേസ്കൂളുകളും കൃത്യമായി പാലിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു. എല്ലാ ദിവസവും ആരംഭത്തിൽ പ്രഭാതപ്രാർത്ഥനയും വി. കുർബ്ബാനയും സമാപനത്തിൽ ജപമാലയും ഉണ്ടായിരിക്കണം. വിശ്വാസോത്സവ നടത്തിപ്പിന് ബുദ്ധിമുട്ടുണ്ടാക്കുന്ന മറ്റു പരിപാടികളൊന്നും വിശ്വാസോത്സവ ദിവസങ്ങളിൽ ഇടവകയിൽ ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

പ്രിയ മാതാപിതാക്കളേ, 2017 ഏപ്രിൽ 8 ന് സമാപിക്കുന്ന ഈസ്റ്റർ പരീക്ഷയോടുകൂടിയാണ് ഈ അധ്യായനവർഷത്തെ മതബോധനം പൂർത്തിയാകുന്നത്. അതിനാൽ കുട്ടികളുടെ അവധിക്കാല പരിപാടികൾ ഇതനുസരിച്ച് ക്രമീകരിക്കണം. കുട്ടികളുടെ പ്രഥമ മതാധ്യാപകരായ നിങ്ങൾക്ക് വലിയ ചുമതലയാണുള്ളത്. വിശ്വാസോത്സവ പ്രവർത്തനങ്ങൾക്ക് കുടുംബാംഗങ്ങളുടേയും സഹായസഹകരണം കുട്ടികൾക്കാവശ്യമാണ്. നിങ്ങൾ അവരെ സഹായിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യണം.

വിശ്വാസോത്സവം വിജയിപ്പിക്കാൻ ഇടവകയിലെ മുഴുവൻ ദൈവജനത്തിന്റേയും സഹായസഹകരണങ്ങൾ ഉണ്ടാകണമെന്ന് ഓർമ്മിപ്പിക്കുന്നു. ബഹു. വികാരിയച്ചനോടും സിസ്റ്റേഴ്സിനോടും മതാധ്യാപകരോടുമൊപ്പം വൈദിക വിദ്യാർത്ഥികളും ഇടവകാ അജപാലന സമിതി അംഗങ്ങളും കൈക്കാരന്മാരും സംഘടനാഭാരവാഹികളും ചേർന്ന് വിശ്വാസോത്സവക്രമീകരണങ്ങൾ ഒരുക്കുമല്ലോ.

വിശ്വാസോത്സവദിനമായ ഏപ്രിൽ നാലിനാണ് അഭിവന്ദ്യ മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി പിതാവിന്റെ പതിനൊന്നാം ചരമ വാർഷികം ആചരിക്കുന്നത്. അന്നേദിവസം കുട്ടികൾക്കും മറ്റ് ഇടവ കാഗംങ്ങൾക്കും സംബന്ധിക്കാവുന്ന രീതിയിൽ വി. കുർബാനയും അനുസ്മരണയോഗവും സംഘടിപ്പിക്കേണ്ടതാണ്. മൺമറഞ്ഞുപോയ നമ്മുടെ കുടിയേറ്റപിതാക്കൻമാരെ അനുസ്മരിക്കുന്നതിനും പ്രാർത്ഥി ക്കുന്നതിനും ഈ അവസരം പ്രയോജനപ്പെടുത്തുമല്ലോ.

സൺഡേസ്ക്കൂളിൽ റഗുലറായി പഠിക്കാൻ സാധിക്കാത്ത 6 മുതൽ 12 വരെ ക്ലാസുകളിൽ പഠിക്കുന്ന നവോദയ, സ്പോർട്സ് സ്കൂളുകളിലെ കുട്ടികൾക്കുമാത്രമുള്ള അവധിക്കാല വേദപാഠക്ലാസു കൾ ഏപ്രിൽ മാസത്തിൽ തലശ്ശേരി സന്ദേശഭവനിൽവച്ച് നടത്തപ്പെ ടുന്നു. പ്രസ്തുത ക്ലാസുകളിൽ പങ്കെടുക്കുന്ന കുട്ടികൾ നിർബന്ധ മായും വിശ്വാസോത്സവത്തിൽ പങ്കെടുക്കേണ്ടതാണ്.

കൂടാതെ നമ്മുടെ അതിരൂപതയിൽ മതബോധനത്തിന് 12-ാം ക്ലാസ്സിൽ പഠിക്കുന്ന മുഴുവൻ വിദ്യാർത്ഥികൾക്കുമായി ഒരു ജീവിതദർശൻ ക്ലാസ് വിശ്വാസോത്സവത്തോടനുബന്ധിച്ച് ഫൊറോനാകേന്ദ്രങ്ങളിൽ ക്രമീ കരിക്കുന്നു. ഏപ്രിൽ 6-ാം തീയതി രാവിലെ 10 മുതൽ ഉച്ചകഴിഞ്ഞ് മൂന്നു മണിവരെയാണ് ക്ലാസ്സ് നടത്തുന്നത്. ലൗജിഹാദ്, അന്യമതപ്രണയബ ന്ധങ്ങൾ തുടങ്ങിയവ വർദ്ധനമാകുന്ന ആധുനിക സാഹചര്യത്തിൽ നമ്മുടെ യുവജനങ്ങളെ വിശ്വാസത്തിൽ ആഴപ്പെടുത്തുക എന്നതാണ് ഈ ക്ലാസിന്റെ ലക്ഷ്യം. 12-ാം ക്ലാസ്സിലെ മുഴുവൻ വിദ്യാർത്ഥികളും ഈ ക്ലാസിൽ നിർബന്ധമായും പങ്കെടുക്കേണ്ടതാണ്.

വിശ്വാസപരിശീലന കേന്ദ്രത്തിന്റെ നിർദ്ദേശങ്ങൾ കൃത്യമായി പാലിച്ച് ഈ വർഷവും വിശ്വാസോത്സവം ഫലദായകമാക്കുവാൻ എല്ലാവരും ശ്രദ്ധിക്കുമല്ലോ. വിശ്വാസോത്സവം കാര്യക്ഷമമായി നടത്തു ന്നതിനാവശ്യമായ എല്ലാ ക്രമീകരണങ്ങളും ചെയ്ത വിശ്വാസ പരിശീലന കേന്ദ്രത്തിന് അഭിനന്ദനങ്ങൾ. വിശ്വാസം ആഘോഷിക്കാൻ, പ്രഘോഷിക്കാൻ, ജീവിക്കുവാൻ വിശ്വാസോത്സവം എല്ലാവരേയും സഹായിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

അനുഗ്രഹാശിസ്സുകളോടെ,

തലശ്ശേരി **മാർ ജോർജ് ഞറളക്കാട്ട്**
23-02-2017 തലശ്ശേരി അതിരൂപതയുടെ മെത്രാപ്പോലീത്താ

**പ്രത്യേക ശ്രദ്ധക്ക്:** ഈ സർക്കുലർ മാർച്ച് 26-ാം തീയതി ഞായറാഴ്ച എല്ലാ വി. കർബാനമദ്ധ്യേയും എല്ലാ പള്ളികളിലും സ്ഥാപന ങ്ങളിലും വായിക്കേണ്ടതാണ്.

# കെ.സി.വൈ.എം.
# രജതജൂബിലി സമാപനം

മിശിഹായിൽ പ്രിയ വൈദികരെ, സമർപ്പിതരെ, സഹോദരീ സഹോദര ന്മാരെ, യുവജനങ്ങളെ,

കേരള കത്തോലിക്കാസഭയുടെ യുവജന പ്രസ്ഥാനമാണ് കെ.സി.വൈ.എം. ക്രൈസ്തവ ആദർശങ്ങളിലധിഷ്ഠിതമായാണ് ഈ സഭാത്മക സാമൂഹിക യുവജനപ്രസ്ഥാനം കഴിഞ്ഞ 25 വർഷമായി തലശ്ശേരി അതിരൂപതയിൽ പ്രവർത്തിച്ചുവരുന്നത്. "കേരളത്തിന്റെ ധാർമ്മിക യുവജനപ്രസ്ഥാനം" എന്നതാണ് സാമൂഹിക, സാംസ്കാരിക, മതമണ്ഡലങ്ങളിലുള്ളവർ കെ.സി.വൈ.എം.നെ വിശേഷിപ്പിക്കുന്നത് "സമൂഹത്തിന്റെ സമ്പൂർണ്ണ വിമോചനം" ഉന്നംവച്ചുകൊണ്ടുള്ള പ്രവർ ത്തനങ്ങളാണ് കെ.സി.വൈ.എം. എക്കാലവും മുന്നോട്ടുവച്ചിട്ടുള്ളത്. ക്രൈസ്തവ ആദർശങ്ങളുടെ ആൾരൂപമായി യുവജനങ്ങളുടെ സമഗ്ര വികസനം സാദ്ധ്യമാക്കികൊണ്ടുമാത്രമേ സമൂഹം സമ്പൂർണ്ണമായി വിമോചിതമാകൂ എന്ന ബോധ്യമാണ് കെ.സി.വൈ.എം.നെ നാളിതു വരെയും മുന്നോട്ടു നയിച്ചിരുന്നത്.

1982 മുതൽ തലശ്ശേരി രൂപതയിൽ യുവജന പ്രസ്ഥാനം ആരംഭി ച്ചിരുന്നുവെങ്കിലും 1992 ജനുവരി 4-ന് തലശ്ശേരി കത്തീഡ്രൽ അങ്കണ ത്തിൽവച്ച് നടന്ന യുവജനപ്രതിനിധി സംഗമത്തിൽവച്ച് അഭിവന്ദ്യ മാർ ജോർജ് വലിയമറ്റം പിതാവ് കെ.സി.വൈ.എം. എന്ന യുവജന സംഘടന തലശ്ശേരി അതിരൂപതയിൽ ഔദ്യോഗികമായി ഉദ്ഘാടനം ചെയ്തു. അന്നുമുതൽ ഇന്നുവരെ വളർച്ചയുടെ വിവിധ ഘട്ടങ്ങളിലൂടെ കടന്നുപോയ കെ.സി.വൈ.എം. പ്രസ്ഥാനം തലശ്ശേരി അതിരൂപത യിലെ യുവജനകൂട്ടായ്മയ്ക്ക് വിസ്മരിക്കാനാവാത്ത ഒരു അടിത്തറ പാകാൻ സഹായിച്ചിട്ടുണ്ട്. ഇന്ന് ഈ പ്രസ്ഥാനം രജത ജൂബിലി വർഷത്തിന്റെ നിറവിൽ ആയിരിക്കുമ്പോൾ ഈ ഘട്ടങ്ങളിൽ പ്രസ്ഥാനത്തെ ആത്മാർത്ഥമായി സ്നേഹിച്ച് വളർത്തിയ ഇതിന്റെ മുൻകാലനേതാക്കളെയും യുവജന പ്രവർത്തകരെയും വളരെ നന്ദിയോടെ ഓർക്കുന്നു. കൂടാതെ ഈ കാലഘട്ടങ്ങളിൽ കെ.സി.വൈ. എം.ന് ആത്മീയ നേതൃത്വമായിരുന്ന ബഹു. ജോസഫ് മഞ്ചപ്പള്ളി അച്ചൻ, മാത്യുപൊട്ടംപ്ലാക്കൽ അച്ചൻ, കുര്യാക്കോസ് മുണ്ടപ്ലാക്കൽ

അച്ചൻ, സെബാസ്റ്റ്യൻ മണ്ഡപത്തിലച്ചൻ എന്നിവരെയും ഇപ്പോൾ പ്രസ്ഥാനത്തെ നയിക്കുന്ന ജോർജ് കരിങ്ങാലിക്കാട്ടിലച്ചനെയും അതിരൂപതാ ആനിമേറ്റർമാരായി സേവനം അനുഷ്ഠിച്ച എല്ലാ ബഹു. സിസ്റ്റേഴ്സിനെയും ഈ അവസരത്തിൽ ഞാൻ നന്ദിയോടെ അനുസ്മരിക്കുന്നു. ഇക്കഴിഞ്ഞ വർഷങ്ങളിൽ കെ.സി.വൈ.എം. പ്രസ്ഥാനത്തിന് നേതൃത്വം നൽകിയ എല്ലാ ഭാരവാഹികൾക്കും ഹൃദയപൂർവ്വം നന്ദി അർപ്പിക്കുന്നു.

2016 മാർച്ച് 18ന് പുറവയൽ ഇടവകയിൽ ഉദ്ഘാടനം ചെയ്യപ്പെട്ട ജൂബിലി വർഷം ഈ വരുന്ന 2017 ഏപ്രിൽ 2ന് പേരാവൂർ ഇടവകയിൽവച്ച് സമാപിക്കുകയാണ്.

ജൂബിലി വർഷത്തിൽ എല്ലാ ഇടവകകളിലും യുവജന ശാക്തികരണം ലക്ഷ്യംവച്ചുകൊണ്ട് ഇരിട്ടി, ചെമ്പേരി, ആലക്കോട്, കാഞ്ഞങ്ങാട് റീജിയനുകളിലായി ജൂബിലിപ്രയാണങ്ങൾ നടത്തുകയും ജൂബിലി സന്ദേശം എല്ലാവരിലേക്കും എത്തിക്കുവാൻ പരിശ്രമിക്കുകയും ചെയ്തു. കരുണയുടെ ജൂബിലി വർഷത്തിലെ ജൂബിലി ആഘോഷത്തിന് കാരുണ്യത്തിന്റെ മുഖം നല്കിയാണ് കെ.സി.വൈ.എം. പ്രസ്ഥാനം ഈ വർഷം ആചരിച്ചത്. 2016 മാർച്ച് 29 ഈസ്റ്റർ ദിനത്തിൽ തലശ്ശേരി ജനറൽ ഹോസ്പിറ്റലിൽ അവിടെയുള്ള അന്തേവാസികൾക്കും രോഗികൾക്കും ഈസ്റ്റർ വിരുന്ന് നല്കികൊണ്ട് ഞാൻ ഉദ്ഘാടനം ചെയ്ത “കാരുണ്യവിരുന്ന്” എന്ന ഉച്ചഭക്ഷണ പദ്ധതി ഇതുവരെയും മുടക്കമില്ലാതെ മുന്നോട്ടുകൊണ്ടുപോകാൻ കെ.സി.വൈ.എം. അതിരൂപതാ ഭരണസമിതിക്ക് സാധിച്ചു. കൂടാതെ തലശ്ശേരി അതിരൂപതയിലെ എല്ലാ ഫൊറോനകളിലും ഒരുവീട് ജൂബിലിസ്മാരകമായി പണിയുക എന്ന ലക്ഷ്യത്തോടെ ‘സ്നേഹവീട്’ പദ്ധതിയും മുന്നോട്ടു പോയിക്കൊണ്ടിരിക്കുന്നു. കൂടാതെ ക്യാൻസർ രോഗികൾക്ക്വേണ്ടി മുടിദാനം, രക്തദാനം, ശ്രമദാനം, സാമൂഹികപ്രശ്നങ്ങളിലുള്ള സജീവമായ ഇടപെടൽ, നേതൃത്വപരിശീലന ക്യാമ്പുകൾ, യുവജന ധ്യാനം, നൈറ്റ് വിജിലുകൾ, യുവജനസംഗമങ്ങൾ തുടങ്ങിയവയിലൂടെ ജൂബിലിവർഷം സമുചിതമായി ആചരിക്കുവാൻ സാധിച്ചിട്ടുണ്ട്. ഇതിനു പിന്നിൽ പ്രവർത്തിച്ച എല്ലാവരെയും പ്രത്യേകം അഭിനന്ദിക്കുവാൻ ഞാൻ ഈ അവസരം ഉപയോഗിക്കുന്നു. ഈ കാലയളവിൽ പ്രസ്ഥാനത്തിന് ഫൊറോനകളിൽ നേതൃത്വം നല്കിയ ബഹു. ഫൊറോന ഡയറക്ടർ അച്ചന്മാരെയും ഭാരവാഹികളെയും യൂണിറ്റ്

പ്രവർത്തനങ്ങൾക്ക് ചുക്കാൻ പിടിക്കുകയും കെ.സി.വൈ.എം.നെ ഇടവകകളിൽ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്ന എല്ലാ ബഹുമാനപ്പെട്ട വികാരി അച്ചൻമാരെയും കൊച്ചച്ചൻമാരെയും എല്ലാ കെ.സി.വൈ.എം. പ്രവർത്തകരെയും അഭിനന്ദിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു.

ഇനി ഈ ജൂബിലിവർഷത്തിന്റെ സമാപനമാണ് നമുക്ക് മനോഹരമാക്കേണ്ടത്. തലശ്ശേരി അതിരൂപതയിലെ എല്ലാ യുവജനങ്ങളെയും ഒരുമിച്ചുകൂട്ടിക്കൊണ്ടുള്ള ഒരു മഹായുവജനസംഗമമാണ് ഞാൻ ആഗ്രഹിക്കുന്നത്. 2017 ഏപ്രിൽ 2-ന് പേരാവൂർ തൊണ്ടിയിൽ വച്ച് ജൂബിലി സമാപനസമ്മേളനം നടക്കുമ്പോൾ എല്ലാ ഇടവകകളിൽ നിന്നും യുവജനങ്ങളെ പങ്കെടുപ്പിക്കുവാൻ ബഹു. വികാരിയച്ചന്മാർ ശ്രദ്ധിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു. അന്നുരാവിലെ ആരംഭിക്കുന്ന യുവജന കൺവെൻഷനിലും ഉച്ചയ്ക്കുശേഷം 2 മണിക്ക് പേരാവൂർ ടൗണിൽനിന്നും തുണ്ടിയിലെ ജൂബിലി സമാപന വേദിയിലേക്കുമുള്ള വമ്പിച്ച യുവജനറാലിയിലും തുടർന്നുള്ള പൊതുസമ്മേളനത്തിലും, ജീസസ് യൂത്തിന്റെ നേതൃത്വത്തിലുള്ള മ്യൂസിക് ബാന്റിലും പങ്കെടുക്കുവാൻ അച്ചൻമാരെയും സിസ്റ്റേഴ്സിനെയും എല്ലാ യുവജനങ്ങളെയും അത്മായസുഹൃത്തുക്കളെയും ഹൃദയപൂർവ്വം ക്ഷണിക്കുന്നു.

എല്ലാവരെയും ജൂബിലി സമാപനദിനത്തിൽ പേരാവൂര്‍വച്ച് കാണാം എന്ന പ്രതീക്ഷയോടെ.

സ്നേഹപൂർവ്വം,

തലശ്ശേരി **മാർ ജോർജ് ഞറളക്കാട്ട്**
24-02-2017 തലശ്ശേരി അതിരൂപതയുടെ മെത്രാപ്പോലീത്താ

---

**പ്രത്യേക ശ്രദ്ധക്ക്:** ഈ സർക്കുലർ മാർച്ച് 26-ാം തീയതി ഞായറാഴ്ച എല്ലാ വി. കർബാനമദ്ധ്യേയും എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വായിക്കേണ്ടതാണ്.




**1. പാസ്റ്ററൽ കൗൺസിൽ യോഗം**

തലശ്ശേരി അതിരൂപതാ പാസ്റ്ററൽ കൗൺസിലിന്റെ ഒരു യോഗം 2017 മാർച്ച് 11-ാം തിയതി ശനിയാഴ്ച രാവിലെ 10 മണിക്ക് തലശ്ശേരി സന്ദേശഭവനിൽവച്ച് ചേരുന്നതാണ്. നവംബർ മാസത്തിൽ നടക്കുന്ന തലശ്ശേരി അതിരൂപതായോഗത്തിന്റെ വിഷയം നിർണ്ണയിക്കുകയാണ് ഈ യോഗത്തിന്റെ പ്രധാന ഉദ്ദേശ്യം. കൂടാതെ പ്രസക്തമായ മറ്റു ചില വിഷയങ്ങളും ചർച്ച ചെയ്യാനുണ്ട്. എല്ലാ പാസ്റ്ററൽ കൗൺസിൽ അംഗങ്ങളും കൃത്യസമയത്തുതന്നെ എത്തിച്ചേരണമെന്നു താത്പര്യപ്പെടുന്നു. എല്ലാ അംഗങ്ങൾക്കും കത്ത് അയച്ചിട്ടുണ്ടെങ്കിലും ആർക്കെങ്കിലും കത്തു കിട്ടാതെ വന്നിട്ടുണ്ടെങ്കിൽ അവർ ഇത് ഒരു അറിയിപ്പായി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

**2. അതിരൂപതാദിനം**

കുടിയേറ്റ ജനതയുടെ പ്രത്യേക മദ്ധ്യസ്ഥനായ വി. യൗസേപ്പിതാവിന്റെ തിരുനാൾ ദിനമായ മാർച്ച് 19-നാണല്ലോ നാം അതിരൂപതാദിനം ആചരിക്കുന്നത്. അന്നേദിവസം അഭിവന്ദ്യ പിതാവിന്റെ സർക്കുലർ പള്ളിയിൽ വായിക്കുകയും ജീവകാരുണ്യ നിധിയിലേക്കുള്ള സംഭാവന സ്വീകരിക്കുകയും ചെയ്യണം. കവറുകൾ വാർഡ് പ്രതിനിധികൾവഴി മുൻകൂട്ടി വീടുകളിൽ എത്തിക്കുമല്ലോ. തുക മാർച്ച് മാസത്തിൽതന്നെ സമാഹരിച്ച് താമസിയാതെതന്നെ പ്രൊക്കുറേറ്ററുടെ ഓഫീസിൽ എത്തിക്കണം. ബാങ്ക് ട്രാൻസ്ഫർ ആണ് സൗകര്യപ്രദം.

**3. അഭിവന്ദ്യ വള്ളോപ്പിള്ളി പിതാവിന്റെ ചരമദിനം**

അഭിവന്ദ്യ വള്ളോപ്പിള്ളി പിതാവിന്റെ പതിനൊന്നാം ചരമദിനം ഏപ്രിൽ 4-ാം തീയതി ചൊവ്വാഴ്ചയാണ്. ഭദ്രാസന ദൈവാലയത്തിൽ രാവിലെ 6.30ന് വി. കുർബാനയും ഒപ്പീസും ഉണ്ടായിരിക്കും. അന്ന് തലശ്ശേരി അതിരൂപതയിലെ എല്ലാ ദൈവാലയങ്ങളിലും അഭിവന്ദ്യ പിതാവിനുവേണ്ടി പള്ളിച്ചെലവിൽ വി. കുർബാന അർപ്പിക്കേണ്ടതാണ്.

**4. പുതിയ ഫോൺ നമ്പർ**

ഫാ. ജോർജ് കരോട്ട് : 8304 871 142, 7510 718 545

## 5. പുതിയ പാരീഷ് കൗൺസിൽ രൂപീകരണം

കഴിഞ്ഞ ലക്കം ബുള്ളറ്റിനിൽ അഭിവന്ദ്യപിതാവ് അറിയിച്ചിരുന്നതുപോലെ 2017 മാർച്ച് 31-ന് മുമ്പ് എല്ലാ ഇടവകകളിലും 2017-2020 വർഷത്തേക്കുള്ള പാരീഷ് കൗൺസിലിന്റെ തിരഞ്ഞെടുപ്പ് നടത്തണമെന്ന് ഓർമ്മപ്പെടുത്തുന്നു. പുതിയ പാരീഷ് കൗൺസിൽ അംഗങ്ങളുടെ പേരുവിവരം പൊതുയോഗത്തിൽ അവതരിപ്പിച്ച് ലിസ്റ്റിന്റെ 2 കോപ്പികൾ അതിരൂപതാ കാര്യാലയത്തിൽ സമർപ്പിച്ച് അംഗീകാരം വാങ്ങേണ്ടതാണ്. (അതിരൂപതാ നിയമാവലി പേജ് 160, നമ്പർ 2. 26) അതിരൂപതാ നിയമാവലി പേജ് 185-ൽ നല്കിയിരിക്കുന്ന സത്യപ്രതിജ്ഞ ചൊല്ലിയാണ് പ്രതിനിധി യോഗാംഗങ്ങൾ ചുമതലയേറ്റെടുക്കേണ്ടത്. ഈ സത്യപ്രതിജ്ഞാപത്രത്തിന്റെ കോപ്പികൾ അതിരൂപതാ കച്ചേരിയിൽ ലഭ്യമാണ്.

## 6. കോ-ഓർഡിനേറ്ററുടെ തിരഞ്ഞെടുപ്പ്

നിലവിലുള്ള എല്ലാ പാരീഷ് കോ-ഓർഡിനേറ്റർമാരുടെയും കാലാവധി മാർച്ച് 31-ഓടെ അവസാനിക്കും. പുതിയ പാരീഷ് കൗൺസിലിൽനിന്നും അടുത്ത മൂന്നു വർഷത്തേക്കുള്ള കോ-ഓർഡിനേറ്ററെ തിരഞ്ഞെടുക്കുകയും അതിരൂപതാ കച്ചേരിയിൽ അറിയിക്കുകയും വേണം. പാരീഷ് കൗൺസിൽ അംഗങ്ങളിൽ നിന്നാണ് കോ-ഓർഡിനേറ്ററെ തിരഞ്ഞെടുക്കേണ്ടത്. പാരീഷ് കൗൺസിൽ തിരഞ്ഞെടുക്കുന്ന മൂന്നംഗ പാനലിൽനിന്ന് ഇടവക വികാരിയാണ് ഒരാളെ കോ-ഓർഡിനേറ്ററായി ചുമതലപ്പെടുത്തുന്നത്. വിശദമായ വിവരങ്ങൾക്ക് അതിരൂപതാ നിയമാവലി പേജ് 160 കാണുക.

## 7. ആണ്ട്തിരട്ട് പൊതുയോഗം

കഴിഞ്ഞ ലക്കം ബുള്ളറ്റിനിൽ അറിയിച്ചിരുന്നതുപോലെ ഈ വർഷത്തെ ആണ്ടുതിരട്ട് പൊതുയോഗം ഏപ്രിൽ മാസം 2-ാം തീയതി ഞായറാഴ്ചതന്നെ വിളിച്ചുചേർക്കുവാൻ ശ്രദ്ധിക്കുമല്ലോ. ആണ്ടുതിരട്ട്, ബജറ്റ്, പൊതുയോഗതീരുമാനങ്ങൾ എന്നിവ അംഗീകരിക്കുന്നതിനും കണക്കുകൾ പരിശോധിക്കുന്നതിനുമായി കഴിഞ്ഞ വർഷം ചെയ്തതുപോലെ ഇക്കൊല്ലവും പെരിയ ബഹു. ജനറാളച്ചന്മാരുടെ നേതൃത്വത്തിൽ കൂരിയ അംഗങ്ങൾ ഫൊറോന കേന്ദ്രങ്ങളിൽ വരുന്നതാണ്. ഏപ്രിൽ 16-നു ശേഷമുള്ള രണ്ടാഴ്ചകളാണ് ഇതിനായി മാറ്റിവച്ചിരിക്കുന്നത്. ഓരോ ഫൊറോനക്കും നിശ്ചയിച്ചിരിക്കുന്ന ദിവസങ്ങൾ അടുത്തമാസത്തിലെ ബുള്ളറ്റിനിൽ അറിയിക്കുന്നതാണ്.

## 8. ബഹു. വികാരിയച്ചന്മാരുടെ പ്രത്യേകശ്രദ്ധയ്ക്ക്

ഇടവകയിലെ കണക്കുമായി ബന്ധപ്പെട്ട് താഴെപറയുന്ന കാര്യങ്ങൾ ബ. വികാരിയച്ചൻമാർ അടിയന്തിരമായി ശ്രദ്ധിക്കണമെന്ന് താത്പര്യ പ്പെടുന്നു.

1. പുതിയ കേന്ദ്രബഡ്ജറ്റിൽ സെപ്റ്റംബർ 30നു മുമ്പ് ആദായനികുതി വിവരങ്ങൾ നല്കണം എന്നത് നിർബന്ധമാക്കിയിട്ടുണ്ട്. അതുകൊണ്ട് അതിനുമുമ്പ് ഓഡിറ്റ് പൂർത്തിയാക്കാൻ എല്ലാ ഇടവകകളുടെയും കണക്കുകൾ 2017 മെയ് 31-നു മുമ്പ് ഓഡിറ്ററുടെ ഓഫീസിൽ എത്തിക്കേണ്ടതാണ്.
2. 2016-2017 വർഷത്തെ കണക്കുകൾ എല്ലാ പള്ളികളിലും അക്കൗണ്ടിങ്ങ് സോഫ്റ്റ്വെയറിൽ ചെയ്താണ് ഓഡിറ്റിങ്ങിനു നല്കേണ്ടത്.
3. പുതിയ സാമ്പത്തിക വർഷം മുതൽ മാസത്തിരട്ടുകൾ അക്കൗണ്ടിങ്ങ് സോഫ്റ്റ്വെയറിൽ കൂടിമാത്രമേ സ്വീകരിക്കുകയുള്ളൂ. അതിനുള്ള ക്രമീകരണങ്ങൾ ഇന്റർനെറ്റ് മിഷൻ ഓഫീസുമായി ബന്ധപ്പെട്ട് ചെയ്യുമല്ലോ.
4. അക്കൗണ്ടിങ്ങ് സോഫ്റ്റ്വെയർ ഉപയോഗിക്കാൻ നിലവിലുള്ള അക്കൗണ്ടന്റുമാരെ പരിശീലിപ്പിക്കുകയോ ഇതിൽ പ്രാവണ്യമുള്ള പുതിയ ആളുകളെ ഉടൻതന്നെ നിയമിക്കുകയോ ചെയ്യണം.
5. 2013 മാർച്ച് 30-നു മുമ്പ് സ്ഥാപിതമായിട്ടുള്ള എല്ലാ ഇടവകകൾക്കും പാൻകാർഡ് ഉണ്ട്. ഏതെങ്കിലും കാരണവശാൽ പാൻകാർഡ് നഷ്ടപ്പെട്ടുപോയിട്ടുള്ളവർക്ക് പള്ളിയുടെ ഓഡിറ്റുറിപ്പോർട്ടിൽ നിന്ന് പാൻകാർഡ് നമ്പർ കണ്ടെത്താവുന്നതാണ്. പാൻകാർഡിന്റെ ഡ്യൂപ്ലി ക്കേറ്റ് എടുക്കാൻ ഓഡിറ്റർമാർ സഹായിക്കും.
6. ഇടവകയുടെ പണമിടപാടുകൾക്ക് യാതൊരു കാരണവശാലും അച്ചൻമാരുടെ വ്യക്തിപരമായ പാൻനമ്പർ നല്കാൻ പാടില്ല. അത് നിങ്ങൾക്ക് ഇൻകം ടാക്സ് പ്രശ്നങ്ങൾ സൃഷ്ടിച്ചേക്കാം.

## 9. ആദരാഞ്ജലികൾ

**1. ശ്രീ. ഫ്രാൻസീസ് പുളിക്കൽ:** ബഹു. ജിയോ പുളിക്കലച്ചന്റെ ജ്യേഷ്ഠസഹോദരൻ ഫ്രാൻസീസ് (കുഞ്ഞ്) 2017 ഫെബ്രുവരി 2-ന് നിര്യാതനായി. മൃതസംസ്ക്കാരകർമ്മങ്ങൾ ഫെബ്രുവരി 3-ന് കട്ടപ്പന ഫൊറോന ദൈവാലയത്തിൽ നടന്നു. പരേതന് നിത്യാശ്വാസം ലഭിക്കട്ടെയെന്ന് പ്രാർത്ഥിക്കുകയും സന്തപ്ത കുടുംബാംഗങ്ങളെ അനുശോചനം അറിയിക്കുകയും ചെയ്യുന്നു.

**2. ശ്രീ. സ്കറിയ മറ്റത്തിൽ:** ബഹു. ഫ്രാൻസിസ് മറ്റത്തിലച്ചന്റെ അനുജൻ സ്കറിയ മറ്റത്തിൽ (68) 2017 ഫെബ്രുവരി 18ന് നിര്യാതനായി. മൃതസംസ്ക്കാര ശുശ്രൂഷകൾ ഫെബ്രുവരി 19ന് പാലാ, മേരിലാന്റ് സെന്റ് മേരീസ് ദൈവാലയ സിമിത്തേരിയിൽ നടന്നു. പരേതന് നിത്യ ശാന്തി ലഭിക്കട്ടെയെന്ന് പ്രാർത്ഥിക്കുകയും സന്തപ്ത കുടുംബാംഗ ങ്ങളെ അനുശോചനം അറിയിക്കുകയും ചെയ്യുന്നു.

**3. സി. മേരി മേഴ്സി തോട്ടാമറ്റത്തിൽ എസ്എച്ച് :** തിരുഹൃദയ



സന്യാസിനീ സമൂഹത്തിന്റെ തലശ്ശേരി പ്രൊവിൻ സിലെ അംഗം, സി. മേരി മേഴ്സി തോട്ടാമറ്റത്തിൽ (93) 2017 ഫെബ്രുവരി 19ന് നിർമ്മലഗിരി സാൻജോസ് ഭവനിൽ നിര്യാതയായി. മലബാറിലെ പ്രേഷിത ശുശ്രൂഷയ്ക്കായി ആദ്യം എത്തിയ ആറ് തിരുഹൃദയ സന്ന്യാസിനിമാരിൽ അവസാനത്തെയാളാണ് സി. മേരി മേഴ്സി. കുടിയേറ്റത്തിന്റെ ആദ്യനാളുകളിലെ സന്ന്യാസജീവിത ത്തിന്റെ മുഖമുദ്രയായിരുന്ന ദാരിദ്ര്യത്തെയും കഷ്ടപ്പാടുകളെയും അതിജീവിച്ച സാഹസികതയുടെയും ത്യാഗപൂർണ്ണമായ സമർപ്പണ ത്തിന്റെയും ശോഭയുള്ള ഒരധ്യായത്തിനാണ് സിസ്റ്ററിന്റെ വിയോഗ ത്തിലൂടെ തിരശ്ശീല വീഴുന്നത്. 1955 മെയ് 27ന് ഇന്നത്തെ മലപ്പുറം ജില്ലയിലെ പരിയാപുര(മരിയാപുരം)ത്താണ് മലബാറില ശുശ്രൂഷ കൾക്ക് സി. മേരി മേഴ്സി തുടക്കംകുറിച്ചത്. പാലാ, അറക്കുളം, മേലുകാവ്, പരിയാപുരം, കട്ടിപ്പാറ, കൂരാച്ചുണ്ട്, വായാട്ടുപറമ്പ്, പേരാവൂർ, തലയാട്, കൊളക്കാട്, മരിയാപുരം, എരുമാട്, കരുവഞ്ചാൽ എന്നിവിടങ്ങളിൽ സേവനമനുഷ്ഠിച്ചു. നിർമ്മലഗിരി സാൻജോസ് ഭവനിൽ വിശ്രമജീവിതം നയിച്ചുവരവെയാണ് മരണം. മൃതസംസ്ക്കാര ശുശ്രൂഷകൾ 2017 ഫെബ്രുവരി 20ന് തിങ്കളാഴ്ച പേരാവൂർ സെന്റ് ജോസഫ്സ് പ്രൊവിൻഷ്യൽ ഹൗസിൽ നടന്നു. അഭിവന്ദ്യ മാർ ജോർജ് ഞറക്കളാട്ട് പിതാവ് മൃതസംസ്കാര ശുശ്രൂഷകൾക്ക് നേതൃത്വം നൽകി. സി. മേരി മേഴ്സിയുടെ ത്യാഗോജ്ജ്വലമായ സേവനങ്ങളെ കൃതജ്ഞതാ പൂർവ്വം സ്മരിക്കുകയും നിത്യാശ്വാസം നല്കി സർവ്വശക്തൻ അനുഗ്രഹിക്കട്ടെയെന്ന് പ്രാർത്ഥി ക്കുകയും ചെയ്യുന്നു.

**4. സി. ലിസ്യുമേരി എഫ്സിസി:** ഫ്രാൻസിസ്ക്കൻ ക്ലാരിസ്റ്റ് കോൺഗ്രിഗേഷന്റെ സെന്റ് ജോസഫ്സ് പ്രൊവിൻസ് അംഗമായ സി. ലിസ്യുമേരി വലിയകണ്ടത്തിൽ (85) ഫെബ്രുവരി 19ന് നിര്യാതയായി.



ചെമ്പേരി, കോട്ടത്തറ, കരിക്കോട്ടക്കരി, ചെമ്പന്തൊട്ടി, കുന്നോത്ത്, പുഷ്പഗിരി, വിമലശ്ശേരി എന്നീ സ്ഥലങ്ങളിൽ അധ്യാപികയായി സേവനമനുഷ്ഠിച്ചിട്ടുണ്ട്. മതാധ്യാപിക, മാതൃവേദി ആനിമേറ്റർ, പ്രാർത്ഥനാ ഗ്രൂപ്പിന്റെ പ്രചോദിക, ജൂണിയർ മിസ്ട്രസ്സ്, സ്റ്റഡി പ്രൊമോട്ടർ എന്നീ നിലകളിലും സിസ്റ്റർ തന്റെ വ്യക്തിമുദ്ര പതിപ്പിച്ചു. മൃതസംസ്ക്കാരശുശ്രൂഷകൾ 2017 ഫെബ്രുവരി 20ന് കുന്നോത്ത് നൊവിഷ്യേറ്റ് ഹൗസിൽ അഭിവന്ദ്യ മാർ ജോർജ് ഞറളക്കാട്ട് പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ ആരംഭിച്ചു. അഭിവന്ദ്യ മാർ ജോർജ് വലിമറ്റം പിതാവ് ദിവ്യബലിക്കും തുടർന്നുള്ള സംസ്ക്കാരശുശ്രൂഷകൾക്കും നേതൃത്വം നല്കി. പരേതയ്ക്ക് നിത്യശാന്തി നേരുന്നു.

**5. ജോൺ വയലിങ്കൽ:** അതിരൂപതാ വൊക്കേഷൻ പ്രൊമോട്ടർ ബഹു. ജോസഫ് വയലിങ്കൽ അച്ചന്റെ വത്സലപിതാവ് ശ്രീ. ജോൺ വയലിങ്കൽ (73) 2017 ഫെബ്രുവരി 23ന് നിര്യാതനായി. മൃതസംസ്ക്കാര ശുശ്രൂഷ ഫെബ്രുവരി 24ന് പനത്തടി സെന്റ് ജോസഫ്സ് ദൈവാലയത്തിൽ അഭിവന്ദ്യ മാർ ജോർജ് വലിയമറ്റം പിതാവിന്റെ കാർമ്മികത്വത്തിൽ നടന്നു. പരേതന് നിത്യാശ്വാസം ലഭിക്കട്ടെയെന്ന് പ്രാർത്ഥിക്കുകയും സന്തപ്തകുടുംബാംഗങ്ങളെ അനുശോചനം അറിയിക്കുകയും ചെയ്യുന്നു.

## 10. സ്നേഹസ്മൃതി

1. റവ. ഫാ. അത്തനേഷ്യസ് പയ്യപ്പിള്ളി സിഎംഐ - 03-03-1968
2. റവ. ഫാ. ഫ്രാൻസീസ് വാളായിൽ - 10-03-2003
3. റവ. ഫാ. സർഗ്ഗീസ് മഠത്തിക്കുന്നേൽ സിഎംഐ - 13-03-1987
4. റവ. ഫാ. ജോസഫ് കൊട്ടുകാപ്പള്ളി - 17-03-1991
5. റവ. ഫാ. ജോർജ് പരുത്തപ്പാറ - 24-03-2011

**ഫാ. തോമസ് തെങ്ങുംപള്ളിൽ**
ചാൻസലർ

## ജീവകാരുണ്യനിധി 2016 - വരവു ചിലവു കണക്കുകൾ

| Parishes | Income | Expenses | | | | |
|---|---|---|---|---|---|---|
| Alakode Forane | | Medical | Marriage | House | Education | Misce |
| 1 Alakode | 95135 | 22500 | | 10000 | 20000 | |
| 2 Arivilanjapoli | | | | | | |
| 3 Cheekkad | 16350 | | | | | |
| 4 Jayagiri | 4080 | 7000 | 20000 | | | |
| 5 Karthikapuram | 31000 | 5000 | 10000 | 20000 | 3000 | |
| 6 Kuttaparamba | 10600 | | 20000 | | | |
| 7 Mampoyil | 17261 | 15000 | | | | |
| 8 M anakkadavu | 25750 | 10000 | | | | |
| 9 Nellippara | 27545 | | | | | |
| 10 Ottathai | 15000 | | 25000 | | | |
| 11 Parappa | 18000 | | | | | |
| 12 Udayagiri | 50000 | 5000 | | | | |
| 13 V ijayagiri | 15000 | | 30000 | 25000 | | |
| Chempanthotty | | | | | | |
| 1 Chempanthotty | 61110 | | | 30000 | | |
| 2 Cheparamba | 2000 | 11000 | | | | |
| 3 Karayathumchal | 5000 | | | | | |
| 4 Kottoor | 10000 | | | | | |
| 5 Kottoorvayal | 5850 | | | | | |
| 6 Mandalam | 31465 | | | 10000 | | |
| 7 Naduvil | 10000 | 5000 | 20000 | | | |
| 8 Nellikkunnu | 1500 | | | | | |
| 9 Sreekandapuram | 20200 | 10000 | | | | |
| 10 Vennakkallu | 6750 | | | | | |
| 11 V ilakkannur | 30200 | 32000 | 25000 | 10000 | 10000 | |
| Chemperi | | | | | | |
| 1 Areekamala | 25000 | 35000 | | 5000 | | |
| 2 Chemperi | 122620 | 10000 | | | 45000 | |
| 3 Deepagiri | 5000 | 5000 | | 5000 | | |
| 4 Kanakakkunnu | 4000 | 5000 | | | 10000 | |
| 5 Kudianmala | 33645 | 6000 | 30000 | 10000 | 5000 | |

| | Income | Expenses | | | | |
|---|---|---|---|---|---|---|
| | | Medical | Marriage | House | Education | Misce |
| 6 Lissigiri | 8000 | 5000 | | 10000 | | |
| 7 Nellikkutty | 22000 | | | | | |
| 8 Ponmala | 10285 | 5000 | | | 5000 | |
| 9 Pooparamba | 10270 | | | | | |
| 10 Pottenplavu | 5000 | | 10000 | 20000 | | |
| 11 Pulikurumba | 37100 | | | 10000 | 10000 | |
| 12 Rathanagiri | 17500 | 22000 | 10000 | | | |
| Cherupuzha | | | | | | |
| 1 Aravanchal | 8500 | 25000 | | 10000 | | |
| 2 Cherupuzha | 40000 | 10000 | | | | |
| 3 Choorapadavu | 10100 | | 30000 | | | |
| 4 Josegiri | 4000 | | | | | |
| 5 Koluvally | 17000 | | 10000 | 8000 | | |
| 6 Kozhichal | 4000 | | 15000 | | | |
| 7 Mulapra | 20540 | | | | | |
| 8 Padiyottuchal | 25000 | 5000 | 22000 | 25000 | 5000 | |
| 9 Pulingome | 38000 | 5000 | 10000 | | | |
| 10 Rajagiri | 15000 | | | | 10000 | |
| 11 Thabore | 3000 | | | 10000 | | |
| 12 Thirumeni | 32765 | 5000 | | | | |
| 13 Ummarpoil | 15750 | 15000 | | | | |
| Edoor | | | | | | |
| 1 Chedikulam | 21180 | | 15000 | 30000 | | |
| 2 Edapuzha | 13280 | | | | | |
| 3 Edoor | 101000 | 18000 | 25000 | | 20000 | |
| 4 Karikottakari | 30000 | 10000 | 10000 | | | |
| 5 Keezhpally | 29225 | | 8000 | | | |
| 6 Mangode | 25000 | 22000 | 35000 | 25000 | | |
| 7 Uruppumkutty | | | | 5000 | | |
| 8 Vattiyara | 6370 | 10000 | | 10000 | | |
| 9 Velimanam | 60000 | | | 10000 | | |

| | Income | Expenses | | | | |
|---|---|---|---|---|---|---|
| Kanhangad | | Medical | Marriage | House | Education | Misce |
| 1 Badiyaduka | | | | | 10000 | |
| 2 Chayyoth | 19000 | 10000 | 15000 | | | |
| 3 Cheemeni | | | | | | |
| 4 Delampady | | | | | | |
| 5 Ennappara | 20000 | | | | | |
| 6 Kalichanadukkam | 17970 | | | | | |
| 7 Kanjairadukam | 20000 | 15000 | | 22500 | | |
| 8 Kanhangad | 37700 | 20000 | | | | |
| 9 Kasargod | 33150 | | | 15000 | | |
| 10 Mullaria | | | | | 15000 | |
| 11 Neeleshwar | 47170 | 17000 | | 10000 | | |
| 12 Nelliyadukam | 4260 | | | | | |
| 13 Padannakkadu | 25000 | 5000 | | 10000 | | |
| 14 Periya | 11000 | | | 15000 | | |
| 15 Udayapuram | 6500 | | | | | |
| 16 Kodoth | 3350 | | | 10000 | | |
| 17 Poinachi | 395 | | | | | |
| Kunnoth | | | | | | |
| 1 Anapanthi | 11320 | 5000 | | | | |
| 2 Angadikadavu | 71500 | 30000 | | | 5000 | |
| 3 Charal | 18000 | 15000 | | 10000 | | |
| 4 Edakanam | 6120 | | | | | |
| 5 Kacherikadavu | 28125 | 20000 | | | | |
| 6 Kilianthara | 70700 | | 15000 | 20000 | | |
| 7 Kunnoth | 35815 | 5000 | | 20000 | | |
| 8 Madathil | 25250 | | | | | |
| 9 Modayaranhi | 12000 | 10000 | | 35000 | | |
| 10 Palathimkadavu | 12500 | 30000 | | | | |
| 11 Peratta | 20000 | | 25000 | | 15000 | |
| 12 Perinkari | | | | 10000 | | |
| 13 Randamkadavu | 13600 | 10000 | 5000 | 30000 | | |
| 14 Vaniyapara | 10000 | 12000 | | 10000 | | |
| Marygiri | | | | | | |
| 1 Cherupara | 14410 | | 30000 | 10000 | | |
| 2 Edakkom | 25970 | | 10000 | 10000 | | |

| | Income | Expenses | | | | |
|---|---|---|---|---|---|---|
| | | Medical | Marriage | House | Education | Misce |
| 3 Karippally | 10500 | 25000 | | 10000 | | |
| 4 Kodoppally | | 5000 | | | | |
| 5 Marygiri | 51250 | 35000 | | 15000 | | |
| 6 Pachani | 10130 | | | | | |
| 7 Peringala | 8000 | | | | | |
| 8 Perumpadavu | 50000 | 25000 | 30000 | 7500 | | |
| 9 Rayarome | 30000 | 30000 | 10000 | | | |
| 10 Vellariyanam | 4500 | 6500 | | | 3000 | |
| 11 Vimalassery | 15000 | | | | 10000 | |
| Nellickampoyil | | | | | | |
| 1 Anara | 12510 | | | | | |
| 2 Arabi | 10675 | 30000 | | | 5000 | |
| 3 Iritty | 51000 | 10000 | | | | |
| 4 Kalanki | 18000 | | 15000 | | | |
| 5 Kalluvayal | 13260 | | | | | |
| 6 Kanjirakolly | 15000 | | 15000 | 10000 | 10000 | |
| 7 Manikkadavu | 64600 | 19500 | 40000 | 10000 | 7500 | |
| 8 Manippara | 20800 | | | 12000 | | |
| 9 Mattara | 40690 | 15000 | | | | |
| 10 Mundanoor | 8075 | 10000 | | | 10000 | |
| 11 Nellickampoyil | 32000 | 13000 | 25000 | | | |
| 12 Padiyoor | 16500 | 10000 | | 15000 | | |
| 13 Puravayal | 52450 | 47500 | 20000 | | | |
| 14 Santhinagar | 12800 | 20000 | 12000 | | | |
| 15 Thermala | 20645 | 500 | | | | |
| 16 Ulickkal | | | 15000 | 20000 | | |
| 17 Vilamana | | | | | | |
| 18 Thiroor | 6100 | | | | | |
| Paisakary | | | | | | |
| 1 Adampara | 9085 | | | 10000 | | |
| 2 Chandanackapara | 60000 | 15000 | 15000 | 15000 | | |
| 3 Chundaparamba | 25000 | | 30000 | 10000 | | |
| 4 Ettupara | 8200 | | | | | |
| 5 Josemount | 16200 | 15000 | | | 8000 | |

| | Income | Expenses | | | | |
|---|---|---|---|---|---|---|
| | | Medical | Marriage | House | Education | Misce |
| 6 Padamkavala | 8000 | | | | | |
| 7 Paisakari | 57820 | 10000 | | 25000 | | |
| 8 Payyavoor | | 10000 | | | | |
| 9 Mutharikulam | 5110 | 15000 | | | 10000 | |
| 10 Shimoga Nagar | 6610 | 10000 | | | | |
| 11 Vembuva | 18035 | | | 10000 | 5000 | |
| Panathady | | | | | | |
| 1 Adottukaya | 7900 | | | | | |
| 2 Kaniladukkam | | | | | | |
| 3 Kallar (Shanthigiri) | | | | 30000 | | |
| 4 Kottody | 43950 | | | | | |
| 5 Manadukkam | 22821 | 7000 | | | 10000 | |
| 6 Marypuram | 23000 | 15000 | | | | |
| 7 Paduppu | 65000 | | 30000 | | 7500 | |
| 8 Padimaruth | 10000 | | | | | |
| 9 Panathady | 46100 | 15000 | | | | |
| 10 Panathoor | 56000 | 25000 | 15000 | | | |
| Peravoor | | | | | | |
| 1 Aryaparamba | 20000 | 10000 | | 33000 | | |
| 2 Chengome | 3700 | | | | | |
| 3 Cheruvanchery | 6000 | | | | | |
| 4 Chettiyamparamba | | | | 10000 | 10000 | |
| 5 Edathotty | 17200 | 20000 | | 20000 | 5000 | |
| 6 Kallumuthirakunnu | 26750 | 7000 | 10000 | 30000 | | |
| 7 Kanichar | 43000 | 15000 | | | | |
| 8 Kolakkad | 40000 | | | 5000 | 10000 | |
| 9 Kolayad | 36120 | 7000 | 50000 | 10000 | | |
| 10 Manjalampuram | 10410 | 27000 | | | | |
| 11 Mattannur | 12100 | | | | | |
| 12 Melmuringodi | 6100 | | | 20000 | 10000 | |
| 13 Nedumpuramchal | 32555 | | | 10000 | | |
| 14 Nirmalagiri | 52000 | | | 5000 | | |

| | Income | Expenses | | | | |
|---|---|---|---|---|---|---|
| | | Medical | Marriage | House | Education | Misce |
| 15 Odenthode | 18965 | 80000 | | 10000 | | |
| 16 Peravoor | 90000 | | 50000 | 53000 | | |
| 17 Perumpunna | 36000 | 30000 | | 5000 | 25000 | |
| 18 Poolakkutty | | 15000 | | 10000 | | |
| 19 Rajamudy | 23300 | 100000 | | | | |
| 20 Vazhamala | 3000 | 10000 | | 20000 | | |
| Thaliparamba | | | | | | |
| 1 Ammamkulam | 10310 | 10000 | | | | |
| 2 Balesugiri | 12700 | | | | | |
| 3 Kannur | 100000 | | 15000 | | | |
| 4 Melechovva | 17000 | 5000 | | | | |
| 5 Neduvaloor | 14150 | 35000 | 15000 | | | |
| 6 Pariyaram | 5000 | | | 10000 | | |
| 7 Payyannur | 50100 | | | | | |
| 8 Thalassery | 67600 | 20000 | 15000 | | | |
| 9 Thaliparamba | 67000 | | 10000 | 10000 | 10000 | |
| Thomapuram | | | | | | |
| 1 Athirumavu | | 10000 | | | | |
| 2 Ayannoor | 11020 | | | | | |
| 3 Bedoor | 6100 | | | | | |
| 4 Chattamala | 3000 | | | | | |
| 5 Chavaragiri | 5000 | | 20000 | 10000 | | |
| 6 Kadumeni | 43040 | | | | | |
| 7 Kamballoor | 21440 | | 15000 | 15000 | 5000 | |
| 8 Kannivayal | 30500 | 19000 | 20000 | | 10000 | |
| 9 Kavumthala | 11000 | 6000 | 15000 | | 6000 | |
| 10 Kunnumkai | 24600 | 15000 | 15000 | 15000 | | |
| 11 Kulineer | | | | | | |
| 12 Mandapam | 15000 | | | | | |
| 13 Palavayal | 68950 | | 10000 | 10000 | 25000 | |
| 14 Thayyeni | 19000 | 10000 | | 20000 | 5000 | |
| 15 Thomapuram | 71000 | | | | | |
| 16 Varakkad | | | 15000 | 5000 | | |

| | Income | Expenses | | | | |
|---|---|---|---|---|---|---|
| | | Medical | Marriage | House | Education | Misce |
| Vayattuparamba | | | | | | |
| 1 Alphonsagiri | 5000 | 25000 | | | | |
| 2 Karunapuram | 25831 | | 25000 | | | |
| 3 Karuvanchal | 27240 | | 15000 | 10000 | | |
| 4 Mavumchal | 3500 | | | | | |
| 5 Pathenpara | 25000 | 16000 | | 10000 | | |
| 6 Thadikadav | 8585 | 10000 | 10000 | | | |
| 7 Vayattuparamba | 58815 | | | | 10000 | |
| 8 Vellad | 24920 | | | 10000 | | |
| 9 Vijayapuram | 6500 | 15000 | | | | |
| Vellarikkundu | | | | | | |
| 1 Anamanjal | | | | 10000 | | |
| 2 Attakandam | | 5000 | | | | |
| 3 Attenganam | 14850 | | | | | |
| 4 Balal | 27440 | 5000 | 10000 | 10000 | | |
| 5 Bheemanady | 26140 | | | | | |
| 6 Birikulam | 10000 | | | | | |
| 7 Chully | 14300 | 10000 | | | | |
| 8 Dharkas (Amalagiri) | | | | | | |
| 9 Kalichamaram | 6200 | 7000 | | | | |
| 10 Kanakappally | 5475 | | | 5000 | | |
| 11 Konnakkad | 14000 | 50000 | 15000 | 10000 | | |
| 12 Malome | 39860 | 11000 | | 10000 | | |
| 13 Nattakkallu | 3000 | | 15000 | | | |
| 14 Paramba | | | | | | |
| 15 Puncha | 10545 | | | | | |
| 16 Pullady | | | 15000 | | | |
| 17 Punnakunnu | | 5000 | | | | |
| 18 Vellarikundu | 50000 | 18000 | 40000 | | | |
| 19 Vimalagiri | 25000 | 10000 | | | | |
| Others | | 42500 | | 22500 | 15000 | 27000 |
| Sebastian Kootumkal -5000 | | | | | | |

# Priests' Home Construction

## Priests' Contribution

| | | |
|---|---|---|
| 1. | Rev. Fr. Joseph Kanakkattu | 8,500 |
| 2. | Rev. Fr. Issac Mattathil | 10,000 |
| 3. | Rev. Fr. John Ponnambel | 20,000 |
| 4. | Rev. Fr. Joseph Adimakeel | 1,00,000 |
| 5. | Rev. Fr. Joseph Vannayappallil | 1,00,000 |
| 6. | Rev. Fr. Joseph Pottanany | 10,000 |
| 7. | Rev. Fr. George Kuzhikattu | 50,000 |
| 8. | Rev. Fr. Mathew Perumpally | 1,00,000 |
| 9. | Rev. Fr. Mathew Vettuvayalil | 5,000 |
| 10. | Rev. Fr. Antony Vettiyanickal | 5,000 |
| 11. | Rev. Fr. Joseph Pandaraparambil | 10,000 |
| 12. | Rev. Fr. Joseph Vayalumkal | 7,500 |
| 13. | Rev. Fr. Sebatian Poweth | 1,00,000 |
| 14. | Rev. Fr. Joseph Manchapillil | 20,000 |
| 15. | Rev. Fr. Thomas Pattamkulam | 10,000 |
| 16. | Rev. Fr. Joseph Nirappel | 8,000 |

## Institutions' Contribution

| | | |
|---|---|---|
| 1. | St. Joseph's Church, Vayattuparamba | 75,000 |
| 2. | St. Sebatian's Church, Rathnagiri | 15,000 |
| 3. | St. Antony's Church, Balal | 50,000 |
| 4. | St. Alphonsa Church, Alphonsagiri | 25,000 |
| 5. | Infant Jesus Church, Cheruvancheri | 7,000 |
| 6. | St. Sebatian's Church, Vazhamala | 3,000 |
| 7. | St. Antony's Church, Manjalampuram | 10,000 |
| 8. | St. Jude Church, Peringala | 25,000 |
| 9. | St. Jude Church, Karunapuram | 50,000 |
| 10. | Holy Cross Church, Vellariyanam | 25,000 |
| 11. | St. Augustian's Church, Rajagiri | 40,000 |
| 12. | St. Sebatian's Church, Charal | 50,000 |
| 13. | St. Sebatian's Church, Chedikkulam | 50,000 |
| 14. | St. Mary's Church, Cherupuzha | 1,00,000 |
| 15. | St. Mary's Church, Nirmalagiri | 10,000 |
| 16. | St. Mary's Church, Poolakkutty | 10,000 |
| 17. | St. Mary's Church, Nellikkunnu | 5,000 |
| 18. | St. Jude Church, Vilamana | 10,000 |

| | | |
|---|---|---|
| 19. | St. Sebatian's Church, Madathil | 15,000 |
| 20. | St. Mary's Church, Santhinagar | 10,000 |
| 21. | St. Mary's Church, Kotoorvayal | 5,000 |
| 22. | St. Joseph's Church, Perumpadavu | 75,000 |
| 23. | Infant Jesus Church, Sreekandapuram | 30,000 |
| 24. | St. Mary's Church, Kadumeni | 75,000 |
| 25. | St. Alphonsa Church, Chayyoth | 25,000 |
| 26. | St. Mother Theresa Church, Padankavala | 10,000 |
| 27. | St. Joseph's Church, Puncha | 10,000 |


## National Institute of Social Communications, Research and Training (NISCORT)

## Admissions open for :

1). UNIVERSITY COURSES
  a. MA in Broadcast Journalism (MABJ) 2 years (4 Semesters)
  b. MA in Journalism (MJ) 2 years (4 Semesters)
  c. MA in Audio Visual Communications (MA AVC) 2 years (4 Semesters)
  d. Post Graduation Diploma in Media (PGDM) 1 year (2 Semesters)

2). NISCORT CERTIFICATE COURSE
  a. Diploma in Pastoral Communications 1 year (2 Semesters)

3). SHORT TERM COURSES IN MAY 2017
- Digital Photography (May 1- 6)
- Basic Video Production (May 8 - 13)
- Graphic Designing (May 15 - 20)
- News Reporting & Creative Writing (May 22 - 27)
- Web Designing (May 22 - 31)
- Students with any graduation having 50% marks are eligible for admission to PGDM and MA courses. All the regular courses will commence from 01 August 2017.
- Diploma in Pastoral Communications is not affiliated to university. The course will focus on making the participants effective communicators in today's media saturated world and is recommended for Formators, Educators, social workers and those in Pastoral Ministry.

**For further information kindly contact:**

NISCORT, A-2, Sector-1, Vaishali, Ghaziabad, NCR - Delhi 201012
Email:niscortindia@gmail.com/jmurickan@gmail.com
jerryonam@gmail.com
Website: www.niscort.com Mobile: +91 8130496971 / 73

# വിശ്വാസപരിശീലനം

"ഈശോ ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിലും വളർന്നുവന്നു" (ലൂക്ക 2: 52).

## 1. അതിരൂപതാ സന്ദർശകരുടെ സമ്മേളനം മാർച്ച് 25

അതിരൂപതാ സന്ദർശകരുടെ സമ്മേളനം മാർച്ച് 25ന് ശനിയാഴ്ച രാവിലെ 10.30 മുതൽ 12 മണിവരെ സന്ദേശഭവനിൽവച്ച് നടത്തപ്പെടുന്നു. ബന്ധപ്പെട്ടവർ റിപ്പോർട്ടുകൾ തയ്യാറാക്കികൊണ്ടുവരുമല്ലോ.

## 2. വിശ്വാസോത്സവം 2017 ഏപ്രിൽ 1 മുതൽ 5 വരെ

വിശ്വാസോത്സവം ഏപ്രിൽ 1 മുതൽ 5 വരെ ആയിരിക്കും. വിശ്വാസോത്സവത്തിന്റെ അതിരൂപതാ ഉദ്ഘാടനം അഭിവന്ദ്യ മാർ ജോർജ് ഞറളക്കാട്ട് പിതാവ് ഏപ്രിൽ 1-ാം തീയതി രാവിലെ 9.30ന് കൊളക്കാട് ഇടവകയിൽ നിർവ്വഹിക്കുന്നു. നല്കിയിരിക്കുന്ന എണ്ണം അനുസരിച്ച് വർക്കുബുക്കുകൾ ഫൊറോനാ കേന്ദ്രങ്ങളിൽ എത്തിക്കുന്നതായിരിക്കും. വിശ്വാസോത്സവ വർക്ക് ബുക്കുകളുടെ വില 4-ാം ക്ലാസ് 35 രൂപയും ബാക്കി ക്ലാസുകളിലെ വർക്ക് ബുക്കിന് 24 രൂപയുമാണ്.

## 3. വിശ്വാസോത്സവം ആൽബം

മുൻവർഷങ്ങളിലെപോലെ ഈ വർഷവും കുട്ടികൾ ഇടവകാതലത്തിൽ വിശ്വാസോത്സവ ആൽബം തയ്യാറാക്കേണ്ടതാണ്. അധ്യാപകർ കുട്ടികൾക്കുവേണ്ട നിർദ്ദേശങ്ങളും പ്രോത്സാഹനങ്ങളും നേതൃത്വവും കൊടുക്കുമല്ലോ.

**വിഷയം : 'കേരള ക്രൈസ്തവ സഭയുടെ സംഭാവനകൾ'**

കേരളത്തിന്റെ വളർച്ചയിൽ ക്രൈസ്തവ സഭയുടെ സംഭാവനകൾ പ്രശംസനീയമാണ്. ക്രൈസ്തവ മിഷനറിമാരുടെ സംഭാവനകൾ ജീവിതം, സാക്ഷ്യം, ശുശ്രൂഷാമേഖലകൾ എന്നിവ ഉൾകൊള്ളുന്ന ചിത്രങ്ങളും, പേപ്പർ കട്ടിംഗ്സ്, വാർത്തകൾ എന്നിവയും ഉണ്ടായിരിക്കണം. കൂടാതെ താഴെ കൊടുത്തിരിക്കുന്ന മൂന്ന് വിഷയങ്ങളെക്കുറിച്ച് ലേഖനങ്ങളും ആൽബത്തിൽ ഉൾപ്പെടുത്തേണ്ടതാണ്. ഒന്നാമത്തെ ലേഖനം അധ്യാപകരിലൊരാളും രണ്ടും മൂന്നും ലേഖനങ്ങൾ അധ്യാപകരുടെ സഹായത്തോടെ കുട്ടികളും എഴുതുക. ലേഖനങ്ങൾ നാല് പേജിൽ കവിയരുത്.

1. വിദ്യാഭ്യാസരംഗത്തെ സംഭാവനകൾ
2. ആരോഗ്യപരിപാലനരംഗത്തെ സംഭാവനകൾ
3. സാംസ്ക്കാരികരംഗത്തെ സംഭാവനകൾ

**ശ്രദ്ധിക്കുക:** ആൽബം അധ്യാപകരുടെ സഹായത്തോടെ കുട്ടികളാണ് തയ്യാറാക്കേണ്ടത്. ആൽബത്തിന്റെ വലുപ്പം: 14 ഇഞ്ച് നീളം, 11 ഇഞ്ച് വീതി. 50 പേജിൽ കൂടരുത്. ഡിജിറ്റൽ ആൽബം മോഡലിൽ ലേസർ പ്രിന്റും മറ്റും ഉപയോഗിക്കുന്നത് 8 പേജിൽ കൂടരുത്. ഇടവകയിലെ ഏറ്റവും നല്ല ആൽബം ഏപ്രിൽ 9ന് ഫൊറോനയിൽ എത്തിക്കുക. ഫൊറോനയിലെ മികച്ച രണ്ട് ആൽബങ്ങൾ ഏപ്രിൽ 17ന് മുമ്പ് അതിരൂപതാ ഓഫീസിൽ എത്തിക്കേണ്ടതാണ്. മേൽപറഞ്ഞ തീയതികൾക്കുശേഷം വരുന്ന ആൽബങ്ങൾ ഫൊറോനാ - അതിരൂപതാതലത്തിൽ സ്വീകരിക്കുന്നതല്ല.

## 4. ഈസ്റ്റർ പരീക്ഷ ഏപ്രിൽ 9

I മുതൽ XI -ാം ക്ലാസ്സുവരെയുള്ള കുട്ടികളുടെ ഈസ്റ്റർ (വാർഷിക) പരീക്ഷ ഏപ്രിൽ 9-ാം തീയതി ഞായറാഴ്ച്ച ഉച്ചകഴിഞ്ഞ് 2.30 മുതൽ 4.30 വരെയായിരിക്കും. പരീക്ഷാസമയക്രമത്തിൽ യാതൊരുമാറ്റവും വരുത്തുവാൻ പാടില്ല. 4,7,10 ക്ലാസുകളിലെ സ്കോളർഷിപ്പ് പരീക്ഷ നടക്കുന്നതിനാൽ മേഖലാ കമ്മിറ്റികൂടി സൂപ്പർവൈസർമാരെ നിയോഗിക്കേണ്ടതാണ്.

## 5. ജനറൽ, മോഡൽ ചോദ്യങ്ങൾ

ഏപ്രിൽ 9ന് നടത്തുന്ന IV മുതൽ XI വരെ ക്ലാസ്സുകളിലെ വാർഷിക പരീക്ഷയുടെ മോഡൽ ചോദ്യങ്ങളും ജനറൽ ചോദ്യങ്ങളും മാർച്ച് 10ന് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കും. ജനറൽ ചോദ്യങ്ങളിൽനിന്ന് 5 മാർക്കിന്റെ ചോദ്യങ്ങൾ ഉണ്ടായിരിക്കും. അധ്യാപകർ വെബ്സൈറ്റിൽനിന്ന് ജനറൽ ചോദ്യങ്ങളെടുത്ത് കുട്ടികൾക്ക് നല്കി അവരെ ഒരുക്കേണ്ടതാണ്.

## 6. ലൂമെൻ എക്ലേസിയേ

ദൈവശാസ്ത്രകോഴ്സിൽ പേര് രജിസ്റ്റർ ചെയ്ത എല്ലാ അധ്യാപകരും ക്ലാസുകളിൽ സംബന്ധിക്കുകയും പരീക്ഷ എഴുതേണ്ടതുമാണ്. ദൈവശാസ്ത്രകോഴ്സിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള അധ്യാപകരുടെ ബാക്കി അടക്കാനുള്ള തുകകൾ ഹെഡ്മാസ്റ്റർ വിശ്വാസപരിശീലന ഓഫീസിൽ ഏല്പ്പിക്കേണ്ടതാണ്.

## 7. ഹെഡ്മാസ്റ്റേഴ്സ് റീജനൽ കൂട്ടായ്മ

2016-2017 അധ്യയന വർഷത്തെ സൺഡേ സ്കൂൾ പ്രവർത്തനം വിലയിരുത്തുന്നതിനും വരുന്ന അധ്യയനവർഷത്തെക്കുറിച്ച് പ്ലാൻ ചെയ്യുന്നതിനുമായി മാർച്ച് മാസത്തിൽ ഹെഡ്മാസ്റ്റർമാരുടെ റീജനൽ കൂട്ടായ്മ നടത്തപ്പെടുന്നു. എല്ലാ ഹെഡ്മാസ്റ്റർമാരും കുട്ടായ്മയിൽ നിർബന്ധമായും പങ്കെടുക്കേണ്ടതാണ്. പ്രസ്തുത മീറ്റിംഗിൽ ഓഫീസിൽ അടക്കാനുള്ള വിവിധ തുകകൾ അടച്ച് സഹകരിക്കേണ്ടതാണ്. (സ്റ്റുഡന്റ് ഫണ്ട്, ചോദ്യപേപ്പർ, ബുള്ളറ്റിൻ, വിശ്വാസോത്സവം, ലൂമെൻ എക്ലേസിയേ...)

| സ്ഥലം | തീയതി | സമയം | പങ്കെടുക്കേണ്ട ഫൊറോനകൾ |
|---|---|---|---|
| കാഞ്ഞങ്ങാട് | മാർച്ച് 11 ശനി | 09.00 am | പനത്തടി, തോമാപുരം, കാഞ്ഞങ്ങാട്, വെള്ളരിക്കുണ്ട്, ചെറുപുഴ |
| തളിപ്പറമ്പ് | മാർച്ച് 11 ശനി | 02.30 pm | ചെമ്പേരി, ആലക്കോട്, മേരിഗിരി, തളിപ്പറമ്പ്, വായാട്ടുപറമ്പ്, ചെമ്പന്തൊട്ടി, പൈസക്കരി |
| ഇരിട്ടി | മാർച്ച് 18 ശനി | 02.30 pm | നെല്ലിക്കാംപൊയിൽ, എടൂർ, കുന്നോത്ത്, പേരാവൂർ |

## 8. ഫൊറോനാതല സ്കോളർഷിപ്പ് മൂല്യനിർണ്ണയം

4, 7, 10 ക്ലാസ്സുകളിലെ കുട്ടികളുടെ (ഒരു ഇടവകയിൽ നിന്ന് 3 പേപ്പർ വീതം) സ്കോളർഷിപ്പിനുള്ള ഉത്തരകടലാസുകൾ മൂല്യനിർണ്ണയം നടത്തി ഫൊറോനയിൽനിന്ന് ഓരോ ക്ലാസ്സിൽ ഏറ്റവും കൂടുതൽ മാർക്ക് ലഭിച്ച മൂന്ന് പേപ്പറുകൾ ഏപ്രിൽ 18ന് മുമ്പ് അതിരൂപതാ ഓഫീസിലേക്ക് അയച്ചു തരേണ്ടതാണ്. ഫൊറോനാ കമ്മിറ്റി വിളിച്ചുകൂട്ടി വേണ്ട ക്രമീകരണങ്ങൾ നടത്തേണ്ടതാണ്.

## 9. അവധിക്കാല വേദപാഠം ഏപ്രിൽ

സൺഡേസ്ക്കൂളിൽ റഗുലറായി പഠിക്കാൻ സാധിക്കാത്ത 6 മുതൽ 12 വരെ ക്ലാസുകളിൽ പഠിക്കുന്ന നവോദയ, സ്പോർട്സ് സ്കൂളുകളിലെ കുട്ടികൾക്കു മാത്രമുള്ള അവധിക്കാല വേദപാഠക്ലാസുകൾ ഏപ്രിൽ മാസം തലശ്ശേരി സന്ദേശഭവനിൽവച്ച് നടത്തപ്പെടുന്നു. കൂടുതൽ പിന്നീട് അറിയിക്കുന്നതായിരിക്കും.

NB: XII-ാം ക്ലാസ്സുകളിലെ കുട്ടികൾ അസൈൻമെന്റ് എഴുതികൊണ്ടു വരണം.
**വിഷയം:** മാധ്യമങ്ങളുടെ നന്മയും അവ ഉയർത്തുന്ന വെല്ലുവിളികളും.

## 10. ജീവിതദർശൻ – 2017

അതിരൂപതയിൽ 12-ാം ക്ലാസ്സിൽ പഠിക്കുന്ന മുഴുവൻ വിദ്യാർത്ഥികൾക്കുമായി ഒരു ജീവിതദർശൻ ക്യാമ്പ് വിശ്വാസോത്സവത്തോടനുബന്ധിച്ച് ഫൊറോനാകേന്ദ്രങ്ങളിൽ നടത്തപ്പെടുന്നു. ഏപ്രിൽ 6-ാം തീയതി രാവിലെ 10 മുതൽ ഉച്ചകഴിഞ്ഞ് 3 മണിവരെയാണ് ക്ലാസ്സ് നടത്തുന്നത്. ലൗജിഹാദ്, അന്യമതപ്രണയബന്ധങ്ങൾ തുടങ്ങിയവ വർദ്ധനമാകുന്ന ആധുനിക സാഹചര്യത്തിൽ നമ്മുടെ യുവജനങ്ങളെ വിശ്വാസത്തിൽ ആഴപ്പെടുത്തുക എന്നതാണ് ഈ ക്ലാസിന്റെ ലക്ഷ്യം. 12-ാം ക്ലാസിലെ മുഴുവൻ വിദ്യാർത്ഥികളും ഈ ക്ലാസിൽ നിർബന്ധമായും പങ്കെടുക്കേണ്ടതാണ്.

സ്നേഹപൂർവ്വം,

**ഫാ. ജോർജ് കാഞ്ഞിരക്കാട്ട്**
ഡയറക്ടർ

# ബൈബിൾ അപ്പൊസ്തൊലേറ്റ്
# &
# ആൽഫാ ഇൻസ്റ്റിറ്റ്യൂട്ട്

## 1. ലോഗോസ് 2016

2016 ലോഗോസ് ക്വിസ് പരീക്ഷയുടെ സർട്ടിഫിക്കറ്റുകളും അവാർഡുകളും ഫൊറോനാ കേന്ദ്രങ്ങളിൽനിന്ന് ഏറ്റുവാങ്ങിയെന്ന് കരുതുന്നു. ലോഗോസ് ക്വിസിന്റെ എല്ലാ പ്രവർത്തനങ്ങളും പൂർത്തിയായിരിക്കേ ഇതിനോട് സഹകരിച്ച എല്ലാവർക്കും ഒരിക്കൽകൂടി നന്ദി പറയുന്നു.

## 2. പുതിയ ദൈവശാസ്ത്ര സെന്ററുകൾ

ഇംഗ്ലണ്ടിലെ പ്രൂസ്റ്റൺ രൂപതയുടെ ആഭിമുഖ്യത്തിൽ അഭിവന്ദ്യ സ്രാമ്പിക്കൽ പിതാവിന്റെ താൽപര്യപ്രകാരം ദൈവശാസ്ത്ര ബിരുദകോഴ്സ് ബർമിംഹാമിൽ ആരംഭിച്ചു. 110 ഓളം ദൈവശാസ്ത്ര വിദ്യാർത്ഥികൾ ഇതിനകം പഠനം ആരംഭിച്ചു. ആൽഫാ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ ക്ലാസ്സുകൾ നയിച്ചു. നിരവധി സന്യാസസമൂഹങ്ങൾ ദൈവശാസ്ത്ര കോഴ്സുകൾ തുടങ്ങാൻ ആവശ്യപ്പെട്ട് മുൻപോട്ട് വരുന്നുണ്ട്. പ്രൊവിൻസ്തലത്തിൽ അനേകം സെന്ററുകൾ ആരംഭിച്ചുകഴിഞ്ഞു.

**ആൽഫാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പുതിയ പഠനകേന്ദ്രങ്ങൾ.**

| | |
|---|---|
| ബർമിംഹാം | - ഇംഗ്ലണ്ട് |
| FCC പ്രൊവിൻസ് | - ഇരിങ്ങാലക്കുട |
| FCC അസീസ്സി പ്രൊവിൻസ് | - തൃശൂർ |
| SABS ജയ് മാതാ പ്രൊവിൻസ് | - ഇടുക്കി |

## 3. സപ്ലിമെന്ററി പരീക്ഷ

ഫെബ്രുവരി 4,5,19,20 തിയതികളിലായി നടത്തപ്പെട്ട സപ്ലിമെന്ററി പരീക്ഷ അനേകം വിദ്യാർത്ഥികൾ പ്രയോജനപ്പെടുത്തി. ഓരോ സെന്ററുകളിലും പരീക്ഷയ്ക്ക് നേതൃത്വം നൽകിയ അച്ചന്മാർക്ക് പ്രത്യേകം നന്ദി പറയുന്നു. സെന്ററുകളുടെ ഉത്തരവാദിത്വം വഹിച്ച സി. അനില SABS (തോമാപുരം), സി. ജെസ്സി മരിയ SH (ആലക്കോട്), സി. ജോസ്ന CMC (ഇരിട്ടി), സി. ഷൈജി MSMI (പടുപ്പ്), ബ്ര. സെബിൻ (പടന്നക്കാട്), സി. ആഗ്നസ് FCC (ചെമ്പേരി) എന്നിവർക്ക് ആൽഫാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രത്യേകം നന്ദി അറിയിക്കുന്നു.

## 4. ല്യൂമെൻ എക്ലേസിയ ദൈവശാസ്ത്ര ക്ലാസ്സുകൾ

2016-17 അധ്യയനവർഷത്തിലെ രണ്ടാം സെമസ്റ്ററിലെ ബൈബിൾ

വ്യാഖ്യാനശാസ്ത്രം, കാനൻ നിയമം എന്നീ വിഷയങ്ങളുടെ ക്ലാസ്സുകൾ മാർച്ച് 5,19 തിയതികളിലായി ഫൊറോനാ സെന്ററുകളിൽവച്ച് നടത്തപ്പെടുന്നതാണ്. ക്ലാസ്സുകൾ നടക്കുന്ന സെന്ററുകളുടെ വിശദമായ വിവരങ്ങൾ വിദ്യാർത്ഥികളെ അറിയിക്കുന്നതാണ്.

## 5. ദൈവശാസ്ത്ര കോൺടാക്റ്റ് ക്ലാസ്സുകളുടെ സമയക്രമം

| തിയതി | സ്ഥലം | സമയം | വിഷയം |
|---|---|---|---|
| ഫെബ്രു. 26 | ദുബായ് | 9.30-4.30 | പൗലോസ്ലീഹായുടെ ലേഖനങ്ങൾ<br>രാഷ്ട്രീയ ദൈവശാസ്ത്രം<br>യുഗാന്ത്യദൈവശാസ്ത്രം |
| ഫെബ്രു. 27 | ഷാർജ | 9.30-4.30 | പൗലോസ്ലീഹായുടെ ലേഖനങ്ങൾ<br>രാഷ്ട്രീയ ദൈവശാസ്ത്രം<br>യുഗാന്ത്യദൈവശാസ്ത്രം |
| ഫെബ്രു. 27 | അബുദാബി | 9.30-4.30 | പൗലോസ്ലീഹായുടെ ലേഖനങ്ങൾ<br>രാഷ്ട്രീയ ദൈവശാസ്ത്രം<br>യുഗാന്ത്യദൈവശാസ്ത്രം |
| മാർച്ച് 4 | പാല | 9.30-4.30 | ബൈബിൾവ്യാഖ്യാനശാസ്ത്രം<br>കാനൻ നിയമം<br>ഇന്ത്യൻ സഭാചരിത്രം<br>തിരുസഭാ ചരിത്രം |
| മാർച്ച് 11 | കോയിപ്പിള്ളി<br>കോതമംഗലം | 9.30-1.30 | ബൈബിൾവ്യാഖ്യാനശാസ്ത്രം<br>കാനൻ നിയമം |
| | കോതമംഗലം<br>MSJ പ്രൊവിൻസ് | 2.30-5.30 | ബൈബിൾവ്യാഖ്യാനശാസ്ത്രം<br>കാനൻ നിയമം |
| മാർച്ച് 18 | FCC അസീസ്സി<br>പ്രൊവിൻസ്<br>തൃശൂർ | 9.30-4.30 | ബൈബിൾവ്യാഖ്യാനശാസ്ത്രം<br>കാനൻ നിയമം<br>തിരുസഭാ ചരിത്രം<br>ഇന്ത്യൻ സഭാചരിത്രം |
| | തിരുവനന്തപുരം | 9.30-4.30 | ബൈബിൾവ്യാഖ്യാനശാസ്ത്രം<br>കാനൻ നിയമം |
| മാർച്ച് 25 | SABS ജയ് മാതാ<br>പ്രൊവിൻസ്<br>ഇടുക്കി | 9.30-4.30 | ബൈബിൾവ്യാഖ്യാനശാസ്ത്രം<br>കാനൻ നിയമം<br>തിരുസഭാ ചരിത്രം<br>ഇന്ത്യൻ സഭാചരിത്രം |

## 6. റസിഡൻഷ്യൽ കോൺടാക്ട് ക്ലാസ്സ്

ഏപ്രിൽ 18,19,20 തീയതികളിൽ തലശ്ശേരി സന്ദേശഭവനിൽവച്ച് ദൈവശാസ്ത്ര വിദ്യാർത്ഥികൾക്കായുള്ള റസിഡൻഷ്യൽക്ലാസ്സ് (Residential

Class) ഉണ്ടായിരിക്കും. തിയോളജിയുടെ ഈ അധ്യയനവർഷത്തെ എല്ലാ വിഷയങ്ങൾക്കും ക്ലാസ്സ് നൽകുന്നതായിരിക്കും. Integrated MTh വിദ്യാർത്ഥികൾ നിർബന്ധമായും ഈ ക്ലാസ്സിൽ പങ്കെടുക്കേണ്ടതാണ്. ക്ലാസ്സ് ദിവസങ്ങളിൽ താമസം, ഭക്ഷണം തുടങ്ങിയ ക്രമീകരണങ്ങൾ ആവശ്യമുള്ളവർ മുൻകൂട്ടി അറിയിക്കുമല്ലോ. ക്ലാസ്സുകളുടെ ടൈംടേബിൾ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതാണ്.

## 7. ല്യൂമെൻ എക്ലേസിയ പരീക്ഷ

ല്യൂമെൻ എക്ലേസിയ - ദൈവശാസ്ത്രബിരുദ കോഴ്സിന്റെ തിരുസഭാചരിത്രം എന്ന വിഷയത്തിന്റെ പരീക്ഷ മാർച്ച് 12-ാം തീയതി ഞായറാഴ്ച 2.30 മുതൽ 4.30 വരെ ഫൊറോനാ കേന്ദ്രങ്ങളിൽവച്ച് നടത്തപ്പെടുന്നതാണ്.

## 8. ല്യൂമെൻ എക്ലേസിയ പരീക്ഷാക്രമം

| | | |
|---|---|---|
| തിരുസഭാ ചരിത്രം | - | മാർച്ച് 12 |
| ബൈബിൾ വ്യാഖ്യാനശാസ്ത്രം | - | മാർച്ച് 26 |
| കാനൻ നിയമം | - | ഏപ്രിൽ 2 |

## 9. ശാലോം ദൈവശാസ്ത്രക്ലാസ്സുകൾ

ശാലോം ടെലിവിഷനിലൂടെ സംപ്രേഷണം ചെയ്യുന്ന ദൈവശാസ്ത്ര ക്ലാസ്സുകളിൽ BTh, MTh കോഴ്സുകളുടെ പാഠഭാഗങ്ങൾ സമഗ്രമായി വിശകലനം ചെയ്യുന്നതാണ്. കോൺടാക്ടുക്ലാസ്സുകളിൽ സംക്ഷിപ്തമായി മാത്രം ലഭിക്കുന്ന വ്യാഖ്യാനങ്ങൾ വിശദമായി ലഭിക്കുന്നത് ശാലോം ടെലിവിഷൻ ക്ലാസ്സുകളിലൂടെയാണ്. ഈ ക്ലാസ്സുകൾ ടെലിവിഷനിൽ സംപ്രേഷണം ചെയ്യുന്ന സമയക്രമം ചുവടെ ചേർക്കുന്നു.

| മാർച്ച് | | | |
|---|---|---|---|
| വെള്ളി | 3,10,17,24,31 | രാവിലെ 8.00 | ദൈവശാസ്ത്രബിരുദം |
| ശനി | 4,11,18,25 | രാത്രി 12.00 | ദൈവശാസ്ത്രബിരുദം (ഗൾഫ് എഡിഷൻ) |
| ഞായർ | 5,12,19,26 | രാത്രി 7.30 | ദൈവശാസ്ത്രബിരുദാനന്തരബിരുദം |
| ബുധൻ | 1,8,15,22,29 | രാത്രി 11.30 | ദൈവശാസ്ത്ര ബിരുദാനന്തരബിരുദം (ഗൾഫ് എഡിഷൻ) |
| **ആവർത്തനം** | | | |
| ബുധൻ | ഉച്ച -2.30 | - | ദൈവശാസ്ത്ര ബിരുദാനന്തരബിരുദം |

## 10. സ്കൈപ്പ് നെറ്റുവഴിയുള്ള ക്ലാസ്സുകൾ

ആൽഫാ ഇൻസ്റ്റിറ്റ്യൂട്ട് പ്രതിവാരം മൂന്നു ക്ലാസ്സുകൾവീതം സ്കൈപ്പ്

നെറ്റിലൂടെ സംപ്രേഷണം ചെയ്യുന്നുണ്ട്. ലോകത്തിന്റെ ഏതുഭാഗത്തുള്ള പഠിതാക്കൾക്കും ഈ തൽസമയക്ലാസ്സുകളിൽ പങ്കെടുക്കാവുന്നതാണ്. ക്ലാസ്സുകളിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ ഇന്റർനെറ്റ് സൗകര്യവും സ്കൈപ്പ് അക്കൗണ്ടും ക്രമീകരിച്ചശേഷം Alpha Thalassery എന്ന അക്കൗണ്ടിൽ ലോഗിൻ ചെയ്യുക. ആൽഫാ ഓഫീസിൽ മുൻകൂട്ടി അറിയിച്ചാൽ ഇതിനുള്ള ക്രമീകരണം ചെയ്തുതരുന്നതാണ്. ഈ മാസത്തെ സ്കൈപ്പു നെറ്റുക്ലാസ്സുകളുടെ സമയക്രമം ചുവടെ ചേർക്കുന്നു.

| | |
|---|---|
| മാർച്ച് 5,12,19,26 (ഞായർ) | 21.00 - 22.00 (09.00 10.00 pm) |
| മാർച്ച് 7,14,21,28 (ചൊവ്വ) | 21.00 - 22.00 (09.00 10.00 pm) |
| മാർച്ച് 3,10,17,24,31 (വെള്ളി) | 21.00 - 22.00 (09.00 10.00 pm) |

വിദേശത്തുള്ള പഠിതാക്കളെ ലക്ഷ്യമാക്കിനടത്തുന്ന ഈ ക്ലാസ്സുകളിൽ സ്വദേശികൾക്കും പങ്കെടുക്കാവുന്നതാണ്. സ്കൈപ്പുവഴിയുള്ള നാലു ക്ലാസ്സുകളിൽ പങ്കെടുക്കുന്നവർക്ക് ഒരു കോൺടാക്ട്ക്ലാസ്സിന് തുല്യമായ മാർക്ക് ലഭിക്കുന്നതാണ്.

## 11. ആൽഫാ ഇൻസ്റ്റിറ്റ്യൂട്ട് സന്ദർശനം

ഫ്രാൻസിൽ നിന്നുള്ള L'oeuvre d'Orient എന്ന പൗരസ്ത്യ സഭകളെ സഹായിക്കുന്ന കത്തോലിക്കാ സംഘടന ഫെബ്രുവരി 16,17 തിയതികളിൽ ആൽഫാ ഇൻസ്റ്റിറ്റ്യൂട്ട് സന്ദർശിക്കുകയും സഹായങ്ങൾ വാഗ്ദാനം ചെയ്യുകയും ചെയ്തു. ഡൊമനിക് ബ്ലെറ്ററി, ഇസബെൽ ബ്ലെറ്ററി എന്നീ വ്യക്തികളാണ് ഇൻസ്റ്റിറ്റ്യൂട്ട് സന്ദർശിച്ചത്. ദൈവശാസ്ത്ര പഠനത്തിന്റെ പ്രാധാന്യവും അത് പൊതുജനവത്കരിക്കുന്നതിന്റെ ആവശ്യകതയും അവർ ഊന്നിപറഞ്ഞു.

## 12. ല്യൂമെൻ എക്ലേസിയ-ബിരുദ പ്രബന്ധം

2014 ബാച്ചിലുള്ള ദൈവശാസ്ത്ര വിദ്യാർത്ഥികൾക്ക് ഈ വർഷം അവരുടെ ബിരുദപഠനം തീരുകയാണ്. ബിരുദപഠനത്തിന്റെ അവസാനമായി എഴുതേണ്ട പ്രബന്ധത്തെക്കുറിച്ച് പ്രത്യേകം ഓർമ്മിപ്പിക്കുന്നു. 40 പേജിൽ കുറയാതെ ഒരു ദൈവശാസ്ത്രവിഷയത്തിലാണ് പ്രബന്ധം തയ്യാറാക്കേണ്ടത്. ഈ വർഷത്തെ ബിരുദദാനചടങ്ങ് ഏപ്രിൽ 29-ാം തീയതി നടത്തപ്പെടുന്നതാണ്. ആയതിനാൽ ഏപ്രിൽ 10ന് മുമ്പായി പ്രബന്ധങ്ങൾ ആൽഫാ ഓഫീസിൽ എത്തിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

സ്നേഹപൂർവ്വം,

**ഡയറക്ടർ**

# സെമിനാരി വാർത്തകൾ

- അവധിക്കാലത്ത് മേജർ സെമിനാരിക്കാരുടെ സേവനം - ധ്യാനം, ക്ലാസ്സുകൾ, സെമിനാറുകൾ, ആത്മസ്ഥിതി തയ്യാറാക്കൽ, ആവശ്യ മുള്ളവർ മൈനർ സെമിനാരിയുമായി ബന്ധപ്പെടുക.
- മാർച്ച് 17 മുതൽ 20 വരെ നമ്മുടെ മേജർ സെമിനാരികാർക്കായി ട്രെയിനിംങ്ങ് പ്രോഗ്രാം സന്ദേശഭവനിൽ വച്ചു നടത്തുന്നു.
- ഈ വർഷത്തെ ഡീക്കൻപട്ടവും ചെറുപട്ടങ്ങളും മാർച്ച് 21-ാം തീയതി കത്തീഡ്രൽ ദൈവാലയത്തിൽവച്ച് രാവിലെ 6.30ന് നല്കുന്നു.
- ഇക്കൊല്ലത്തെ മേജർ സെമിനാരിക്കാരുടെ കൂട്ടായ്മ ഏപ്രിൽ 20 മുതൽ 22 വരെ തലശ്ശേരി മൈനർ സെമിനാരിയിൽവച്ച് നടത്തുന്നു.
- അടുത്ത അധ്യായന വർഷത്തിൽ റീജൻസിക്കാരുടെ സേവനം ആവശ്യമുള്ളവർ മാർച്ച് 31ന് മുമ്പായി അറിയിക്കുക.
- ഡീക്കന്മാരുടെയും അവരുടെ മാതാപിതാക്കളുടെയും അഭിവന്ദ്യ പിതാവുമൊത്തുള്ള യോഗം മെയ് 15-ാം തീയതിയായിരിക്കും.
- ഈ വർഷത്തെ നമ്മുടെ റീജൻസിക്കാരുടെ വെസ്റ്റീഷൻ ഏപ്രിൽ 24-ാം തീയതി നടത്തുന്നു.

## ദൈവവിളി ക്യാമ്പുകൾ

2017-18 വർഷത്തെ ദൈവവിളി ക്യാമ്പുകൾ ഏപ്രിൽ 9,10,11,12 (ഓശാന ഞായർ മുതൽ പെസഹാ ബുധൻ വരെ) തീയതികളിൽ വിവിധ കേന്ദ്രങ്ങളിലായി നടത്തുന്നു. ഈ വർഷത്തെ പ്രത്യേക സാഹചര്യങ്ങൾകൊണ്ടാണ് വലിയ ആഴ്ചയിൽ ക്യാമ്പുകൾ ക്രമീകരിക്കേണ്ടിവന്നത്. എല്ലാ വൈദികരും സഹകരിക്കണമെന്ന് വിനീതമായി അഭ്യർത്ഥിക്കുന്നു. മിടുക്കരായ വിദ്യാർത്ഥികളെ നമ്മുടെ മൈനർ സെമിനാരിയിലേക്ക് പറഞ്ഞുവിടുവാൻ പ്രത്യേകം ശ്രദ്ധിക്കുമല്ലോ.

## വൊക്കേഷൻ ക്യാമ്പുകൾ

1. റീജണൽ വൊക്കേഷൻ ക്യാമ്പുകൾ : ഏപ്രിൽ 9,10,11,12
2. സെലക്ഷൻ ക്യാമ്പ് : ഏപ്രിൽ 16, 17,18,19
3. ജീവിതദർശനക്യാമ്പ് (പെൺകുട്ടികൾക്ക്) : ഏപ്രിൽ 26,27,28,29

## റീജനൽ വൊക്കേഷൻ ക്യാമ്പുകളുടെ സ്ഥലങ്ങൾ

| ആൺകുട്ടികൾക്ക് | സ്ഥലം |
|---|---|
| പടന്നക്കാട് | കാഞ്ഞങ്ങാട്, പനത്തടി, വെള്ളരിക്കുണ്ട്, തോമാപുരം |
| പുളിങ്ങോം | ചെറുപുഴ, മേരിഗിരി, ആലക്കോട്, വായാട്ടുപറമ്പ |
| സന്ദേശഭവൻ | ചെമ്പംതൊട്ടി, ചെമ്പേരി, പൈസക്കരി, തളിപ്പറമ്പ് |
| കുന്നോത്ത് | എടൂർ, നെല്ലിക്കാംപൊയിൽ, പേരാവൂർ, കുന്നോത്ത് |
| **പെൺകുട്ടികൾ** | |
| മദർ ഹോം പരിയാരം | എല്ലാ ഫൊറോനകളിലെയും പെൺകുട്ടികൾക്ക് |

## പ്രത്യേക ശ്രദ്ധയ്ക്ക്

1. റീജണൽ വൊക്കേഷൻ ക്യാമ്പുകൾ ഏപ്രിൽ 9ന് ഉച്ചകഴിഞ്ഞ് 4 മണിക്ക് ആരംഭിക്കുന്നു.
2. ബഹു. വികാരിയച്ചന്മാർ കുട്ടികൾക്ക് കത്ത് കൊടുത്തുവിടണം. നമ്മുടെ അതിരൂപതയിലേക്ക് സെലക്ട് ചെയ്യുവാൻ ഉദ്ദേശിക്കുന്ന കുട്ടികളുടെ പേരുകൾ പ്രത്യേകം സൂചിപ്പിക്കണം.
3. ക്യാമ്പ് ഫീസ് 500 രൂപയായിരിക്കും
4. ബഹുമാനപ്പെട്ട വൊക്കേഷൻ പ്രമോട്ടേഴ്സിന് ക്യാമ്പുകൾ സന്ദർശിക്കുവാനുള്ള സമയം 12-ാം തീയതി രാവിലെ 8 മുതൽ ഉച്ചക്ക് 12 മണി വരെയായിരിക്കും.
5. ക്യാമ്പുകൾ അവസാനിക്കുന്നത് 12-ാം തീയതി ഉച്ചകഴിഞ്ഞ് 2.30 നായിരിക്കും.
6. മൈനർ സെമിനാരിയിലേക്കുള്ള സെലക്ഷൻ ക്യാമ്പിന് പ്രത്യേകം ഫീസ് ഉണ്ടായിരിക്കില്ല.
7. സെലക്ഷൻ ക്യാമ്പ് ഏപ്രിൽ 16ന് 4 മണിക്ക് ആരംഭിച്ച് 19-ാം തീയതി ബുധനാഴ്ച രാവിലെ 10 മണിയോടെ അവസാനിക്കും.
8. ജീവിത ദർശന ക്യാമ്പ്-പെൺകുട്ടികൾക്ക് ( Std. VII, VIII& IX) ഏപ്രിൽ 26-29 വരെ തലശ്ശേരിയിൽവച്ച് നടത്തുന്നു. ക്യാമ്പ് ഫീസ് 350 രൂപ ആയിരിക്കും.

സ്നേഹപൂർവ്വം,

**ഫാ. ജോസഫ് വയലുങ്കൽ**
വൊക്കേഷൻ പ്രൊമോട്ടർ

**ഫാ. മാത്യു തെക്കേമുറിയിൽ**
റെക്ടർ

# ചെറുപുഷ്പ മിഷൻലീഗ്

സ്നേഹ ബഹു. അച്ചാ, വൈസ്ഡയറക്ടർ സിസ്റ്റേഴ്സ്, കുഞ്ഞുമിഷനറിമാരെ,

കുരിശില്ലാതെ കിരീടമില്ല. സഹനത്തിന്റെ വഴികളിലൂടെ മുന്നേറിയാലേ സ്വർഗ്ഗീയ തുറമുഖത്ത് എത്തിച്ചേരാൻ നമുക്ക് സാധിക്കൂ. ഈശോയുടെ പീഡാനുഭവത്തെയും മരണത്തെയും ധ്യാനിച്ച് ഉത്ഥാനാനുഭവത്തിലേക്ക് നമ്മെ നയിക്കുന്ന നോമ്പുകാലത്തിലേക്ക് നാം പ്രവേശിച്ചിരിക്കുന്ന ഈ ദിനങ്ങളിൽ നമ്മുടെ നോമ്പാചരണങ്ങളും ഉപവാസവും പരിത്യാഗങ്ങളുമൊക്കെ മറ്റുള്ളവരിൽ ക്രൂശിതനായ ഈശോയെ കാണുവാൻ, അവരെ സ്നേഹിക്കുവാനും സഹായിക്കുവാനും അങ്ങനെ വിശുദ്ധിയിൽ മുന്നേറുവാനും നമുക്ക് പരിശ്രമിക്കാം.

അനുസ്മരിക്കുന്ന തിരുനാൾ : വി. യൗസേപ്പിതാവിന്റെ തിരുനാൾ

അനുസ്മരിക്കുന്ന വിശുദ്ധൻ : വി. യൗസേപ്പിതാവ്

പ്രാർത്ഥനാനിയോഗം : കുടുംബവിശുദ്ധീകരണം

കാരുണ്യപ്രവൃത്തി : ദാഹിക്കുന്നവർക്ക് കുടിക്കാൻ കൊടുക്കുക

സുകൃതജപം : വി. യൗസേപ്പിതാവേ, കുടുംബങ്ങൾക്ക് കാവലായിരിക്കണമേ

## വൈസ് ഡയറക്ടേഴ്സ് മീറ്റിംഗ്

2017 ജനുവരി 26-ാം തീയതി തളിപ്പറമ്പിൽവച്ച് നടന്ന അതിരൂപതാതല വൈസ് ഡയറക്ടേഴ്സ് സംഗമം റവ. ഡോ. ജോർജ് കൊല്ലക്കൊമ്പിൽ ഉദ്ഘാടനം ചെയ്തു. രാവിലെ 9.15ന് വി. കുർബാനയോടെ ആരംഭിച്ച മീറ്റിംഗിൽ അതിരൂപതാ പ്രസിഡന്റ് ശ്രീ. ബേബി പ്ലാശ്ശേരി അദ്ധ്യക്ഷത വഹിച്ചു. 2016-17 പ്രവർത്തനവർഷത്തെക്കുറിച്ചുള്ള വിലയിരുത്തലും വിവിധ മത്സരവിജയികൾക്കുള്ള സമ്മാനങ്ങളും വിതരണം ചെയ്തു. അതിരൂപത ഡയറക്ടർ ഫാ. ഫ്രാൻസിസ് മേച്ചിറാകത്ത്, തളിപ്പറമ്പ് ശാഖ അസി. ഡയറക്ടർ ഫാ. പോൾ കണ്ടത്തിൽ, വായാട്ടുപറമ്പ് മേഖല വൈസ് ഡയറക്ടർ സി. റോസ്ന ഫ്രാൻസിസ് എസ്.എച്ച്. തുടങ്ങിയവർ ആശംസകളർപ്പിച്ച് സംസാരിച്ചു.

മിഷൻ പച്ചക്കറിത്തോട്ടം മത്സരത്തിൽ സമ്മാനാർഹരായ ശാഖകൾക്കുള്ള സമ്മാനങ്ങളും ക്യാഷ് അവാർഡുകളും, ടെലിക്വിസ്, ടീംക്വിസ്, കാരുണ്യവർഷ ആൽബം, സുവർണ്ണജൂബിലി സ്മാരക പ്രബന്ധരചനാമത്സരം തുടങ്ങിയവയുടെ സമ്മാനങ്ങളും ഫാ. ഫ്രാൻസിസ് മേച്ചിറാകത്ത്, ഫാ. ജോർജ് കൊല്ലക്കൊമ്പിൽ എന്നിവർ ചേർന്ന് വിതരണം ചെയ്തു.

മീറ്റിംഗിൽ സംബന്ധിച്ച എല്ലാ വൈസ് ഡയറക്ടേഴ്സിന്റെയും സമ്മാനങ്ങൾ നൽകി ആദരിച്ചു. ഉച്ചഭക്ഷണത്തോടെ മീറ്റിംഗ് അവസാനിച്ചു. മീറ്റിംഗിന്റെ വിജയത്തിനായി എല്ലാ സഹായസഹകരണങ്ങളും ചെയ്തു തന്ന തളിപ്പറമ്പ് ഫൊറോന വികാരി ഫാ. ജോസ് മഞ്ചപ്പള്ളി, ഫാ. പോൾ കണ്ടത്തിൽ, ശാഖാ വൈസ് ഡയറക്ടർ സി. മേഴ്സിലിൻ എഫ്സിസി എന്നിവർക്ക് അതിരൂപതാ കുടുംബത്തിന്റെ നന്ദി.

## ടീം ക്വിസ്സ് മത്സര വിജയികൾ

2017 ജനുവരി 26-ാം തീയതി തളിപ്പറമ്പിൽവച്ച് നടന്ന ടീം ക്വിസ് മത്സരത്തിൽ 15 മേഖലകളിൽനിന്നായി 90 കുട്ടികൾ പങ്കെടുത്തു. 182½ പോയിന്റോടെ എടൂർ മേഖല ഒന്നാംസ്ഥാനം കരസ്ഥമാക്കി. 161, 152½ പോയിന്റുകളോടെ നെല്ലിക്കാംപൊയിൽ, പനത്തടി മേഖലകൾ രണ്ടും മൂന്നും സ്ഥാനങ്ങൾ കരസ്ഥമാക്കി. ചെടിക്കുളം ശാഖയിലെ മരിയ പാലയ്ക്കൽ ഏറ്റവും കൂടുതൽ പോയിന്റ് നേടി വ്യക്തിഗതസമ്മാനം നേടി. വിജയികൾക്ക് അഭിനന്ദനങ്ങൾ.

## നവവൈദികരെ ആദരിച്ചു

ചെറുപുഷ്പ മിഷൻലീഗ് അതിരൂപതാഭാരവാഹികളുടെ നേതൃത്വത്തിൽ ഈ വർഷം വൈദികപട്ടം സ്വീകരിച്ച നവവൈദികരെ ആദരിച്ച് സമ്മാനങ്ങൾ നൽകി.

## മിഷൻ മെഡിക്കൽ

തലശ്ശേരി സാൻജോസ് ഹോസ്പിറ്റലിന്റെയും അങ്ങാടിക്കടവ് ശാഖയുടെയും സഹകരണത്തോടെ മിഷൻലീഗിന്റെ നേതൃത്വത്തിൽ കർണ്ണാടക മിഷനിലേക്ക് ഒരു ലക്ഷം രൂപയുടെ മരുന്ന് നൽകി സഹായിച്ചു. അങ്ങാടിക്കടവ് ശാഖാ ഡയറക്ടർ ഫാ. തോമസ് മുണ്ടമറ്റത്തിൽ അച്ചന്റെ നേതൃത്വത്തിലാണ് മരുന്നുകൾ കർണ്ണാടക മിഷൻ ഗ്രാമങ്ങളിൽ എത്തിച്ചത്. ബഹു. തോമസ് മുണ്ടമറ്റത്തിൽ അച്ചനും മരുന്നുകൾ സ്പോൺസർ ചെയ്ത ജോസ്ഗിരി ഹോസ്പിറ്റലിലെ സിസ്റ്റേഴ്സിനും അതിരൂപതാ കുടുംബത്തിന്റെ നന്ദി.

## ഓർഗനൈസിംഗ് ടീം മീറ്റിംഗ്

മിഷൻലീഗിന്റെ നേതൃത്വത്തിൽ അതിരൂപതാതല ഓർഗനൈസിംഗ് ടീമിലെ അംഗങ്ങളുടെ മീറ്റിംഗ് 2017 ജനുവരി 26-ാം തീയതി ഉച്ചകഴിഞ്ഞ് 2 മണി മുതൽ 4 മണി വരെ തളിപ്പറമ്പ് ഫൊറോന പള്ളി ഓഡിറ്റോറിയത്തിൽ വച്ച് നടന്നു. അതിരൂപത പ്രസിഡന്റ് ശ്രീ. ബേബി പ്ലാശ്ശേരി അദ്ധ്യക്ഷത വഹിച്ച മീറ്റിംഗ് അതിരൂപത ഡയറക്ടർ ഫാ. ഫ്രാൻസിസ് മേച്ചിറാകത്ത് ഉദ്ഘാടനം ചെയ്തു. കുട്ടികൾ ഇന്ന് നേരിടുന്ന പ്രധാന പ്രശ്നങ്ങൾ, 12-ാം ക്ലാസ് പഠനം പൂർത്തിയാക്കി ഉപരിപഠനത്തിനായി പോകുമ്പോൾ

കുട്ടികൾക്കിടയിലുണ്ടാകുന്ന പ്രധാനപ്രശ്നങ്ങൾ, അവയുടെ കാരണങ്ങൾ തുടങ്ങിയവയെല്ലാം മീറ്റിംഗിൽ ചർച്ച ചെയ്തു. ശാഖകൾ കേന്ദ്രീകരിച്ച് കുട്ടികൾക്ക് ബോധവത്ക്കരണ ക്ലാസ്സുകൾ, സെമിനാറുകൾ എന്നിവ നടത്തുവാൻ മീറ്റിംഗിൽ തീരുമാനിച്ചു. 20 പേർ മീറ്റിംഗിൽ പങ്കെടുത്തു.

## എം.റ്റി.സി. ക്യാമ്പ്, തീർത്ഥയാത്ര

ഈ വർഷത്തെ അതിരൂപതാതല എം.റ്റി.സി. ക്യാമ്പ് ഏപ്രിൽ 21 മുതൽ 24 വരെ പൊട്ടംപ്ലാവ് ശാഖയിൽവച്ച് നടത്തപ്പെടുന്നു. മേഖലാതല ക്യാമ്പിലൂടെ തെരഞ്ഞെടുക്കപ്പെടുന്ന മൂന്ന് ആൺകുട്ടികളും മൂന്ന് പെൺകുട്ടികളുമാണ് അതിരൂപതാതല ക്യാമ്പിൽ പങ്കെടുക്കേണ്ടത്. ക്യാമ്പ് നടത്താത്ത മേഖലകളിൽനിന്നുള്ള കുട്ടികൾക്ക് അതിരൂപതാതല ക്യാമ്പിൽ പങ്കെടുക്കാൻ സാധിക്കുന്നതല്ല എന്ന് പ്രത്യേകം ഓർമ്മിപ്പിക്കുന്നു. അതിരൂപതാതല ക്യാമ്പിൽനിന്നും തെരഞ്ഞെടുക്കപ്പെടുന്ന കുട്ടികൾക്കായി സാംഗ്ലി മിഷനിലേയ്ക്കുള്ള തീർത്ഥയാത്രയും ഉണ്ടായിരിക്കുന്നതാണ്.

## ഏയ്ഞ്ചൽസ് മീറ്റ്

ഈ വർഷം ആദ്യകുർബാന സ്വീകരിച്ച കുട്ടികളെ മേഖലാതലത്തിൽ ഒരുമിച്ചുകൂട്ടി അഭിനന്ദിക്കുകയും ചെറുപുഷ്പ മിഷൻലീഗ് സംഘടനയിലേയ്ക്കുള്ള ഔദ്യോഗിക പ്രവേശനം നൽകുകയും ചെയ്യുന്നതിനായി എല്ലാ മേഖലകളിലും ഏയ്ഞ്ചൽസ് മീറ്റ് നടത്തുവാൻ ബഹു. മേഖലാ ഡയറക്ടർ അച്ചന്മാർ ശ്രദ്ധിക്കുമല്ലോ.

## പരീക്ഷാ വിജയത്തിനായി മദ്ധ്യസ്ഥ പ്രാർത്ഥന

ഈ വർഷം 10-ാം ക്ലാസ്സ്, പ്ലസ് ടു പരീക്ഷ എഴുതുന്ന എല്ലാ മിഷൻലീഗ് അംഗങ്ങളെയും നമ്മുടെ പ്രാർത്ഥനവഴി ശക്തിപ്പെടുത്താം. ഓരോ ശാഖയിലും പരീക്ഷ എഴുതുന്ന കുട്ടികളുടെ പേരും പരീക്ഷാ ടൈംടേബിളും ശാഖയിലെ മറ്റ് കുട്ടികൾക്ക് നൽകി മദ്ധ്യസ്ഥ പ്രാർത്ഥന നടത്തുവാനും ദിവ്യബലിയിലും ആരാധനയിലും സന്ധ്യാപ്രാർത്ഥനയിലും ഇവർക്കായി പ്രത്യേകം പ്രാർത്ഥിക്കുവാനും ഓർമ്മിപ്പിക്കുമല്ലോ.

## ശാഖാ - മേഖല ഇലക്ഷൻ

ചെറുപുഷ്പമിഷൻലീഗിന്റെ 2017-18 വർഷത്തേയ്ക്കുള്ള ശാഖാ ഭാരവാഹികളുടെയും 2017-19 വർഷത്തേയ്ക്കുള്ള മേഖലാ ഭാരവാഹികളുടെയും തെരഞ്ഞെടുപ്പ് വിശ്വാസോത്സവത്തോടനുബന്ധിച്ചുള്ള ദിവസങ്ങളിൽ നടത്തി പേര് ഓഫീസിൽ എത്തിക്കുവാൻ ശ്രദ്ധിക്കുമല്ലോ.

## മിഷൻ ടൈംസ് -2017

ഭവനങ്ങളിൽ സമയം അറിയുന്നതോടൊപ്പം വചനം കേൾക്കുവാനും ഓരോ മണിക്കൂറും ദൈവവചനം അനുസ്മരിക്കുന്നതിനും നമ്മിൽ

ദൈവവിചാരം ഉണർത്തുന്നതിനും സഹായിക്കുന്ന മിഷൻ ടൈംസ് 2017 എന്ന വേൾഡ് ടൈം ഡിജിറ്റൽ ക്ലോക്ക് മിഷൻലീഗിന്റെ നേതൃത്വത്തിൽ വിതരണം ചെയ്യുന്നു. 2400 രൂപ മുഖവിലയുള്ള ഈ ക്ലോക്ക് 2000 രൂപയ്ക്ക് നൽകുന്നതാണ്. 20 ക്ലോക്ക് വീതം വാങ്ങുന്ന ശാഖകൾക്ക് ഓരോ ക്ലോക്ക് ഫ്രീയായും ലഭിക്കുന്നു. ഒരു വർഷത്തെ വാറന്റിയും ഉണ്ടായിരിക്കുന്നതാണ്. ക്ലോക്കുകൾ ആവശ്യമുള്ളവർ അതിരൂപതാ മിഷൻലീഗ് ഓഫീസുമായി ബന്ധപ്പെടുമല്ലോ.

## പരീക്ഷ ഒരുക്കധ്യാനം

10, +2 ക്ലാസ്സുകളിലെ കുട്ടികൾക്കായി അതിരൂപതാ ഡയറക്ടർ ഫാ. ഫ്രാൻസിസ് മേച്ചിറാകത്തിന്റെ നേതൃത്വത്തിൽ 2017 ഫെബ്രു. 10,11 തീയതികളിൽ മദർഹോമിൽവച്ചും ഫെബ്രു. 4,5 തീയതികളിൽ എടത്തൊട്ടി യിൽവച്ചും നടത്തിയ പരീക്ഷ ഒരുക്കധ്യാനത്തിൽ 300ൽ അധികം കുട്ടികൾ പങ്കെടുത്തു.

## വിമൽജ്യോതി ആക്രമണത്തിനെതിരെ പ്രതിഷേധം

ചെമ്പേരി വിമൽജ്യോതി എഞ്ചിനിയറിംഗ് കോളേജിനെതിരെ നടത്തിയ ആക്രമണത്തിൽ ചെറുപുഷ്പമിഷൻലീഗ് അതിരൂപതാ ഭാരവാഹികൾ പ്രതിഷേധിക്കുകയും പ്രതിഷേധയോഗത്തിലും റാലിയിലും പങ്കെടുക്കുകയും ചെയ്തു.

## മേജർസെമിനാരി ബ്രദേഴ്സ്സിന്റെ ധ്യാനങ്ങൾ

മേജർ സെമിനാരി ബ്രദേഴ്സിന്റെ നേതൃത്വത്തിൽ ഇടവകകളിൽ അവധിക്കാലത്ത് കുട്ടികൾക്കായി ധ്യാനങ്ങൾ നടത്തുവാൻ ബ്രദേഴ്സ്സിന്റെ ടീം ഒരുങ്ങിയിട്ടുണ്ട്. മാർച്ച് 17-20 വരെ ബ്രദേഴ്സിനായി ഒരുക്കിയിരിക്കുന്ന ക്രിസ്റ്റീൻ ധ്യാനപരിശീലന ക്യാമ്പിൽ പങ്കെടുക്കന്ന ബ്രദേഴ്സ്സാണ് ഇടവകകളിൽ ധ്യാനം നയിക്കുവാൻ വരുന്നത്. കുട്ടികളുടെ ജീവിത വിശുദ്ധീകരണത്തിനും വ്യക്തിത്വ വികസനത്തിനും ഉപകരിക്കുന്ന ഈ ധ്യാനം നമ്മുടെ എല്ലാ ഇടവകകളിലും നടത്തുന്നത് കുട്ടികൾക്ക് ഉപകാരപ്രദവും ബഹു. ബ്രദേഴ്സ്സിന് പ്രോത്സാഹനവും ആയിരിക്കും. ബഹു. വികാരിഅച്ചന്മാർ ഇതിൽ താത്പര്യമെടുക്കുവാൻ ശ്രദ്ധിക്കുമല്ലോ. ഏപ്രിൽ 25 മുതൽ ധ്യാനം നടത്താൻ ബ്രദേഴ്സ്സിന്റെ ടീം തയ്യാറായിരിക്കും. താഴെപറയുന്ന നമ്പരിൽ വിളിച്ച് ധ്യാനം ബുക്ക് ചെയ്യുമല്ലോ.

9947081543, 9961370298, 04902325516.

## അവധിക്കാലധ്യാനങ്ങൾ

5 മുതൽ 10 വരെ ക്ലാസ്സുകളിലെ കുട്ടികൾക്കായി മിഷൻലീഗ് അതിരൂപതാ ഡയറക്ടർ ഫാ. ഫ്രാൻസീസ് മേച്ചിറാകത്തിന്റെ നേതൃത്വ ത്തിൽ ഏപ്രിൽ 18-21 തീയതികളിൽ മദർഹോമിൽവച്ചും മാർച്ച് 24-26

തീയതികളിൽ പടന്നക്കാട് പാസ്റ്ററൽ സെന്ററിൽവച്ചും ധ്യാനങ്ങൾ നടക്കുന്നു. 500 രൂപയാണ് ഫീസ്. ആരംഭദിവസം രാവിലെ 10 മണി മുതൽ അവസാനിക്കുന്ന ദിവസം ഉച്ചഭക്ഷണത്തോടെ ധ്യാനം സമാപിക്കുന്നതു മായിരിക്കും.

## പ്രയർ ബാങ്ക്

കാരുണ്യവർഷത്തോടനുബന്ധിച്ച് കിളിയന്തറ, ശാന്തിഗിരി ശാഖ യിലെ കുട്ടികളുടെ മാതാപിതാക്കൾ ലോകം മുഴുവനിലുമുള്ള കുട്ടി കൾക്കായി സമർപ്പിച്ച പ്രാർത്ഥനകളും സുകൃതങ്ങളും.

| വി. കുർബാന | ജപമാല | സുകൃതജപം | ഉപവാസം | ആശയടക്കം |
|---|---|---|---|---|
| 475 | 1120 | 440200 | 85 | 158 |

## ശാഖാ - മേഖലാ വാർത്തകൾ

* പൈസക്കരി മേഖലയിലെ എം.റ്റി.സി. കുട്ടികൾക്കായി പാലാ - ഭരണങ്ങാനം എന്നിവിടങ്ങളിലേയ്ക്ക് തീർത്ഥയാത്ര നടത്തി.
* പൈസക്കരി മേഖലയുടെ നേതൃത്വത്തിൽ കൃഷി ചെയ്ത മിഷൻ പച്ചക്കറി തോട്ടത്തിൽനിന്നും വിളവെടുപ്പ് നടത്തി ലഭിച്ച പച്ചക്കറികൾ ഏറ്റുപാറ കേളനിയിലെ കുടുംബങ്ങളിൽ വിതരണം ചെയ്തു.

## ശാഖാ - മേഖലാ സന്ദർശനങ്ങൾ - സെമിനാറുകൾ

അതിരൂപതാ ഡയറക്ടർ ഫാ. ഫ്രാൻസിസ് മേച്ചിറാകത്ത് 2017 ഫെബ്രു. 12-ാം തീയതി കാഞ്ഞിരടുക്കം ശാഖ സന്ദർശിക്കുകയും പുഞ്ചിരി ശാഖാ ശാക്തീകരണ സെമിനാർ നയിക്കുകയും ചെയ്തു.

അതിരൂപതാ പ്രസിഡന്റ് ശ്രീ. ബേബി പ്ലാശ്ശേരി തേർമല ശാഖയിലും മാണി കണിയാരോലിക്കൽ - ആടാംപാറ, പാടാംകവല, ചന്ദനക്കാംപാറ, ജോസ്മൗണ്ട്, വെമ്പുവ എന്നീ ശാഖകളിലും ജെറിൻ ചേമ്പാലക്കുന്നേൽ - അരീക്കമല, രത്നഗിരി ശാഖകളിലും സന്ദർശനം നടത്തി.

## സാംഗ്ലീമിഷനിലെ എയ്ഡ്സ് രോഗികളായ കുട്ടികളെ സഹായിക്കുവാനായി സംഭാവന നൽകിയവർ

തലശ്ശേരി - 11,200
ശാന്തിഗിരി - 6,000
വെള്ളരിക്കുണ്ട് - 5,000
ചെറുപാറ - 4,670
ചെമ്പന്തൊട്ടി - 3,000
കോലുവള്ളി - 3,000
പൈസക്കരി മേഖല - 3,000
വിളമന - 3,000
കൊളക്കാട് - 2,500
വെമ്പുവ - 2,450
വെള്ളാട് - 2,400
ശ്രീകണ്ഠാപുരം - 2,000
കോട്ടൂർവയൽ - 2,000
ചെറുപുഴ - 2,000
പുളിങ്ങോം - 2,000
കുന്നുംകൈ - 1,670

| | | | |
|---|---|---|---|
| ഓടന്തോട് | – 1,500 | പൊട്ടംപ്ലാവ് | – 500 |
| കരുണാപുരം | – 1,200 | കോഴിച്ചാൽ | – 500 |
| കുന്നോത്ത് | – 1,000 | കമ്പല്ലൂർ | – 500 |
| രാജഗിരി | – 1,000 | ആര്യപ്പറമ്പ് | – 500 |
| ഏറ്റുപാറ | – 1,000 | ചെടിക്കുളം | – 500 |
| പെരുമ്പുന്ന | – 1,000 | പെരിങ്കരി | – 500 |
| കനകപ്പള്ളി | – 1,000 | വെണ്ണക്കല്ല് | – 500 |
| കരുവഞ്ചാൽ | – 1,000 | മേരിപുരം | – 500 |
| ചായ്യോത്ത് | – 1,000 | ആനറ | – 500 |
| കാഞ്ഞിരക്കൊല്ലി | – 1,000 | വരക്കാട് | – 500 |
| തേർമല | – 1,000 | കാലാങ്കി | – 500 |
| അരീക്കമല | – 1,000 | കോടോപ്പള്ളി | – 500 |
| അടോട്ടുകയ | – 1,000 | വിജയഗിരി | – 350 |
| പാലാവയൽ | – 750 | വിമലഗിരി | – 330 |
| പാടിയോട്ടുചാൽ | – 700 | നെല്ലിപ്പാറ | – 300 |
| ബളാൽ | – 500 | നെല്ലിയടുക്കം | – 300 |
| കുട്ടാപറമ്പ് | – 500 | ആടാംപാറ | – 300 |
| എടപ്പുഴ | – 500 | നെടുവാലൂർ | – 300 |
| കാഞ്ഞങ്ങാട് | – 500 | ഉമ്മർപൊയിൽ | – 250 |
| പാത്തൻപാറ | – 500 | ലിസ്സിഗിരി | – 250 |
| മാവുഞ്ചാൽ | – 500 | നെല്ലിക്കുന്ന് | – 200 |
| കോട്ടൂർ | – 500 | ബെഡൂർ | – 200 |
| കീഴ്പ്പള്ളി | – 500 | കണ്ണിവയൽ | – 200 |
| മാനടുക്കം | – 500 | ബിരിക്കുളം | – 150 |
| ചൂരപ്പടവ് | – 500 | നീലേശ്വരം | – 150 |
| നിർമ്മലഗിരി | – 500 | | |

## ആദരാഞ്ജലികൾ

കാട്ടാനയുടെ ആക്രമത്തിൽ മരണമടഞ്ഞ ചെട്ട്യാംപറമ്പിലെ ബിനു അഞ്ചാനിക്കലിന്റെ കുടുംബാംഗങ്ങളെ ചെറുപുഷ്പമിഷൻലീഗ് അതിരൂപതാ ഭാരവാഹികളുടെ നേതൃത്വത്തിൽ സന്ദർശിച്ച് അനുശോചനം അറിയിക്കുകയും പരേതന്റെ ആത്മശാന്തിക്കായി പ്രാർത്ഥിക്കുകയും ചെയ്തു.

സ്നേഹപൂർവ്വം

**ഫാ. ഫ്രാൻസിസ് മേച്ചിറാകത്ത്**
അതിരൂപതാ ഡയറക്ടർ

# തിരുബാലസഖ്യം

സ്നേഹ ബഹു. അച്ചന്മാരെ, ആനിമേറ്റേഴ്സ്, കുഞ്ഞുങ്ങളെ,

ഈശോയുടെ പീഡാനുഭവവും കുരിശുമരണവും ഉത്ഥാനവും അനുസ്മരിക്കുന്ന നോമ്പുകാലത്തിലേയ്ക്ക് നാം പ്രവേശിച്ചിരിക്കുകയാണല്ലോ. നോമ്പിലെ എല്ലാ ദിവസവും ദിവ്യബലിയിൽ സംബന്ധിച്ച് പ്രാർത്ഥിക്കാനും കൊച്ചുകൊച്ചു ത്യാഗപ്രവൃത്തികളിലൂടെ ഈശോയുടെ സഹനത്തിൽ പങ്കുചേരാനും നമുക്ക് പരിശ്രമിക്കാം. പാപം ചെയ്ത് ഈശോയെ വേദനിപ്പിക്കാതെ നന്മയിൽ വളരാൻ, വിശുദ്ധരായി ജീവിക്കാൻ നമുക്ക് ശ്രമിക്കാം.

## തിരുബാലസഖ്യദിനം

ഈ വർഷത്തെ അതിരൂപതാതല തിരുബാലസഖ്യദിനാചരണം ഫെബ്രുവരി 12-ാം തീയതി കാഞ്ഞിരടുക്കം ശാഖയിൽവച്ച് നടന്നു. അതിരൂപതാ ഡയറക്ടർ ഫാ. ഫ്രാൻസീസ് മേച്ചിറാകത്ത് കുട്ടികൾക്കായി ദിവ്യബലിയർപ്പിച്ച് സന്ദേശം നൽകി.

തുടർന്നു നടന്ന പൊതുസമ്മേളനത്തിൽ ശാഖാ ഡയറക്ടർ ഫാ. ജോൺ നെല്ലുവേലിൽ, ഫാ. ജോസ് ചെമ്പോട്ടിക്കൽ, സൺഡേസ്കൂൾ ഹെഡ്മാസ്റ്റർ ശ്രീ. ടോമി പുത്തൻകാലായിൽ, വൈസ് ഡയറക്ടർ സി. ഡിഗ്ന എഫ്സിസി, തിരുബാലസഖ്യം പ്രസിഡന്റ് ഹെലൻ കൂട്ടാനിക്കൽ, ആൻഡ്രൂസ് കളത്തിൽ എന്നിവർ ആശംസകളർപ്പിച്ച് സംസാരിച്ചു. കുട്ടികളുടെ വിവിധ കലാപരിപാടികളും ഉണ്ടായിരുന്നു.

## തിരുബാലസഖ്യം ആനിമേറ്റേഴ്സ് മീറ്റിംഗ്

തലശ്ശേരി അതിരൂപതാ തിരുബാലസഖ്യം ആനിമേറ്റേഴ്സ് മീറ്റിംഗ് 2017 ജനു. 26ന് തളിപ്പറമ്പ് സെന്റ് മേരീസ് ഫൊറോനപള്ളി ഓഡിറ്റോറിയത്തിൽവച്ച് നടന്നു. രാവിലെ 9.15ന് ദിവ്യബലിയോടെ ആരംഭിച്ച മീറ്റിംഗ് കീഴ്പ്പള്ളി ശാഖാ ഡയറക്ടർ ഫാ. ജോർജ് കൊല്ലക്കൊമ്പിൽ ഉദ്ഘാടനം ചെയ്തു. 2016-17 പ്രവർത്തനവർഷത്തെ പ്രവർത്തനങ്ങളെക്കുറിച്ചുള്ള ചർച്ച, ക്രിസ്കാർഡ് മത്സരവിജയികൾക്കുള്ള സമ്മാനദാനം എന്നിവയും നടന്നു. മീറ്റിംഗിൽ സംബന്ധിച്ച ആനിമേറ്റർ സിസ്റ്റേഴ്സിന് സമ്മാനങ്ങൾ നൽകി ആദരിച്ചു,

സ്നേഹപൂർവ്വം

**ഫാ. ഫ്രാൻസിസ് മേച്ചിറാകത്ത്**

അതിരൂപതാ ഡയറക്ടർ

# യുവജനശുശ്രൂഷ

പ്രിയ വികാരിയച്ചന്മാരെ, ആനിമേറ്റേഴ്സ്, യുവജനസുഹൃത്തുക്കളെ,

ആയിരിക്കുന്ന അവസ്ഥയിൽനിന്ന് ആയിത്തീരേണ്ട - അവസ്ഥയിലേക്ക് അനുതാപവഴികളിലൂടെ നടന്നു നീങ്ങുവാനുള്ള ആഹ്വാനവുമായി അനുഗ്രഹപ്രദമായ ഒരു നോമ്പുകാലംകൂടി ദൈവം നമുക്ക് നല്കിയിരിക്കുകയാണ്. നമ്മുടെ കർത്താവിന്റെ പീഡാനുഭവവും കുരിശുമരണവും ഉത്ഥാനവും അനുസ്മരിക്കുന്ന ദിനങ്ങൾ. ഈശോയെപ്പോലെ ഉപവാസത്തിലൂടെയും പ്രാർത്ഥനയിലൂടെയും പരിത്യാഗത്തിലൂടെയും ലഭിക്കുന്ന ആത്മാവിന്റെ ശക്തിയാൽ നമ്മുടെ ഹൃദയങ്ങളെ പരിവർത്തനം ചെയ്യാനും പങ്കുവയ്ക്കലിന്റെയും ത്യാഗത്തിന്റെയും വഴിയിലൂടെ നടന്ന് സമാധാനത്തിന്റെയും ക്ഷമയുടെയും അനുരഞ്ജനത്തിന്റെയും വ്യക്തികളായി തീരാനും അനുദിനം ദാനമായി നമുക്ക് ദൈവം നല്കുന്ന ദിവ്യബലിയിൽ പങ്കെടുത്ത് ജീവൻ നല്കുന്ന നമ്മുടെ കർത്താവിശോമിശിഹായുടെ ശരീരരക്തങ്ങൾ സ്വീകരിച്ചും അനുരഞ്ജന കൂദാശ സ്വീകരിച്ചും വരപ്രസാദത്താൽ അനുദിന ജീവിതം അനുഗ്രഹപ്രദമാക്കാൻ നമുക്ക് ശ്രമിക്കാം തായ്ത്തണ്ടിനോട് ചേർന്നു നിന്നാലെ സ്നേഹത്തിന്റെയും കരുണയുടെയും സദ്ഫലങ്ങൾ പുറപ്പെടുവിക്കാൻ നമുക്ക് സാധിക്കുകയുള്ളൂ. പ്രത്യേകമായി ഈ നോമ്പുകാലത്ത് നമ്മുടെ നാവും നമ്മുടെ വിരലുകളും ചിന്തകളും ഈശോയ്ക്ക് അടിയറ വെയ്ക്കാം. മറ്റുള്ളവരെപ്പറ്റി മോശമായി പറയാതെയും ഫെയ്സ് ബുക്കിലൂടെയും വാട്സാപ്പിലൂടെയും അനേകരെ കുരിശിൽ തറയ്ക്കാതെയും നല്ലതു മാത്രം ചിന്തിച്ചു ജീവിക്കാനുള്ള കൃപയ്ക്കുവേണ്ടി നമുക്ക് പ്രാർത്ഥിക്കാം. എല്ലാവർക്കും നല്ലയൊരു നോമ്പുകാലം ആശംസിക്കുന്നു.

## വനിതാദിനം

ലോകവനിതാദിനമായ മാർച്ച് 8 സമുചിതമായി ഫൊറോനാതലത്തിലും യൂണിറ്റ് തലത്തിലും ആഘോഷിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു. വനിതകൾക്കായി പ്രത്യേകം സെമിനാറുകളും ബോധവത്ക്കരണക്ലാസ്സുകളും വിവിധ പരിപാടികളുംവച്ച് വനിതാദിനം അർത്ഥവത്താക്കാൻ ശ്രദ്ധിക്കുമല്ലോ.

## കെ.സി.വൈ.എം. രജതജൂബിലി സമാപനം

കെസിവൈഎം തലശ്ശേരി അതിരൂപതയുടെ രജതജൂബിലി ആഘോഷങ്ങളുടെ സമാപനം ഏപ്രിൽ 2 ഞായറാഴ്ച പേരാവൂർ മേഖലയുടെ

ആതിഥേയത്വത്തിൽ പേരാവൂർ തൊണ്ടിയിൽവച്ച് നടത്തപ്പെടുന്നു. എല്ലാ സോണുകളിലും നടന്നുവരുന്ന ജൂബിലിപ്രയാണം മാർച്ച് 30ന് മുമ്പ് എല്ലാ ഇടവകകളിലും എത്തിക്കാൻ ബഹു. ഡയറക്ടേഴ്സും റീജിയണൽ കോഡിനേറ്റർമാരും ശ്രദ്ധിക്കുമല്ലോ.

ഏപ്രിൽ 2 ഞായറാഴ്ച രാവിലെ വി. കുർബാനയോടെ ജൂബിലി സമാപനചടങ്ങുകൾ ആരംഭിക്കും. തുടർന്ന് ജൂബിലി യുവജന കൺവെൻഷൻ പ്രത്യേകം ഒരുക്കപ്പെട്ട പന്തലിൽ നടക്കുന്നതായിരിക്കും. ഉച്ചകഴിഞ്ഞ് 1.30 പേരാവൂർ ടൗണിൽനിന്ന് വമ്പിച്ച യുവജന റാലിയെ തുടർന്ന് 3 മണിക്ക് പൊതുസമ്മേളനവും തുടർന്ന് മ്യൂസിക് ബാന്റും ഉണ്ടായിരിക്കും. എല്ലാ യൂണിറ്റുകളിൽനിന്നും പരമാവധി യുവജനങ്ങളെയും യുവജനപ്രവർത്തകരെയും പങ്കെടുപ്പിക്കാൻ ബഹു. വികാരിയച്ചന്മാർ ശ്രദ്ധിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു. വിശദവിവരങ്ങൾ പിന്നീട് അറിയിക്കുന്നതായിരിക്കും.

## ജൂബിലി സമാപനം : സംഘാടകസമിതി രൂപീകരിച്ചു

കെസിവൈഎം തലശ്ശേരി അതിരൂപതയുടെ രജതജൂബിലി ആഘോഷ സമാപനപരിപാടികൾക്ക് വിപുലമായ ഒരുക്കങ്ങൾ ആരംഭിച്ചു. സമാപന സമ്മേളനം നടക്കുന്ന പേരാവൂർ കേന്ദ്രമാക്കി പേരാവൂർ-ഫൊറോന വികാരി റവ. ഡോ. തോമസ് കൊച്ചുകരോട്ട് കൺവീനർ, ഫാ. തോമസ് മണവത്ത് ആക്റ്റിങ്ങ് കൺവിനറുമായി 101 അംഗ സംഘാടകസിമിതി രൂപീകരിച്ചു. ജൂബിലി സമാപനത്തോടനുബന്ധിച്ചു പ്രതിനിധി സമ്മേളനം, പൂർവ്വഭാര വാഹിസംഗമം, സമാപനറാലി, പൊതുസമ്മേളനം, മേഖലാ റീജണൽ തലപ്രചാരണ ജാഥകൾ, മേഖലാ റീജണൽ യുവജനസമ്മേളനങ്ങൾ തുടങ്ങി വിപുലമായി പരിപാടികൾ നടത്തപ്പെടുന്നു. സംഘടന അതിരൂപതയിൽ ആരംഭിച്ചിട്ട് 25 വർഷം പൂർത്തിയാക്കുന്നതിനോടനുബന്ധിച്ചു കഴിഞ്ഞ വർഷംതന്നെ കാരുണ്യപദ്ധതികളായ കാരുണ്യവിരുന്ന്, സ്നേഹവീട് മുതലായവയും യൂണിറ്റ് ശാക്തീകരണ പദ്ധതിയായ ഹോദോസും നടന്നുവരുന്നു. യോഗത്തിൽ അതിരൂപതാ പ്രസിഡന്റ് ഷിജോ നിലയ്ക്കപ്പള്ളി അധ്യക്ഷം വഹിച്ചു. അതിരൂപതാ ഡയറക്ടർ ഫാ. ജോർജ് കരിങ്ങാലിക്കാട്ടിൽ ജനറൽ സെക്രട്ടറി എബിൻ കുമ്പയ്ക്കൽ, സെക്രട്ടറി ജെസ്നി, ഫൊറോന പ്രസിഡന്റ് അഖിൽ എന്നിവർ സംസാരിച്ചു. ഫൊറോന സിന്റിക്കേറ്റ് അംഗങ്ങൾ പങ്കെടുത്തു.

## കൊട്ടത്തലച്ചി കുരിശുമല തീർത്ഥാടനം - മാർച്ച് 12 ഞായറാഴ്ച

മലബാറിലെ മലയാറ്റൂർ എന്നറിയപ്പെടുന്ന ചൂരപ്പടവ് ഇടവകയിലെ കൊട്ടത്തലച്ചിമലയിലേക്ക് ഫാ. ടോം ഉഴുന്നാലിന്റെ വിമോചനത്തിനും ഐ.എസ് ഭീകരരുടെ മാനസാന്തരത്തിനും എല്ലാ പീഡിത ക്രൈസ്ത

വർക്കുംവേണ്ടി ചെറുപുഴ ഫൊറോനയുടെ ആതിഥേയത്വത്തിൽ മാർച്ച് 12 ഞായറാഴ്ച 2 മണിക്ക് കുരിശുമല തീർത്ഥാടനം നടത്തപ്പെടുന്നു. അതിരൂപ തയിലെ എല്ലാ യുവജനങ്ങളെയും വിശ്വാസികളെയും കുരിശിന്റെ വഴിയി ലും തുടർന്നുള്ള വി. ബലിയർപ്പണത്തിലും പങ്കെടുക്കുവാൻ ക്ഷണി ക്കുന്നു.

## ഇലക്ഷൻ വിജ്ഞാപനം

2017 വർഷത്തിൽ കെ.സി.വൈ.എം. പ്രസ്ഥാനത്തെ ക്രിസ്തീയ വിശ്വാസത്തിൽ അടിയുറച്ചുനിന്നുകൊണ്ട് നയിക്കുവാൻ പ്രാപ്തരായ പുതിയ നേതൃത്വനിരയെ തെരഞ്ഞെടുക്കന്നതിനുവേണ്ടി യൂണിറ്റ് തലത്തിൽ മാർച്ച് 18ന് ഉള്ളിലും ഫൊറോന തലങ്ങളിൽ ഏപ്രിൽ 8ന് ഉള്ളിലും ഇലക്ഷൻ സെനറ്റ് ചേർന്ന് ഭാരവാഹികളെ തെരഞ്ഞെടുക്കേണ്ടതാണ്. ഇടവക തലത്തിൽ ഡയറക്ടറും ആനിമേറ്ററും കൂടാതെ 7 പേരെയാണ് തെരഞ്ഞെ ടുക്കേണ്ടത്. 18നും 30നും ഇടയിൽ പ്രായമുള്ളവരെയാണ് ഇനിമുതൽ തെരഞ്ഞെടുക്കേണ്ടത്.

**യൂണിറ്റ് എക്സിക്യൂട്ടീവ് അംഗങ്ങൾ**

| | |
|---|---|
| ഡയറക്ടർ | ആനിമേറ്റർ |
| പ്രസിഡന്റ് | വൈസ് പസിഡന്റ് |
| ജനറൽ സെക്രട്ടറി | സെക്രട്ടറി |
| ട്രഷറർ | രണ്ട് കൗൺസിലർമാർ (1 യുവാവ്, 1 യുവതി) |

എന്നിവർ അടങ്ങുന്ന 9 പേരാണ് ഇടവക സമിതി. ഇത് യൂണിറ്റ് സമിതി എന്ന് അറിയപ്പെടും. യുവതിയുവാക്കന്മാർക്ക് ഏത് ഭാരവാഹിത്വത്തിലേക്കും തെരഞ്ഞെടുക്കപ്പെടാവുന്നതാണ്. എന്നാൽ 3 പേരെങ്കിലും ഇരുകൂട്ടരുടെയും ഭാഗത്തുനിന്ന് പ്രതിനിധികളായിട്ടുണ്ടെന്ന് തെരഞ്ഞെടുപ്പ് റിട്ടേണിംഗ് ഓഫീസർ ഉറപ്പുവരുത്തേണ്ടതാണ്. ആവശ്യമെന്ന് തോന്നുന്നുവെങ്കിൽ അത്മായ ആനിമേറ്റർമാരെയും തെരഞ്ഞെടുക്കാവുന്നതാണ്.

ഫൊറോനതലത്തിൽ ഡയറക്ടറും ആനിമേറ്ററും ഉൾപ്പെടെ 11 അംഗങ്ങളായിരിക്കും ഫൊറോന എക്സിക്യൂട്ടീവിൽ ഉണ്ടായിരിക്കുക.

**ഫൊറോന എക്സിക്യൂട്ടീവ് അംഗങ്ങൾ**

| | |
|---|---|
| ഡയറക്ടർ | ആനിമേറ്റർ |
| പ്രസിഡന്റ് | വൈസ് പസിഡന്റ് |
| ഡെപ്യൂട്ടി പ്രസിഡന്റ് | ജനറൽ സെക്രട്ടറി |
| സെക്രട്ടറി | ജോയിന്റ് സെക്രട്ടറി |
| ട്രഷറർ | രണ്ട് കൗൺസിലർമാർ (1 യുവാവ്, 1 യുവതി) |

എന്നിവർ ആയിരിക്കും ഫൊറോന ഭാരവാഹികൾ. യുവതിയുവാക്കന്മാരുടെ പ്രതിനിധിയായി 3 പേർ വീതമെങ്കിലും എകിസിക്യൂട്ടീവിൽ ഉണ്ടായിരി

ക്കണം. ഫൊറോനതലത്തിൽ തുടർച്ചയായി രണ്ട് വർഷത്തിനു കൂടുതൽ ഒരേ തസ്തികയിൽ ഒരേ വ്യക്തി തെരഞ്ഞെടുക്കപ്പെടാൻ പാടില്ല. നിലവിൽ നൽകപ്പെട്ടിരിക്കുന്ന ഫൊറോന എക്സിക്യൂട്ടീവിനോടൊപ്പം അത്മായ ആനിമേറ്ററിനെയും തെരഞ്ഞെടുക്കാവുന്നതാണ്.

ക്രിസ്തീയ വിശ്വാസചൈതന്യം നഷ്ടപ്പെടാതെ വളർന്നവരും മാതൃകാപരമായ ജീവിതം നയിക്കുന്നവരും നല്ല നേതൃത്വഗുണമുള്ളവരും ആത്മാർത്ഥതയും നല്ല മനസ്സുമുള്ളവരുമായ വ്യക്തികളെയാണ് നേതൃത്വനിരയിലേക്ക് തെരഞ്ഞെടുക്കേണ്ടത്.

പുതിയ ഫൊറോന ഭാരവാഹികളുടെ ലിസ്റ്റ് ഫൊറോന ഡയറക്ടറുടെ സാക്ഷ്യപത്രത്തോടെ ഏപ്രിൽ 15ന് മുമ്പായി അതിരൂപതാ ഓഫീസിൽ എത്തിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

## ഇലക്ഷൻ സെനറ്റ് - അസ്പയർ -2017

2017 പ്രവർത്തനവർഷത്തിലേക്കുള്ള കെ.സി.വൈ.എം. അതിരൂപതാ ഭാരവാഹികളെ തെരഞ്ഞെടുക്കുകയെന്ന ലക്ഷ്യത്തോടെയും പുതുതായി തെരഞ്ഞെടുക്കപ്പെട്ട ഫൊറോന ഭാരവാഹികൾക്ക് നല്ലൊരു നേതൃത്വഗുണം വളർത്തിയെടുക്കുന്നതിനുമായി "അസ്പയർ 2017" എന്ന പേരിൽ ഏപ്രിൽ 21, 22, 23 തീയതികളിലായി ത്രിദിനനേതൃത്വ ശില്പശാല തലശ്ശേരി സന്ദേശഭവനിൽവച്ച് നടത്തപ്പെടുന്നു. 16 ഫൊറോനകളിൽനിന്നുള്ള എല്ലാ ഫൊറോനഭാരവാഹികളും പ്രസ്തുത ക്യാമ്പിൽ നിർബന്ധമായും പങ്കെടുക്കേണ്ടതാണ്. ക്യാമ്പിൽ മുഴുവൻ സമയവും പങ്കെടുക്കുന്നവർക്കു മാത്രമെ തെരഞ്ഞെടുക്കപ്പെടാൻ അനുവാദം ഉണ്ടായിരിക്കുകയുള്ളൂ.

## സംയുക്ത സംസ്ഥാന സിന്റിക്കേറ്റ്

ഫെബ്രുവരി അഞ്ചിന് പിഒസിയിൽവച്ച് നടന്ന സംയുക്ത സംസ്ഥാന സിന്റിക്കേറ്റിൽ തലശ്ശേരിയിൽനിന്ന് മുൻ സിന്റിക്കേറ്റ് അംഗം ശ്രീ. സുനിൽ ചെന്നിക്കരയും പുതിയ സിന്റിക്കേറ്റംഗമായ ശ്രീ. ജോമറ്റ് ജോണും പങ്കെടുത്തു.

## ഭവന സന്ദർശനം

20 വർഷക്കാലം കെസിവൈഎമ്മിൽ പ്രവർത്തിച്ച് ഈ വർഷം കെസിവൈഎമ്മിൽനിന്ന് വിരമിച്ച സംസ്ഥാന സിന്റിക്കേറ്റ് മെമ്പറും മുൻ രൂപതാ പ്രസിഡന്റുമായ ശ്രീ. സുനിൽ ചെന്നിക്കരയുടെ ഭവനം അതിരൂപതാ ഡയറക്ടറുടെ നേതൃത്വത്തിൽ അംഗങ്ങൾ സന്ദർശിച്ച് ഭവനാംഗങ്ങളുടെ കൂടെ സൗഹൃദം പങ്കുവച്ച് കുടുംബത്തിനുവേണ്ടി പ്രത്യേകം പ്രാർത്ഥിച്ചു. കെസിവൈഎം സംഘടനയെ ജീവിതത്തിന്റെ ഭാഗമായി നെഞ്ചോടുചേർത്ത്

20 വർഷം സ്തുത്യർഹസേവനം ചെയ്ത ശ്രീ. സുനിൽ ചെന്നിക്കരക്ക് തലശ്ശേരി അതിരൂപതയുടെ പ്രത്യേക നന്ദിയും മുമ്പോട്ടുള്ള പ്രവർത്തന ത്തിൽ എല്ലാ വിജയാശംസകളും നേരുന്നു.

## തീരം – 2017

കാഞ്ഞങ്ങാട് ഫൊറോനയുടെ ആതിഥേയത്വത്തിൽ പടന്നക്കാട്വച്ച് മൂന്നു ദിവസത്തെ തീരദേശക്യാമ്പ് തീരം 2017 നടത്തപ്പെട്ടു. അതിരൂപതാ വികാരി ജനറാൾ മോൺ. ജോർജ് എളുക്കുന്നേൽ ഉദ്ഘാടനം ചെയ്ത ക്യാമ്പിൽ അതിരൂപതയുടെ വിവിധ ഫൊറോനകളിൽ നിന്നുമായി 65 ഓളം യുവജനങ്ങൾ പങ്കെടുത്തു. അതിരൂപതാ ഡയറക്ടർ ഫാ. ജോർജ് കരിങ്ങാലിക്കാട്ടിലും ഫൊറോന ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ പൊടിമറ്റവും അതിരൂപതാ പ്രസിഡന്റ് ശ്രീ. ഷിജോ നിലയ്ക്കപ്പള്ളിയും മറ്റ് രൂപതാ ഭാരവാഹികളും ഫൊറോന ഭാരവാഹികളും നേതൃത്വം നല്കി. ശ്രീ. ജെയ്സൺ അറയ്ക്കൽ കോതമംഗലം ക്യാമ്പ് നയിച്ചു. അറിവു പകരുന്ന സെഷനുകൾ, ഹൗസ് ബോട്ടിംഗ്, ക്യാമ്പ് ഫയർ, ദിവ്യകാരുണ്യആരാധന, വി. കുർബാന, കുമ്പസാരം, ഗ്രൂപ്പ് ആക്റ്റിവിറ്റികൾ, ആനിമേഷൻ തുടങ്ങിയവ ക്യാമ്പിനെ ആകർഷകമാക്കി. തലശ്ശേരി ആർച്ച്ബിഷപ്പ് മാർ ജോർജ് ഞറളക്കാട്ട് ക്യാമ്പ് സന്ദർശിച്ച് ആശംസകൾ നേർന്നു. തീരം - 2017ന്റെ പിന്നിൽ പ്രവർത്തിച്ച ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ പൊടിമറ്റ ത്തിനും ആനിമേറ്റർമാരായ സി. ജൂലി മരിയ എസ്.എച്ച്., ശ്രീ. അനിൽ പ്ലാക്കിൽ എന്നിവർക്കും മേഖലാ ഭാരവാഹികൾക്കും സ്ഥലസൗകര്യങ്ങൾ ഒരുക്കിതന്ന് ക്യാമ്പ് വിജയപ്രദമാക്കാൻ സഹകരിച്ച പടന്നക്കാട് പള്ളി വികാരി ബഹു. ഷിന്റോ ആലപ്പാട്ട് അച്ചനും മോൺ. ജോർജ് എളൂക്കുന്നേല ച്ചനും മറ്റ് വൈദികർക്കും സെബിൻ ബ്രദറിനും നല്ലവരായ ഇടവകാ ജനത്തിനും തലശ്ശേരി അതിരൂപതയുടെ നന്ദി അറിയിക്കുന്നു.

## ഡയറക്ടേഴ്സ് & ആനിമേറ്റേഴ്സ് മീറ്റ്

തളിപ്പറമ്പ് സെന്റ് മേരീസ് ഫൊറോന ചർച്ച് ഓഡിറ്റോറിയത്തിൽവച്ച് ഫെബ്രുവരി 21 ചൊവ്വാഴ്ച ഫൊറോന ഡയറക്ടേഴ്സിന്റെയും ആനിമേറ്റേഴ്സി ന്റെയും മീറ്റിംഗ് നടന്നു. കെസിവൈഎം രജത ജൂബിലിയുടെ സമാപന ത്തെക്കുറിച്ചും എസ്എംവൈഎം ഇലക്ഷൻ തുടങ്ങിയ പ്രധാനപ്പെട്ട വിഷയ ങ്ങളെക്കുറിച്ചും ചർച്ചചെയ്ത് തീരുമാനങ്ങളെടുത്തു. പങ്കെടുത്ത എല്ലാ ഡയറക്ടേഴ്സിനും ആനിമേറ്റേഴ്സിനും അതിരൂപതയുടെ നന്ദി.

## വിവാഹാശംസകൾ

വിവാഹജീവിതത്തിലേക്ക് പ്രവേശിച്ച അതിരൂപതാ മുൻ ജനറൽ സെക്രട്ടറി ശ്രീ. സിജോ കുടിയാന്മലയ്ക്കും മുൻ വൈസ് പ്രസിഡന്റ് ശ്രീ.

സജു പേരാവൂരിനും മുൻ ട്രഷറർ ശ്രീ. സുധീഷ് മാനടുക്ക ത്തിനും തലശ്ശേരി അതിരൂപതയുടെ അഭിനന്ദനങ്ങളും പ്രാർത്ഥനകളും നേരുന്നു.

## ആദരാഞ്ജലികൾ

കുന്നോത്ത് ഫൊറോനയിൽ കെസിവൈഎമ്മിൽ സജീവമായി പ്രവർത്തിച്ചുകൊണ്ടിരുന്ന ശ്രീ. തോമസ് പൊട്ടംകുളത്തിന്റെ ആകസ്മിക നിര്യാണത്തിൽ അതിരൂപതാ ഡയറക്ടർ ഫാ. ജോർജ് കരിങ്ങാലിക്കാട്ടിലും പ്രസിഡന്റ് ശ്രീ. ഷിജോ നിലയ്ക്കപ്പള്ളിയും മറ്റ് രൂപതാ ഭാരവാഹികളും ഭവനം സന്ദർശിച്ച് അന്ത്യോപചാരമർപ്പിച്ച് പ്രാർത്ഥിച്ചു.

തളിപ്പറമ്പ് ഫൊറോനയുടെ പ്രസിഡന്റ് ശ്രീ. വിപിൻ ഐക്കരയുടെ ഭാര്യ പവിതയുടെ ആകസ്മിക വേർപാടിൽ അതിരൂപതയുടെ അനുശോ ചനം അറിയിക്കുന്നു.

## കെസിവൈഎം തലശ്ശേരി അതിരൂപത ഒരുക്കുന്ന വിശുദ്ധ നാട് തീർത്ഥാടനം

ഫാ. ജോർജ് കരിങ്ങാലിക്കാട്ടിലിന്റെ ആത്മീയ നേതൃത്വത്തിൽ

**വിശുദ്ധനാട് തീർത്ഥാടനം**

(ജോർദ്ദാൻ, ഇസ്രായേൽ, പലസ്തീൻ, ഈജിപ്ത്)

2017 ഏപ്രിൽ 27ന് ആരംഭിക്കുന്നു.

**താല്പര്യമുള്ളവർ എത്രയും വേഗം സീറ്റ് ബുക്ക് ചെയ്യുക**

ഫാ. ബിജു കരിങ്ങാലിക്കാട്ടിൽ : 9744314371, 9446271011

കെസിവൈഎം ഓഫീസ് : 8281517660, 8547587078

*"വലിയ കാര്യങ്ങൾ ചെയ്യുവാൻ ധാരാളം ആളുകൾ സന്നദ്ധമാണ്. എന്നാൽ ചെറിയകാര്യങ്ങൾ ചെയ്യുവാൻ കുറച്ചുപേരെ സന്നദ്ധരാ കുന്നുള്ളൂ".* (വി. മദർ തെരേസ)

സ്നേഹപൂർവ്വം,

**ഫാ. ജോർജ് കരിങ്ങാലിക്കാട്ടിൽ**
യുവജന ഡയറക്ടർ

# കുടുംബ പ്രേഷിതത്വം

1. M GC – 2017

| MONTH | PERAVOOR | PADANNAKKAD | SANDESABHAVAN |
|---|---|---|---|
| MARCH | 7 - 9 | 21 - 23 | Nil |
| APRIL | 4 - 6 | 18 - 20, 25 - 27 | Nil |
| MAY | 2 - 4 | 16 - 18, 23 - 25 | Nil |
| JUNE | Nil | 13 - 15 | 27 - 29 |
| JULY | 4 - 6 | Nil | 25 - 27 |
| AUGUST | 8 - 10 | Nil | 22 - 24 |
| SEPTEMBER | Nil | 12 - 14 | 26 - 28 |
| OCTOBER | 10 - 12 | Nil | 24 - 26 |
| NOVEMBER | 7 - 9 | 14 - 16 | 28 - 30 |
| DECEMBER | 19 - 21 | 5 - 7 | 12 - 14 |

**പ്രത്യേക ശ്രദ്ധയ്ക്ക്:-**

1. കെ.സി.ബി.സി. ഫാമിലി കമ്മീഷൻ ആവശ്യപ്പെട്ട പ്രകാരം എം.ജി.സിയുടെ സമാപനദിനം ഉച്ചയ്ക്ക് 2 മണി മുതൽ 4 മണി വരെ കോഴ്സിൽ പങ്കെടുക്കുന്നവരുടെ മാതാപിതാക്കൾക്കുവേണ്ടി ക്ലാസ് ഉണ്ടായിരിക്കും. കോഴ്സ് സർട്ടിഫിക്കറ്റ് മാതാപിതാക്കളുടെ കൈയ്യിലാണ് നൽകുക. മാതാപിതാക്കൾ നിർബന്ധമായും ഈ ക്ലാസിൽ പങ്കെടുക്കേണ്ടതാണ്. ഇക്കാര്യം വികാരിയച്ചന്മാർ പള്ളികളിൽ അറിയിക്കുമല്ലോ.

2. കോഴ്സ് കൂടാൻ ആഗ്രഹിക്കുന്നവർ 400 രൂപ മുൻകൂർ അടച്ച് (മണി ഓർഡർ/സെന്ററുകളിൽ നേരിട്ടുള്ള രജിസ്ട്രേഷൻ) പേര് രജിസ്റ്റർ ചെയ്യാൻ വികാരിയച്ചന്മാർ ഓർമ്മിപ്പിക്കുമല്ലോ. ബുക്ക് ചെയ്തതിനുശേഷം ഫാമിലി അപ്പൊസ്റ്റൊലേറ്റ് ഓഫീസിലേക്ക് വിളിച്ചറിയിക്കുന്ന കാര്യം അവരെ ഓർമ്മിപ്പിക്കുമല്ലോ. സീറ്റ് ഉണ്ട് എന്ന് ഉറപ്പുവരുത്തിയതിനുശേഷം ബുക്ക് ചെയ്താൽ മതിയാവുന്നതാണ്. ബാങ്ക് ട്രാൻസ്ഫറിലൂടെയും ബുക്ക് ചെയ്യാം.

Account No : Director, Family Apostolate
South Indian Bank, Thalassery
A/c No : 0078053000073775
IFSC – SIBL 0000078

For details please contact : Ph: 0490 2343414, Mob:9400206974

### 3. വിവാഹ ഒരുക്ക സെമിനാർ

782,783,784 എന്നീ എം.ജി.സി കോഴ്സുകൾ ജനവരി 17–18, 24–26, ഫെബ്രുവരി 7–9 എന്നീ തീയതികളിൽ യഥാക്രമം പടന്നക്കാട്, തലശ്ശേരി, പേരാവൂർ എന്നീ സെന്ററുകളിൽവച്ച് നടക്കുകയുണ്ടായി. മൂന്ന് കോഴ്സുകളിലായി 194 ആൺകുട്ടികളും 175 പെൺകുട്ടികളും ഉൾപ്പെടെ ആകെ 369 പേർ കോഴ്സിൽ സംബന്ധിച്ച് വിവാഹത്തിനായി ഒരുങ്ങി.

### 4. എം.ജി.സി പേരന്റ്സ് മീറ്റ്

പടന്നക്കാട് ഗുഡ് ഷെപ്പേർഡ് പാസ്റ്ററൽ സെന്ററിൽവച്ച് ജനവരി 19 നും തലശ്ശേരി സന്ദേശഭവനിൽവച്ച് ജനുവരി 26നും പേരാവൂർ മൗണ്ട് കാർമ്മൽ ആശ്രമത്തിൽവച്ച് ഫെബ്രുവരി 9നും എംജിസി 782, 783, 784 എന്നീ കോഴ്സുകളിൽ സംബന്ധിക്കുന്നവരുടെ മാതാപിതാക്കൾക്ക് ക്ലാസ്സ് നടത്തുകയുണ്ടായി. ഫാമിലി അപ്പൊസ്റ്റൊലേറ്റ് ഡയറക്ടർ ഫാ. അബ്രാഹം പുതുശ്ശേരി, എം.ജി.സി പേരാവൂർ റീജണൽ ഡയറക്ടർ ഫാ. മാത്യു ഇടമുളയിൽ എന്നിവർ നേതൃത്വം നൽകിയ ക്ലാസ്സിൽ 680–ൽ അധികം മാതാപിതാക്കൾ പങ്കുകൊണ്ടു.

## 2. മാതൃവേദി

### 1. ജ്വാല – മാതൃവേദി പ്രതിനിധി സമ്മേളനങ്ങൾ

| തീയതി | മേഖല | പങ്കെടുക്കേണ്ടവർ | സമയം |
|---|---|---|---|
| മാർച്ച് 4 | മേരിഗിരി | മേഖല, യൂണിറ്റ് ആനിമേറ്റേഴ്സ് ഭാരവാഹികൾ | 9.30 – 2.00 |
| മാർച്ച് 11 | പേരാവൂർ | മേഖല, യൂണിറ്റ് ആനിമേറ്റേഴ്സ് ഭാരവാഹികൾ | 9.30 – 2.00 |
| മാർച്ച് 18 | വായാട്ടുപറമ്പ | മേഖല, യൂണിറ്റ് ആനിമേറ്റേഴ്സ് ഭാരവാഹികൾ | 9.30 – 2.00 |

### 2. സമ്പൂർണ്ണ മാതൃവേദി – ചെട്ടിയാംപറമ്പ്

ചെട്ടിയാംപറമ്പ് സെന്റ് ജോൺ ദി ബാപ്റ്റിസ്റ്റ് ഇടവകയെ ഫെബ്രുവരി 3–ാം തീയതി വെള്ളിയാഴ്ച സമ്പൂർണ്ണ മാതൃവേദി ഇടവകയായി ഫാമിലി അപ്പൊസ്റ്റൊലേറ്റ് ഡയറക്ടർ ഫാ. അബ്രാഹം പുതുശ്ശേരി പ്രഖ്യാപിച്ചു. ചെട്ടിയാംപറമ്പ് ഇടവക വികാരി ഫാ. മനോജ് ഒറ്റപ്ലാക്കൽ സ്വാഗതം ആശംസിച്ചു. യൂണിറ്റ് പ്രസിഡണ്ട് ശ്രീമതി ബീന ബാബു പൊരുമത്ര അദ്ധ്യക്ഷത വഹിച്ച ചടങ്ങ് ഫാ. അബ്രാഹം പുതുശ്ശേരി ഉദ്ഘാടനം ചെയ്തു. സെക്രട്ടറി ശ്രീമതി ആൻസമ്മ അട്ടക്കുളം റിപ്പോർട്ട് അവതരിപ്പിച്ചു. ഫാമിലി അപ്പൊസ്റ്റൊലേറ്റ് റീജന്റ് ബ്രദർ എഡ്വിൻ കോയിപ്പുറം ആശംസകളർപ്പി

ച്ചു. ചെട്ടിയാംപറമ്പ് ബഥാനിയ മാതൃവേദിയുടെ 2017 വർഷത്തെ പ്രവർത്തന മാർഗ്ഗരേഖയും ലോഗോയും ഫാ. അബ്രാഹം പുതുശ്ശേരി പ്രകാശനം ചെയ്തു. തുടർന്ന് അതിരൂപതാ ഫാമിലി അപ്പൊസ്റ്റൊലേറ്റ് ആനിമേറ്റർ സി. ലിയ റോസ് സി.എച്ച്.എഫ് ക്ലാസ്സെടുത്തു. ഫാ. അബ്രാഹം പുതുശ്ശേരി ദിവ്യബലിയർപ്പിച്ച് പ്രാർത്ഥിച്ചു. മാതൃവേദി അംഗങ്ങൾ ദിവ്യബലി മദ്ധ്യേ കാഴ്ച സമർപ്പണം നടത്തി. മാതൃവേദി പ്രവർത്തനങ്ങൾ കൂടുതൽ നല്ല രീതിയിൽ വളർത്തിക്കൊണ്ടു വരാൻ ത്യാഗോജ്ജ്വലമായ പ്രവർത്തനങ്ങൾ ചെയ്തുകൊണ്ടിരിക്കുന്ന വികാരി ഫാ. മനോജ് ഒറ്റപ്ലാക്കലിനും ആനിമേറ്റർ സി. കൃപ സി.എം.സിയ്ക്കും യൂണിറ്റ് ഭാരവാഹികൾക്കും ഇടവകയിലെ എല്ലാ അമ്മമാർക്കും അതിരൂപതാ ഫാമിലി അപ്പൊസ്റ്റൊലേറ്റിന്റെ ഹൃദയപൂർവ്വകമായ അഭിനന്ദനങ്ങൾ.

### 3. ജനറൽ ബോഡി

തലശ്ശേരി അതിരൂപതാ മാതൃവേദിയുടെ 2017ലെ ആദ്യത്തെ ജനറൽ ബോഡി യോഗവും പ്രവർത്തനവർഷ ഉദ്ഘാടനവും ഫെബ്രുവരി 4-ാം തിയ്യതി ശനിയാഴ്ച പടന്നക്കാട് ഗുഡ് ഷെപ്പേർഡ് പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെട്ടു. പടന്നക്കാട് യൂണിറ്റ് മാതൃവേദിയുടെ പ്രാർത്ഥനാഗാനത്തോടെ ആരംഭിച്ച സമ്മേളനം പനത്തടി മേഖലാ മാതൃവേദി ഡയറക്ടർ ഫാ. മാത്യു വളവനാൽ ഉദ്ഘാടനം ചെയ്തു. കാഞ്ഞങ്ങാട് മേഖലാ വൈസ് പ്രസിഡണ്ട് ശ്രീമതി മറിയക്കുട്ടി കിഴക്കരക്കാട്ട് സ്വാഗതം ആശംസിച്ചു. അതിരൂപതാ മാതൃവേദി പ്രസിഡണ്ട് ശ്രീമതി റെജി പോത്തനാമൂഴി അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ അതിരൂപതാ സെക്രട്ടറി ശ്രീമതി സാലി കണിച്ചിറ റിപ്പോർട്ട് അവതരിപ്പിച്ചു. മണിക്കടവ് ഇടവകാ വികാരി ഫാ. മാത്യു മണിമലത്തറപ്പേൽ പുതിയ പ്രവർത്തനവർഷത്തെ മാർഗ്ഗരേഖ പ്രകാശനം ചെയ്തു. ഫാ. അബ്രാഹം പുതുശ്ശേരി, ഫാ. സെബാസ്റ്റ്യൻ ഇട്ടിയപ്പാറ, ബ്രദർ എഡ്വിൻ കോയിപ്പുറം എന്നിവർ ആശംസകളർപ്പിച്ച് സംസാരിച്ചു. 2016 പ്രവർത്തന വർഷത്തെ ഏറ്റവും നല്ല മേഖലകൾക്കും യൂണിറ്റുകൾക്കുമുള്ള സമ്മാനങ്ങളും ഹരിതം 2016 ലെ വിജയികൾക്കുള്ള സമ്മാനങ്ങളും മത്സരത്തിൽ പങ്കെടുത്ത എല്ലാ യൂണിറ്റുകളിൽനിന്നുള്ള ഭവനങ്ങൾക്കുള്ള മെമന്റോകളും കാഞ്ഞങ്ങാട് ഫൊറോനാ വികാരി ഫാ. മാത്യു ആലങ്കോട്ട് വിതരണം ചെയ്തു. പുതിയതായി തെരെഞ്ഞെടുക്കപ്പെട്ട അതിരൂപതാ ഭാരവാഹികൾ പ്രതിജ്ഞ ചൊല്ലി സ്ഥാനമേറ്റെടുത്തു. അതിരൂപതയുടെ എല്ലാ മേഖലകളിൽനിന്നുമുള്ള ഭാരവാഹികൾ പങ്കുകൊണ്ട ചടങ്ങിൽ തോമാപുരം അസി. വികാരി ഫാ. തോമസ് വാളിപ്ലാക്കൽ ക്ലാസ്സെടുത്തു. ട്രഷറർ ശ്രീമതി ലില്ലി കുളത്തുംപാട്ട് കണക്കവതരിപ്പിച്ചു. അതിരൂപതാ മാതൃവേദിയുടെ പ്രവർത്തനങ്ങൾ കഴിഞ്ഞ രണ്ടു വർഷങ്ങളിലായി നല്ല രീതിയിൽ മുന്നോട്ടു

കൊണ്ടുപോകാൻ സഹായിച്ച ഭാരവാഹികളെ മെമന്റോ നൽകി ആദരിച്ചു. അതിരൂപതാ ഫാമിലി അപ്പൊസ്റ്റൊലേറ്റ് ആനിമേറ്റർ സി. ലിയ റോസ് നന്ദി യർപ്പിച്ചു. എണ്ണപ്പാറ യൂണിറ്റ് മാതൃവേദി ആന്തത്തിന് നേതൃത്വം നൽകി. ഉച്ചഭക്ഷണത്തോടെ ജനറൽ ബോഡി യോഗം അവസാനിച്ചു.

**2016 വർഷത്തെ ഏറ്റവും നല്ല മേഖലകൾ**

I പേരാവൂർ

II കാഞ്ഞങ്ങാട്

**2016 വർഷത്തെ നല്ല യൂണിറ്റുകൾ**

I മഞ്ഞളാംപുറം

III മണിക്കടവ്

III എണ്ണപ്പാറ

**പ്രോത്സാഹന സമ്മാനം**

കല്ലുവയൽ

**ഹരിതം 2016 വിജയികൾ**

I സെലിൻ പാറയിൽ - പേരാവൂർ, മഞ്ഞളാംപുറം

II തങ്കമ്മ ഇടത്താഴയിൽ - പേരാവൂർ, ഓടന്തോട്

III ലത ജോയ് പരോക്കളം - കാഞ്ഞങ്ങാട്, എണ്ണപ്പാറ

**പ്രോത്സാഹന സമ്മാനം**

മേരി തോമസ് പുന്നക്കുഴി, എണ്ണപ്പാറ

## 4. മാതൃസംഗമങ്ങൾ

കുടുംബ ഭദ്രതയ്ക്ക് ഏറെ മുൻതൂക്കം കൊടുക്കേണ്ട ഒരു കാലഘട്ട ത്തിലാണല്ലോ നാം ആയിരിക്കുന്നത്. മിശ്രവിവാഹങ്ങളും വേണ്ടത്ര ഒരു ക്കവും കുടുംബജീവിതത്തെക്കുറിച്ചുള്ള ശരിയായ അവബോധമില്ലാതെ ആരംഭിക്കുന്ന യുവകുടുംബങ്ങളും ഇന്ന് തകർന്നുകൊണ്ടിരിക്കുന്ന യാഥാർത്ഥ്യം നാം നേരിൽ കണ്ടുകൊണ്ടിരിക്കുന്നു. ഈ ഒരു പ്രതിസന്ധി തരണം ചെയ്യുന്നതിൽ അമ്മമാരുടെ പങ്ക് വളരെ വലുതാണ്. ഈ വർഷത്തെ മാതൃസംഗമങ്ങൾ മിശ്രവിവാഹങ്ങളും വർദ്ധിച്ചു വരുന്ന കുടുംബ പ്രശ്ന ങ്ങളും എന്ന പ്രത്യേക ആശയത്തിന് ഊന്നൽ കൊടുത്ത് ക്ലാസ്സുകളും മറ്റ് ബോധവൽക്കരണ പരിപാടികളുമായി നടത്താനാണ് അതിരൂപതാ ഫാമിലി അപ്പൊസ്റ്റൊലേറ്റ് ആഗ്രഹിക്കുന്നത്. ഏപ്രിൽ, മെയ് മാസങ്ങളിൽ റീജണൽ തലത്തിൽ നടത്തപ്പെടുന്ന മാതൃസംഗമങ്ങളിൽ അമ്മമാരെ പറഞ്ഞയയ്ക്കാൻ ബഹു. വികാരിയച്ചന്മാർ ശ്രദ്ധിക്കണേ.

## 5. പ്രത്യേക ശ്രദ്ധയ്ക്ക്

ഇടവകകളിലും മേഖലകളിലും മാതൃവേദിയുടെ നേതൃത്വത്തിൽ നട

ത്തുന്ന അനുകരണീയ മാതൃകകൾ രൂപതാ ബുള്ളറ്റിനിൽ പ്രസിദ്ധീകരിക്കുന്നതിന് ഓരോ മാസവും 15-ാം തീയതിക്കു മുൻപ് അതിരൂപതാ ഓഫീസിൽ അറിയിക്കുമല്ലോ.

## 3. ക്ലാസുകൾ, സെമിനാറുകൾ

എടൂർ സെന്റ് മേരീസ്, ചെട്ടിയാംപറമ്പ് ജോൺ ദ ബാപ്റ്റിസ്റ്റ് എന്നീ ഇടവകകളിലെ അമ്മമാർക്ക് ഫാമിലി അപ്പൊസ്റ്റൊലേറ്റ് ഡയറക്ടർ ഫാ. അബ്രാഹം പുതുശ്ശേരി, സി. ലിയ റോസ് സി.എച്ച്.എഫ്. എന്നിവർ ക്ലാസെടുക്കുകയും ദിവ്യബലിയർപ്പിച്ച് പ്രാർത്ഥിക്കുകയും ചെയ്തു.

## 4. ഹോം മിഷൻ

**പയ്യാവൂർ** : പയ്യാവൂർ ഡിവൈൻ മേഴ്സി ഇടവകയിൽ ജനുവരി 2 മുതൽ 22 വരെ FATRI കോഴ്സ് പൂർത്തിയാക്കിയ ഹോളി ഫാമിലി സിസ്റ്റേഴ്സ് ഹോം മിഷൻ നടത്തി. 270 വീടുകളുള്ള ഈ ഇടവകയിൽ 6 സിസ്റ്റേഴ്സ് 3 ടീമുകളായി ഭവനങ്ങൾ സന്ദർശിക്കുകയും ഞായറാഴ്ച ദിവസങ്ങളിൽ കൗൺസലിംഗ് ആവശ്യമുള്ളവരെ കണ്ട് സംസാരിക്കുകയും ചെയ്തു. വാർഡ് അടിസ്ഥാനത്തിൽ ഓരോ ദിവസവും സന്ദർശിക്കുന്ന ഭവനങ്ങളെ ഒരുമിച്ച് ചേർത്ത് പ്രാർത്ഥനാ കൂട്ടായ്മ നടത്തിയത് ഏറെ അനുഗ്രഹപ്രദമായി. വർഷങ്ങളായി വിശുദ്ധ കുർബ്ബാനയും കുമ്പസാരവും മുടക്കിയിരുന്നവരെയും മറ്റ് പലവിധ പ്രശ്നങ്ങളാൽ കൂട്ടായ്മയിൽനിന്നും അകന്നു കഴിഞ്ഞിരുന്നവരെയും ദൈവമനുഷ്യബന്ധത്തിലേക്ക് കൂടുതൽ അടുപ്പിക്കാൻ ഹോം മിഷൻ സഹായകമായി. പുത്തൻ ഉണർവ്വും ചൈതന്യവും കൈവരിക്കാൻ ഹോം മിഷൻ സഹായകമായി. ഏറെ ത്യാഗപൂർവ്വം അർപ്പണബോധത്തോടെ ഹോം മിഷൻ നടത്തിയ സിസ്റ്റേഴ്സിനും ഹോം മിഷന് എല്ലാവിധ സഹായസഹകരണങ്ങളും നൽകിയ വികാരി ഫാ. ജോസഫ് തേനമ്മാക്കലിനും സഹകരിച്ച് ദൈവകൃപ സ്വീകരിച്ച ഇടവകാംഗങ്ങൾക്കും കോ. ഓർഡിനേറ്റർ, കൈക്കാരന്മാർ, കമ്മറ്റിക്കാർ, എന്നിവർക്കും അതിരൂപതാ ഫാമിലി അപ്പൊസ്റ്റൊലേറ്റിന്റെ ഹൃദയപൂർവ്വകമായ നന്ദിയും അനുമോദനങ്ങളും.

**തോമാപുരം:** ജനുവരി 15 മുതൽ 30 വരെ തലശ്ശേരി അതിരൂപതയിലെ 1200 ഭവനങ്ങളുള്ള തോമാപുരം സെന്റ് തോമസ് ഫൊറോന ഇടവകയിൽ അതിരൂപതാ ഹോം മിഷൻ ടീമിലെ 28 സിസ്റ്റേഴ്സ് ഹോം മിഷൻ നടത്തി. ഇടവകാംഗങ്ങൾ ഹോം മിഷൻ ദിനങ്ങളിൽ എല്ലാവരും ഭവനങ്ങളിൽ ആയിരിക്കുകയും ആഗ്രഹത്തോടുകൂടി ഹോം മിഷൻ പരിപാടികളിൽ പങ്കുകൊള്ളുകയും ചെയ്തു. പരസ്പര സ്നേഹത്തിലും വിശ്വാസത്തിലും വളരുവാനും പുത്തൻ ഉണർവ്വോടെ നടക്കാനിരിക്കുന്ന അഭിഷേകാഗ്നി

കൺവെൻഷനിൽ പങ്കുകൊള്ളാനും ഇടവകാംഗങ്ങളെ ഒരുക്കാനും ഹോം മിഷൻ സഹായകമായി. ഓരോ ദിനങ്ങളിലും സന്ദർശിച്ച ഭവനങ്ങളിൽ കുടുംബ പ്രാർത്ഥന നടത്തുവാനും കൂട്ടായ്മയുടെ അരൂപിയിൽ ഒന്നു ചേരാനും ഇടവകാംഗങ്ങൾ തീക്ഷ്ണതയോടെ സഹകരിച്ചു. ആത്മീയ നിറവിൽ ഫൊറോനയെ നയിക്കുകയും ഹോം മിഷനാവശ്യമായ എല്ലാ ഒരുക്കങ്ങളും നടത്തിയ അഗസ്റ്റ്യൻ പാണ്ട്യാമാക്കൽ അച്ചനും അസി. വികാരി തോമസ് വാളിപ്ലാക്കലച്ചനും ഇടവകയുടെ കോ-ഓർഡിനേറ്റർ, കൈക്കാരന്മാർ, കമ്മറ്റിക്കാർ, സിസ്റ്റേഴ്സിന് താമസ സൗകര്യം ഒരുക്കിയ ഭവനാംഗങ്ങൾ, ഇടവകയിലെ സിസ്റ്റേഴ്സ്, അർപ്പണ ബോധത്തോടെ ഹോം മിഷൻ നടത്തിയ വിവിധ കോൺഗ്രിഗേഷനിലെ സിസ്റ്റേഴ്സ് എന്നിവർക്ക് അതിരൂപതാ ഫാമിലി അപ്പൊസ്റ്റൊലേറ്റിന്റെ നന്ദിയും അഭിനന്ദനങ്ങളും സ്നേഹപൂർവ്വം നേരുന്നു.

## 5. യുവകുടുംബ ശാക്തീകരണ സെമിനാർ

ആധുനിക കാലഘട്ടത്തിൽ യുവദമ്പതികളുടെ ഇടയിൽ കുടുംബ പ്രശ്നങ്ങൾ വർദ്ധിച്ചുകൊണ്ടിരിക്കുകയാണല്ലോ. കുടുംബബന്ധങ്ങളുടെ ദൃഢത സഭയുടെയും സമൂഹത്തിന്റെയും നിലനില്പിന് അത്യാവശ്യമാണ്. തലശ്ശേരി ഫാമിലി അപ്പസ്റ്റൊലേറ്റ് യുവ കുടുംബങ്ങളുടെ ശാക്തീകരണം ലക്ഷ്യംവച്ച് ക്ലാസുകൾ സംഘടിപ്പിക്കാൻ ആഗ്രഹിക്കുന്നു. ആദ്യഘട്ടത്തിൽ വിവാഹം കഴിഞ്ഞ് 5 വർഷത്തിനിടയിലുള്ള ദമ്പതിമാരെ ഫൊറോന തലത്തിൽ ഒരുമിച്ചുകൂട്ടി ബോധവൽക്കരണം നൽകാനാണ് ഉദ്ദേശിക്കുന്നത്. ഈ പരിപാടിയിലേക്ക് യുവദമ്പതികളെ പ്രോത്സാഹിപ്പിച്ചയക്കുമല്ലോ.

## 6. ഫാമിലി അപ്പൊസ്റ്റൊലേറ്റ് വെബ് സൈറ്റ്

ഫാമിലി അപ്പൊസ്റ്റൊലേറ്റ് പുതിയ വെബ് സൈറ്റ് നിർമ്മിക്കുന്നതിന്റെ പണിപ്പുരയിലാണ്. ഇനി മുതൽ ഫാമിലി അപ്പൊസ്റ്റൊലേറ്റിന്റെ എല്ലാ പ്രവർത്തനങ്ങളെക്കുറിച്ചുമുള്ള വിവരങ്ങളും സേവനങ്ങളും ഓൺ ലൈൻ വഴി ലഭ്യമാകും. പ്രത്യേകിച്ച് എം.ജി.സി വെബ് സൈറ്റ് വഴി രജിസ്റ്റർ ചെയ്യാൻ സാധ്യമാകും. ഏകദേശം 2 മാസത്തിനുള്ളിൽ ഈ സേവനം ലഭ്യമാകുന്നതാണ്.

**ഫാ. അബ്രാഹം പുതുശ്ശേരി**
ഡയറക്ടർ, ഫാമിലി അപ്പൊസ്റ്റൊലേറ്റ്

# കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസി

## വാർഷിക റിപ്പോർട്ട്

വിദ്യാലയ പ്രവർത്തനങ്ങളുടെ സമഗ്രമായ റിപ്പോർട്ട് തയ്യാറാക്കി കോർപ്പറേറ്റ് ഓഫീസിലേക്ക് അയച്ചുതരണം. മികച്ച സ്കൂളുകൾക്കുള്ള അവാർഡുകൾ റിപ്പോർട്ടുകൾ വിലയിരുത്തി നൽകുന്നതാണ്. അവാർഡ് ലഭിക്കുന്നതിനുവേണ്ടി മാത്രമല്ല വാർഷിക റിപ്പോർട്ട് തയ്യാറാക്കുന്നത്. ഒരു വർഷത്തെ വിദ്യാഭ്യാസ പ്രവർത്തനങ്ങളെ കൃത്യമായി വിലയിരുത്തിയെങ്കിൽ മാത്രമേ വരുംവർഷങ്ങളിലേക്കുള്ള വ്യക്തമായ പ്രവർത്തന പദ്ധതി ആവിഷ്കരിക്കുവാൻ കഴിയുകയുള്ളൂ. വാർഷിക റിപ്പോർട്ടിന്റെ കോപ്പി ഫെബ്രുവരി 28-ാം തീയതിക്കു മുമ്പായി കോർപ്പറേറ്റ് ഓഫീസിലേക്ക് അയക്കണം.

## പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം

സംസ്ഥാനതലത്തിൽ പൊതുവിദ്യാഭ്യാസ സംരക്ഷണത്തിനുള്ള സംരംഭങ്ങൾ ആവിഷ്കരിക്കുന്നുണ്ട്. എന്നാൽ വിദ്യാഭ്യാസ മേഖലയിലെ ആശങ്കകളും അസ്വസ്ഥതകളും അവസാനിച്ചിട്ടില്ല എന്നതാണ് യാഥാർത്ഥ്യം. വിദ്യാഭ്യാസമേഖലയിൽ ഏറ്റവുമധികം സംഭാവന ചെയ്യുന്ന എയ്ഡഡ് വിദ്യാഭ്യാസമേഖലയെ തകർക്കുന്ന തീരുമാനങ്ങൾ എടുക്കുകയും പൊതുവിദ്യാഭ്യാസ സംരക്ഷണത്തിനുള്ള പദ്ധതികൾ ആവിഷ്ക്കരിക്കുകയും ചെയ്യുന്ന വിരോധാഭാസമാണ് നിലവിലുള്ളത്. പൊതുവിദ്യാഭ്യാസ സംരക്ഷണത്തിനുള്ള സർക്കാർ പദ്ധതികളോട് സഹകരിക്കുന്നതിൽ തടസ്സമില്ല. എന്നാൽ സർക്കാരിന്റെ പ്രവർത്തന പദ്ധതികളിലൊന്നും സ്കൂൾ ആരംഭിക്കുകയും കാര്യക്ഷമമായി മുന്നോട്ടു കൊണ്ടുപോകുകയും ചെയ്യുന്ന മാനേജുമെന്റുകൾക്ക് ഒരു റോളുമില്ല എന്നത് തിരുത്തപ്പെടേണ്ട നിലപാടാണ്. മാനേജ്മെന്റിന്റെ പങ്കാളിത്തത്തോടുകൂടി തന്നെ വിദ്യാഭ്യാസ മേഖലയുടെ വികസനത്തിന് സർക്കാർ ഒരുക്കുന്ന എല്ലാ സംരംഭങ്ങളിലും സഹകരിക്കാൻ തയ്യാറാണ്. എന്നാൽ മാനേജ്മെന്റിനെ അവഗണിച്ചുകൊണ്ടുള്ള കെഇആർ പരിഷ്ക്കരണം പോലെയുള്ള ഭരണഘടനാവിരുദ്ധമായ തീരുമാനങ്ങൾ അടിയന്തിരമായി പിൻവലിക്കാൻ സർക്കാർ തയ്യാറാകണം.

## കാത്തലിക് ടീച്ചേഴ്സ് ഗിൽഡ് സംസ്ഥാന സമ്മേളനം

ഫെബ്രുവരി 23, 24 തീയതികളിൽ കാത്തലിക് ടീച്ചേഴ്സ് ഗിൽഡ് സംസ്ഥാന സമ്മേളനം തൃശ്ശൂരിൽ സംഘടിപ്പിക്കുന്നു. കെ.ഇ.ആർ ഭേദഗതി പിൻവലിക്കുക, പുതിയ ഹയർ സെക്കണ്ടറി സ്കൂളുകളിൽ തസ്തികകൾ

സൃഷ്ടിക്കുക, എയിഡഡ് സ്കൂളുകളിലെ അധ്യാപകരുടെ ബ്രോക്കൺ സർവ്വീസ് കാലഘട്ടം അംഗീകരിക്കുക, 2016-17 അധ്യയന വർഷം നിയമിത രായവർക്ക് നിയമനാംഗീകാരം നൽകുക തുടങ്ങിയ ആവശ്യങ്ങൾ സംസ്ഥാന സമ്മേളനം സർക്കാരിനു മുന്നിൽ അവതരിപ്പിക്കുന്നുണ്ട്.

## പ്രധാന അധ്യാപക സംഗമവും യാത്രയയപ്പ് യോഗവും

ഈ അധ്യയന വർഷാവസാനം റിട്ടയർ ചെയ്യുന്ന അധ്യാപക -അന ധ്യാപകരുടെ സമ്മേളനം മാർച്ച് 18-ാം തീയതി ശനിയാഴ്ച തലശ്ശേരി സന്ദേ ശഭവനിൽ സംഘടിപ്പിക്കുന്നു. പ്രസ്തുത സമ്മേളനത്തെ തുടർന്ന് പ്രധാന അധ്യാപക സംഗമവും ഉണ്ടായിരിക്കും. മികച്ച വിദ്യാലയങ്ങൾക്കുള്ള പുര സ്ക്കാരവും ഈ സമ്മേളനത്തിൽ നൽകുന്നതാണ്.

## വായാട്ടുപറമ്പ് ഹൈസ്കൂളിൽ ഡോ.എ.പി.ജെ. അബ്ദുൾകലാം നോളഡ്ജ് പാർക്ക് ഉദ്ഘാടനം

വായാട്ടുപറമ്പ് സെന്റ് ജോസഫ്സ് ഹൈസ്കൂളിൽനിന്നും 1991 മാർച്ചിൽ എസ്.എസ്.എൽ സി പരീക്ഷയെഴുതിയവർ ചേർന്ന് തങ്ങൾ പഠിച്ച സ്കൂളിന് ഗുരുദക്ഷിണയായി 18 ലക്ഷം രൂപയോളം ചെലവഴിച്ച് ഒരു റീഡിംഗ് റൂമും, ലൈബ്രറിയും നിർമ്മിച്ച് നൽകി. മുൻരാഷ്ട്രപതിയും ശാസ്ത്രജ്ഞ നുമായ ഡോ. എ.പി.ജെ. അബ്ദുൾ കലാമിന്റെ പേരിലാണ് നിർമ്മിച്ചിരിക്കു ന്നത്. 2016 ഡിസംബർ 28-ാം തീയതി കേരളത്തിന്റെ മുൻമുഖ്യമന്ത്രി ശ്രീ. ഉമ്മൻചാണ്ടിയാണ് ഉദ്ഘാടനം നിർവ്വഹിച്ചത്. ഇരിക്കൂർ എം.എൽ.എ ശ്രീ. കെ.സി ജോസഫ്, തളിപ്പറമ്പ് എം.എൽ.എ. ജെയിംസ് മാത്യു, അബ്ദുൾ കലാമിന്റെ കുടുംബാംഗം ഷെയ്ക് ദാവുദ്, നടുവിൽ ഗ്രാമപഞ്ചായത്ത് പ്രസി ഡണ്ട് ബിന്ദു ബാലൻ, ജില്ല പഞ്ചായത്ത് മെമ്പർ വി.എ. റഹീം, ഗ്രാമപഞ്ചാ യത്ത് മെമ്പർ സനീഷ് എം.എ, പിടിഎ പ്രസിഡണ്ടുമായ ജോസ് വെട്ടുക ല്ലാംകുഴി, ശ്രീമതി സിസ്സി പുതുക്കരി, സ്കൂൾ പ്രിൻസിപ്പൽ ഇമ്മാനുവൽ സി.യു, ഹൈസ്കൂൾ എച്ച്.എം രാജു ജോസഫ്, യു.പി സ്കൂൾ എച്ച്.എം. ജേക്കബ് അഗസ്റ്റ്യൻ എന്നിവരും ആശംസകളർപ്പിച്ചു. 91-ാം ബാച്ചിലെ കുട്ടിക ളുടെ പ്രതിനിധി സുനിൽ കീഴാരം കൃതജ്ഞതയും പ്രകാശിപ്പിച്ചു.

## സുവർണജൂബിലി കായിക മത്സരം - 2017

തലശ്ശേരി അതിരൂപത കോർപ്പറേറ്റ് വിദ്യാഭ്യസ ഏജൻസിയുടെ സുവർണ്ണജൂബിലിയോടനുബന്ധിച്ച് നടത്തിയ അതിരൂപത കലാകായിക മത്സരങ്ങൾ 25-01-2017 ന് വായാട്ടുപറമ്പ സെന്റ് ജോസഫ്സ് ഹയർസെ ക്കണ്ടറി സ്കൂൾ ഗ്രൗണ്ടിൽ നടത്തി. വായാട്ടുപറമ്പ ഫൊറോന വികാരി റവ. ഫാ. ജോർജ്ജ് അരീക്കുന്നേൽ ഉദ്ഘാടനം ചെയ്ത സമ്മേളനത്തിൽ സി.യു. ഇമ്മാനുവൽ, രാജു ജോസഫ്, ജേക്കബ് അഗസ്റ്റിൻ, സിബി

ഫ്രാൻസിസ് എന്നിവർ പ്രസംഗിച്ചു. സമാപന സമ്മേളനത്തിൽ കോർപ്പറേറ്റ് മാനേജർ റവ.ഫാ. ജെയിംസ് ചെല്ലങ്കോട്ട് വിജയികൾക്ക് സമ്മാനം വിതരണം ചെയ്തു. ചടങ്ങിൽ ഒ.മാത്യു, സജീവ് സി.ഡി. ബെന്നി പുത്തൻനടയിൽ എന്നിവർ സംസാരിച്ചു. മത്സരത്തിൽ പങ്കെടുത്ത കുട്ടികളെയും അതിനുവേണ്ടി ഒരുക്കിയ അധ്യാപകരെയും അഭിനന്ദിക്കുന്നു. ഇരിട്ടി, ചെമ്പേരി, ചെറുപുഴ എന്നീ മേഖലകളിൽ നിന്നുള്ള വിജയികളാണ് അതിരൂപതതല മത്സരങ്ങളിൽ പങ്കെടുത്തത്. മേഖലാതലത്തിലും അതിരൂപതാതലത്തിലും മത്സരത്തിന് ആതിഥേയത്വം വഹിച്ച മാനേജരച്ചന്മാർക്കും, പ്രധാനാധ്യാപകർക്കും പ്രിൻസിപ്പൽമാർക്കും നന്ദി അറിയിക്കുന്നു. മേഖലതല മത്സരങ്ങൾക്കും അതിരൂപതാതല മത്സരങ്ങൾക്കും നേതൃത്വം നൽകിയ സലിൻ ജോസഫ്, ജോണി കെ.ടി, വിനു എം.എം, ജോസ് ജോസഫ്, ബിജു, ജോസഫ് എം.എ, കുര്യൻ ജോസ്, എന്നീ കായികാധ്യാപകരെ നന്ദിയോടെ സ്മരിക്കുന്നു.

## സ്കോളർഷിപ്പ് പരീക്ഷ റിസൽട്ട്

### സന്മാർഗശാസ്ത്രം

**ക്ലാസ്സ് – മൂന്ന്**

1–ാം സ്ഥാനം – വിനീഷ ബാബു, തോമാപുരം എൽ.പി.എസ്
1–ാം സ്ഥാനം – സനൂഷ എസ്.എസ്, മേരിപുരം എൽ.പി. എസ്
2–ാം സ്ഥാനം – അക്ഷയ് കെ കുന്നോത്ത് യു.പി.എസ്
3–ാം സ്ഥാനം – അനിശ്രീ പി.എസ്, കുടിയാന്മല യു.പി
3–ാം സ്ഥാനം – ശീതൾ എൽസ്, തോമാപുരം എൽ.പി

**ക്ലാസ്സ് – നാല്**

1–ാം സ്ഥാനം – ശിവപ്രിയ പി.വി, മഞ്ഞളാംപുറം യു.പി
2–ാം സ്ഥാനം – ജെസ്ബിൻ ജോർജ്, തോമാപുരം എൽ.പി
3–ാം സ്ഥാനം – വിദ്യ കെ.വി, മേരിപുരം എൽ.പി

**ക്ലാസ്സ് – അഞ്ച്**

1–ാം സ്ഥാനം – എയ്ഞ്ചലീന തെരേസ ടോം, ചെമ്പേരി യു.പി
2–ാം സ്ഥാനം – ശിശിര ബിജു, മണിക്കടവ് യു.പി
3–ാം സ്ഥാനം – ഡെൽന ബാബു, തൊണ്ടിയിൽ യു.പി

**ക്ലാസ്സ് – ആറ്**

1–ാം സ്ഥാനം – ജസ്റ്റിൻ ടോം, നെല്ലിക്കുറ്റി യു.പി
2–ാം സ്ഥാനം – നിർമ്മൽ കെ ബേബി, എടൂർ എച്ച് എസ്
3–ാം സ്ഥാനം – ദിവ്യ വി.എസ്, കരൂളടുക്കം യു.പി
3–ാം സ്ഥാനം – അക്ഷയ പി നായർ, വീർപാട് യു.പി
3–ാം സ്ഥാനം – അനുപ്രിയ സുരേഷ്, വയത്തൂർ യു.പി

**ക്ലാസ്സ് - ഏഴ്**

1-ാം സ്ഥാനം - ജ്വൽ മരിയ അബ്രാഹം, എടൂർ എച്ച്.എസ്
2-ാം സ്ഥാനം - ക്രിസ്റ്റ മരിയ ബാബു, തോമാപുരം എച്ച്.എസ്
2-ാം സ്ഥാനം - ദേവനന്ദന എസ്, കുന്നോത്ത് യു.പി
3-ാം സ്ഥാനം - ആഷ്‌ലി ഷൈജു, കരൂള്ളടുക്കം യു.പി
3-ാം സ്ഥാനം - ശ്രേയ ആൻ അഗസ്റ്റിൻ, തോമാപുരം എച്ച് എസ്
3-ാം സ്ഥാനം - അയന എം.എസ്, പൈസക്കരി യു.പി

**ക്ലാസ്സ് - എട്ട്**

1-ാം സ്ഥാനം - അനിറ്റ അബ്രാഹം, വെളിമാനം എച്ച് എസ്
2-ാം സ്ഥാനം - തെരേസ സേവ്യർ, വായാട്ടുപറമ്പ എച്ച് എസ്
3-ാം സ്ഥാനം - അജയ് മാത്യു, കരിക്കോട്ടക്കരി എച്ച്.എസ്

**ക്ലാസ്സ് - ഒൻപത്**

1-ാം സ്ഥാനം - ആൻമരിയ ഫിലിപ്പ്, കരിക്കോട്ടക്കരി എച്ച്.എസ്
2-ാം സ്ഥാനം - അനീറ്റ ജോയ്, പാലാവയൽ എച്ച് എസ്
2-ാം സ്ഥാനം - അനീറ്റ മേരി ബെന്നി, അങ്ങാടിക്കടവ് എച്ച്.എസ്
3-ാം സ്ഥാനം - അഖില പി. പെരുമ്പടവ് എച്ച്.എസ്
3-ാം സ്ഥാനം - കെ.രാഖേന്ദു, പേരാവൂർ എച്ച്.എസ്
3-ാം സ്ഥാനം - ആഷ്ന പി. ടോം, കരിക്കോട്ടക്കരി എച്ച് എസ്

**ക്ലാസ്സ് - പത്ത്**

1-ാം സ്ഥാനം - മേരി മാത്യു, എടൂർ എച്ച് എസ്
2-ാം സ്ഥാനം - ആൻ മരിയ സെബാസ്റ്റ്യൻ, തോമാപുരം എച്ച്.എസ്
3-ാം സ്ഥാനം - റിയ റോയിസ്, എടൂർ .എച്ച്.എസ്
3-ാം സ്ഥാനം - സ്നേഹ ജോസഫ്, എടൂർ എച്ച്.എസ്

**വേദപാഠം**

**ക്ലാസ്സ് - മൂന്ന്**

1-ാം സ്ഥാനം - ചെസ്ന ലിസ്ബത്ത് ജോണി, കുന്നോത്ത് യു.പി
2-ാം സ്ഥാനം - ഡിമൽ ഡിജോ, പാലാവയൽ എൽ.പി
2-ാം സ്ഥാനം - മിൽന എൽസ് ബിജു, മണിക്കടവ് യു.പി
3-ാം സ്ഥാനം - ഡേവിഡ് അബ്രാഹം, വെള്ളരിക്കുണ്ട് എൽ.പി
3-ാം സ്ഥാനം - സ്വാന്തന ടോമി, എടൂർ എൽ.പി
3-ാം സ്ഥാനം - സാന്ദ്ര അൽഫോൻസ, കുന്നോത്ത് യു.പി

**ക്ലാസ്സ് - നാല്**

1-ാം സ്ഥാനം - എലിസബത്ത് തോമസ്, പാലാവയൽ എൽ.പി
2-ാം സ്ഥാനം - അന്ന മരിയ വർഗ്ഗീസ്, എടൂർ, എൽ.പി
3-ാം സ്ഥാനം - ജോർജ്ജിൻ തോമസ്, തോമാപുരം എൽ.പി

**ക്ലാസ്സ് - അഞ്ച്**

1-ാം സ്ഥാനം - ഡെൽന ബാബു, തൊണ്ടിയിൽ യു.പി

2-ാം സ്ഥാനം - സാനിയ റോസ്, നെല്ലിക്കുറ്റി യു.പി
3-ാം സ്ഥാനം - എയ്ഞ്ചലോ ജോയ്, കുന്നോത്ത് യു.പി

**ക്ലാസ്സ് - ആറ്**

1-ാം സ്ഥാനം - ആൻ മരിയ, എടൂർ എച്ച് എസ്
1-ാം സ്ഥാനം - അർഷ ബിജു തോട്ടത്തിൽ, അങ്ങാടിക്കടവ് യു.പി
2-ാം സ്ഥാനം - തോമസ് സെബാസ്റ്റ്യൻ, തോമാപുരം എച്ച്.എസ്
2-ാം സ്ഥാനം - അലൻ ആൻഡ്രൂസ്, കുടിയാന്മല യു.പി
3-ാം സ്ഥാനം - റോസ്മേരി മാനുവൽ, ചെമ്പന്തൊട്ടി യു.പി

**ക്ലാസ്സ് - ഏഴ്**

1-ാം സ്ഥാനം - അനൈന സണ്ണി, തൊണ്ടിയിൽ യു.പി
2-ാം സ്ഥാനം - അലീന ബെന്നി, പാലാവയൽ എച്ച്.എസ്
3-ാം സ്ഥാനം - ജോസ്ന ജെയിംസ്, പെരുമ്പുന്ന യു.പി.എസ്

**ക്ലാസ്സ് - എട്ട്**

1-ാം സ്ഥാനം - മരിയ പി.വി, വായാട്ടുപറമ്പ എച്ച്.എസ്
2-ാം സ്ഥാനം - എൽസ റോയ്, വായാട്ടുപറമ്പ എച്ച്.എസ്
3-ാം സ്ഥാനം - അനുഷിത ആൻ സാജു, വെള്ളരിക്കുണ്ട് എച്ച്.എസ്

**ക്ലാസ്സ് - ഒൻപത്**

1-ാം സ്ഥാനം - റിമി ചെറിയാൻ, കൊളക്കാട് എച്ച് എസ്
1-ാം സ്ഥാനം - അനീറ്റ ഷാജി, വായാട്ടുപറമ്പ എച്ച്.എസ്
2-ാം സ്ഥാനം - മരിയ വിജു, വായാട്ടുപറമ്പ എച്ച്.എസ്
3-ാം സ്ഥാനം - മെറിൻ ജോർജ്, കുന്നോത്ത് എച്ച്.എസ്
3-ാം സ്ഥാനം - ആൽഫിൻ ബിനു, വെള്ളരിക്കുണ്ട് എച്ച്.എസ്

**ക്ലാസ്സ് - പത്ത്**

1-ാം സ്ഥാനം - മിഥില മാത്യു, കിളിയന്തറ എച്ച് എസ്
1-ാം സ്ഥാനം - അനുജ ടി.എ, എടൂർ എച്ച്.എസ്
2-ാം സ്ഥാനം - അയന ജോൺസൺ, കൊളക്കാട് എച്ച്.എസ്
3-ാം സ്ഥാനം - പ്രിയമോൾ എം.ജെ, വായാട്ടുപറമ്പ എച്ച്.എസ്

## നല്ലപാഠം

എടൂർ സെന്റ് മേരീസ് ഹയർസെക്കണ്ടറി സ്കൂൾ എൻ.എസ്. എസ് യൂണിറ്റിന്റെയും നല്ലപാഠം യൂണിറ്റിന്റെയും ആഭിമുഖ്യത്തിൽ വട്ട്യറയിൽ താമസിക്കുന്ന സജി കല്ലക്കടമ്പിലിന്റെ കുടുംബത്തിന് മനോഹരമായ വീട് നിർമ്മിച്ചു നൽകി. എടൂർ സ്കൂളിൽ തന്നെ പഠിക്കുന്ന ഒരു കുട്ടിയുടെ മാതാപിതാക്കളിൽനിന്ന് 6 സെന്റ് സ്ഥലം ദാനമായി വാങ്ങി ക്രിസ്തുമസ് അവധിക്കാലത്ത് 7 ദിവസം താമസിച്ച് കഠിനമായി അധ്വാനിച്ചാണ് ഈ വീടിന്റെ നിർമ്മാണം പൂർത്തിയാക്കിയത്. ഈ പുണ്യപ്രവർത്തിയിൽ പങ്കാളികളായ

# നിർമ്മലഗിരി വാർത്തകൾ

## ഹോം സയൻസ് ഫെസ്റ്റ്

പാഠ്യപാഠ്യേതരവിഷയങ്ങളിലും സാമൂഹികവും സാംസ്കാരികവുമായ മേഖലകളിലും വിദ്യാർത്ഥികൾക്ക് അവസരങ്ങളും പ്രോത്സാഹനങ്ങളും ലഭിക്കുന്നതിനായി നിർമ്മലഗിരികോളേജ് ഹോം സയൻസ് വിഭാഗം ഹോം സയൻസ് ഫെസ്റ്റ് സംഘടിപ്പിച്ചു. ഇതിനോടനുബന്ധിച്ചു മാനസികാരോഗ്യം ജീവിതവിജയത്തിന് എന്ന വിഷയത്തെ ആസ്പദമാക്കി ഒരു സെമിനാറും, ജീവിതശൈലി രോഗങ്ങളുമായി ബന്ധപ്പെട്ടുള്ള ആരോഗ്യ പരിശോധനകളും സംഘടിപ്പിച്ചു കൂടാതെ വെജിറ്റബിൾ കാർവിങ്ങ്, പാചകം, വെജിറ്റബിൾ പ്രിന്റിങ്ങ്, മെഹന്ദി ഡിസൈനിങ്ങ് എന്നീ മത്സരങ്ങൾ സംഘടിപ്പിക്കുകയുണ്ടായി. എക്സിബിഷനും ഫുഡ് ഫെസ്റ്റും ഈ പ്രോഗ്രാമിന്റെ ആകർഷണങ്ങളായിരുന്നു. സി. ഡോ. ജെസ്സി വർഗ്ഗീസ്, സി. ഡോ. സെലിൻ മാത്യു, ദീപ്തി ലിസ്ബത്ത് എന്നിവർ പ്രോഗ്രാമുകൾക്ക് നേതൃത്വം നൽകി.

---

ബഹു. ആന്റണി മുതുകുന്നേൽ അച്ചനെയും പ്രിൻസിപ്പാളിനെയും അധ്യാപക അനധ്യാപകരെയും വിദ്യാർത്ഥികളെയും അഭിനന്ദനം അറിയിക്കുന്നു. കുട്ടികളുടെ ഈ ആത്മാർത്ഥമായ പ്രവർത്തനം കണ്ടപ്പോൾ നാട്ടുകാരും ഈ നിർമ്മാണപ്രവർത്തിയിൽ സഹായികളായി.

## മണിക്കടവ് സെന്റ് തോമസ് യു.പി. സ്കൂൾ - കെട്ടിട ഉദ്ഘാടനം

മണിക്കടവ് സെന്റ് തോമസ് യു.പി. സ്കൂളിന് നിർമ്മിച്ച പുതിയ കെട്ടിടത്തിന്റെ ആശീർവാദകർമ്മവും ഉദ്ഘാടനവും മേജർ ആർച്ച് ബിഷപ്പ് കർദ്ദിനാൾ ആലഞ്ചേരി പിതാവ് നിർവ്വഹിച്ചു. തുടർന്ന് നടന്ന പൊതുസമ്മേളനം മേജർ ആർച്ച് ബിഷപ്പ് ഉദ്ഘാടനം ചെയ്തു. പൊതുസമ്മേളനത്തിൽ തലശ്ശേരി അതിരൂപത വികാരി ജനറാൾ മോൺ. എബ്രഹാം പോണാട്ട് അധ്യക്ഷത വഹിച്ചു. ഇടവക വികാരി ഫാ. മാത്യു മണിമലത്തറപ്പേൽ ആമുഖ പ്രഭാഷണം നടത്തി. ഫാ. ജോസഫ് ആനിത്താനം, ഫാ. ജോർജ് പഴയപറമ്പിൽ, ഡെയ്സി കണയനാട്ട്, ഒ.വി. ഷാജു, തോമസ് അപ്രേം, പി.ജെ. ജോസഫ്, ജോസ് പുഷ്പകുന്നേൽ, ജോമി കുന്നേൽ, പി.കെ. മാത്യു, എം.എം. മൈക്കിൾ തുടങ്ങിയവർ പ്രസംഗിച്ചു.

**ഫാ. ജെയിംസ് ചെല്ലങ്കോട്ട്**
കോർപ്പറേറ്റ് മാനേജർ

## ഏകദിന ശില്പശാലയും കോമേഴ്സ് അസോസിയേഷൻ ഉദ്ഘാടനവും

കണ്ണൂർ ജില്ലാ വ്യവസായ കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ വിദ്യാർത്ഥികൾക്കായി വ്യവസായ സംരഭകത്വ ബോധവൽക്കരണ പരിപാടി നിർമ്മലഗിരി കോളേജിൽ സംഘടിപ്പിച്ചു. കോമേഴ്സ് അസോസിയേഷൻ ഉദ്ഘാടനത്തിന്റെ ഭാഗമായി സംഘടിപ്പിച്ച പ്രസ്തുത പരിപാടിയിൽ 'സംരഭകത്വം വിദ്യാലയങ്ങളിൽ' എന്ന വിഷയത്തിൽ ഏകദിന ശില്പശാല നടന്നു. നിർമ്മലഗിരി കോളേജ് പ്രിൻസിപ്പൽ ഡോ. എൻ.ജെ. സെലീനയുടെ അധ്യക്ഷതയിൽ മാങ്ങാട്ടിടം ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് എം.കെ. കൃഷ്ണൻ ഉദ്ഘാടനം നിർവഹിച്ചു. വിദ്യാർത്ഥികളിൽ സംരംഭകത്വം, വ്യവസായ വാണിജ്യവകുപ്പ് നടപ്പിലാക്കി വരുന്ന പദ്ധതികൾ എന്ന വിഷയത്തെ ആസ്പദമാക്കി ഡോ.ഒ.വി. ശ്രീനിവാസൻ വിദ്യാർത്ഥികളുമായി സംവദിച്ചു. തുടർന്ന് കോമേഴ്സ് അസോസിയേഷൻ ഉദ്ഘാടനം മുൻകോളേജ് പ്രിൻസിപ്പൽ ഡോ. ജോസ്‌ലെറ്റ് മാത്യു നിർവഹിച്ചു. ഫാ. മാർട്ടിൻ ജോസഫ്, കെ. അരവിന്ദാക്ഷൻ, കമില്ലോ ജോസഫ്, റോഷിൻ തോമസ്, റോമിറ്റ് സെബാസ്റ്റ്യൻ, അരുൺ തോമസ് എന്നിവർ സംസാരിച്ചു.

## സെമിനാറും പ്രദർശനവും

ഇക്കണോമിക്സ് അസോസിയേഷന്റെ ഉദ്ഘാടനത്തോടനുബന്ധിച്ചു നടന്ന കറൻസി രഹിത ഇടപാടുകളുമായി ബന്ധപ്പെട്ട സെമിനാറും പ്രദർശനവും തലശ്ശേരി ഡി.വൈ.എസ്.പി. പ്രിൻസ് എബ്രാഹം ഉദാഘാടനം ചെയ്തു. ഡോ. എം.ഡി. ദേവസ്യ അധ്യക്ഷത വഹിച്ച യോഗത്തിൽ ലോക്കൽ മാനേജർ ഫാ. പോൾ വള്ളോപ്പള്ളി, ഡോ. എൻ. ജെ. സെലീന, ഡോ.ടി. കെ. സെബാസ്റ്റ്യൻ, എന്നിവർ പ്രസംഗിച്ചു. SBI, South Indian Bank, Axius Bank തുടങ്ങിയ ബാങ്കുകളുടെ പ്രതിനിധികൾ പ്രദർശനത്തിൽ പങ്കെടുത്തു.

## മാനേജ്മെന്റ് ഫെസ്റ്റ് വിജയികൾ

മടപ്പള്ളി ഗവൺമെന്റ് കോളേജിൽവച്ച് നടന്ന സൗത്ത് ഇന്ത്യ മാനേജ്മെന്റ് ഫെസ്റ്റിൽ ബെസ്റ്റ് മാനേജ്മെന്റ് ടീമായി നിർമ്മലഗിരി കോളേജ് കോമേഴ്സ് വിഭാഗം തിരഞ്ഞെടുക്കപ്പെട്ടു. ഒന്നാം വർഷ ബിരുദ വിദ്യാർത്ഥികളായ ജീവ കുര്യൻ, അലൻ ബെന്നി, അനഘ, സായന്ത് എന്നിവരാണ് ഈ വിജയം കോളേജിനു സമ്മാനിച്ചത്. കൂടാതെ പ്രൊഡക്റ്റ് ലോഞ്ച് മത്സരത്തിൽ കോളേജിനെ പ്രധിനിധീകരിച്ച ജെസ്റ്റിൻ വിൻസെന്റ്, നിറ്റു കെ സുരേഷ് എന്നിവർ ഒന്നാം സ്ഥാനം നേടി.

MES കോളേജ്, നറവുറിൻ വച്ചു നടന്ന മാനേജ്മെന്റ് ഫെസ്റ്റിലും മാർക്കറ്റിംഗ് ഗെയിമിൽ കോമേഴ്സ് വിഭാഗം ഒന്നാംസ്ഥാനം നേടി. ജെറിൻ ജോസ്, ജസ്റ്റിൻ വിൻസെന്റ്, അരുൺ തോമസ്സ്, മേഘന രമേശ് എന്നിവരാണ് മത്സരാർത്ഥികൾ.

## ഇന്റർ ഡിപ്പാർട്ട്മെന്റ് ക്രിക്കറ്റ് & ഫുട്ട്ബോൾ ടൂർണമെന്റ്

കോളേജിൽ നടന്ന ഷീൻ മെമ്മോറിൻ ക്രിക്കറ്റ് ടൂർണമെന്റിലും, കോളേജ് ഫുട്ട്ബോൾ ചാമ്പ്യൻ ഷിപ്പിലും കോമേഴ്സ് വിഭാഗം ഒന്നാം സ്ഥാനം നേടി. ക്രിക്കറ്റിൽ രണ്ടാംസ്ഥാനം മാത്തമാറ്റിക്സ് ഡിപ്പാർട്ടുമെന്റ് കരസ്ഥമാക്കിയപ്പോൾ ഫുട്ബോളിൽ രണ്ടാംസ്ഥാനം സുവോളജി ഡിപ്പാർട്ട് മെന്റ് നേടി.

## അസോസിയേഷൻ ഉദ്ഘാടനം

സുവോളജി: സുവോളജി വിഭാഗത്തിന്റെ അസോസിയേഷൻ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചു. മുൻപ്രിൻസിപ്പൽ ഡോ. ജോസ്ലറ്റ് മാത്യു ഉദ്ഘാടനകർമ്മം നിർവഹിച്ചു. ഡോ. സാലി ജോർജ്, ഡോ.എൻ.ജെ. സെലീന, പ്രജുഷ, അനുശ്രീ സജീവൻ, ആൽബി ടോം എന്നിവർ സംസാരിച്ചു.

ബോട്ടണി: ഈ വർഷത്തെ ബോട്ടണി അസോസിയേഷൻ കാലിക്കറ്റ് സർവ്വകലാശാല ബയോട്ടെക്നോളജി വിഭാഗം മേധാവി ഡോ. പി. ആർ. മനീഷ് കുമാർ ഉദ്ഘാടനം ചെയ്തു. തുടർന്ന് കേരളത്തിലെ പൂമ്പാറ്റകളെ ക്കുറിച്ചുള്ള ഒരു ഫോട്ടോ പ്രദർശനവും, പാരിസ്ഥിതിക പ്രശ്നങ്ങളെ സംബന്ധിച്ചുള്ള സിനിമാ പ്രദർശനവും നടത്തി.

## കണ്ണൂർ സർവ്വകലാശാല കലോൽസവ വിജയികൾ

കണ്ണൂർ സർവ്വകലാശാല കലോത്സവത്തിൽ ഉറുദുപദ്യം ചൊല്ലലിൽ രണ്ടാംവർഷ സുവോളജി വിദ്യാർത്ഥിനി അനുശ്രീ സജീവനും, സംസ്കൃത കവിതാരചനയിൽ രണ്ടാം വർഷ കെമിസ്ട്രി വിദ്യാർത്ഥിനി നികിതാ ശ്രീനിവാസും, ഓട്ടംതുള്ളലിൽ രണ്ടാംവർഷ മലയാള വിദ്യാർത്ഥി വിഷ്ണു നാറോത്തും ഒന്നാം സ്ഥാനം നേടി. സംസ്കൃത പ്രസംഗമത്സരത്തിൽ രണ്ടാം വർഷ ഇംഗ്ലീഷ് വിദ്യാർത്ഥി ശ്രീഹരിയും, ഗസലിനു രണ്ടാവർഷ ഫിസിക്സ് വിദ്യാർത്ഥിനി ഗോപിക എം.കെ. രണ്ടാം സ്ഥാനവും നേടി. ഹിന്ദി പ്രസംഗ ത്തിനു സ്നേഹ ജസ്റ്റിനും, ഹാർമോണിയത്തിനു ആദർശ് മാവിലായും, ജാസ്സിനു അസ്നീഷും, തബലയ്ക്ക് രയ്സാഗറും, വീണവായനയ്ക്ക് ദേവപ്രീയയും മൂന്നാംസ്ഥാനം നേടി. ഗ്രൂപ്പു മത്സരങ്ങളിൽ മാർഗം കളിക്ക് മൂന്നാം സ്ഥാനം ലഭിച്ചു.

**പി.ആർ.ഒ., നിർമ്മലഗിരി**

# വിമൽജ്യോതി വാർത്തകൾ

**ചെമ്പേരി വിമൽജ്യോതിയിൽനിന്നും സ്നേഹാശംസകൾ!**

ചെമ്പേരി വിമൽ ജ്യോതിയിൽ വിദ്യാർത്ഥി രാഷ്ട്രീയ പ്രസ്ഥാനങ്ങളുടെ കടന്നാക്രമണം കഴിഞ്ഞ ഏതാനും ആഴ്ചകളായി പ്രത്യക്ഷമായും പരോക്ഷമായും നടക്കുന്ന കാര്യം നാം അറിയുന്നതാണല്ലോ. ഇതോടനുബന്ധിച്ച് നമ്മുടെ അതിരൂപതയുടെ മുഴുവൻ സഹായസഹകരണങ്ങൾ കോളേജിന് ലഭിക്കുകയുണ്ടായി എന്നത് നന്ദിയോടെ അനുസ്മരിക്കുന്നു. ഫെബ്രുവരി മാസം ആദ്യപകുതിയിലും വിവിധ വിദ്യാർത്ഥി രാഷ്ട്രീയ പ്രസ്ഥാനങ്ങൾ വിമൽജ്യോതിയിൽ യൂണിറ്റ് രൂപീകരിക്കുമെന്ന പ്രസ്തവനകളും യോഗങ്ങളും നടത്തുകയുണ്ടായി. നമ്മുടെ കോളേജിൽ രാഷ്ട്രീയ പ്രവർത്തനങ്ങൾ അനുവദിക്കില്ല എന്ന നിലപാടിൽ മാനേജ്മെന്റ് ഉറച്ചുനിൽക്കുന്നതായി ഇത്തരുണത്തിൽ അറിയിക്കുകയും ഏവരുടെയും പ്രാർത്ഥനയും സഹായസഹകരണങ്ങളും അപേക്ഷിക്കുകയും ചെയ്യുന്നു.

**1. 2017 എം.ബി.എ പ്രവേശനം :** ഈ വർഷത്തെ എം.ബി.എ അഡ്മിഷൻ ആരംഭിച്ചു. താൽപര്യമുള്ള അപേക്ഷകർ കോളേജിൽ നേരിട്ട് ഹാജരാകണമെന്ന് അറിയിക്കുന്നു. ഡിഗ്രിക്ക് 50% മാർക്ക് നേടുന്നവർക്കും അവസാനവർഷ ഡിഗ്രി വിദ്യാർത്ഥികൾക്കും എം.ബി.എ.ക്ക് അപേക്ഷിക്കാവുന്നതാണ്. അപേക്ഷാർത്ഥികൾ കെ.മാറ്റ് കേരള എൻട്രൻസ് പരീക്ഷയിൽ യോഗ്യത നേടിയിരിക്കണം.

**2. എം.ബി.എ എൻട്രൻസ് :** ഈ വർഷം എം.ബി.എയ്ക്ക് ചേരാൻ ആഗ്രഹിക്കുന്നവർ നിർബന്ധമായും എൻട്രൻസ് പാസായിരിക്കണം. അപേക്ഷിക്കേണ്ട അവസാന തീയതി മാർച്ച് 17 ആണ്. kmatkerala.in എന്ന വെബ്സൈറ്റ് വഴിയാണ് അപേക്ഷിക്കേണ്ടത്. 1000 രൂപയാണ് അപേക്ഷാ ഫീസ്. കൂടുതൽ വിവരങ്ങൾ 9400512240/9400467741 എന്ന നമ്പരിലോ, കോളേജ് ഓഫീസിലോ ലഭ്യമാണ്.

**3. എം.ബി.എ പഠനത്തിന് നൽകുന്ന സ്കോളർഷിപ്പുകൾ :** ഈ വർഷം ഫീസിനത്തിൽ രണ്ട് സ്കോളർഷിപ്പുകൾ നൽകുന്നു. കൂടുതൽ വിവരങ്ങൾ ഫെബ്രുവരി മാസത്തെ ബുള്ളറ്റിനിൽ (പേജ് 62) നൽകിയിട്ടുണ്ട്.

4. എൻജിനീയറിംഗ് എൻട്രൻസ് ക്രാഷ് കോഴ്സ് : എൻജിനീയറിംഗ് എൻട്രൻസിന് ഒരുക്കമായുള്ള ക്രാഷ് കോഴ്സിലേയ്ക്ക് രജിസ്ട്രേഷൻ ആരംഭിച്ചു. മാർച്ച് 31 മുതൽ ഏപ്രിൽ 21 വരെയാണ് ക്രാഷ് കോഴ്സ് നടക്കുന്നത്. താമസവും ഭക്ഷണവും പഠന സാമഗ്രികളും ഉൾപ്പെടെ 8500 രൂപയും, താമസസൗകര്യം വേണ്ടാത്തവർക്ക് 7500 രൂപയുമാണ് ഫീസ്. രജിസ്ട്രേഷനും കൂടുതൽ വിവരങ്ങൾക്കും : ഫോൺ-0460 2212240, 2213399.

**5. പ്ലെയിസ്മെന്റ് ട്രെയിനിംഗ് :** 3-ാം വർഷ മെക്കാനിക്കൽ കുട്ടികളെ പ്ലെയിസ്മെന്റ് ഡ്രൈവിന് മുന്നോടിയായി രണ്ടു ദിവസത്തെ കമ്മ്യൂണിക്കേഷൻ ട്രെയിനിംഗ് നടത്തി. ഈ രംഗത്തെ പ്രഗത്ഭരായ ഡോ. റവീണ ബിലന്റയുടെയും ഡോ. ശ്രീരഞ്ജിനിയുടെയും നേതൃത്വത്തിലാണ് ട്രെയിനിംഗ് നടത്തിയത്. വ്യക്തിത്വ വികസനം, ഇന്റർവ്യൂ വിജയകരമായി പങ്കെടുക്കൽ, ഭാഷാപരമായ കഴിവുകളുടെ വിപുലീകരണം തുടങ്ങിയ മേഖലകളിലാണ് ട്രെയിനിംഗ് നടന്നത്.

**6. പ്രൊജക്ട് എക്സ്പോ 2017 :** ഇലക്ട്രോണിക്സ് & കമ്മ്യൂണിക്കേഷൻ ഡിപ്പാർട്ട്മെന്റിന്റെ നേതൃത്വത്തിൽ നടന്ന പ്രൊജക്ട് എക്സ്പോ 2017 വിജയകരമായി നടത്തി. 4-ാം വർഷ വിദ്യാർത്ഥികളുടെ നവീന ആശയങ്ങളുടെ ആവിഷ്ക്കാരമാണ് എക്സ്പോയിൽ അവതരിപ്പിച്ചത്. കാർഷിക മേഖലയിലും ദൈനംദിന ജീവിതത്തിലും ഉപയോഗിക്കാവുന്ന 11-ലേറെ കണ്ടുപിടുത്തങ്ങളാണ് അവതരിപ്പിച്ചത്. സമീപ വിദ്യാലയങ്ങളിൽനിന്നും ധാരാളം കുട്ടികളും പ്രൊജക്ട് എക്സ്പോയിൽ സംബന്ധിച്ച് ആശയങ്ങളും പ്രവർത്തന ശൈലികളും മനസ്സിലാക്കി. Automated poly house, Innovative pumping control system, LED wall integration system, Learning Assistance System for the blind learners, Portable ECG monitoring system. Laser actuated presentation system, Portable attendance monitoring system, Flexible display system, Indoor navigation system with intelligent billing for shopping malls, Intelligent charging smart plug എന്നിവയാണ് എക്സ്പോയിൽ അവതരിപ്പിച്ച പ്രൊജക്ടുകൾ. ഇലക്ട്രോണിക്സ് & കമ്മ്യൂണിക്കേഷൻ ഡിപ്പാർട്ട്മെന്റിലെ അസി. പ്രൊഫസർമാരായ അനൂപ് ബി.കെ., ബിനിൽകുമാർ എന്നിവരാണ് നേതൃത്വം നൽകിയത്.

**7. ഇൻസ്ട്രുമെന്റേഷൻ ഡിപ്പാർട്ടുമെന്റിൽ 100% പ്ലെയിസ്മെന്റ് ഓറിയന്റ് ട്രെയിനിംഗ്:** ഇൻസ്ട്രുമെന്റേഷൻ ഡിപ്പാർട്ടുമെന്റിന്റെ ആഭിമുഖ്യത്തിൽ നാലാംവർഷ വിദ്യാർത്ഥികൾക്ക് 100% പ്ലെയിസ്മെന്റ് നടക്കുന്നതിനുവേണ്ടി പ്രോലിഫിക് എന്ന കമ്പനി ട്രെയിനിംഗ് നടത്തി. 32 കുട്ടികളാണ് ട്രെയിനിംഗ് പൂർത്തിയാക്കി സർട്ടിഫിക്കറ്റ് കരസ്ഥമാക്കിയത്. കമ്പനിതന്നെ ഇവർക്ക് പ്ലെയിസ്മെന്റിന്റെ തുടർസഹായവും നൽകുന്നതാണ്.

**ഫാ. തോമസ് മേൽവെട്ടം**
ചെയർമാൻ, വിമൽജ്യോതി

# ഫ്രാൻസിസ്കൻ അൽമായസഭ
## (എസ്.എഫ്.ഒ.)

അഭിവന്ദ്യരായ വൈദികരെ, ആദരണീയരായ സന്യസ്തരെ, സ്നേഹം നിറഞ്ഞ അല്മായ പ്രേഷിതരെ,

നമ്മുടെ കർത്താവീശോമിശിഹായുടെ സഹന-മരണ-ഉത്ഥാനാനുഭവങ്ങളിലൂടെ തീക്ഷ്ണമായി തീർത്ഥയാത്രചെയ്യുന്ന നോമ്പിന്റെ നാളുകൾ ആത്മീയ നവോത്ഥാനത്തിന്റെ പുണ്യദിനങ്ങളാകട്ടെ എന്നാശംസിക്കുന്നു.

### നോമ്പും പ്രാർത്ഥനയും

ഫ്രാൻസിസ്കൻ അല്മായ സഭാംഗങ്ങൾ ആദ്യകാലഘട്ടങ്ങളിൽ അറിയപ്പെട്ടിരുന്നത് 'പരിഹാരത്തിന്റെ സഹോദരീ സഹോദരന്മാർ' എന്നായിരുന്നല്ലോ. തപസ്സിന്റേയും പ്രായശ്ചിത്തത്തിന്റെയും ജീവിതശൈലി വർഷം മുഴുവനും പിന്തുടർന്നിരുന്ന അവർ നോമ്പുകാലഘട്ടങ്ങളിൽ അതികഠിനമായ ജീവിതമായിരുന്നു നയിച്ചിരുന്നതെന്ന് ചരിത്രം നമ്മെ ഓർമ്മിപ്പിക്കുന്നു. ചാക്കുവസ്ത്രം ധരിക്കുക, മുള്ളരഞ്ഞാണം ഉപയോഗിക്കുക, ചമ്മട്ടികൊണ്ടടിക്കുക, ചാരം വിതറി ഭക്ഷണം കഴിക്കുക, കുഷ്ഠരോഗകേന്ദ്രങ്ങളിൽപോയി, ശുശ്രൂഷചെയ്യുക, ഗുഹകളിൽ പോയി ധ്യാനിക്കുക. പൂർണ്ണമായ ഉപവാസമെടുക്കുക തുടങ്ങിയ നൂറായിരം കാര്യങ്ങൾ ചെയ്തിരുന്ന മൂന്നാംസഭാംഗങ്ങളുടെ ചരിത്രം നമുക്ക് ലഭ്യമാണ്. മൂന്നാം സഭയുടെ സ്വർഗ്ഗീയ മധ്യസ്ഥരായ ഫ്രാൻസിലെ വി. ലൂയിസ്സ് രാജാവും ഹംഗറിയിലെ വി. എലിസബത്ത് രാഞ്ജിയുമെല്ലാം ഇപ്രകാരമുള്ള പ്രായശ്ചിത്തപ്രവൃത്തികൾ ചെയ്യുന്നതിൽ മുൻപന്തിയിലായിരുന്നു.

മുകളിൽപറഞ്ഞ കഠിനതരമായ പ്രവർത്തികളൊന്നും അനുകരിക്കാൻ സാധിച്ചില്ലെങ്കിലും അതിന്റെ ചൈതന്യത്തിൽ ജീവിക്കാൻ ഫ്രാൻസിസ്ക്കൻ എന്നും കടപ്പെട്ടവരാണെന്ന് മറക്കാതിരിക്കാം. ക്രിസ്തുവിന്റെ പീഢാസഹനങ്ങളെക്കുറിച്ച് അഗാധമായി ധ്യാനിച്ചുകൊണ്ടും അവിടുത്തെ കുരിശിനോടുചേർത്ത് നമ്മുടെ സഹനങ്ങളെയും വേദനകളെയും ചേർത്തുവച്ചുകൊണ്ടും നമ്മുടെയും മറ്റുള്ളവരുടെയും പാപങ്ങൾക്ക് സാധിക്കുംവിധം പരിഹാരം ചെയ്തുകൊണ്ടും എല്ലാത്തിലുമുപരിയായി ആഴമായ പ്രാർത്ഥനയിലും വചനധ്യാനത്തിലും മുഴുകിക്കൊണ്ടും ഈ നോമ്പുകാലം ഫലഭരിതമാക്കുവാൻ നമുക്ക് പരിശ്രമിക്കാം. ഉപവസിച്ചും ഉപേക്ഷിച്ചും കിട്ടുന്ന തുകകൾ ജീവകാരുണ്യ പ്രവർത്തനങ്ങൾക്കായി വിനിയോഗിക്കാൻ ഓരോ അംഗങ്ങളും ഓരോ ഭ്രാതൃത്വവും ഉത്സാഹിക്കുകയും വേണം.

## അതിരൂപതാ സിനഡ്

നമ്മുടെ അതിരൂപതയിൽ നടക്കുവാൻ പോകുന്ന സിനഡിന്റെ വിജയത്തിനുവേണ്ടി ഓരോ ഫ്രാൻസിസ്കനും തീക്ഷ്ണമായി പ്രാർത്ഥിക്കാൻ കടപ്പെട്ടിരിക്കുന്നു. കത്തോലിക്കാ സഭയെ സ്വന്തം അമ്മയേക്കാളുപരി സ്നേഹിച്ച ഫ്രാൻസീസിന്റെ മക്കൾ സഭയിൽ നടക്കുന്ന എല്ലാ നവീകരണ പ്രക്രിയകളിലും സജീവമായി പങ്കെടുക്കേണ്ടതാണ്. ഇക്കാര്യം ഓർമ്മിച്ചുകൊണ്ടാണ് അല്മായസഭയുടെ അതിരൂപതാകമ്മിറ്റി പലപ്രദേശങ്ങളിലായി ക്ലാസ്സുകൾ സംഘടിപ്പിച്ചതും സിനഡിലേയ്ക്ക് നിർദ്ദേശിക്കേണ്ട വിഷയങ്ങളെപ്പറ്റി ചർച്ചചെയ്തും ഇതിനുനേതൃത്വം വഹിച്ച അതിരൂപതാ-റീജിയനൽ കമ്മിറ്റികളെ അഭിനന്ദിക്കുന്നു.

## ഫ്രാൻസീസിനെ അറിയുക

'ഫ്രാൻസീസിനെ അറിയുക; സ്നേഹിക്കുക' എന്ന മുദ്രാവാക്യം പ്രാവർത്തികമാക്കുവാനാണല്ലോ നമ്മൾ ഈ വർഷം കൂടുതലായി പരിശ്രമിക്കുന്നത്. ഫ്രാൻസീസിനെ മനസ്സിലാക്കുവാനായി ആഴമായ വായനയും പഠനങ്ങളും നടത്തണമെന്ന നമ്മുടെ തീരുമാനം പ്രായോഗികമാക്കുവാൻ റീജിയനും ഭ്രാതൃത്വങ്ങളും നന്നായി ശ്രദ്ധിക്കുക. ഫ്രാൻസിസ്കൻ കൃതികളും മറ്റ് ആത്മീയഗ്രന്ഥങ്ങളും ഉൾപ്പെടുന്ന ഒരു ചെറിയ 'വായനശാല' ആരംഭിക്കുവാൻ ഏവരും പരിശ്രമിക്കുക. ഇടവകയിലുള്ള മറ്റുള്ളവരെക്കൂടി ഇതിൽ പങ്കാളികളാക്കുന്ന രീതിയിൽ ഇതിന്റെ പ്രവർത്തനങ്ങൾ ക്രമീകരിക്കുകയും ചെയ്യുക.

## ആർമണ്ടച്ചന്റെ നാമകരണത്തിനായ് പ്രാർത്ഥിക്കുക

കേരളകരിസ്മാറ്റിക് നവീകരണത്തിന്റെ പ്രാരംഭകനായ പുണ്യശ്ലോകൻ ആർമണ്ടച്ചന്റെ 16-ാം ചരമവാർഷികം, പട്ടാരം വിമലഗിരി ആശ്രമത്തിൽവച്ച് സമുചിതമായി ആഘോഷിച്ചു. പാലാരൂപതയിലെ മൂന്നാം സഭയുടെ ഡയറക്ടറായി ദീർഘകാലം സേവനമനുഷ്ഠിച്ചിരുന്ന ആർമണ്ടച്ചൻ അവരുടെ ഇടയിലായിരുന്നു ഈ നവീകരണമുന്നേറ്റം ആദ്യമായി നടപ്പാക്കിയത്. ആയിരക്കണക്കിന് അല്മായരെ സഭാനേതൃത്വത്തിലേയ്ക്ക് കൈപിടിച്ചു നടത്താൻ അച്ചന് പ്രചോദനം ലഭിച്ചത് അല്മായ സഭയിലെ പ്രവർത്തനം മൂലമായിരുന്നു. ഒരു വിശുദ്ധനായിരുന്നു എന്ന് ഏവരും ഏകസ്വരത്തിൽ പറയുന്ന ആർമണ്ടച്ചന്റെ വീരോചിതമായ ജീവചരിത്രം 'ത്രിത്വോപാസകൻ' എന്ന പേരിൽ കഴിഞ്ഞമാസം വെളിച്ചം കണ്ടു. അതിരൂപതാ ആത്മീയ സഹായിയായ ഫാ. ബിജു ഇളമ്പച്ചംവീട്ടിൽ രചിച്ച ആ ജീവചരിത്രം ആർമണ്ടച്ചന്റെ സുകൃതജീവിതത്തെ അനേകരിലെത്തിക്കാൻ

സഹായിക്കും എന്ന് പ്രത്യാശിക്കാം. ആർമണ്ടച്ചനെ അൾത്താര വണക്കത്തിന് അർഹനാക്കേണമെയെന്ന് നമുക്ക് ഒന്നു ചേർന്ന് പ്രാർത്ഥിക്കുകയും ചെയ്യാം.

## കൂട്ടായ്മയിലുള്ള വളർച്ച

ഫ്രാൻസിസ്കൻ ആധ്യാത്മികത പൂവണിയേണ്ടത് സാഹോദര്യത്തിന്റെ വളർച്ചയിലൂടെയാണ്. ഒരു സമൂഹമായിനിന്ന് ഫ്രാൻസിസ്കൻ മൂല്യങ്ങൾ പ്രാവർത്തികമാക്കുവാനാണ് ദൈവം നമുക്കായി ഭ്രാതൃത്വങ്ങൾ (Fraternity) നല്കിയിരിക്കുന്നത്. ചിലരെങ്കിലും കൂട്ടായ്മകളെ ഗൗരവമായി എടുക്കുന്നില്ല എന്നത് ദുഃഖകരമാണ്. ആഴ്ചയിൽ അല്പനേരം ഒരുമിച്ചു പ്രാർത്ഥിക്കുന്നതും മാസത്തിൽ ഒരിക്കൽ ജീവിതവും പ്രവർത്തനവും വിലയിരുത്തി സാഹോദര്യം ആഘോഷിക്കുന്നതും നമ്മുടെ അടിസ്ഥാന ശൈലിയാണ്. ഇതിനു നേതൃത്വം വഹിക്കാനും മറ്റുള്ളവരെ പ്രോത്സാഹിപ്പിക്കാനുമുള്ള കടമയാണ് ഭാരവാഹികളുടേത്. അതിൽ അല്പവും വീഴ്ച വരാതിരിക്കുവാൻ ഓരോരുത്തരും ഉത്സാഹിക്കുക.

താമരശ്ശേരി രൂപതയിൽ പുതുതായി ഒൻപതു ഭ്രാതൃത്വങ്ങൾ രൂപം കൊണ്ടു എന്നതു സന്തോഷകരമാണ്. ഭ്രാതൃത്വങ്ങളുടെ ഒരു സംയുക്ത യോഗം ഫെബ്രുവരി 24-ാം തീയതി പേരാമ്പ്രയിൽവച്ച് സംഘടിപ്പിക്കപ്പെട്ടു. തീക്ഷ്ണമതികളായ നൂറ് കണക്കിനാളുകൾ തങ്ങളുടെ ഫ്രാൻസിസ്കൻ ദൈവവിളിയിൽ അഭിമാനംപൂണ്ട് ഒരുമിച്ചുകൂടുകയും രൂപതമുഴുവൻ ഇത് വ്യാപിപ്പിക്കണമെന്ന് തീരുമാനമെടുക്കുകയും ചെയ്തത് ദൈവികപദ്ധതിയായി കണക്കാക്കുന്നു. എല്ലാത്തിനും നേതൃത്വം നല്കുന്ന ഫാ. ജോൺ ബോസ്കോയെ അഭിനന്ദിക്കുകയും ചെയ്യുന്നു.

ഏവർക്കും ചൈതന്യവത്തായ ഒരു നോമ്പുകാലം ആശംസിച്ചുകൊണ്ടും കർത്താവിന്റെ കൃപയുടെ നിറവ് പ്രാർത്ഥിച്ചുകൊണ്ടും, സാഹോദര്യപൂർവ്വം,

**ഫാ. ബിജു ഇളമ്പച്ചംവീട്ടിൽ, കപ്പൂച്ചിൻ**
അതിരൂപതാ ആത്മീയ സഹായി

# എ.കെ.സി.സി.

## ഫാ. ടോം ഉഴുന്നാലിന്റെ മോചനം

ഭീകരർ തട്ടികൊണ്ടുപോയി തടവിലാക്കിയ സലേഷ്യൻ സഭാംഗവും കേരളീയനുമായ ഫാ. ടോം ഉഴുന്നാലിന്റെ മോചനത്തിനായി എല്ലാ ഇടവക കളിലും പ്രാർത്ഥനയും പ്രതിഷേധസംഗമങ്ങളും നടത്തുകയുണ്ടായി. കൂടാതെ കേന്ദ്രസമിതിയുടെ നേതൃത്വത്തിൽ പാർലിമെന്റിന് മുമ്പിൽ പ്രാർത്ഥനായജ്ഞവും ഫെബ്രുവരി 6ന് നടന്നു. ആയതിന് ഐക്യദാർഢ്യം പ്രഖ്യാപിച്ചുകൊണ്ട് തലശ്ശേരി അതിരൂപതയിൽ എല്ലായിടങ്ങളിലും ആ സമയത്ത് പ്രാർത്ഥനയജ്ഞം നടത്തുകയുണ്ടായി. ഇപ്പോഴും ടോം അച്ചന്റെ മോചനത്തിനായുള്ള പ്രാർത്ഥനകളും പ്രവർത്തനങ്ങളും നടത്തി വരുന്ന എല്ലാവരെയും അഭിനന്ദിക്കുന്നു. ഡൽഹിയിൽ നടന്ന പ്രാർത്ഥനാ യജ്ഞത്തിൽ നമ്മുടെ അതിരൂപതയിൽനിന്ന് അഡ്വ. ടോണി ജോസഫ് പങ്കെടുത്തു.

## തോമസ് പൊട്ടംകുളത്തിന് ആദരാഞ്ജലികൾ

കിളിയന്തറ സെന്റ് മേരീസ് പള്ളി തിരുനാളിന്റെ ഭാഗമായി നടത്തിയ പ്രദക്ഷിണം നയിച്ചിരുന്ന യുവജനനേതാവും പഞ്ചായത്ത് മെമ്പറും കത്തോലിക്കാ കോൺഗ്രസ് യൂത്ത്വിംഗ് സംഘാടകനുമായിരുന്ന ശ്രീ. തോമസ് പൊട്ടംകുളം വാഹന അപകടത്തിൽ മരിച്ചതിൽ അനുശോചനം രേഖപ്പെടുത്തുകയും ഡയറക്ടർ ഫാ. ഫ്രാൻസിസ് മേച്ചിറാകത്ത്, ദേവസ്യ കൊങ്ങോല, ജോണി തോമസ് വടക്കേക്കര, ബെന്നി പുതിയാംപുറം, അൽഫോൻസ് കളപ്പുര തുടങ്ങിയവർ ആദരാഞ്ജലികൾ അർപ്പിക്കുകയും ചെയ്തു.

## എടൂർ ഫൊറോന കമ്മിറ്റി

ഫെബ്രുവരി 1ന് എടൂർ സെന്റ് മേരീസ് പാരീഷ്ഹാളിൽ ചേർന്ന കത്തോലിക്കാ കോൺഗ്രസ് എടൂർ ഫൊറോന കമ്മിറ്റി യോഗത്തിൽ ഡയറക്ടർ ഫാ. കുര്യാക്കോസ് ഓരത്തേൽ അധ്യക്ഷം വഹിച്ചു. അതിരൂപത ഡയറക്ടർ ഫാ. ഫ്രാൻസിസ് മേച്ചിറാകത്ത് യോഗം ഉദ്ഘാടനം ചെയ്തു. അതിരൂപത പ്രസിഡന്റ് ദേവസ്യ കൊങ്ങോല വിഷയാവതരണം നടത്തി. അതിരൂപത ഭാരവാഹികളായ ജോണി തോമസ് വടക്കേക്കര, ബെന്നി പുതിയാംപുറം എന്നിവർ പ്രസംഗിച്ചു. എടൂർ ഫൊറോന കമ്മിറ്റിയുടെ പുതിയ ഭാരവാഹികളായി പൈലി പേമലയിൽ (പ്രസിഡന്റ്), ബിനോജ് വയലുങ്കൽ (വൈസ് പ്രസിഡന്റ്), സണ്ണി തറയിൽ (സെക്രട്ടറി), ജെയിംസ് പാറയിൽ (ട്രഷറർ), അബ്രാഹം പാരിക്കാപള്ളി, ബെന്നിച്ചൻ മഠത്തിനകം, വർക്കി കുളത്തുങ്കൽ, ഏലിക്കുട്ടി എടാട്ട്, ഡോളി മറ്റപ്പള്ളി, ജോസ്

പുത്തൻപുര, തോമസ് കടമ്പംകുഴി (എക്സി. കമ്മിറ്റി അംഗങ്ങൾ) എന്നിവരെ തിരഞ്ഞെടുത്തു.

## പൈസക്കരി ഫൊറോന കമ്മിറ്റി

പൈസക്കരി ഫൊറോനകമ്മിറ്റി 13.02.2017ന് വെമ്പുവ പാരീഷ് ഹാളിൽ ചേർന്നു. അതിരൂപത പ്രസിഡന്റ് ദേവസ്യ കൊങ്ങോല അദ്ധ്യക്ഷം വഹിച്ചു. ഫൊറോന ഡയറക്ടർ ഫാ. ജോസഫ് കദളിയിൽ ആമുഖപ്രസംഗം നടത്തി. അതിരൂപത ഡയറക്ടർ ഫാ. ഫ്രാൻസിസ് മേച്ചിറാകത്ത് മുഖ്യപ്രഭാഷണം നടത്തി. അതിരൂപത സെക്രട്ടറി ബേബി നെട്ടനാനി പ്രസംഗിച്ചു. പൈസക്കരി ഫൊറോന കമ്മിറ്റി ഭാരവാഹികളായി വർഗ്ഗീസ് പള്ളിച്ചിറ (പ്രസിഡന്റ്), ജോസഫ് പരത്തിനാൽ (വൈസ് പ്രസിഡന്റ്), ജോസഫ് മാത്യു കുരീക്കാട്ടിൽ (ജോ. സെക്രട്ടറി), ജോസഫ് നെറ്റിക്കാട്ട് (ട്രഷറർ), വിത്സൻ വലിയകാലായിൽ, ജോസ് വണ്ടാംകുന്നേൽ, ബേബി നെട്ടനാനി, വിത്സൺ കന്നുകെട്ടിയിൽ, വർഗ്ഗീസ് ഓരത്തേൽ (എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങൾ) എന്നിവരെ തിരഞ്ഞെടുത്തു.

## കേന്ദ്രകമ്മിറ്റിയോഗം

02-02-2017ന് കോട്ടയത്ത് സെൻട്രൽ കമ്മിറ്റി ഓഫീസിന് കേന്ദ്ര വർക്കിംഗ് കമ്മിറ്റി യോഗം ചേർന്നു. പുതിയകെട്ടിടത്തിലേക്കു മാറ്റിയ സെൻട്രൽ കമ്മിറ്റി ഓഫീസിന്റെ വെഞ്ചരിപ്പുകർമ്മത്തിൽ കത്തോലിക്കാ കോൺഗ്രസ്സ് ബിഷപ്പ് ലെഗേറ്റ് മാർ റെമീജിയൂസ് ഇഞ്ചനാനിയിൽ മുഖ്യകാർമികനും ഡയറക്ടർ റവ. ഫാ. ജിയോ കടവി, ഫാ. ഫ്രാൻസീസ് മേച്ചിറാകത്ത് എന്നിവർ സഹകാർമ്മികരുമായിരുന്നു. ദേശീയപ്രസിഡന്റ് വി.വി. അഗസ്റ്റ്യൻ, ജനറൽ സെക്രട്ടറി അഡ്വ. ബിജു പറയനിലം എന്നിവർ നേതൃത്വം നൽകി. തുടർന്ന് നടന്ന വർക്കിംഗ് കമ്മിറ്റിയോഗത്തിൽ കത്തോലിക്കാ കോൺഗ്രസ്സ് ശതാബ്ദി ആഘോഷപരിപാടികൾ, എറണാകുളത്ത് പണിയുന്ന കേന്ദ്രകമ്മിറ്റി ഓഫീസ് കെട്ടിടത്തിന്റെ ശിലാസ്ഥാപനം, കെട്ടിട നിർമാണഫണ്ട്, മെമ്പർഷിപ്പ് കാമ്പെയിൻ, ഫാ. ടോം ഉഴുന്നാലിന്റെ മോചനത്തിനുവേണ്ടിയുള്ള പ്രാർത്ഥനകളും സമരപരിപാടികളും, പഞ്ചായത്ത് സമിതികളുടെ രൂപീകരണം, കസ്തൂരിരംഗൻ റിപ്പോർട്ടിന്റെ അന്തിമ വിജ്ഞാപനം വൈകുന്നതിനുള്ള പ്രതിഷേധപരിപാടികൾ, സംഘടനാ തിരഞ്ഞെടുപ്പു തുടങ്ങിയ വിഷയങ്ങൾ ചർച്ചചെയ്തു തീരുമാനങ്ങളെടുത്തു. വർക്കിംഗ് കമ്മിറ്റിയോഗത്തിൽ ഫാ. ഫ്രാൻസീസ് മേച്ചിറാകത്ത്, ദേവസ്യ കൊങ്ങോല, ജോണി തോമസ് വടക്കേക്കര എന്നിവർ പങ്കെടുത്തു.

## പരസ്പരസഹായ നിധി

പരസ്പരസഹായനിധി ഫെബ്രുവരിമാസത്തെ ജനറൽ ബോഡി യോഗം 10-02-17ന് നടന്നു. മാർച്ച് മാസത്തെ ജനറൽ ബോഡിയോഗം 10-03-2017 ന് നടക്കുന്നതാണ്.

## അതിരൂപത എക്സിക്യൂട്ടീവ് യോഗം 15-2-2017

കത്തോലിക്കാ കോൺഗ്രസ് തലശ്ശേരി അതിരൂപത എക്സിക്യൂട്ടീവ് യോഗം കത്തോലിക്കാ കോൺഗ്രസ് അതിരൂപതാകാര്യാലയത്തിൽ ചേർന്നു. പ്രസിഡന്റ് ദേവസ്യ കൊങ്ങോല അധ്യക്ഷം വഹിച്ചു. അതിരൂപത ഡയറക്ടർ ഫാ. ഫ്രാൻസീസ് മേച്ചിറാകത്ത് വിഷയാവതരണം നടത്തി സെക്രട്ടറി ജോണി തോമസ് വടക്കേക്കര റിപ്പോർട്ടും ട്രഷറർ ഡേവീസ് ആലങ്ങാടൻ വരവ് ചിലവ് കണക്കും വായിച്ചു.

## മേരിഗിരി ഫൊറോനകമ്മിറ്റി

ഫെബ്രുവരി 18ന് മേരിഗിരി പള്ളിയിൽചേർന്ന കത്തോലിക്കാ കോൺഗ്രസ് മേരിഗിരി ഫൊറോന കമ്മിറ്റി യോഗത്തിൽ ഡയറക്ടർ ഫാ. ജോസഫ് പൊട്ടനാനി അധ്യക്ഷം വഹിച്ചു. അതിരൂപത ഡയറക്ടർ ഫാ. ഫ്രാൻസീസ് മേച്ചിറാകത്ത് യോഗം ഉദ്ഘാടനം ചെയ്തു. അതിരൂപത പ്രസിഡന്റ് ശ്രീ. ദേവസ്യ കൊങ്ങോല വിഷയാവതരണം നടത്തി. അതിരൂപതാ ഭാരവാഹികളായ ജോണി വടക്കേക്കര, ബെന്നി പുതിയാംപുറം എന്നിവർ പ്രസംഗിച്ചു. മേരിഗിരി ഫൊറോനകമ്മിറ്റിയുടെ പുതിയ ഭാരവാഹികളായി തോമസ് ഒഴുകയിൽ (പ്രസിഡന്റ്), തോമസ് ഐക്കരപ്പറമ്പിൽ (വൈസ്പ്രസിഡന്റ്), ജോസ് പൊന്നോത്ത് (സെക്രട്ടറി), മനീഷ്ക അന്തീനാട്ട് (ട്രഷറർ), ജോഷി ആനിക്കാത്തോട്ടം, സിബി മാലിപ്പുറം, ബെന്നി കല്ലൻചിറ, ജോൺ ജോ കാരക്കാട്ട്, ജോൺ മണ്ണാർവട്ടമല, ജോസഫ് മഠത്തുംമൂട്ടിൽ, നോവിച്ചൻ ഓലിക്കൽ (എക്സിക്യൂട്ടീവ് അംഗങ്ങൾ) എന്നിവരെ തെരഞ്ഞെടുത്തു.

## മെമ്പർഷിപ്പ് കാമ്പയിൻ

എല്ലാ ഇടവകകളിലും എല്ലാവർക്കും (18 വയസ്സ് പൂർത്തിയായ ആൺപെൺ വ്യത്യാസമില്ലാതെ) പുതിയ കത്തോലിക്ക കോൺഗ്രസ്സ് മെമ്പർഷിപ്പ് നൽകുന്നതിന് തീരുമാനിച്ചു. മെമ്പർഷിപ്പ് ഫീസ് 50 രൂപ. 2017 മാർച്ച് 19 മുതൽ ഏപ്രിൽ 30 വരെയാണ് മെമ്പർഷിപ്പ് കാമ്പയിൻ. ഫൊറോന പ്രസിഡന്റുമാർ മുഖേന മെമ്പർഷിപ്പുകൾ വിതരണം ചെയ്യുന്നതാണ്.

സ്നേഹപൂർവ്വം,

**ദേവസ്യാ കൊങ്ങോല**
അതിരൂപതാ പ്രസിഡന്റ്

**ഫാ. ഫ്രാൻസിസ് മേച്ചിറാകത്ത്**
ഡയറക്ടർ

# കെ. സി. ബി. സി.
# മദ്യവിരുദ്ധ സമിതി

## 16-ാമത് ബിഷപ്പ് വള്ളോപ്പിള്ളി സ്മാരക ട്രോഫിക് വേണ്ടിയുള്ള തെരുവുനാടക മത്സരം

തളിപ്പറമ്പ് ടൗൺ സ്ക്വയറിൽവച്ച് 2017 ഫെബ്രുവരി 10ന് വെള്ളിയാഴ്ച ബിഷപ്പ് വള്ളോപ്പിള്ളി സ്മാരക ട്രോഫിക്കുവേണ്ടിയുള്ള 16-ാമത് തെരുവുനാടക മത്സരം നടത്തി. തളിപ്പറമ്പ് നഗരസഭ ചെയർമാൻ അള്ളാങ്കുളം മുഹമ്മദ് ഉദ്ഘാടനം ചെയ്തു. തളിപ്പറമ്പ് ഫൊറോനപള്ളി വികാരി ബഹു. ജോസ് മഞ്ചപ്പള്ളിയച്ചൻ അദ്ധ്യക്ഷത വഹിച്ചു. കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി തളിപ്പറമ്പ് മേഖലാ പ്രസിഡന്റ് ലൂക്കോസ് പള്ളിത്തറ, ജന. സെക്രട്ടറി ജയിംസ് എൻ പോൾ, ജോയി മണ്ഡപത്തിക്കുന്നേൽ എന്നിവർ പ്രസംഗിച്ചു.

തെരുവുനാടക മത്സരത്തിൽ വയത്തൂർ സ്കൂൾ ബിഷപ്പ് വള്ളോപ്പിള്ളി ട്രോഫിയും 5000 രൂപ ക്യാഷ് അവാർഡും കരസ്ഥമാക്കി. ശ്രീ. പി.കെ. ഗ്രിഗറി മാസ്റ്റർ സ്മാരക ട്രോഫിയും 3000 രൂപ ക്യാഷ് അവാർഡും നേടിയത് കൂത്തുപറമ്പ് നിർമ്മലഗിരി കോളേജ് ആണ്. ശ്രീ. അഗസ്റ്റിൻ കിഴക്കരക്കാട്ട് സ്മാരകട്രോഫിയും 2000 രൂപ ക്യാഷ് അവാർഡും കാഞ്ഞി രടുക്കം കരസ്ഥമാക്കി വിജയികൾക്കുള്ള ട്രോഫികളും ക്യാഷ് അവാർഡു കളും ഫാ. തോമസ് തൈത്തോട്ടം വിതരണം ചെയ്തു. അതിരൂപതയുടെ വിവിധ കേന്ദ്രങ്ങളിൽനിന്നും 9 നാടകട്രൂപ്പുകൾ പങ്കെടുത്തു.

തെരുവുനാടക മത്സരത്തിൽ പങ്കെടുത്ത എല്ലാ ടീമുകൾക്കും അവരെ ഒരുക്കി അയച്ച ബഹു. വികാരിയച്ചന്മാർക്കും കലാകാരന്മാർക്കും പ്രത്യേകിച്ച് മത്സരത്തിൽ വിജയം നേടിയെടുത്ത നാടകട്രൂപ്പുകൾക്കും കെ.സി.ബി.സി. മദ്യവിരുദ്ധ സമിതിയുടെ ഹൃദയം നിറഞ്ഞ അഭിനന്ദനങ്ങളും നന്ദിയും അറിയിക്കുന്നു.

ഈ മത്സരം കഴിഞ്ഞ 16 വർഷങ്ങളായി മുടക്കം കൂടാതെ നടത്താൻ സാധിച്ചത് ത്യാഗമതികളായ ബഹു. അച്ചന്മാരുടെയും സിസ്റ്റേഴ്സിന്റെയും കുറെ നല്ല മനുഷ്യരുടെയും സന്മനസും സഹകരണവുംകൊണ്ടാണ്. എല്ലാവർക്കും എല്ലാത്തിനും ഒരിക്കൽകൂടി നന്ദി പറയുന്നു.

## ADSU സമ്മാനക്കൂപ്പൺ നറുക്കെടുപ്പ്

ADSU പ്രവർത്തനഫണ്ട് ശേഖരണാർത്ഥം നടത്തിയ സമ്മാന ക്കൂപ്പൺ പദ്ധതിയുടെ നറുക്കെടുപ്പ് 2017 ഫെബ്രുവരി 11ന് ശനിയാഴ്ച സന്ദേശഭവൻ കേന്ദ്രഓഫീസിൽവച്ച് നടത്തി. നറുക്കെടുപ്പിന്റെ ഭാഗമായി നടത്തിയ സമ്മേളനം സന്ദേശഭവൻ ഡയറക്ടർ ബഹു. ജോർജ് കാഞ്ഞിര ക്കാട്ടച്ചൻ നിർവ്വഹിച്ചു. നറുക്കെടുപ്പിന്റെ ഉദ്ഘാടനം ഒന്നാം സമ്മാനമായ

മോട്ടോർ ബൈക്കിന്റെ സ്പോൺസറായ വോൾവോ മോട്ടോഴ്സിന്റെ (കണ്ണൂർ) മാർക്കറ്റിംഗ് മാനേജർ സജിത് കുമാർ നിർവ്വഹിച്ചു. ADSU പ്രസിഡന്റ് കുമാരി ക്ലിറ്റി മാത്യു അദ്ധ്യക്ഷത വഹിച്ചു. ഫാ. തോമസ് തൈത്തോട്ടം ആമുഖഭാഷണം നടത്തി.

ADSU-വിന്റെ സാമ്പത്തിക നിലയെപ്പറ്റി അദ്ദേഹം അവലോകനം നടത്തുകയും സമ്മാനകൂപ്പൺ പദ്ധതി വലിയ വിജയമായി തീർന്നതു കൊണ്ട് ADSU-വിന്റെ സാമ്പത്തിക നില മെച്ചപ്പെടുത്താൻ സാധിച്ചുവെന്ന് അദ്ദേഹം പറഞ്ഞു. ശ്രമകരമായ ഈ സംരംഭത്തിൽ ആത്മാർത്ഥമായി സഹകരിച്ച നമ്മുടെ സ്കൂളുകളുടെ ബഹു. മാനേജറച്ചന്മാരെയും പ്രധാന അധ്യാപകരെയും ADSU ആനിമേറ്റർമാരെയും പ്രത്യേകിച്ച് നമ്മുടെ അതിരൂപതയിൽ പ്രവർത്തിക്കുന്ന ഇംഗ്ലീഷ് മീഡിയം സ്കൂളുകളുടെ നിർലോഭമായ സഹായസഹകരണങ്ങൾക്കും അദ്ദേഹം നന്ദി പ്രകാശിപ്പിച്ചു. എല്ലാറ്റിനും ഉപരിയായി കോർപ്പറേറ്റ് മാനേജർ ബഹു. ജെയിംസ് ചെല്ലങ്കോട്ടച്ചന്റെ കലവറയില്ലാത്ത സഹകരണത്തിനും പ്രോത്സാഹന ത്തിനും ഒത്തിരി നന്ദി.

സമ്മാനക്കൂപ്പൺ പദ്ധതിയിൽ ഏറ്റവും കൂടുതൽ കൂപ്പണുകൾ വിറ്റഴിച്ച മഞ്ഞളാംപുറം സ്കൂളിന് സമ്മാനമായി ട്രോഫിയും ഏറ്റവും കൂടുതൽ കൂപ്പണുകൾ വിറ്റഴിച്ച വ്യക്തി എന്ന നിലയിൽ നിർമ്മലഗിരി കോളേജിലെ ഇംഗ്ലീഷ് പ്രൊഫസർ സി. മെർലിൻ എസ്എബിഎസിന് പ്രത്യേക സമ്മാനവും നൽകി ആദരിച്ചു. ഒരിക്കൽകൂടി ഈ പ്രസ്ഥാനവുമായി സഹ കരിച്ച എല്ലാവർക്കും ഒരായിരം നന്ദിയുടെ നറുമലരുകൾ.

## വട്ടിയറ നിവാസികൾ പ്രക്ഷോഭത്തിലേക്ക്

തലശ്ശേരി - ഇരിട്ടി ഹൈവേയിൽ 500 മീറ്റർ ചുറ്റളവിൽ പ്രവർത്തിച്ചു കൊണ്ടിരിക്കുന്ന വിദേശ മദ്യഷാപ്പ് എടൂർ ഫൊറോനയിലെ വട്ടിയറ ഇടവകയിലേക്ക് മാറ്റി സ്ഥാപിക്കാനുള്ള സർക്കാർ നീക്കത്തിനെതിരെ ഇടവക വികാരി ഫാ. തോമസ് അട്ടേങ്ങാട്ടിന്റെ നേതൃത്വത്തിൽ വട്ടിയറയിലെ ജനങ്ങൾ ജാതിമതഭേദങ്ങൾക്കതീതമായി പ്രക്ഷോഭത്തിലേക്ക് നീങ്ങുന്നു. എടൂർ, കുന്നോത്ത്, പേരാവൂർ, നെല്ലിക്കാംപൊയിൽ തുടങ്ങിയ മലയോര മേഖലകൾക്ക് ഭീഷണിയായിത്തീരും ഈ വിദേശ മദ്യഷാപ്പ്. ജനങ്ങൾക്ക് വേണ്ടാത്ത മദ്യഷാപ്പ് പോലീസ് സംരക്ഷണത്തോടെ അടിച്ചേൽപ്പിക്കുന്ന സർക്കാരിന്റെ നീക്കം ഫാസിസ്റ്റ് ക്രൂരതയാണ്. കുടിയേറ്റ ജനതയ്ക്ക് വെല്ലുവിളിയുയർത്തുന്ന സർക്കാർ നീക്കത്തിനെതിരെ കുടിയേറ്റ ജനത ഒറ്റക്കെട്ടായി ശബ്ദമുയർത്തണമെന്നും വട്ടിയറ മദ്യഷാപ്പ് വിരുദ്ധപ്രക്ഷോഭ ത്തിന് ഐക്യദാർഢ്യം പ്രഖ്യാപിച്ച് രംഗത്ത് വരണമെന്നും അഭ്യർ ത്ഥിക്കുന്നു.

സ്നേഹശംസകളോടെ,

**ഫാ. തോമസ് തൈത്തോട്ടം**
ഡയറക്ടർ

# പ്രതീക്ഷ വാർത്തകൾ

**ട്രെയിനിംഗ് പ്രോഗ്രാം**

നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സോഷ്യൽ ഡിഫൻസിന്റെയും ആർ.ആർ.റ്റി.സിയുടെയും സംയുക്താഭിമുഖ്യത്തിൽ കോഴിക്കോട് കോൾപിങ്ങ് സെന്ററിൽവച്ച് നടന്ന 5 ദിവസത്തെ ഓറിയെന്റേഷൻ കോഴ്സിൽ പ്രതീക്ഷയുടെ സ്റ്റാഫ് അംഗങ്ങളായ വിനോജ് വയലിൽ, അനിറ്റ ബാബു മാംകുള ത്തിൽ എന്നിവർ സംബന്ധിച്ച് സർട്ടിഫിക്കറ്റുകൾ നേടി.

**എ.എ. മീറ്റിംങ്ങ്**

ഫെബ്രുവരി 5-ന് മാറ്റ് ടാൽബോത്ത് സ്ക്വയറിൽവച്ച് നടത്തപ്പെട്ട എഎ സമ്മേളനത്തിൽ ടി.സി. തോമസ് ക്ലാസ്സുകൾ നയിച്ചു. സമ്മേളനത്തിന്റെ ഉദ്ഘാടനം പ്രതീക്ഷ സ്റ്റാഫ് അംഗം ഗോപിനാഥൻ മാസ്റ്റർ ഉദ്ഘാടനം ചെയ്തു. ചടങ്ങിൽ ചർച്ചകളും പങ്കുവയ്ക്കലും നടത്തപ്പെട്ടു. സമ്മേളനത്തിൽ സിസ്റ്റർ ടെസ്ലിൻ സ്വാഗതവും വിനോജ് വയലിൽ നന്ദിയും പറഞ്ഞു.

**ഗവൺമെന്റ് ഉദ്യോഗസ്ഥരുടെ പരിശീലന പരിപാടി**

കണ്ണൂർ ജില്ലയിലെ പുതുതായി നിയമിതരായ ഗവൺമെന്റ് ഉദ്യോഗസ്ഥരുടെ ഏകദിന പരിശീലനം നടത്തപ്പെട്ടു. ഫാ. ജോൺസൺ അന്ത്യാങ്കുളം ക്ലാസ്സുകൾ നയിച്ചു. ഡിസ്ട്രിക്ട് കോ-ഓർഡിനേറ്റർ സാരംഗ് പൈ, ഇലക്ഷൻ ഡെപ്യൂട്ടി തഹസിൽദാർ മനോജ് വി. എന്നിവർ പ്രസംഗിച്ചു.

**ഗ്രൂപ്പ് സൈനാമിക് തെറാപ്പി**

ഫെബ്രുവരി 19ന് ഫാ. ഡയറക്ടർ, വിനോജ് വയലിൽ എന്നിവരുടെ നേതൃത്വത്തിൽ ചികിത്സാർത്ഥികളുടെ മാനസീകാരോഗ്യ ശാക്തീകരണത്തിന്റെ ഭാഗമായി ഏകദിന തെറാപ്പി നടത്തപ്പെട്ടു. ബ്ര. ഓസ്റ്റിൻ, സിനൂപ്, തോമസ്, അനിറ്റ ബാബു, സി. ദീപ, മനു മാത്യു എന്നിവർ വിവിധ ഗ്രൂപ്പുകൾക്ക് നേതൃത്വം നൽകി.

**ലഹരിവിരുദ്ധ അർധദിന സെമിനാർ**

22-ാം തീയതി സ്മാർട്ട് ക്ലാസ്റൂമിൽവച്ച് സെമിനാർ നടത്തപ്പെട്ടു. സെമിനാറിൽ പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി എ.കെ. രമ്യ "സമാധാന ജീവിതത്തിന് കുടുംബനാഥന്റെ പങ്ക്" എന്ന വിഷയത്തെക്കുറിച്ച് ക്ലാസെടുത്തു. വിനോജ് വി.എസ്. സ്വാഗതവും ദേവസ്യ കോട്ടക്കൽ നന്ദിയും പറഞ്ഞു.

**മാനേജിംങ്ങ് കമ്മിറ്റി**

ഫെബ്രുവരി 22-ന് പ്രതീക്ഷയിൽവച്ച് മാനേജിംങ്ങ് കമ്മിറ്റി നടത്തപ്പെട്ടു - പ്രവർത്തനങ്ങളെ വിലയിരുത്തി, പുതിയ കർമ്മപദ്ധതികൾ ആവിഷ്ക്കരിച്ചു.

# ഇൻഫാം വാർത്തകൾ

മലയോര ജനതയെ വിഭാഗീയ ശക്തികൾക്കുകീഴിലാക്കി കസ്തൂരി രംഗൻ റിപ്പോർട്ട് തീരുമാനമാക്കാതെ ഭരണകർത്താക്കൾ കർഷകരെ തീ തീറ്റിക്കുകയാണ്. കർഷകരെ സംരക്ഷിക്കുമെന്നും കാർഷികമേഖലയെ സംരക്ഷിക്കുമെന്നും കർഷകർ ഒറ്റപ്പെടേണ്ടതില്ലാ എന്നുള്ള ഭരണകർത്താക്കളുടെ ഉറപ്പുകൾ ജലരേഖയായി മാറുന്ന കാഴ്ചായാണ് ഇവിടെ നടക്കുന്നത്. തിരഞ്ഞെടുപ്പിന് മുമ്പ് കർഷകരോടൊപ്പം കസ്തൂരിരംഗൻ റിപ്പോർട്ടിനെതിരെ സമരം ചെയ്തവർ ഇന്ന് നിലപാട് മാറ്റുന്നതാണ് കാണുന്നത്. 123 വില്ലേജുകൾ പരിതസ്ഥിതി ലോലമെന്ന് പറയാൻ യാതൊരു മടിയുമില്ല.

കേരളം പോലെ ജനസാന്ദ്രതയുള്ള ഒരു സംസ്ഥാനത്ത് 123 വില്ലേജുകൾ കൃഷിയിടങ്ങൾ, വാസസ്ഥലങ്ങൾ, ആരാധനാലയങ്ങൾ മുതലായ ജനനിബിഡങ്ങളായ പ്രദേശങ്ങളിൽനിന്ന് ജനങ്ങളെ കുടിയിറക്കാനുള്ള

➔ — — — — — — — — — — — — — — — — — — — — — — —

## അനുമോദനമർപ്പിച്ചു

ഗാന്ധി സെന്റിനറി മെമ്മോറിയൽ സൊസൈറ്റി ഏർപ്പെടുത്തിയ ബാലകണ്ടി അവാർഡിന് അർഹനായ മാത്യു എം. കണ്ടത്തിലിനെ മാനേജിംങ്ങ് കമ്മിറ്റി അംഗങ്ങളും ചികിത്സാർത്ഥികളും സ്റ്റാഫ് അംഗങ്ങളും പൊന്നാടയണിയിച്ച് ഉപഹാരം നൽകി ആദരിച്ചു. യോഗത്തിൽ ഫാ. ജോസഫ് മമ്പള്ളിക്കുന്നേൽ അധ്യക്ഷത വഹിച്ചു. ഫാ. ജോൺസൺ അന്ത്യാങ്കുളം അവാർഡ് ജേതാവിനെ പരിചയപ്പെടുത്തി. സണ്ണി പായിക്കാട്ട്, ടി.പി.ആർ നാഥ് എന്നിവർ ആശംസകൾ അർപ്പിച്ചു. മാത്യും എം. കണ്ടത്തിൽ മറുപടി പ്രസംഗം നടത്തി. അനുമോദന യോഗത്തിൽ വിനോജ് വയലിൽ സ്വാഗതവും ബെന്നി പൊന്നാട്ട് നന്ദിയും പറഞ്ഞു.

## ലഹരിവിരുദ്ധ ഏകദിന സെമിനാർ

ചികിത്സാർത്ഥികൾക്കായി ലഹരി–ആസക്തിയും രോഗവും, ചികിത്സയും, എന്ന വിഷയത്തെക്കുറിച്ച് റ്റി.ഡി. പത്രോസ് സെമിനാർ നയിച്ചു. ഉദ്ഘാടനസമ്മേളനത്തിൽ ഫാ. ജോസഫ് മമ്പള്ളിക്കുന്നേൽ അധ്യക്ഷത വഹിച്ചു. ലെവുക്ക കോൺവെന്റ് മദർ സുപ്പീരിയർ സിസ്റ്റർ ഡയനിഷ്യ സെമിനാർ ഉദ്ഘാടനം ചെയ്തു. ഫാ. ഡയറക്ടർ, വിനോജ് വി.എസ്, റഷീദ് തലശ്ശേരി എന്നിവർ പ്രസംഗിച്ചു.

**ഫാ. ജോൺസൺ അന്ത്യാംകുളം**
ഡയറക്ടർ, പ്രതീക്ഷ

ഗൂഢശ്രമത്തിന്റെ ഭാഗമാണ് ഈ പരിതസ്ഥിതി വാദം എന്നതിൽ സംശയമില്ല.

പരിതസ്ഥിതി സംരക്ഷിക്കപ്പെടണം. അത് പശ്ചിമഘട്ടത്തിൽ ഒതുക്കിനിർത്തേണ്ടതില്ല. പരിതസ്ഥിതിക്ക് കോട്ടം തട്ടുന്ന ഒരു നടപടിയും രാജ്യത്ത് അനുവദിക്കാൻ പാടില്ല അത്തരം നയം രൂപീകരിക്കുന്നതിന് പകരം രാഷ്ട്രീയ മുതലെടുപ്പിനുവേണ്ടി ഭരണകർത്താക്കളും നേതാക്കളും സാധാരണക്കാരായ കർഷകരെ പീഡിപ്പിക്കുന്ന സമീപനമാണുള്ളത്. ഇതിനെതിരെ പ്രതികരിക്കാനും സംഘടിക്കാനും കർഷകജനത തയ്യാറാകണം. കർഷക അവകാശങ്ങൾ നേടിയെടുക്കാൻ നമുക്ക് ഒരുമിച്ച് ചേരാം.

## ഇൻഫാം കണ്ണൂർ ജില്ലാ കമ്മിറ്റി

01.02.2017ന് ഇൻഫാം കണ്ണൂർ ജില്ലാ ജനറൽ ബോഡിയോഗം ശ്രീകണ്ഠാപുരം പാരീഷ്ഹാളിൽ ചേർന്നു. ഇൻഫാം കണ്ണൂർ ജില്ലാ പ്രസിഡന്റ് സ്ക്കറിയ നെല്ലംകുഴിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗം ഇൻഫാം ദേശീയ ചെയർമാൻ ഫാ. ജോസഫ് ഒറ്റപ്ലാക്കൽ ഉദ്ഘാടനം നിർവ്വഹിച്ചു. ഇൻഫാം അതിരൂപതാ ഡയറക്ടർ ഫാ. ജോസഫ് കാവനാടി, ശ്രീ സണ്ണി പുല്ലുവേലി, ഷിജി പാണംപറമ്പിൽ, ടോമി എടാട്ട് എന്നിവർ പ്രസംഗിച്ചു.

## തീരുമാനങ്ങൾ

വന്യമൃഗശല്യം രൂക്ഷമാകുന്ന സാഹചര്യത്തിൽ കേന്ദ്രസംസ്ഥാന സർക്കാരുകളുടെ ഉദാസീനതക്കെതിരെ കാസർഗോഡ്, കണ്ണൂർ,വയനാട്, കോഴിക്കോട്, മലപ്പുറം ജില്ലകളെ ഏകോപ്പിച്ച് മലബാർ മേഖലയിൽ കർഷകമുന്നേറ്റം, സംഘടിപ്പിക്കുവാനും വന്യമൃഗശല്ല്യത്തിനെതിരെ ശക്തമായി പ്രതിഷേധിക്കുവാനും തീരുമാനിച്ചു.

- കർഷകരുടെ നാളികേരം സംഭരിച്ച ഇനത്തിൽ കർഷകർക്ക് കൊടുത്തു തീർക്കാനുള്ള തുക അടിയന്തിരമായി നല്കാനുള്ള നടപടി സ്വീകരിക്കണമെന്നാവാശ്യപ്പെട്ട് കൃഷി മന്ത്രിക്ക് നിവേദനം നല്കി.
- കശുവണ്ടിക്ക് 200 രൂപ തറ വില പ്രഖ്യാപിക്കുകയും കശുവണ്ടി സംഭരിക്കാൻ കാഷ്യൂ കോർപ്പറേഷൻ തയ്യാറാകുകയും ചെയ്യണമെന്ന് ഇൻഫാം കണ്ണൂർ ജില്ലാ കമ്മറ്റി ആവശ്യപ്പെട്ടു.

**ഫാ. ജോസഫ് ഒറ്റപ്ലാക്കൽ**
ദേശീയ ചെയർമാൻ

**സ്ക്കറിയ നെല്ലംകുഴി**
ജില്ലാപ്രസിഡന്റ്

**ഫാ. ജോസഫ് കാവനാടി**
ഡയറക്ടർ

# STA RT -ൽ അഡ്മിഷൻ ആരംഭിച്ചിരിക്കുന്നു

ഉന്നതനിലവാരം പുലർത്തുന്ന വിദ്യാഭ്യാസസ്ഥാപനങ്ങളിൽ അഡ്മിഷൻ നേടാനും മികവോടെ പഠനം പൂർത്തിയാക്കി ഉന്നതപദവികളിൽ എത്തിച്ചേരാനും പ്രത്യേകം തെരഞ്ഞെടുക്കുന്ന കുട്ടികളെ ഒരുക്കുക എന്ന ലക്ഷ്യത്തോടെ താമരശ്ശേരി രൂപതയുടെ ആഭിമുഖ്യത്തിൽ St. Thomas Academy for Research and Training (START) എന്നപേരിൽ ഒരു പരിശീലനകേന്ദ്രം 2006 മുതൽ കോഴിക്കോട് ആസ്ഥാനമായി പ്രവർത്തിച്ചു വരുന്നു. STARTന്റെ ആഭിമുഖ്യത്തിൽ നടത്തിവരുന്ന പരിശീലന പരിപാടി കളിൽ ഏറ്റവും പ്രധാനപ്പെട്ടത് പ്ലസ്ടു കഴിഞ്ഞ കുട്ടികൾക്കുവേണ്ടി സംഘ ടിപ്പിച്ചു വരുന്ന ഏകവത്സര തീവ്രപരിശീലന കോഴ്സാണ്. സ്റ്റാർട്ടിൽ താമസിച്ചുകൊണ്ടുള്ള ഈ പരിശീലനപരിപാടി Master Training Course (MTC) എന്ന പേരിൽ അറിയപ്പെടുന്നു. BTC എന്ന പേരിലാണ് ഈ കോഴ്സ് മുൻപ് അറിയപ്പെട്ടിരുന്നത്. ഇതിന്റെ പതിനൊന്നാമത്തെ ബാച്ചാണ് ഇപ്പോൾ നടന്നുവരുന്നത്.

START നടത്തുന്ന പരിശീലനപരിപാടികൾക്ക് ഇതര കോച്ചിംഗ് സെന്ററുകളുടെതിൽനിന്ന് വ്യത്യസ്തമായ സവിശേഷതകളുണ്ട്. അവയിൽ പ്രധാനപ്പെട്ടവ ചുവടെ ചേർക്കുന്നു.

1. ഏത് മേഖലയിലായാലും ഉപരിപഠനത്തിനും തുടർന്ന് തൊഴിൽ നേടുന്ന തിനും ഏറ്റവും ആവശ്യമായത് അടിസ്ഥാനപരിശീലനമെന്ന അടിത്തറ യാണ്. START നടത്തുന്ന MTCയുടെ പ്രധാന പ്രത്യേകതയും ഈ അടിസ്ഥാനപരിശീലനമാണ്. ഇംഗ്ലീഷ് ഭാഷ അനായാസം കൈകാര്യം ചെയ്യാനുള്ള പരിശീലനത്തോടെ ഇത് ആരംഭിക്കുന്നു. അതോടൊപ്പം അടിസ്ഥാനഗണിതം, പൊതുവിജ്ഞാനം, യുക്തിവിചാരം (logical reasoning), വ്യക്തിത്വവികസനം, കഠിനാദ്ധ്വാനശീലം, ആദർശനിഷ്ഠ, ആശയവിനിമയപാടവം, ലക്ഷ്യബോധം, ഇന്റർവ്യൂ പരിശീലനം, അച്ചടക്കം, ആദ്ധ്യാത്മികത എന്നീ കാര്യങ്ങളിലും കുട്ടികളെ ആരംഭം മുതല്ക്കേ പരിശീലിപ്പിക്കുന്നു.
2. ഉപരിപഠനത്തിനുള്ള മേഖല തെരഞ്ഞെടുക്കുന്നതിനുമുൻപ് കുട്ടികൾ സ്വന്തം അഭിരുചി കണ്ടെത്തുക എന്നത് വളരെ പ്രധാനപ്പെട്ടതാണ്. പഠനം ഏറ്റവും സന്തോഷകരവും സംതൃപ്തിദായകവുമായ ഒരു അനുഭവമാ കാൻ അത് അത്യാവശ്യമാണ്. ആസ്വദിച്ചു ചെയ്യാൻ കഴിയുന്ന പഠന രംഗത്തോ തൊഴിൽ രംഗത്തോ ആണ് ചെന്നെത്തുന്നതെങ്കിൽ സാധാര ണമാത്രം ബുദ്ധിശക്തിയുള്ള വിദ്യാർത്ഥികൾക്കും അവിടെ അത്ഭുതക രമായ നേട്ടങ്ങൾ കൊയ്യാൻ കഴിയും. ഇക്കാരണത്താൽ ഓരോരുത്ത രുടെയും സ്വാഭാവിക അഭിരുചി കണ്ടെത്തി ആ വഴിക്ക് അവരുടെ ഉപരി പഠനം തിരിച്ചുവിടുന്ന കാര്യത്തിൽ MTC പ്രഥമ പരിഗണന നല്കുന്നു.

അതിന് സഹായിക്കാൻ വിദ്ഗ്ധരായ അദ്ധ്യാപകരും കൗൺസിലിംഗ് സൗകര്യങ്ങളും ഇവിടെയുണ്ട്.

3. കേന്ദ്രസർക്കാരിന്റെ ആഭിമുഖ്യത്തിലുള്ള ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിലെല്ലാം (Central Universities) ധാരാളം സ്കോളർഷിപ്പുകളും സ്റ്റൈപ്പൻഡും ലഭിക്കും. ട്യൂഷൻഫീസ് നാമമാത്രമാണ്. വിദ്യാഭ്യാസ നിലവാരമാകട്ടെ വളരെ ഉയർന്നതും. ഇങ്ങനെയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിലേക്കുള്ള പ്രവേശന പരീക്ഷകൾക്കാണ് കുട്ടികളെ പ്രധാനമായും START ഒരുക്കുക. MTC യുടെ കഴിഞ്ഞുപോയ പത്ത് ബാച്ചുകളിൽനിന്നായി നൂറുകണക്കിന് കുട്ടികൾ വിവിധ കേന്ദ്രസർവ്വകലാശാലകളിൽ സ്കോളർഷിപ്പോടെ പഠനം തുടരുന്നു. അവരിൽ നല്ലൊരു പങ്കും മികച്ച നിലവാരത്തിലാണ് പഠിക്കുന്നത്.

4. സയൻസ് വിഷയങ്ങൾക്കൊപ്പമോ അതിലുമേറെയോ പ്രാധാന്യം ഇന്ന് മാനവികവിഷയങ്ങൾക്ക് (humanities) കൈവന്നിരിക്കുന്നു എന്നതാണ് യാഥാർത്ഥ്യം. സയൻസ് മേഖലകളിൽ പ്രതിഭാശാലികൾക്കേ ഉയരങ്ങളിലേക്ക് സാധ്യതയുള്ളു. അതേസമയം മാനവികവിഷയങ്ങൾ എടുത്ത് പഠിക്കുന്നവർക്ക് അവർ ബുദ്ധിപരമായി സാധാരണക്കാരായാലും സാധ്യതകൾ ഒട്ടേറെയാണ്. മികച്ച വിദ്യാഭ്യാസസ്ഥാപനങ്ങളും കമ്പനികളും ഇപ്പോൾ മാനവിക വിഷയങ്ങൾ പഠിക്കുന്നവർക്ക് മുൻഗണന നല്കുന്നു. ഈ സാഹചര്യത്തിൽ പ്ലസ് ടു വരെ സയൻസ് പഠിച്ചുവന്നവരാണെങ്കിലും ഉപരിപഠനത്തിന്, സ്വാഭാവിക അഭിരുചിക്ക് ചേരുമെന്നു കണ്ടാൽ, മാനവിക വിഷയങ്ങളിൽ ഉപരിപഠനം നടത്താനാണ് START പ്രോത്സാഹിപ്പിക്കുക.

5. സിവിൽ സേർവീസ്, NET, SET, PSC, UPSC തുടങ്ങിയ പരീക്ഷകൾക്ക് ഏറ്റവും ഫലപ്രദമായ അകന്ന ഒരുക്കവുമാണ് ഈ കോഴ്സ്.

6. ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും ക്യാമ്പസ്സിൽത്തന്നെ ഹോസ്റ്റൽ സൗകര്യമുള്ളതിനാൽ, ഗ്രൂപ്പുചർച്ചകൾക്കും നിശബ്ദമായ പഠനത്തിനും വിശ്രമത്തിനും പ്രർത്ഥനയ്ക്കും വേണ്ട സൗകര്യങ്ങൾ ലഭിക്കുന്നു.

ചുരുക്കത്തിൽ, സ്വഭാവവൈശിഷ്ഠ്യവും സാമൂഹിക പ്രതിബദ്ധതയും ഈശ്വരബോധവുമുള്ള മുൻനിരനേതാക്കളെയും ഉദ്യോഗസ്ഥരെയും നമ്മുടെ ഇടയിൽനിന്ന് ദേശീയ അന്തർദ്ദേശീയതലങ്ങളിൽ വളർത്തിയെടുക്കുക എന്ന ലക്ഷ്യം മുൻനിർത്തിയാണ് STARTന്റെ പരിശീലനപരിപാടികൾ ക്രമീകരിച്ചിരിക്കുന്നത്. ഓരോ ദിവസവും ആരംഭിക്കുന്നത് വിശുദ്ധ കുർബ്ബാനയോടു കൂടിയും സമാപിക്കുന്നത് ഒരുമിച്ചുചേർന്നുള്ള ജപമാലയോടുകൂടിയുമാണ്. സഭാചരിത്രം, സമുദായചരിത്രം, ബൈബിൾ ക്ലാസ്സുകൾ എന്നിവയും വിശ്വാസരൂപീകരണവും സിലബസ്സിന്റെ ഭാഗമാണ്. അഭിവന്ദ്യ റെമീജിയോസ് ഇഞ്ചനാനിയിൽ പിതാവാണ് രക്ഷാധികാരി.

രാജ്യത്തിനും സമുദായത്തിനുംവേണ്ടിയുള്ള സ്റ്റാർട്ടിന്റെ ഈ എളിയ യജ്ഞത്തോട് സഹ കരിച്ച് സമർത്ഥരായ കുട്ടികളെ MTCക്ക് പറഞ്ഞയക്കുമെന്ന് പ്രതീക്ഷി ക്കുന്നു.

**ഫാ. ഡോ ആന്റണി കൊഴുവനാൽ**
ഡയറക്ടർ, സ്റ്റാർട്ട്

## സ്റ്റാർട്ടിലെ സമ്മർ അവധിക്കാല കോഴ്സുകൾ

**1. മിനിമാസ്റ്റർ ട്രെയിനിംഗ്**

സ്കൂൾപ്രായം മുതല്ക്കേ ഉന്നതവിദ്യാഭ്യാസത്തിന് കുട്ടികളെ ഒരുക്കുന്ന പരിശീലനമാണിത്. ഓണം, ക്രിസ്മസ്, സമ്മർ അവധിക്കാലങ്ങളിലാണ് ക്യാമ്പുകൾ. സൺഡേ സ്കൂൾ വഴിയാണ് കുട്ടികളെ തെരഞ്ഞെടുക്കുക.

6, 7 ക്ലാസ്സുകളിലെ കുട്ടികൾക്ക് 2017 ഏപ്രിൽ 17 തിങ്കളാഴ്ച വൈകിട്ട് 4 മണിമുതൽ ഏപ്രിൽ 22 ന് ശനിയാഴ്ച ഉച്ചവരെ.

8,9,10, 11 ക്ലാസ്സുകളിലെ കുട്ടികൾക്ക് 2017 ഏപ്രിൽ 28 വെള്ളിയാഴ്ച വൈകിട്ട് 4 മണിമുതൽ മെയ് 3 ബുധനാഴ്ച ഉച്ചവരെ.

**2. ഇംഗ്ലീഷ് പഠനക്യാമ്പ്**

9, 10, 11, ക്ലാസ്സുകളിലെ കുട്ടികൾക്കുവേണ്ടി. ഇംഗ്ലീഷ്, കണക്ക് എന്നീ വിഷയങ്ങൾക്ക് കൂടുതൽ പ്രധാന്യം നല്കികൊണ്ട് നടത്തിവരുന്ന മൂന്നാഴ്ച ദീർഘിക്കുന്ന ക്യാമ്പ് 2017 ഏപ്രിൽ 18 ന് ചൊവ്വാഴ്ച വൈകിട്ട് 4 മണിമുതൽ മെയ് 9 ന് ചൊവ്വാഴ്ച ഉച്ചവരെ നടത്തപ്പെടുന്നു.

**3. കരിയർ ഗൈഡൻസ് ക്യാമ്പ്**

പ്ലസ് ടു പരീക്ഷ എഴുതിയിരിക്കുന്ന കുട്ടികൾക്കുവേണ്ടി ഏപ്രിൽ 9ന് ഞായറാഴ്ച വൈകിട്ട് 4 മണിമുതൽ 12ന് ബുധനാഴ്ച ഉച്ചവരെയാണ് ഈ വർഷത്തെ കരിയർ ഗൈഡൻസ് ക്യാമ്പ്. ഉപരിപഠനത്തിനുള്ള മേഖല തെരഞ്ഞെടുക്കുമ്പോൾ ചേർന്നു പഠിക്കാൻ പോകുന്ന വിദ്യാഭ്യാ സസ്ഥാപനത്തിന്റെ നിലവാരം, ആ മേഖലയിലെ ജോലി സാധ്യത, സ്വന്തം അഭിരുചി, സാമ്പത്തികഭാരം എന്നീ കാര്യങ്ങൾ വ്യക്തമായി അറിഞ്ഞിരിക്കണം. അഡ്മിഷൻ നേടി പഠനം ആരംഭിച്ചു കഴിയുമ്പോൾ അബദ്ധമായിപ്പോയി എന്ന് മനസ്സിലാക്കി പണവും വർഷവും നഷ്ട പ്പെടുത്തി തിരിച്ചുപോരുന്ന കുട്ടികൾ ഇന്ന് ധാരാളമാണ്. ഇങ്ങനെയുള്ള കാര്യങ്ങൾ വസ്തുനിഷ്ഠവും നിഷ്പക്ഷവുമായ വിധത്തിൽ ഈ രംഗത്ത് പ്രഗത്ഭരായ അദ്ധ്യാപകർ വിശദീകരിച്ചുകൊടുക്കുന്നു. സ്വന്തം അഭിരുചി കണ്ടെത്തുന്ന കാര്യത്തിലും വിദഗ്ധരുടെ സഹായം ലഭിക്കും.

**കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക**

**0495 2357843, 8281791471.**

# ധ്യാനകേന്ദ്രങ്ങളിലൂടെ

**1. മദർഹോം, പരിയാരം; ഫോൺ: 04972-800544, 9447607101**

| | | |
|---|---|---|
| 2017 മാർച്ച് 03-05 | : | തപസ്സ് ധ്യാനം (10 am ആരംഭം)(ഫാ. സഖറിയാസ് തടത്തിൽ) |
| ,, 05-10 | : | ആന്തരിക-ശാരീരികസൗഖ്യ ധ്യാനം |
| ,, 11 | : | ഏകദിന കൺവെൻഷൻ |
| ,, 12 | : | മരിയൻ രാത്രി (പൗർണ്ണമി പ്രാർത്ഥന) |
| ,, 26-31 | : | ആന്തരിക-ശാരീരികസൗഖ്യ ധ്യാനം |

**2. വിമലഗിരി ധ്യാനകേന്ദ്രം, പട്ടാരം-ഇരിട്ടി; ഫോൺ: 0490-2493491, 9745017131**

| | | |
|---|---|---|
| മാർച്ച് 10 | : | ജാഗരണ പ്രാർത്ഥന |
| ,, 11 | : | ക്രിസ്റ്റീൻ ഏകദിന ധ്യാനം |
| ,, 12-16 | : | സമർപ്പിതരുടെ ധ്യാനം |
| ,, 19-23 | : | ആന്തരിക സൗഖ്യധ്യാനം |
| ,, 26-30 | : | പരിശുദ്ധാത്മാഭിഷേക ധ്യാനം |

**3. ഐ.എം.എസ്. ധ്യാനകേന്ദ്രം, പേരട്ട; കൂട്ടുപുഴ, ഫോൺ: 0490-2420320, 9745292602, 9846452511**

| | | |
|---|---|---|
| മാർച്ച് 02 | : | രോഗശാന്തി ആരാധന (ആദ്യ വ്യാഴം) |
| ,, 06-10 | : | ആന്തരിക-ശാരീരികസൗഖ്യധ്യാനം (500 രൂപ) |
| ,, 17-20 | : | കുടുംബ നവീകരണ ധ്യാനം (400 രൂപ) (മാതാപിതാക്കൾ, ജോലിക്കാർ, ടീച്ചേഴ്സ്, നേഴ്സുമാർ) |
| ,, 20-24 | : | ആന്തരിക-ശാരീരികസൗഖ്യധ്യാനം (500 രൂപ) |

**4. മൗണ്ട് കാർമ്മൽ, പേരാവൂർ; ഫോൺ: 0490 - 2444595**

| | | |
|---|---|---|
| മാർച്ച് 07-09 | : | MGC |
| ,, 11 | : | ഏകദിന ധ്യാനം (രാവിലെ 9.30 മുതൽ 4 വരെ) |
| ,, 12-14 | : | ആന്തരിക സൗഖ്യ - കുടുംബാഭിഷേകധ്യാനം (ഞായർ വൈകു. 4 മണി മുതൽ ചൊവ്വ രാത്രി 9 വരെ) |
| ,, 24-26 | : | ആന്തരിക സൗഖ്യ - കുടുംബാഭിഷേകധ്യാനം (വെള്ളി വൈകു. 4 മണി മുതൽ ഞായർ രാത്രി 9 വരെ) |

**5. സീയോൺ ധ്യാനകേന്ദ്രം, നെല്ലിക്കുറ്റി; ഫോൺ: 0460-2264451, 2264645**

| | | |
|---|---|---|
| മാർച്ച് 04 | : | ഏകദിന കൺവെൻഷൻ |
| ,, 05-09 | : | ആന്തരിക സൗഖ്യധ്യാനം |
| ,, 10 | : | ജാഗരണ പ്രാർത്ഥന |
| ,, 11 | : | ക്രിസ്റ്റീൻ വിങ്സ് |
| ,, 18, 25 | : | മരിയൻ ദിവ്യകാരുണ്യ ആരാധന |
| ,, 19-23 | : | ആന്തരിക ശാരീരിക സൗഖ്യധ്യാനം |

# വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന്
# മാർ ജോർജ് ഞറളക്കാട്ട്

## 2017 ജനുവരി

21 തലശ്ശേരി സന്ദേശഭവനിൽവച്ച് നടന്ന സെൽഫ് ഫിനാൻസിങ് സ്കൂൾ കോളേജ് മാനേജർമാരുടെ മീറ്റിംഗിൽ പങ്കെടുത്തു.

22 ബഹു. സെബാസ്റ്റ്യൻ പവ്വത്തിൽ അച്ചന്റെ നേതൃത്വത്തിൽ ജർമ്മനിയിൽ നിന്ന് വന്ന സന്ദർശകരെ അതിരൂപതാഭവനത്തിൽ സ്വീകരിച്ചു.

ചെട്ടിയാംപറമ്പിലെത്തി ആനയുടെ കുത്തേറ്റ് മരിച്ച അഞ്ചാനിക്കൽ ബിജുവിന്റെ ഭവനം സന്ദർശിച്ചു.

23 മാനന്തവാടിയിലെത്തി ബഹു. ജോർജ് മേമന അച്ചന്റെ 41-ാം ചരമദിനത്തിൽ പങ്കെടുത്തു. വൈകുന്നേരം ആനറ ഇടവകയിൽ പുതുതായി പണിത സൺഡേസ്കൂൾ കെട്ടിടം വെഞ്ചരിച്ചു. അതിനുശേഷം നെല്ലിക്കാംപൊയിൽവച്ച് നടന്ന വൈദികരുടെ ഫൊറോന മാസധ്യാനത്തിനു നേതൃത്വം നൽകി.

24 ഉച്ചവരെ നെല്ലിക്കാംപൊയിൽ ഫൊറോനാ മാസധ്യാനത്തിൽ പങ്കെടുത്ത് നെല്ലിക്കാംപൊയിൽ ഫൊറോനയിലെ വൈദികരെയും സമർപ്പിത സമൂഹത്തിലെ സുപ്പീരിയേഴ്സിനെയും കണ്ടു.

ഉച്ചകഴിഞ്ഞ് 3.30ന് വട്ട്യറ ഇടവകയിൽ പുതുതായി പണികഴിപ്പിച്ച സൺഡേസ്കൂൾ കെട്ടിടം വെഞ്ചരിച്ചു. അതിനുശേഷം 6മണിക്ക് എടൂരെത്തി ബഹു. വൈദികരുടെ ഫൊറോന മാസധ്യാനത്തിനു നേതൃത്വം നല്കി.

25\. ഉച്ചവരെ എടൂർ ഫൊറോനയിലെ വൈദികരുടെ മാസധ്യാനത്തിലും ആ ഫൊറോനയിലെ സന്യാസസഭകളിലെ സുപ്പീരിയേഴ്സിന്റെ സമ്മേളനത്തിലും പങ്കെടുത്തു. വൈകുന്നേരം 5 മണിക്ക് ചെമ്പേരിയിൽവച്ച് നടന്ന കരിസ്മാറ്റിക് കൺവെൻഷനിൽ പങ്കെടുത്ത് ദിവ്യബലി അർപ്പിച്ച് സന്ദേശം നൽകി. പിന്നീട് 6.30ന് പൈസക്കരിയിലെത്തി ഫൊറോനയിലെ വൈദികരുടെ മാസധ്യാനത്തിൽ പങ്കെടുത്തു.

26\. ഉച്ചവരെ പൈസക്കരി ഫൊറോനയിലെ വൈദികരുടെ മാസധ്യാനത്തിലും സന്യാസസഭകളിലെ സുപ്പീരിയേഴ്സിന്റെ സമ്മേളനത്തിലും പങ്കെടുത്തു.

ഉച്ചകഴിഞ്ഞ് 2 മണിയോടുകൂടി പടിമരുത് ഇടവകയിലെത്തി പുതുതായി നിർമ്മിച്ച ദൈവാലയം കൂദാശചെയ്തു.

27 രാവിലെ 11 മണിക്ക് കല്ലുമുതിരക്കുന്ന് വച്ച് നടന്ന ‘കതിർ’ കാർഷികമേള സന്ദർശിച്ചു. അതിനുശേഷം റിപ്പണിൽ എത്തി ഇടവകയുടെ രജത ജൂബിലിയോടനുബന്ധിച്ച് ബലി അർപ്പിക്കുകയും പൊതുസമ്മേളന ത്തിൽ പങ്കെടുക്കുകയും ചെയ്തു.

28 രാവിലെ 10.30ന് മൈനർ സെമിനാരിയിൽവച്ച് നടന്ന ബെനഫാക്ടേഴ്സ് ഡേയിൽ പങ്കെടുത്ത് വി. കുർബാന അർപ്പിക്കുകയും മീറ്റിംഗ് ഉദ്ഘാടനം ചെയ്യുകയും ചെയ്തു. വൈകുന്നേരം പാൽച്ചുരം ഇടവകയിലെത്തി പുതുതായി കൂദാശചെയ്ത ദൈവാലയത്തിൽ വി. കുർബാന അർപ്പിച്ചു.

29 ബഹു. സക്കറിയാസ് കാരിക്കൽ അച്ചന്റെയും ബഹു. തോമസ് വട്ടമല അച്ചന്റെയും നേതൃത്വത്തിൽ അമേരിക്കയിൽനിന്നും ജർമ്മനിയിൽ നിന്നുമെത്തിയ സന്ദർശകരെ അതിരൂപതാഭവനത്തിൽ സ്വീകരിച്ചു.

30 വൈകുന്നേരം വായാട്ടുപറമ്പിലെത്തി ബഹു. വൈദികരുടെ ഫൊറോനാ മാസധ്യാനത്തിൽ പങ്കെടുത്തു.

31 ഉച്ചവരെ വായാട്ടുപറമ്പ് ഫൊറോന വൈദിക മാസധ്യാനത്തിൽ പങ്കെടുക്കുകയും സമർപ്പിത സന്യാസസഭകളിലെ സുപ്പീരിയേഴ്സിനെ കാണുകയും ചെയ്തു.

ഉച്ചകഴിഞ്ഞ് 2 മണിക്ക് വായാട്ടുപറമ്പ് ഹയർസെക്കന്ററി സ്കൂൾ വാർഷി കത്തിലും യാത്രയയപ്പ് സമ്മേളനത്തിലും പങ്കെടുത്തു.

വൈകുന്നേരം 4.30ന് വെള്ളാട് ഇടവകയിൽ എത്തി പുതുതായി നിർമ്മിച്ച വൈദികമന്ദിരം വെഞ്ചരിച്ചു. പിന്നീട് വെള്ളാട് സ്കൂൾ വാർഷികം ഉദ്ഘാടനം ചെയ്യുകയും ചെയ്തു.

## 2017 ഫെബ്രുവരി

01 അതിരൂപതയുടെ വിവിധ ഭാഗങ്ങളിൽനിന്ന് വന്ന സന്ദർശകരെ സ്വീകരിച്ചു.

വൈകുന്നേരം അതിരൂപതാ കേന്ദ്രത്തിൽവച്ച് നടന്ന അതിരൂപതാ നവ വൈദികരുടെ സ്വീകരണ സമ്മേളനത്തിൽ പങ്കെടുത്തു.

02 അതിരൂപതാ കേന്ദ്രത്തിൽവച്ച് നവവൈദികരോടൊപ്പം ദിവ്യബലി അർപ്പിച്ചു. അതിനുശേഷം അതിരൂപതയുടെ വിവിധ ഭാഗങ്ങളിൽ നിന്നെത്തിയ വൈദികരെയും സമർപ്പിതരെയും സ്വീകരിച്ചു.

വൈകുന്നേരം കണ്ണൂരെത്തി സെന്റ് മൈക്കിൾസ് സ്കൂൾ വാർഷികം ഉദ്ഘാടനം ചെയ്തു. പിന്നീട് തലശ്ശേരി നിർമ്മലാ കോൺവെന്റിൽവച്ച് ബഹു. സിസ്റ്റേഴ്സിന്റെ ജൂബിലി ആഘോഷങ്ങളിൽ പങ്കെടുത്തു.

03 വൈകുന്നേരം 4-00 മണിക്ക് രയറോം ഇടവകയിലെത്തി വി. കുർബാന അർപ്പിക്കുകയും പുതുക്കിപ്പണിത സ്കൂൾകെട്ടിടം വെഞ്ചരിക്കുകയും

ചെയ്തു. പിന്നീട് അരിവിളഞ്ഞപൊയിൽ ഇടവകയിലെത്തി സ്കൂൾ വാർഷികം ഉദ്ഘാടനം ചെയ്തു.

04 വൈകുന്നേരം കണ്ണൂരെത്തി സെന്റ് തെരേസാ ആഗ്ലോ ഇന്ത്യൻ സ്കൂൾ വാർഷികം ഉദ്ഘാടനം ചെയ്തു.

05 എടപ്പുഴ ഇടവകയിൽ ഇടയനടുത്ത സന്ദർശനം നടത്തി.

06 അങ്ങാടിക്കടവിലെത്തി ഫാ. ജോൺ ഒറ്റപ്ലാക്കൽ അച്ചന്റെ അമ്മയുടെ മരണവാർഷികത്തിൽ പങ്കെടുത്തു. അതിനുശേഷം അങ്ങാടിക്കടവ് ഇടവക പണിത് നൽകിയ കാരുണ്യഭവനം വെഞ്ചരിച്ചു. ഉച്ചകഴിഞ്ഞ് 3.30ന് കിളിയന്തറയിലെത്തി ശ്രീ. തോമസ് പൊട്ടംകുളത്തിലിന്റെ മൃതസംസ്ക്കാര ശുശ്രൂഷയിലെ വീട്ടിലെകർമ്മങ്ങൾക്ക് നേതൃത്വം നൽകി. വൈകുന്നേരം 6 മണിക്ക് ചെറുപുഴയിലെത്തി ഫൊറോന മാസ ധ്യാനത്തിൽ പങ്കെടുത്തു.

07 ഉച്ചവരെ ചെറുപുഴ ഫൊറോന വൈദിക മാസധ്യാനത്തിൽ പങ്കെടുക്കുയും ഫൊറോനയിലെ സന്ന്യാസസമൂഹങ്ങളിലെ ബഹു. സുപ്പീരിയേഴ്സിനെ കാണുകയും ചെയ്തു.

ഉച്ചകഴിഞ്ഞ് ആലക്കോടെത്തി ബഹു. വൈദികരുടെ മാസധ്യാനത്തിൽ പങ്കെടുത്തു.

08 ഉച്ചവരെ ആലക്കോട് ഫൊറോന വൈദിക മാസധ്യാന കൂട്ടായ്മയിൽ പങ്കെടുക്കുകയും ഫൊറോനയിലെ സന്യാസസഭകളിലെ ബഹു. സുപ്പീരിയേഴ്സിനെ കാണുകയും ചെയ്തു.

വൈകുന്നേരം കാര്യപ്പള്ളിയിൽവച്ച് നടന്ന മേരിഗിരി ഫൊറോനയിലെ ബഹു. വൈദികരുടെ മാസധ്യാന കൂട്ടായ്മയിൽ പങ്കെടുത്തു.

09 ഉച്ചവരെ മേരിഗിരി ഫൊറോന മാസധ്യാനത്തിൽ പങ്കെടുക്കുകയും ഫൊറോനയിലെ സന്യാസസഭകളിലെ സുപ്പീരിയേഴ്സിനെ കാണുകയും ചെയ്തു.

10 കുന്നോത്ത് സെമിനാരിയിൽവച്ച് മേജർസെമിനാരി കമ്മീഷനിൽ പങ്കെടുത്തു.

11 കല്ലോടി ഇടവകയിലെ ജൂബിലി ആഘോഷത്തിൽ പങ്കെടുത്തു. വൈകുന്നേരം 6.30ന് പൊന്ന്യം ജോൺ പോൾ II ഫോർമേഷൻ ഹൗസിൽവച്ച് നടന്ന് പേരന്റ്സ് ഡേയിൽ പങ്കെടുക്കയും ദിവ്യബലി അർപ്പിക്കുകയും ചെയ്തു.

12 രാവിലെ കാസർഗോടെത്തി പുതുതായി നിർമ്മിക്കാൻപോകുന്ന പാരീഷ് ഹാളിനു തറക്കല്ലിട്ടു. അതിനുശേഷം 3 മണിക്ക് പടുപ്പ് ഇടവകയിലെത്തി ഇടവകാ ജൂബിലിയാഘോഷത്തോടനുബന്ധിച്ച് ദിവ്യബലി അർപ്പിക്കുകയും പൊതുസമ്മേളനം ഉദ്ഘാടനം ചെയ്യുകയും ചെയ്തു.

13 എറണാകുളം പിഒസിയിൽവച്ച് നടന്ന കെസിബിസി ഹെൽത്ത് കമ്മീഷന്റെ മീറ്റിംഗിൽ പങ്കെടുത്തു.

15 അതിരൂപതയുടെ വിവിധ ഭാഗങ്ങളിൽനിന്ന് വന്ന സന്ദർശകരെ സ്വീകരിച്ചു.

വൈകുന്നേരം കോഴിക്കോട് മിംമ്സ് ആശുപത്രിയിൽ ചികിത്സയിൽ കഴിഞ്ഞിരുന്ന ഫാ. ഷെറിനെ സന്ദർശിച്ചു.

16 അതിരൂപതയുടെ വിവിധഭാഗങ്ങളിൽനിന്ന് വന്ന വൈദികരെയും സമർപ്പിതരെയും സ്വീകരിച്ചു. വൈകുന്നേരം അതിരൂപതാകേന്ദ്രത്തിൽ വച്ച് നടന്ന മാസധ്യാനത്തിൽ പങ്കെടുത്തു.

18 കുട്ടറപ്പാടി ഇടവകയിൽ പണികഴിപ്പിച്ച ദൈവാലയ കൂദാശ കർമ്മത്തിൽ പങ്കെടുത്തു.

20 പേരാവൂർ എസ്.എച്ച്. പ്രൊവിൻഷ്യൽ ഹൗസിലെത്തി സി. മേരി മേഴ്സി തോട്ടമറ്റത്തിലിന്റെ മൃതസംസ്ക്കാര കർമ്മങ്ങൾക്ക് നേതൃത്വം നല്കി. പിന്നീട് കുന്നോത്തെത്തി നിര്യാതയായ സി. ലിസ്യൂസ് മേരി എഫ്.സി.സി.ക്ക് അന്ത്യോപചാരം അർപ്പിക്കുകയും ഒപ്പീസ് ചൊല്ലി പ്രാർത്ഥിക്കുകയും ചെയ്തു.

വൈകുന്നേരം പടന്നക്കാടെത്തി കാഞ്ഞങ്ങാട് ഫൊറോന മാസധ്യാനത്തിൽ പങ്കെടുത്തു,

## Programme of the Archbishop
## Mar George Njaralakatt

### March - 2017

| | | | |
|---|---|---|---|
| 01 | | - | Visitors' day |
| 02 | | - | Priests' and Sisters' day (Till noon) |
| | | - | 4.00pm- Iritty Charismatic Convention |
| 04 | 4.00pm | - | Mattara - Blessing of presbytery |
| 05 | | - | Pastoral Visit - Jayagiri |
| 06 | | - | Padannakkad - Visitors' day (Till noon) |
| | 5.00pm | - | Pastoral Visit - Jayagiri |
| 08 | | - | Visitors' day |
| | 6.00pm | - | Monthly Recollection TLY |
| 09 | | - | Priests' & Sisters day |
| 11 | | - | Pastoral Council - Thaliparamba |
| 12 | | - | Pastoral Visit - Neeleswaram |
| 13-14 | | - | Thomapuram - Forane Monthly Recollection |
| 15 | | - | Visitors' day |
| 16 | | - | Priests' & Sisters' day |
| 18 | 9.00am | - | Corporate Edu. Agency- Retirement function |
| 19 | 5.00 pm | - | Holy Mass St. Joseph's Cathedral, Thalassery |
| 20 | | - | Minor Seminary - Interview with Theologians |
| 21 | 6.30am | - | Minor seminary - Minor orders |
| 22 | | - | Visitors' day |
| 23 | | - | Priests' & Sisters' day |
| 25 | | - | Minor Seminary - Interview with Third years |

| | | | |
|---|---|---|---|
| 25-26 | | - | Pastoral Visit |
| 27 | | - | Interview with Regency brothers |
| 28-30 | | - | Mandya |

## April - 2017

| | | | |
|---|---|---|---|
| 01 | | - | Viswasolsavam-Inauguration |
| 02 | | - | Pastoral Visit |
| 03 | | - | Finance Council meeting |
| 04 | 6.30 | - | Holy Mass Cathedral - Death Anniversary of Mar Sebastian Valloppilly |
| 05 | | - | Visitors' day |
| | 6.00pm | - | Monthly Recollection, TLY |
| 06 | | - | Priests' & Sisters' day |
| 08 | | - | Minor seminary |
| | 2.00pm | - | Jeevolsavu |
| 09 | 7.30 | - | Cathedral - Palm Sunday |
| 10 | | - | Blessing of Holy Oil |

**Secretary to the Archbishop**

❖❖❖

# വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന്
## മാർ ജോർജ് വലിയമറ്റം

### 2017 ജനുവരി

23 വൈകുന്നേരം 5 മണിക്ക് കണ്ണൂർ എ.കെ.ജി. ഹോസ്പിറ്റലിൽ രോഗീ സന്ദർശനം നടത്തി. പിന്നീട് എംഎസ്എംഐ പ്രൊവിൻഷ്യൽ ഹൗസിൽ സൗഹൃദസന്ദർശനം നടത്തി

25 രാവിലെ 6.15ന് കോടഞ്ചേരി ദൈവാലയത്തിൽ നിര്യാതനായ വത്സല പിതാവിന്റെ മരണവാർഷികത്തിൽ വി. കുർബാനയർപ്പിച്ചു പ്രാർത്ഥിച്ചു.

26 രാവിലെ 10.30ന് കുടിയാന്മല ദൈവാലയത്തിൽ സിജോ കണ്ണേഴത്തിന്റെയും ജിയാ പുതുക്കള്ളിയുടെയും വിവാഹം ആശീർവദിച്ചു. വൈകുന്നേരം 5 മണിക്ക് കുണ്ടുതോട് ഇടവകയിൽ ഫാ. ഫ്രാൻസീസ് കള്ളികാട്ടിന്റെ പൗരോഹിത്യസുവർണ്ണജൂബിലി ആഘോഷത്തിൽ അനുഗ്രഹപ്രഭാഷ ണം നടത്തി.

വൈകുന്നേരം 6 മണിക്ക് നിര്യാതനായ ഫിലിപ്പ് വലിയ കണ്ടത്തിലിന്റെ മൃതസംസ്ക്കാരകർമ്മങ്ങൾക്ക് എടൂർ ദൈവാലയത്തിൽ നേതൃത്വം നൽകി.

28 രാവിലെ 10.30ന് മാലോം ദൈവാലയത്തിൽ ജോസഫ് നിരപ്പേലിന്റെയും മരിയ കുഴിത്തൊട്ടിയുടെയും വിവാഹം ആശീർവദിച്ചു. ഉച്ചകഴിഞ്ഞ് കരുവഞ്ചാൽ പ്രീസ്റ്റ് ഹോം സന്ദർശിച്ചു.

30 രാവിലെ 10 മണിക്ക് നിര്യാതനായ വർക്കി വെള്ളരിങ്ങാട്ടിന്റെ മൃതസംസ്കാരകർമ്മങ്ങൾക്ക് പാലാവയൽ ദൈവാലയത്തിൽ നേതൃത്വം നൽകി.

### 2017 ഫെബ്രുവരി

03 വൈകുന്നേരം 4.30ന് അമ്മംകുളം ദൈവാലയത്തിൽ തിരുനാൾ കുർബാനയർപ്പിച്ച് വചനസന്ദേശം നൽകി. രാത്രി 10.30ന് വെള്ളരിക്കുണ്ടിൽ നിര്യാതനായ ആനിക്കാട്ട്വയലിൽ തോമസിനുവേണ്ടി വീട്ടിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

04 രാവിലെ 11 മണിക്ക് കുളത്തുവയൽ ദൈവാലയത്തിൽ ചെമ്പകത്തിനാൽ സിറിലിന്റെ മകൾ അന്നക്കും, ഇടച്ചേരിൽ ജെയിംസിന്റെ മകൻ സാക്ക്ജെയിംസിനും മാമ്മോദീസാ നൽകി വി. കുർബാനയർപ്പിച്ചു.

05 രാവിലെ 8 മണിക്ക് പടിമരുത് ദൈവാലയത്തിൽ കുട്ടികൾക്ക് ആദ്യകുർബാനയും സ്ഥൈര്യലേപനവും നൽകി. ഉദയപുരം ദൈവാലയം, കാഞ്ഞിരടുക്കം ഉറുസലേം കോൺവെന്റ് എന്നിവടങ്ങൾ തുടർന്ന് സന്ദർശിച്ചു.

06 രാവിലെ 11 മണിക്ക് കൂരാച്ചുണ്ടിൽ നിര്യാതനായ ജോസ് കളപ്പുറത്തിന്റെ മൃതസംസ്കാര കർമ്മങ്ങൾക്ക് വീട്ടിൽ നേതൃത്വം നൽകി. വൈകുന്നേരം 4.15ന് കുടിയാന്മലയിൽ നിര്യാതനായ ജോസ് കാരക്കുന്നേലിന്റെ മൃതസംസ്കാരകർമ്മങ്ങൾക്ക് ദൈവാലയത്തിൽ നേതൃത്വം നൽകി. പിന്നീട് 5.45ന് കിളിയന്തറയിൽ അപകടമരണം സംഭവിച്ച തോമസ് പൊട്ടംകുളത്തിന്റെ മൃതസംസ്കാരകർമ്മങ്ങൾ ദൈവാലയത്തിൽ നേതൃത്വം നൽകി.

07 വൈകുന്നേരം 6 മണിക്ക് കോഴിക്കോട് മിംമ്സ് ഹോസ്പിറ്റലിൽ ചികത്സയിൽ കഴിയുന്ന ഫാ. ഷെറിൻ പ്രവൃത്തുംമലയലിനെ സന്ദർശിച്ചു. തുടർന്ന് മാങ്കാവ് ദൈവാലയം, എസ്.എച്ച്. കോൺവെന്റ്, സെന്റ് അലോഷ്യസ് കോൺവെന്റ് കോഴിക്കോട് എന്നിവടങ്ങളിൽ സൗഹൃദ സന്ദർശനം നടത്തി.

09 കാഞ്ഞിരക്കൊല്ലി ദൈവാലയത്തിൽ രാവിലെ 9 മണിക്ക് ഡീക്കൻ ചാക്കോ മൂലേപ്പറമ്പിൽ CRSPക്ക് വൈദികപട്ടം നൽകി

11 കോടഞ്ചേരി ദൈവാലയത്തിൽ രാവിലെ 9 മണിക്ക് സേറാ എലീസാ ബിബിൻ വലിയമറ്റത്തിന് മാമ്മോദീസാ നൽകി.

12 വൈകുന്നേരം 3 മണിക്ക് കോട്ടൂർ ഇടവകയിൽ നിര്യാതനായ ഔസേപ്പ് കൈപ്രമ്പാടന്റെ മൃതസംസ്കാരകർമ്മങ്ങൾക്ക് ദൈവാലയത്തിൽ നേതൃത്വം നൽകി.

14 രയറോം ദൈവാലയത്തിൽ നിര്യാതനായ അന്നമ്മ തറക്കുന്നേലിന്റെ മൃതസംസ്കാരകർമ്മങ്ങളിൽ ദൈവാലയ സിമിത്തേരി ശുശ്രൂഷകൾക്ക് നേതൃത്വം നൽകി. ശേഷം കരുവഞ്ചാൽ പ്രീസ്റ്റ്ഹോം, ആശുപത്രി എന്നി വിടങ്ങൾ സന്ദർശിച്ചു.

17 വൈകുന്നേരം 4 മണിക്ക് നിർമ്മലഗിരി നിർമ്മല ഇംഗ്ലീഷ് മീഡിയം സ്കൂളിന്റെ സിൽവർ ജൂബിലി ആഘോഷങ്ങളിൽ പങ്കെടുത്ത് അനുഗ്രഹപ്രഭാഷണം നടത്തി.

18 വൈകുന്നേരം 5 മണിക്ക് തളിപ്പറമ്പിൽ ഡോ. കെ.ജെ. ദേവസ്യായുടെ 80-ാം ജന്മദിനാഘോഷത്തിലും പൗരസ്വീകരണത്തിലും പങ്കെടുത്ത് അനുഗ്രഹ പ്രഭാഷണം നടത്തി.

19 രാത്രി 8 മണിക്ക് പേരാവൂർ എസ്.എച്ച്. പ്രൊവിൻഷ്യൽ ഹൗസിൽ നിര്യാതനായ സി. മേരി മേഴ്സി തോട്ടാമറ്റത്തിലിന് വേണ്ടി ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

20 കുന്നോത്ത് എഫ്സിസി നൊവിഷ്യേറ്റ് ഹൗസിൽ ഉച്ചകഴിഞ്ഞ് 3 മണിക്ക് നിര്യാതനായ സി. ലിസ്യൂ മേരി വലിയകണ്ടത്തിലിന്റെ മൃതസംസ്കാരകർമ്മങ്ങൾക്ക് നേതൃത്വം നൽകി.